# വി. കുർബ്ബാനയുടെ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707, 8086312826
Web: www.alphathalassery.org, Email: alphits@gmail.com

# വി. കുർബ്ബാനയുടെ ദൈവശാസ്ത്രം

**Title:** Theology of Eucharist
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2018 August 15

**Editorial Board:** Mar Joseph Pamplany
Rev. Fr. Joseph Kakkaramattathil
Rev. Dr. Philip Kaviyil
Rev. Dr. Bincy Mathew SH

**Office Assistance:** Bro. Praveen George
Mr. Renjth KC
Mrs. Jeshitha Vijesh
Mrs. Liya
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. വി. കുർബ്ബാനയുടെ പഴയനിയമ പ്രതീകങ്ങൾ ..... 05
2. വി. കുർബ്ബാന: പുതിയനിയമ വീക്ഷണത്തിൽ ..... 23
3. വി. കുർബ്ബാന: ചരിത്രാവലോകനം I ..... 41
4. വി. കുർബ്ബാന: ചരിത്രാവലോകനം II ..... 63
5. വി. കുർബ്ബാന, നമ്മോടുകൂടെ ആയിരിക്കുന്ന ക്രിസ്തു ..... 77
6. വി. കുർബ്ബാന: ഒരു കൂദാശ ..... 96
7. സഭയെ പണിതുയർത്തുന്ന വി. കുർബ്ബാന ..... 106
8. കുർബ്ബാന: ഐക്യത്തിന്റെ കൂദാശ ..... 131
9. വിശുദ്ധ കുർബ്ബാനയിലെ സജീവഭാഗഭാഗിത്വം ..... 139
10. ബലി ഭാരതീയ ചിന്തയിൽ ..... 152

# 01

# വി. കുർബ്ബാനയുടെ പഴയനിയമ പ്രതീകങ്ങൾ

## ആമുഖം

ഭാഗ്യസ്മരണാർഹനായ കാർദിനാൾ യൂജിൻ ടിസ റാങിന്റെ വിഖ്യാതമായ ഒരു വാചകമിങ്ങനെയാണ്: "I love your church, because I know your history." വ്യക്തികളെയോ യാഥാർത്ഥ്യത്തെയോ എന്തിനെയുമാകട്ടെ സ്നേഹിക്കാനാവുന്നത് അതിന്റെ ചരിത്രത്തെപ്പറ്റി അറിയുന്നതിലൂടെയാണെന്നത് നിസ്സംശയമായ വസ്തുതയാണ്. അപ്പോൾ ദിവ്യകാരുണ്യം എന്ന മഹാത്ഭുതത്തെ സംബന്ധിച്ചും ഈ തത്വം തികച്ചും അന്വർത്ഥമാണ്. വി. കുർബാനയെ അഗാധമായി സ്നേഹിക്കുന്ന വ്യക്തികളും സമൂഹവുമാകാൻ എന്തു ചെയ്യണം? ആദ്യം അതിന്റെ ചരിത്രമറിയണം. അഥവാ വി. കുർബാനയുടെ ചരിത്രം അറിയാത്തവർക്ക് ഈ മഹാത്ഭുതത്തിലൂടെ സ്വയം ദാനം ചെയ്യുന്ന ദൈവത്തെ അനുഭവിക്കാനോ സ്നേഹിക്കാനോ ആവില്ല. ദൈവത്തിന്റെ നിഘണ്ടുവിൽ ആകസ്മികത എന്ന വാക്കില്ല എന്ന് സാധാരണ പറയാറുണ്ടല്ലോ. സകലതും അവിടുത്തെ അനന്ത ജ്ഞാനത്തിലും ശക്തിയിലും മുൻകൂട്ടി നിശ്ചയിച്ചവയത്രേ. അങ്ങനെയെങ്കിൽ വി. കുർബാനയുടെ സ്ഥാപനവും ആകസ്മികമായ സംഭവമല്ല. മനുഷ്യചരിത്രത്തോടൊപ്പം ആരംഭിക്കുകയും വികസിതമാകുകയും പ്രതീകങ്ങളിലൂടെ അവതരിപ്പി

ച്ചുകൊണ്ട് മനുഷ്യവംശത്തെ ഈ മഹാദാനത്തെ സ്വീകരിക്കാൻ മുൻകൂട്ടി ഒരുക്കുകയും ചെയ്ത ഒരു ചരിത്രം വി. കുർബ്ബാനയ്ക്കുണ്ട്. പഴയനിയമ ജനതയുടെ ചരിത്രത്തിൽ അനാവൃതമായ വി. കുർബ്ബാനയുടെ ഈ പ്രതീകാത്മക അവതരണമാണ് ഈ അദ്ധ്യായത്തിലെ വിശകലന വിഷയം.

ദൈവജനത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള ഏത് അന്വേഷണങ്ങളുടെയും ആരംഭം പഴയനിയമവും ഇസ്രായേൽ ജനതയുടെ ചരിത്രവുമായിരിക്കുന്നതുപോലെ വി. കുർബാനയുടെ ചരിത്രത്തേക്കുറിച്ചുള്ള അന്വേഷണങ്ങളും പഴയനിയമത്തിൽനിന്നാണ് ആരംഭിക്കേണ്ടത്. പുതിയ നിയമത്തിലെ രക്ഷാകര രഹസ്യങ്ങളെ അനാവൃതമാക്കുന്നതിൽ പഴയനിയമ പ്രതീകങ്ങൾക്കുള്ള പ്രാധാന്യം കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം വിശദീകരിക്കുന്നത് ഇങ്ങനെയാണ്: "A better knowledge of Jewish people's faith and religious life as professed and lived can help our better understanding of Christian liturgy" (CCC 1093). "This is true because the history of salvation is not only of Christ and the Church but also the Church's Sacramental Economy is prefigured in the Old Testament" (CCC 1096). പഴയനിയമത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന വി. കുർബ്ബാനയുടെ പ്രതീകങ്ങളെ വി. തോമസ് അക്വീനാസ് മൂന്ന് വിഭാഗങ്ങളിലായാണ് വിശദീകരിക്കുന്നത് (ST iii q 73a 6). അക്വീനാസിന്റെ ഈ ചിന്തയെ ആസ്പദമാക്കി വി. കുർബ്ബാനയിലൂടെ ലഭിക്കുന്ന ആത്മീയ പോഷണം അഥവാ 'കുർബ്ബാനയുടെ വിരുന്ന്' എന്ന ഭാവത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ (the banquet aspect), വി. കുർബാനയുടെ ബലി ഭാവത്തെ (sacrificial aspect) സൂചിപ്പിക്കുന്ന പ്രതീകങ്ങൾ, വി. കുർബ്ബാനയിലെ യഥാർത്ഥ സാന്നിധ്യത്തെ (Real Presence) സൂചിപ്പിക്കുന്ന പ്രതീകങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

### 1. കുർബ്ബാനയിലൂടെ ലഭിക്കുന്ന ആത്മീയ പോഷണത്തെ സൂചിപ്പിക്കുന്ന പഴയനിയമ പ്രതീകങ്ങൾ

വി. കുർബ്ബാനയെ ബലിയും വിരുന്നും എന്നാണല്ലോ കത്തോലിക്കാ ദൈവശാസ്ത്രം വിളിക്കുന്നത്. ഇതിൽ ഇവിടെ നാം ആദ്യമായി വിശകലനം ചെയ്യുന്നത് വി. കുർബ്ബാന വിരുന്നാണ് എന്ന ആശയം പഴയനിയമത്തിൽ പ്രതീകങ്ങളിലൂടെ എങ്ങനെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. പഴയനിയമത്തിൽ ഉൽപ്പത്തി മുതൽ 8 പ്രാവശ്യം വളരെ ശക്തവും പ്രകടവുമായവിധം വി. കുർബ്ബാനയുടെ വിരുന്ന് എന്ന ഭാവത്തെ അവതരിപ്പിച്ചിട്ടുണ്ട് എന്ന





താണ് യാഥാർത്ഥ്യം. പറുദീസായിലെ ജീവന്റെ വൃക്ഷത്തിന്റെ ഫലം (ഉൽപ 3:22), മെൽക്കിസദേക്കിന്റെ കാഴ്ചസമർപ്പണം (ഉൽപ. 14:17-20), മന്നാ (പുറ. 16:4-35), പുളിപ്പില്ലാത്ത അപ്പം (പുറ 12:15-20), ഏലിയാ പ്രവാചകന് ദൈവദൂതൻ നൽകിയ അപ്പം (1 രാജാ 19:5-8), ഏശയ്യായുടെ നാവിനെ സ്പർശിക്കുന്ന തീക്കനൽ (ഏശ 6:6-7), എസക്കിയേൽ ഭക്ഷിച്ച ചുരുൾ (എസെ 3:3), ഏശയ്യ പ്രവചിച്ച കർത്താവിന്റെ മലയിലെ വിരുന്ന് (ഏശ 25:6).

#### 1.1. ജീവന്റെ വൃക്ഷത്തിന്റെ ഫലം (ഉൽപ 3:22)

വി. കുർബ്ബാനയിലൂടെ ലഭിക്കുന്ന പരിപോഷണത്തിന്റെയും ആത്മീയ ജീവന്റെയും ഏറ്റവും ശക്തമായ രൂപകമായി വ്യാഖ്യാനിക്കാവുന്ന പ്രതീകമാണ് പറുദീസായുടെ നടുവിൽ നിൽക്കുന്ന ജീവന്റെ വൃക്ഷത്തിന്റെ ഫലം. ആദ്യപാപത്തിനുശേഷം ദൈവം മനുഷ്യനെ പറുദീസയ്ക്കു പുറത്താക്കിയതിന്റെ കാരണം ജീവന്റെ വൃക്ഷത്തിന്റെ ഫലംകൂടി തിന്ന് അമർത്യനാകാൻ ഇടയാവരുത് എന്നതായിരുന്നു. "അനന്തരം അവിടുന്ന് പറഞ്ഞു: മനുഷ്യനിതാ നന്മയും തിന്മയും തിരിച്ചറിഞ്ഞ് നമ്മിലൊരുവനായിരിക്കുന്നു; ഇനി അവൻ കൈനീട്ടി ജീവന്റെ വൃക്ഷത്തിൽനിന്നുകൂടി പറിച്ചുതിന്ന് അമർത്യനാകാൻ ഇടയാകരുത്" (3:22). ജീവന്റെ വൃക്ഷവും അതിന്റെ ഫലവും പ്രതീകാത്മകമായി പറുദീസായിൽ ആദ്യ പാപത്തിനു മുമ്പ് മനുഷ്യനുണ്ടായിരുന്ന അമർത്യതയും ദൈവീക ജീവനിലുള്ള മനുഷ്യന്റെ പങ്കുചേരലിനെയും മനുഷ്യനിൽ ദൈവം നിക്ഷേപിച്ച വിശുദ്ധീകരണവരത്തെയുമാണ് സൂചിപ്പിക്കുന്നത്.

മുകളിൽ നൽകിയ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ തികച്ചും യുക്തിഭദ്രമായി വി. കുർബ്ബാനയുടെ പ്രതീകമായി പറുദീസായിലെ ജീവന്റെ വൃക്ഷത്തിന്റെ ഫലത്തെ വിശദീകരിക്കാം എന്നതാണ് യാഥാർത്ഥ്യം. കാരണം വി. കുർബ്ബാന മനുഷ്യവംശത്തിന് യുഗാന്ത്യോന്മുഖതയിൽ ലഭിക്കാനിരിക്കുന്ന അമർത്യതയുടെ അച്ചാരമാണ്; വിശുദ്ധീകരണ വരപ്രസാദത്തിന്റെ ഉറവിടവുമാണ്. ഉത്ഭവപാപത്തിലൂടെ ജീവന്റെ വൃക്ഷമായി (ദൈവീക ജീവനിലുള്ള പങ്കുചേരൽ) നഷ്ടപ്പെട്ടുപോയ മനുഷ്യന്റെ ബന്ധവും പങ്കാളിത്തവുമാണ് വി. കുർബാന സംലഭ്യമാക്കുന്നത്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തിൽ യേശു ഇത് വ്യക്തമാക്കുന്നുമുണ്ട്. "ഇതാ കട്ടെ മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ്; ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല... ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാ

ണ്" (യോഹ 6:51). സഭാപിതാവായ അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസാണ് ആദ്യമായി വി. കുർബ്ബാനയുടെ ഏറ്റവും പുരാതന പഴയനിയമ പ്രതീകമായി പറുദീസായിലെ ജീവവൃക്ഷത്തിന്റെ ഫലത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്. വി. ഇഗ്നേഷ്യസ് വി. കുർബ്ബാനയെ ജീവന്റെ വൃക്ഷത്തിന്റെ ഫലവുമായി താരതമ്യപ്പെടുത്തി വ്യാഖ്യാനിച്ചത് അമർത്യതയുടെ ഔഷധം എന്നും മരണ ദംശത്തിൽനിന്നു രക്ഷനേടാൻ നാം സ്വീകരിക്കേണ്ട പ്രതിരോധ ഔഷധം എന്നുമാണ്.

**1.2. മെൽക്കിസദേക്ക് കാഴ്ച്ചവച്ച അപ്പവും വീഞ്ഞും (ഉൽപ 14:17-20)**

"അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവും നൽകുന്ന കൂദാശ" എന്നാണല്ലോ വി. കുർബ്ബാനയ്ക്ക് നൽകപ്പെട്ടിരിക്കുന്ന ക്ലാസിക് നിർവ്വചനം. മിശിഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകമായ അപ്പവും വീഞ്ഞും വി. ഗ്രന്ഥത്തിൽ ആദ്യം പരാമർശിക്കുന്നത് ഉൽപ 14:17-20 വാക്യങ്ങളിലാണ്. ശാലേമിലെ രാജാവായ മൽക്കിസദേക്ക് പൂർവ്വപിതാവായ അബ്രാഹത്തിന് കാഴ്ചവയ്ക്കുന്ന വസ്തുക്കളായാണ് അപ്പവും വീഞ്ഞും ഇവിടെ പരാമർശിക്കുന്നത്. എന്തുകൊണ്ടാണ് ഉൽപ 14:17-20 വാക്യങ്ങളിൽ പരാമർശിക്കുന്ന അപ്പവും വീഞ്ഞും വി. കുർബ്ബാനയുടെ പ്രതീകാത്മക അവതരണമാണെന്ന് പറയുന്നത്? ഈ വ്യാഖ്യാനത്തിന്റെ ആധികാരികത യഥാർത്ഥത്തിൽ ഇത് കാഴ്ചവച്ച മെൽക്കിസദേക്കും മിശിഹായുമായുള്ള ബന്ധത്തെ ആസ്പദമാക്കിയാണ് വ്യക്തമാക്കാനാവുന്നത്. മെൽക്കിസദേക്ക് എന്ന വാക്ക് 'മേലക്ക്', 'സദേക്ക്' എന്നീ വാക്കുകൾ കൂടിച്ചേർന്നതാണ്. 'നീതിയുടെ രാജാവ്' എന്നർത്ഥം. ബൈബിൾ വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം മെൽക്കിസദേക്കിന്റെ പട്ടണമായ സാലോം ആണ് പിന്നീട് ജറുസലേം (സമാധാനത്തിന്റെ ഇരിപ്പിടം) ആയി അറിയപ്പെട്ടത് എന്നാണ്. ഒരുപക്ഷേ സങ്കീർത്തനം 110:4-ൽ മെൽക്കിസദേക്കിനെ പരാമർശിച്ചില്ലായിരുന്നുവെങ്കിൽ ഈ പ്രതീകാത്മക ചിത്രീകരണത്തിന് ഇത്ര വ്യക്തത ഉണ്ടാവുമോ എന്നത് സംശയമാണ്. സങ്കീ. 110:4-ൽ നാം ഇങ്ങനെ വായിക്കുന്നു: "കർത്താവ് ശപഥം ചെയ്തു പറഞ്ഞു; മെൽക്കിസദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാകുന്നു, അതിന് മാറ്റമുണ്ടാവുകയില്ല."

മെസയാനിക് സങ്കീർത്തനങ്ങളിൽ ഉത്കൃഷ്ടസ്ഥാനമാണ് 110-ാം സങ്കീർത്തനത്തിനുള്ളത്. ദാവീദിന്റെ സിംഹാസനത്തെ ആരംഭവും അവസാനവുമില്ലാത്ത പുരോഹിതനായ മെൽക്കിസദേക്കുമായി





ബന്ധിപ്പിക്കുന്ന ഈ സങ്കീർത്തനം മിശിഹായുടെ നിത്യമായ പൗരോഹിത്യത്തിനുള്ള സാക്ഷ്യമാണ്. ജസെയുടെ കുറ്റിയിൽ നിന്നും പുറപ്പെടുന്ന രാജാവിനെ ഏശയ്യാ വിളിക്കുന്നതും (ഏശ 11) 'നീതിനിഷ്ടനായ രാജാവ്' (മെൽക്കിസദേക്ക്) എന്നാണെന്നതും ശ്രദ്ധേയമാണ്. അതുകൊണ്ട് മിശിഹായുടെ പ്രതിപുരുഷനായ മെൽക്കിസദേക്ക് കാഴ്ചവയ്ക്കുന്ന അപ്പവും വീഞ്ഞും മിശിഹാ സ്ഥാപിച്ച കൂദാശയുടെ പുരാതന പ്രതീകങ്ങളിലൊന്നായി മാറുന്നു.

ഈ ആശയം കൂടുതൽ വ്യക്തതയോടെ ഹെബ്രായ ലേഖനം 7-ാം അദ്ധ്യായത്തിൽ പരാമർശിക്കുന്നുണ്ട് (1-28). ഹെബ്രായ ലേഖകൻ മെൽക്കിസദേക്കിന്റെ പൗരോഹിത്യത്തെ (ആരംഭവും അവസാനവുമില്ലാത്ത ദൈവശുശ്രൂഷയെ) യേശുവുമായി ബന്ധിപ്പിച്ചുകൊണ്ട് മരണമില്ലാത്തതും മാറ്റമില്ലാത്തതുമായ മിശിഹായുടെയും അവിടുത്തെ പ്രതിരൂപമായ മെൽക്കിസദേക്കിന്റെയും പൗരോഹിത്യശുശ്രൂഷ ലേവി പൗരോഹിത്യത്തെക്കാൾ ഉത്കൃഷ്ടമാണെന്ന് സമർത്ഥിക്കുന്നുണ്ട്. ഹെബ്രായ ലേഖകൻ "അബ്രാഹം മെൽക്കിസദേക്കിന് താൻ യുദ്ധത്തിൽ നേടിയവയുടെ ദശാംശം സമർപ്പിച്ചു" (ഉൽപ 14) എന്ന പരാമർശത്തെ വ്യാഖ്യാനിച്ചുകൊണ്ട് അബ്രാഹത്തിലൂടെ അദ്ദേഹത്തിന്റെ അകാലജാതൻ ലേവിയും ഈ ദശാംശസമർപ്പണത്തിൽ പങ്കുചേർന്നു എന്നാണ് സമർത്ഥിക്കുന്നത്. മരണമില്ലാത്തതും മാറ്റമില്ലാത്തതുമായ മെൽക്കിസദേക്ക് അങ്ങനെ നിത്യപുരോഹിതനായ മിശിഹായുടെയും അയാൾ കാഴ്ചവച്ച അപ്പവും വീഞ്ഞും മിശിഹായുടെ തിരുശരീരരക്തങ്ങളുടെ കൂദാശയായ വി. കുർബ്ബാനയുടെയും മനോഹരമായ പ്രതീകങ്ങളായി മാറുന്നു. സഭാപിതാക്കന്മാരായ അലക്സാണ്ട്രിയായിലെ വി. ക്ലമന്റ്, വി. സിപ്രിയാൻ എന്നിവർ ഈ പ്രതീകാത്മകത രേഖപ്പെടുത്തുന്നുണ്ട്. സഭാപിതാവായ വി. സിപ്രിയാന്റെ രചനകളിൽ വി. കുർബ്ബാനയുടെ ഏറ്റവും ശക്തമായ പഴയനിയമ പ്രതീകങ്ങളിലൊന്നായി മെൽക്കിസദേക്കിന്റെ കാഴ്ചവസ്തുക്കളെ പരാമർശിക്കുന്നുണ്ട്. "And Melchisedek the priest of Salem offered Bread and Wine... Our Lord Jesus offered to the Father the same offering of Bread and Wine which is to say His body and blood. When he offered the bread and wine he accomplished and fulfilled the reality of the figurative image" (Syprian "Letters" 63).

**1.3. മന്നാ (പുറ 16:4-35)**

മരുഭൂമിയിലെ നീണ്ട 40 വർഷങ്ങളിലെ അലച്ചിലുകളിൽ ഇസ്രായേൽ ജനത്തിന്റെമേൽ പെയ്തിറങ്ങിയ ദൈവകാരുണ്യമായ മന്നാ

ദിവ്യകാരുണ്യത്തിന്റെയും അതിലൂടെ ലഭിക്കുന്ന ആത്മീയ പരിപോഷണത്തിന്റെയും ഏറ്റവും ശക്തമായ പ്രതീകമായാണ് വിശേഷിപ്പിക്കപ്പെടുന്നത്. വി. കുർബ്ബാനയുടെ പ്രതീകമായി താഴെപ്പറയുന്ന രീതിയിൽ മന്നയെ വ്യഖ്യാനിക്കാം.

### *a) മന്നാ സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പമായിരുന്നു*

വി. കുർബാനയും അതിന്റെ പഴയനിയമ പ്രതീകമായ മന്നയും തമ്മിലുള്ള ഏറ്റവും ശക്തമായ പൊരുത്തം രണ്ടും സ്വർഗ്ഗത്തിൽനിന്ന് വർഷിക്കപ്പെട്ട അപ്പമായിരുന്നു എന്നതാണ്. "ഞാൻ നിങ്ങൾക്കായി ആകാശത്തുനിന്ന് അപ്പം വർഷിക്കും"(പുറ 16:4); "ഇത് മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമാണ്; സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്" (യോഹ 6:50). 'സ്വർഗ്ഗത്തിൽ നിന്നും വർഷിക്കപ്പെട്ടത്' എന്ന വിശേഷണമാണ് മന്നയെയും വി. കുർബ്ബാനയുടെ പ്രതീകമാക്കി മനസിലാക്കുന്നതിൽ ഏറ്റവും സവിശേഷമായത്. ഇത് രണ്ടും ധാന്യങ്ങളിൽ നിന്ന് രൂപപ്പെടുത്തുന്ന ഭൂമിയിലെ അപ്പങ്ങളിൽ നിന്നും അതിനാൽത്തന്നെ വ്യത്യസ്തവുമാണ്. മന്ന മനുഷ്യാധ്വാനത്തിന്റെ ഫലമല്ലായിരുന്നു. വി. കുർബ്ബാനയും അങ്ങനെതന്നെ. മനുഷ്യന്റെ യോഗ്യതയോ പരിശ്രമമോ അല്ല ദൈവത്തിന്റെ കരുണയാണ് വി. കുർബാനയുടെയും അടിസ്ഥാനം. അതുകൊണ്ടുതന്നെയാണ് വി. കുർബാനയെ നാം ദിവ്യകാരുണ്യം എന്നു വിളിക്കുന്നതും.

### *b) മന്നായുടെ രഹസ്യാത്മക സ്വഭാവം*

മന്നാ എന്ന ഹെബ്രായ പദത്തിന്റെ വാച്യാർത്ഥം 'ഇത് എന്ത്?' (what is this?) എന്നാണ്. മന്ന ഇസ്രായേൽ ജനത്തിന്റെ ഗ്രഹണശേഷിക്ക് അതീതമായ രഹസ്യമായിട്ടാണ് നിലനിന്നത്. നീണ്ട 40 വർഷം ഭക്ഷിച്ചെങ്കിലും അത് മനുഷ്യബുദ്ധിയുടെ അളവുകോലുകൾക്ക് അപ്പുറമുള്ള രഹസ്യമായിരുന്നു (നിയ 8:3). മന്നായുടെ ഈ രഹസ്യാത്മകത വി. കുർബ്ബാനയുടെ പ്രതീകമായി മന്നയെ വ്യാഖ്യാനിക്കുന്നതിനും മനസിലാക്കുന്നതിനും സഹായകരമാണ്. കാരണം വി. കുർബ്ബാനയെ സഭാപിതാക്കന്മാർ വിശേഷിപ്പിച്ചത് 'Tremendum Misterium' അല്ലെങ്കിൽ 'മഹത്തായ രഹസ്യം' എന്നായിരുന്നല്ലോ. കുർബ്ബാനയിൽ നടക്കുന്ന സത്താഭേദം (transubstantiation), വി. കുർബാനയിലെ ബലിഭാവം, വി. കുർബാന സ്വീകരണംവഴി സംഭവിക്കുന്ന ദൈവീകജീവനിലുള്ള സഹവാസം ഇതെല്ലാം യുക്തിസഹമാണെങ്കിലും മനുഷ്യബുദ്ധിയുടെ പരിധികൾക്കും അപ്പുറം തികച്ചും രഹസ്യാത്മകമായി (mystery) നില





കൊള്ളുന്നു. അതുകൊണ്ട് മന്നയുടെയും വി. കുർബ്ബാനയുടെയും രഹസ്യാത്മകത (mysterious aspect) പരിഗണിച്ച് മന്നയെ കുർബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നത് യുക്തിസഹമാണ്.

### *c) മന്ന തീർത്ഥാടക സമൂഹത്തിന്റെ ആഹാരമായിരുന്നു*

വാഗ്ദാനദേശത്തേക്കുള്ള തീർത്ഥാടനകാലത്ത് മാത്രമാണ് ഇസ്രായേൽ ജനതയ്ക്ക് മന്ന നൽകപ്പെട്ടിരുന്നത്. കാനാൻ ദേശത്ത് പ്രവേശിച്ചപ്പോൾമുതൽ മന്ന വർഷിക്കപ്പെടാതെയായി. അപ്പോൾ മന്നയെ വിശേഷിപ്പിക്കാവുന്നത് തീർത്ഥാടകസമൂഹത്തിന്റെ ആഹാരം എന്നാണ്. ഈ ഒരു അർത്ഥത്തിൽ മന്നയ്ക്ക് വി. കുർബ്ബാനയെ പ്രതീകാത്മകമായി സൂചിപ്പിക്കാൻ കഴിയുന്നുണ്ട്. വി. കുർബ്ബാനയെ തിരുപ്പാഥേയം എന്ന് വിശേഷിപ്പിക്കാറുണ്ടല്ലോ. പുതിയനിയമ ജനതയുടെ സ്വർഗ്ഗീയ ജറുസലേമിലേക്കുള്ള തീർത്ഥാടനകാലത്തെ ആഹാരമാണ് വി. കുർബ്ബാന. ഭൗമിക തീർത്ഥാടനകാലത്ത് ആത്മീയ പോഷണമാണ് ഓരോ വിശ്വാസിക്കും വി. കുർബ്ബാനയിലൂടെ ലഭിക്കുന്നത്. സ്വർഗ്ഗീയ ജറുസലേമിലെത്തുമ്പോൾ ഇതരകൂദാശകൾപോലെ വി. കുർബ്ബാനയും അപ്രസക്തമാകും.

മന്നയെ വി. കുർബ്ബാനയുടെ പ്രതീകമായി വ്യാഖ്യാനിച്ചവരിൽ പ്രഥമഗണനീയൻ വി. പൗലോസ് അപ്പസ്തോലനായിരുന്നു. വി. പൗലോസ് 1 കോറി 10:1-5 വാകൃങ്ങളിൽ ഈ typological interpretation (പ്രതീകാത്മക വ്യാഖ്യാനം) നടത്തുന്നത് ശ്രദ്ധേയമാണ്. 'ആത്മീയ ഭക്ഷണം' എന്നാണ് മന്നയെ പൗലോസ് ശ്ലീഹാ ഇവിടെ വിശേഷിപ്പിക്കുന്നത്. അതാവട്ടെ യഥാർത്ഥ ആത്മീയ ഭക്ഷണമായ കുർബ്ബാനയുടെ പ്രതീകവും. സഭാപിതാക്കന്മാരിൽ വി. അംബ്രോസ് മന്നയെ വി. കുർബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നത് ശ്രദ്ധേയമാണ്: "മന്നാ എന്ന മഹാവിസ്മയത്തിലൂടെ സ്വർഗ്ഗം ഇസ്രായേൽ ജനതയെ അനുദിനം പരിപോഷിപ്പിച്ചു. സങ്കീർത്തകൻ പ്രഘോഷിച്ചതുപോലെ മനുഷ്യർ മാലാഖമാരുടെ അപ്പം ഭക്ഷിച്ചു (സങ്കീ 78:25). പക്ഷെ മരുഭൂമിയിൽ മന്ന ഭക്ഷിച്ചവർ മരിച്ചു; പക്ഷെ നാം സ്വീകരിക്കുന്ന ഈ പുതിയ ആത്മീയ ഭക്ഷണം നിത്യജീവന്റെ ഉറവിടമാണ് നമുക്ക് വിദാനം ചെയ്യുന്നത്. പ്രകാശം നിഴലിനേക്കാൾ മഹത്തരമായിരിക്കുന്നതുപോലെ സൃഷ്ടാവിന്റെ ശരീരം സ്വർഗ്ഗീയ മന്നയെക്കാൾ ശ്രേഷ്ഠമായിരിക്കുന്നു."

മുകളിൽ വിവരിച്ച മൂന്ന് പ്രതീകങ്ങളിൽ: സ്വർഗ്ഗീയ ഉത്ഭവം; രഹസ്യാത്മക ഭാവം; തീർത്ഥാടന ശകാലത്തെ ആഹാരം; പഴയ

നിയമത്തിലെ മന്നയെ വി. കുർബ്ബാനയുടെ മുന്നാസ്വാദനമായും പ്രതീകമായും വ്യാഖ്യാനിക്കാൻ കഴിയും. വാഗ്ദാനദേശത്ത് പ്രവേശിച്ചതുമുതൽ മന്ന വർഷിക്കാതായി എങ്കിലും യഹൂദ പാരമ്പര്യങ്ങളും റബീനിക് പ്രബോധനങ്ങളും പഠിപ്പിച്ചിരുന്നത് മിശിഹായുടെ ഭരണത്തിൽ മന്ന വീണ്ടും വർഷിക്കപ്പെടും എന്നായിരുന്നു. "ആദ്യ വിമോചകൻ ആകാശത്തുനിന്ന് മന്ന വർഷിച്ചതുപോലെ രണ്ടാമത്തെ വിമോചകനും (മിശിഹാ) മന്ന വർഷിക്കാൻ കാരണമാകും." അപ്പം വർദ്ധിപ്പിക്കുന്ന അടയാളങ്ങളിലൂടെയും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിലൂടെയും യേശു പ്രഘോഷിച്ചത് തലമുറകളുടെ ഈ പ്രതീക്ഷ തന്നിൽ പൂർത്തിയായി എന്നാണ്.

### 1.4. പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും (പുറ 12:15-20)

യഹൂദ പെസഹാ ആചരണത്തിന്റെ അനുപേക്ഷണീയമായ ഭാഗമായിരുന്നു പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും. യഥാർത്ഥത്തിൽ യഹൂദ പെസഹാ ആചരണം രണ്ട് ചടങ്ങുകൾ കൂടിച്ചേർന്നതായിരുന്നു. പെസഹാകുഞ്ഞാടിന്റെ ബലിയർപ്പണവും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും. പെസഹായുടെ വിശുദ്ധ വാരത്തിൽ (നിസാൻ 14-21) യഹൂദ ഭവനങ്ങളിൽനിന്ന് പുളിമാവ് നീക്കം ചെയ്യുകയും പുളിപ്പില്ലാത്ത അപ്പം ഉണ്ടാക്കുകയും ചെയ്തിരുന്നു. പുളിപ്പില്ലാത്ത അപ്പം രണ്ട് പ്രതീകാത്മകതകൾ ഉൾക്കൊണ്ടിരുന്നു. ഒന്നാമതായി, അത് വിമോചനത്തിന്റെ ഓർമ്മയായിരുന്നു. രണ്ടാമതായി, അത് ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരാൻ അശുദ്ധിയാകുന്ന പുളിപ്പ് കുഞ്ഞാടിന്റെ രക്തത്തിലൂടെ കഴുകിക്കളഞ്ഞ നിർമ്മലരായ ജനത്തിന്റെ സൂചനയായിരുന്നു. ഈ രണ്ട് പ്രതീകാത്മകതകളും പുളിപ്പില്ലാത്ത അപ്പത്തെ വി. കുർബ്ബാനയുടെ പ്രതിരൂപമായി വ്യാഖ്യാനിക്കുന്നതിനെ സാധൂകരിക്കുന്നുണ്ട് എന്നതാണ് സത്യം. വി. കുർബ്ബാനയും വിമോചനത്തിന്റെ ഓർമ്മയും അടയാളവുമാണ്; ഒപ്പം പുതിയ പുറപ്പാട് ജനതയ്ക്കുള്ള ആത്മീയ പരിപോഷണത്തിന്റെ ആഹാരവുമാണ്. രണ്ടാമത് പുളിമാവ് അശുദ്ധിയെ പ്രതിനിധീകരിക്കുന്നു. പുളിപ്പില്ലാത്ത അപ്പം നിർമ്മലീകരിക്കപ്പെട്ട ദൈവജനത്തേയും. ഈ അർത്ഥത്തിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ പവിത്ര മനസാക്ഷിയെയും വി. കുർബ്ബാനയിലൂടെ സംഭവിക്കുന്ന വിശുദ്ധീകരണത്തെയും പ്രതീകാത്മകമായി ഇത് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, യഹൂദ പെസഹാ ആചരണത്തിൽ പുളിപ്പില്ലാത്ത അപ്പത്തിനൊപ്പം നാല് കപ്പ് വീഞ്ഞ് പങ്കുവയ്ക്കപ്പെട്ടിരുന്നു. ഇതിൽ നാലാമത്തെ കപ്പ് വീഞ്ഞായിരിക്കണം യേശു കുർബാന സ്ഥാപനത്തിന് ഉപയോഗിച്ചിരിക്കുക എന്നാണ് വ്യാഖ്യാ





താക്കളുടെ പക്ഷം. അതിനാൽ യഹൂദ പെസഹായിൽ പങ്കുവയ്ക്കപ്പെട്ടിരുന്ന വീഞ്ഞ് വി. കുർബ്ബാനയിൽ പങ്കുവയ്ക്കപ്പെടുന്ന യേശുവിന്റെ തിരുരക്തത്തിന്റെ പ്രതീകാത്മക മുന്നാസ്വാദനമായി വ്യാഖ്യാനിക്കാൻ കഴിയും.

### 1.5. ഏലിയാ ഭക്ഷിച്ച അപ്പം (1 രാജാ 19:1-8)

ഇസ്രായേൽ രാജ്ഞി ജെസബലിൽ നിന്നും പ്രാണരക്ഷാർത്ഥം പലായനം ചെയ്ത ഏലിയാ മരുഭൂമിയിലെ അലച്ചിലുകൾക്കൊടുവിൽ വാടാമുൾച്ചെടിയുടെ തണലിലിരുന്ന് മരണത്തിനായി പ്രാർത്ഥിക്കുന്ന രംഗങ്ങളാണ് രാജാക്കന്മാരുടെ ഒന്നാം പുസ്തകം 19:1-8 വാക്യങ്ങളിൽ വിവരിക്കുന്നത്. മുൾച്ചെടിയുടെ തണലിൽ കിടന്നുറങ്ങിയ ഏലിയായെ കർത്താവിന്റെ ദൂതൻ തട്ടിയുണർത്തി എഴുന്നേറ്റ് ഭക്ഷിക്കുക എന്ന് പറഞ്ഞു (19:5). ചുട്ട അപ്പവും പാത്രത്തിൽ ജലവും തലയ്ക്കൽ ഇരിക്കുന്നത് അയാൾ കാണുന്നു. അത് ഭക്ഷിച്ച് അതിന്റെ ശക്തിയാൽ 40 ദിനരാത്രങ്ങൾ സഞ്ചരിച്ച് ഏലിയാ കർത്താവിന്റെ മലയായ ഹോറബിലെത്തുന്നു. അവിടെ വച്ചാണ് മൃദുസ്വരത്തിൽ ദൈവം അയാൾക്ക് സ്വയം വെളിപ്പെടുത്തുന്നത്.

ഏലിയാ മരുഭൂമിയിൽ ഭക്ഷിച്ച അപ്പം എങ്ങനെയാണ് വി. കുർബ്ബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കാനാവുന്നത്. ഒന്നാമതായി, ഏലിയായുടെ അപ്പത്തിന്റെ അതിഭൗമികതയാണ്. കർത്താവിന്റെ ദൂതനാണ് ഏലിയായ്ക്ക് ഈ അപ്പം നൽകിയിട്ട് എഴുന്നേറ്റ് ഭക്ഷിക്കാൻ ആവശ്യപ്പെട്ടത്. യോഹന്നാന്റെ സുവിശേഷം 6:48-51 വാക്യങ്ങളിൽ നാം യേശു ആവർത്തിച്ച് പറയുന്നതായി കാണുന്നു. ഇത് മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമാണ്. അപ്പോൾ വി. കുർബ്ബാനയുടെ അതിഭൗമികതയുടെ മുന്നാസ്വാദനവും പ്രതീകാത്മക അവതരണവുമായി ഏലിയാ ഭക്ഷിച്ച അപ്പത്തെ വ്യാഖ്യാനിക്കാം. രണ്ടാമതായി, ഏലിയാ ഭക്ഷിച്ച അപ്പത്തിന്റെ അനിതരമായ ശക്തി വിശേഷമാണ്. നാൽപത് ദിനരാത്രങ്ങൾ സഞ്ചരിക്കാൻ തക്ക ശക്തി പ്രദാനം ചെയ്യാൻ സാധാരണ അപ്പത്തിനാവില്ലല്ലോ. ഏലിയായുടെ അപ്പത്തിന്റെ അനിതരസാധാരണമായ ശക്തി വി. കുർബാനയുടെ രക്ഷാകര കൃപയുടെ മുന്നാസ്വാദനമായി വ്യാഖ്യാനിക്കാം. മൂന്നാമതായി, ഏലിയാ ഭക്ഷിച്ച അപ്പം ദൈവത്തിന്റെ മലയിലേക്കുള്ള തീർത്ഥാടനത്തിൽ ശക്തിനൽകിയ പാഥേയമായിരുന്നു. വി. കുർബ്ബാനയും സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന ദൈവജനം വഴിയിൽ തളർന്നു വീഴാതിരിക്കാൻ ദൈവം നൽകിയ ആത്മീയ ഭക്ഷ

ണമാണല്ലോ. അതിനാൽ മുകളിൽ വിവരിച്ച മൂന്ന് പ്രതീകാത്മക വശങ്ങളിൽ ഏലിയാ മരുഭൂമിയിൽ ഭക്ഷിച്ച അപ്പത്തെ വി. കുർബാനയാകുന്ന യഥാർത്ഥ ആത്മീയ ഭക്ഷണത്തിന്റെ, യുഗാന്ത്യോന്മുഖ തീർത്ഥാടക സഭയുടെ പാഥേയത്തിന്റെ പ്രതീകമായി മനസിലാക്കാം.

### 1.6. ഏശയ്യായുടെ നാവിനെ സ്പർശിച്ച തീക്കനൽ (ഏശ 6:6–7)

"അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി പറന്നുവന്നു; അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു; നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു." (ഏശ 6:6–7)

പ്രവാചക ഗ്രന്ഥങ്ങളിൽ വി. കുർബ്ബാനയുടെ ഹൃദയസ്പർശിയും അർത്ഥസമ്പുഷ്ടവുമായ പ്രതീകങ്ങളിലൊന്നായി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചവയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ഏശയ്യായുടെ നാവിനെ സ്പർശിച്ച തീക്കനൽ. വി. യാക്കോബിന്റെ ആരാധനാക്രമത്തിലും ഓർത്തഡോക്സ് പാരമ്പര്യത്തിലും വി. കുർബാനയെ വിശേഷിപ്പിക്കുന്നതുതന്നെ 'ജ്വലിക്കുന്ന തീക്കൽ' എന്നാണ്. വി. ജോൺ ക്രിസോസ്തോമിന്റെ ആരാധനക്രമ പാരമ്പര്യത്തിൽ വി. കുർബ്ബാന നൽകുമ്പോൾ പുരോഹിതർ പറഞ്ഞിരുന്നത് "ഇത് നിന്റെ അധരത്തെ സ്പർശിച്ചിരിക്കുന്നു; നിന്റെ അകൃത്യങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നായിരുന്നു. വി. കുർബ്ബാനയിലൂടെ ലഭിക്കുന്ന പാപമോചനത്തിന്റെയും ശുദ്ധീകരണവരപ്രസാദത്തിന്റെയും ഏറ്റവും മനോഹരമായ അക്ഷരസാക്ഷ്യമായി ഈ പ്രതീകത്തെ വ്യാഖ്യാനിക്കാം.

### 1.7. ഏശയ്യാ പ്രവചിച്ച കർത്താവിന്റെ മലയിലെ വിരുന്ന് (ഏശ 25:6–8)

കർത്താവ് രക്ഷയുമായി വരുന്ന യുഗാന്ത്യോന്മുഖ കാലത്തിന്റെ പ്രധാന സവിശേഷതകളിലൊന്നായാണ് ഏശയ്യാ കർത്താവിന്റെ പർവ്വതത്തിൽ നടക്കാനിരിക്കുന്ന സകല ജനപദങ്ങൾക്കുംവേണ്ടിയുള്ള വിരുന്നിനെപ്പറ്റി പ്രവചിക്കുന്നത്: "ഈ പർവ്വതത്തിൽ സർവ്വ ജനതകൾക്കും വേണ്ടി സൈന്യങ്ങളുടെ കർത്താവ് ഒരു വിരുന്നൊരുക്കും... സർവ്വജനതകളെയും മറച്ചിരിക്കുന്ന ആവരണം – ജനതകളുടെമേലുള്ള മൂടുപടം അവിടുന്ന് നീക്കിക്കളയും; അവിടുന്ന് മരണത്തെ എന്നേക്കുമായി ഗ്രസിക്കും." ഏശയ്യായുടെ ഈ പ്രവചനം എങ്ങനെയാണ് വി. കുർബാനയുടെ പ്രതീകാത്മകത ഉൾക്കൊള്ളുന്നത്? ഒന്നാമതായി, ഏശയ്യ പ്രവചിച്ച വിരുന്നിൽ പങ്കുചേരുന്നവരിൽ അടിസ്ഥാനപരമായി വി. കുർബ്ബാനയുടെ പ്രതീകാത്മകത കണ്ടെത്താം; വി. കുർബ്ബാനയും സകല ജനതകൾക്കും വേണ്ടിയുള്ള വിരുന്നാണല്ലോ. അന്ത്യഅത്താഴ മേശയിൽ യേശു പാനപാത്രമെടുത്ത് പറയുന്നത് "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" – *എക്ഗുന്നോമെനോൻ ഊപ്പർ പോള്ളോൺ* (മർക്കോ 14:25) എന്നാണ്. അതിനാൽ ഏശയ്യായുടെ യുഗാന്ത്യോന്മുഖ വിരുന്നിനെക്കുറിച്ചുള്ള പ്രവചനം അന്ത്യത്താഴമേശയിലെ യേശുവിന്റെ വാക്കുകളിൽ പൂർണ്ണത നേടുന്നുണ്ട്. സകലജനപദങ്ങൾക്കുംവേണ്ടി ദൈവം ഒരുക്കിയ രക്ഷയുടെ വിരുന്നായ വി. കുർബ്ബാനയുടെ പ്രതീകാത്മക പ്രവചനമായി അതിനാൽ ഏശയ്യായുടെ യുഗാന്ത്യോന്മുഖ വിരുന്നിനെ മനസിലാക്കാം.

### 1.8. എസക്കിയേൽ ഭക്ഷിച്ച ചുരുൾ (എസെ 3:2–3)

വി. കുർബ്ബാനയുടെ പഴയനിയമത്തിലെ അനിതരസാധാരണമായ മറ്റൊരു മുന്നാസ്വാദനം എന്ന് വിശേഷിപ്പിക്കാവുന്നത് എസക്കി 3:2–3,8 വചനങ്ങളിൽ പ്രവാചകന് ദൈവമായ കർത്താവ് ചുരുൾ ഭക്ഷിക്കാൻ നൽകുന്ന വിവരണഭാഗമാണ്. ഏശയ്യായ്ക്കുണ്ടായതിന് തത്തുല്യമായ മറ്റൊരു ദൈവദർശനത്തിനൊടുവിലാണ് പ്രവാചകന് ചുരുൾ ഭക്ഷിക്കാനുള്ള ക്ഷണം ലഭിക്കുന്നത്: "മനുഷ്യപുത്രാ നീ ഈ കാണുന്ന ചുരുൾ ഭക്ഷിക്കുക; എന്നിട്ട് പോയി ഇസ്രായേൽ ഭവനത്തോട് സംസാരിക്കുക. ഞാൻ വായതുറന്നു; അവൻ ആ ചുരുൾ എനിക്ക് ഭക്ഷിക്കാൻ തന്നു... എന്റെ വായിൽ അതു തേൻപോലെ മധുരിച്ചു." വി. കുർബ്ബാനയിൽ നാം ആചരിക്കുന്ന വചനത്തിന്റെയും അപ്പത്തിന്റെയും മേശകളെ പ്രതീകാത്മകമായി ഈ ഭാഗം അവതരിപ്പിക്കുന്നുണ്ട്. വി. കുർബ്ബാനയിൽ നാം ആദ്യം ഭക്ഷിക്കുന്നത് വചനത്തിന്റെ മേശയിൽനിന്നാണല്ലോ. വി. ഗ്രന്ഥവായനകളും സുവിശേഷ പ്രസംഗവും വചനത്തിന്റെ വിരുന്നായി വേണം മനസിലാക്കാൻ. തുടർന്ന് അപ്പത്തിന്റെ മേശയിൽനിന്ന് യേശുവിന്റെ ശരീരവും രക്തവും... ഈ രണ്ട് വിരുന്നുകളുടെയും മുന്നാസ്വാദനമായി പ്രവാചകന് ഭക്ഷിക്കാൻ ചുരുൾ നൽകുന്ന വിവരണത്തെ വ്യാഖ്യാനിക്കാം.

## 2. വി. കുർബ്ബാനയുടെ ബലിഭാവം വ്യക്തമാക്കുന്ന പ്രതീകങ്ങൾ

കഴിഞ്ഞ പേജുകളിൽ നാം വിശകലനം നടത്തിയത് വി. കുർബ്ബാനയിലൂടെ സംഭവിക്കുന്ന ആത്മീയ പോഷണത്തെ അഥവാ കുർബ്ബാനയുടെ വിരുന്ന് ഭാവത്തെ (the banquet aspect) സൂചിപ്പിക്കുന്ന പഴയനിയമ പ്രതീകങ്ങളായിരുന്നു. ഇവിടെ നാം വിശകലനം ചെയ്യു

ന്നത് വി. കുർബ്ബാനയുടെ ബലിഭാവത്തെ (the sacrificial aspect) സൂചിപ്പിക്കുന്ന പഴയനിയമ പ്രതീകങ്ങളാണ്. മൂന്ന് പ്രധാന പ്രതീകങ്ങളാണ് ഇവിടെ നാം അപഗ്രഥിക്കുന്നത്: 1) ആബേലിന്റെ രക്തം; 2) പെസഹാകുഞ്ഞാട്; 3) സമാധാനബലി.

### 2.1. ആബേലിന്റെ രക്തം (ഉൽപ 4:8)

ഉൽപത്തി പുസ്തകം 4:8-ാം വാക്യത്തിലാണ് ആബേലിന്റെ രക്തത്തെക്കുറിച്ചുള്ള പരാമർശം നാം കാണുന്നത്. സഹോദരന്റെ രക്തം ചിന്തിയ ഭൂമിയിലെ ആദ്യ കൊലപാതകി കായേനോട് ദൈവം പറയുന്നു: "നീ എന്താണീ ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ച് കരയുന്നു" (ഉൽപ 4:8). ഹെബ്രായ ലേഖനം 12:24 ൽ വി. ഗ്രന്ഥകാരൻ ആബേലിന്റെയും യേശുവിന്റെയും രക്തത്തെ തമ്മിൽ താരതമ്യം ചെയ്ത് പറയുന്നത് ശ്രദ്ധേയമാണ്: "പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ യേശുവിന്റെ സവിധത്തിലേക്കും ആബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത്.'' മഹാനായ വി. ഗ്രിഗറി ആബേലിന്റെയും യേശുവിന്റെയും രക്തത്തെ താരതമ്യം ചെയ്ത് പറയുന്നു: "ആബേലിന്റെ രക്തത്തെക്കാൾ ഉദാത്തവും വാചാലവുമായാണ് ക്രിസ്തുവിന്റെ രക്തം നിലവിളിക്കുന്നത്. കാരണം ആബേലിന്റെ രക്തം കൊലപാതകിയായ സഹോദരനെതിരെ നീതിക്കായാണ് നിലവിളിച്ചതെങ്കിൽ ക്രിസ്തുവിന്റെ രക്തം സ്വന്തം ഘാതകർക്കും പീഢിപ്പിച്ചവർക്കുംവേണ്ടി കരുണയ്ക്കായാണ് നിലവിളിക്കുന്നത്." ഹെബ്രായ ലേഖകനും വി. ഗ്രിഗറിയും അവതരിപ്പിക്കുന്ന താരതമ്യങ്ങളിൽനിന്ന് വ്യക്തമാകുന്നത്, പഴയനിയമത്തിലും പഴയ ഉടമ്പടിയിലും ശ്രേഷ്ടമായി പരിഗണിക്കപ്പെട്ടിരുന്ന ആബേലിന്റെ രക്തം, പുതിയ ഉടമ്പടിയിലെ അതിശ്രേഷ്ഠമായ ക്രിസ്തുവിന്റെ രക്തത്തിന്റെ നിഴലും പ്രതീകവുമായിരുന്നു എന്നാണ്. നിഷ്കളങ്ക രക്തം കർത്താവിന്റെ ദൃഷ്ടിയിൽ വിലയേറിയതാണെന്ന സന്ദേശമാണ് ആബേലിന്റെ 'നിർമ്മല രക്തം' എന്ന പ്രതീകം വായനക്കാർക്ക് നൽകുന്നത്. ക്രിസ്തുവിന്റെ നിർമ്മല രക്തത്തിന്റെ ഫലദായകത്വത്തിലേക്കും രക്ഷാകര സാധ്യതയിലേക്കുമുള്ള ദൃഷ്ടാന്തമായി അതിനാൽ ഈ പഴയനിയമ പ്രതീകത്തെ മനസിലാക്കാം.

### 2.2. സമാധാനബലി (ലേവ്യ 3:1-17; 7:11-21; 7:28; 34)

ലേവ്യരുടെ പുസ്തകത്തിൽ ദൈവവുമായി യഥാർത്ഥ അനുരഞ്ജനത്തിലേക്കും തത്ഫലമായ സമാധാനത്തിലേക്കും പ്രവേശിക്കുന്നതിനോ കർത്താവിന്റെ അനുഗ്രഹങ്ങൾക്ക് ഉപകാരസ്മരണ





യായോ അർപ്പിക്കാൻ നിഷ്കർഷിച്ച ബലിയായിരുന്നു സമാധാന ബലി. പാപങ്ങളുടെ മോചനം, ദൈവപ്രീതി, അനുരഞ്ജനം എന്നീ മൂന്ന് കൃപകളാണ് സമാധാനബലിയുടെ സമഗ്രമായ ഫലങ്ങളായി പഴയനിയമം വിവരിക്കുന്നത്. ഈ മൂന്ന് ഫലങ്ങളും പ്രതീകാത്മകമായി ക്രിസ്തുവിന്റെ ബലിയുടെയും അതിന്റെ പുനരവതരണമായ വി. കുർബാനയുടെയും പ്രതീകമായി ബൈബിൾ പണ്ഡിതർ വ്യാഖ്യാനിക്കുന്നുണ്ട്. സമാധാനബലിയെ വി. കുർബ്ബാനയുടെ പഴയനിയമ പ്രതീകമായി വ്യാഖ്യാനിക്കുന്നതിനെ താഴെപ്പറയുന്ന താരതമ്യ പഠനം സാധൂകരിക്കുന്നതാണ്.

1) നിയമാവർത്തനം 12:6,7,17-18 പുരോഹിതനും ബലിയർപ്പകനും കുടുംബാംഗങ്ങളും ബലിവസ്തു ദേവാലയത്തിൽ വച്ചുതന്നെ ഭക്ഷിക്കണം.

- വി. കുർബ്ബാനയും ബലിവസ്തുവിനെ ഭക്ഷിക്കുന്നതിനുള്ള ക്ഷണമാണ് നൽകുന്നത്. കർത്താവിന്റെ ഭവനത്തിൽ പുരോഹിതനും ബലിയർപ്പകരും ഒരുമിച്ച് ഭക്ഷിക്കുന്ന വിരുന്നാണത്.

2) ലേവ്യർ 7:12 സമാധാനബലിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് കൃതജ്ഞതാ പ്രകാശനമാണ്. ബലിക്കുശേഷം ബലിവസ്തു വിഭജിച്ച് എല്ലാവരും ചേർന്ന് ഭക്ഷിക്കണമെന്നും അനുശാസിക്കുന്നു.

- വി. കുർബ്ബാന ഗ്രീക്ക് ഭാഷയിൽ വിളിക്കപ്പെടുന്നതുതന്നെ eucharisto - കൃതജ്ഞതാ പ്രകാശനം എന്നാണല്ലോ. കൂടാതെ വി. കുർബ്ബാനയിലും ബലിവസ്തുവായ ക്രിസ്തു സ്വയം വിഭജിച്ച് നൽകുകയാണല്ലോ ചെയ്യുന്നത് (1 കോറി 11:24).

3) ലേവ്യരുടെ പുസ്തകം 7:20 അനുശാസിക്കുന്നത് സമാധാനബലിയിലെ ബലിവസ്തു ഭക്ഷിക്കുന്ന വ്യക്തി കർത്താവിന്റെ സ്വന്തമായി മാറുമെന്നും അതിനാൽ വിശുദ്ധിയോടെ വേണം ബലിവസ്തുവിൽ പങ്കുചേരാനെന്നുമാണ്.

- 1 കോറി 11:27-31 വാക്യങ്ങളിൽ വി. കുർബ്ബാന വിശുദ്ധിയോടെ ഏറ്റുവാങ്ങേണ്ട മഹാദാനമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് വി. പൗലോസ് ശ്ലീഹാ "തന്മൂലം അയോഗ്യതയോടെ നിങ്ങളിലാരും കർത്താവിന്റെ അപ്പം ഭക്ഷിക്കുകയോ പാത്രത്തിൽനിന്ന് പാനം ചെയ്യുകയോ ചെയ്യരുത്" എന്ന് അനുശാസിക്കുന്നതിലൂടെ കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ വിശുദ്ധിയാണല്ലോ ലക്ഷ്യം വയ്ക്കുന്നത്.

അവസാനമായി, പഴയനിയമത്തിലെ ബലികളെല്ലാം ക്രിസ്തു അർപ്പിച്ച പരമമായ ആത്മബലിയുടെ നിഴലുകളായിരുന്നു. സമാധാനബലിയും അങ്ങനെതന്നെ. ഇതിലൂടെ ലക്ഷ്യമാക്കിയ ദൈവവുമായുള്ള അനുരഞ്ജനവും തത്ഫലമായ സമാധാനവും ശാശ്വതമായി മനുഷ്യവംശത്തിന് സംലഭ്യമായത് ക്രിസ്തുവിന്റെ ആത്മയാഗത്തിലൂടെ ആയതിനാൽ സമാധാനബലിയെ വി. കുർബ്ബാനയുടെ പഴയനിയമ പ്രതീകമായി വ്യാഖ്യാനിക്കാം.

### 2.3. പെസഹാ കുഞ്ഞാടും ഉടമ്പടിയുടെ രക്തവും

വി. കുർബ്ബാനയാകുന്ന മഹായാഗത്തിന്റെ ബലിഭാവത്തെ അവതരിപ്പിക്കുന്ന അതിശക്തമായ പഴയനിയമ പ്രതീകമായാണ് പെസഹാ കുഞ്ഞാടിനെയും ഉടമ്പടിയുടെ രക്തത്തെയും വ്യാഖ്യാനിക്കുന്നത്. പെസഹാ കുഞ്ഞാടിന്റെ ഫലദായകത്വമാണ് അതിനെ വി. കുർബ്ബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നതിലെ പ്രഥമ കാരണം. അതായത്, കുഞ്ഞാടിനെ ബലിയർപ്പിച്ച് ഭക്ഷിക്കുന്നതിലൂടെയാണ് ഇസ്രായേൽ ജനത്തിലെ ആദ്യജാതർ ജീവനുള്ളവരായി അവശേഷിച്ചത് (പുറ 12:8-11). പുതിയനിയമത്തിൽ പെസഹാ കുഞ്ഞാടായ ക്രിസ്തു (യോഹ 1:29; 1 കോറി 5:7) ആവശ്യപ്പെടുന്നതും "വാങ്ങി ഭക്ഷിക്കുവിൻ" (മത്താ 26:26) എന്നും. അവനെ ഭക്ഷിക്കുന്നതിന്റെ അനന്തരഫലം നിത്യജീവനുമാണല്ലോ (യോഹ 6:54).

പുറപ്പാട് പുസ്തകം 24:8 ൽ പെസഹാ കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ ജനത്തിന്റെമേൽ തളിച്ചുകൊണ്ട് മോശ പറയുന്നു: "കർത്താവ് നിങ്ങളോട് ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത്." പുതിയനിയമത്തിൽ യേശു പാനപാത്രമെടുത്ത് വാഴ്ത്തി ശിഷ്യർക്ക് നൽകികൊണ്ട് പറയുന്നു: "ഇത് നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാണ് (മത്താ 26:28). ഹെബ്രായ ലേഖനം 9:14-23 വാക്യങ്ങളിൽ രണ്ട് ഉടമ്പടിയുടെ രക്തത്തേയും താരതമ്യം ചെയ്യുന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് പെസഹാ കുഞ്ഞാടും ഉടമ്പടിയുടെ രക്തവും പുതിയ നിയമത്തിലെ പെസഹാ കുഞ്ഞാടായ ക്രിസ്തുവിന്റെയും അവന്റെ ചൊരിയപ്പെട്ട രക്തത്തിന്റെയും പ്രതീകമായി മനസിലാക്കാം.

## 3. വി. കുർബ്ബാനയിലെ യഥാർത്ഥ സാന്നിധ്യത്തിലേക്കു വിരൽചൂണ്ടുന്ന പ്രതീകങ്ങൾ

വി. കുർബ്ബാനയുടെ വിരുന്ന്, ബലി ഭാവങ്ങളെ ദ്യോദിപ്പിക്കുന്ന പഴയനിയമ പ്രതീകങ്ങളെയാണ് ഇതുവരെ നാം വിശകലനം ചെയ്തത്. എന്നാൽ ഇതിനുപരിയായി വി. കുർബ്ബാനയിലെ കർത്താവിന്റെ യഥാർത്ഥ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ചില പഴയനിയമ പ്രതീകങ്ങളും സഭാപിതാക്കന്മാരുടെയും ബൈബിൾ പണ്ഢിതരുടെയും വ്യാഖ്യാനങ്ങളിൽ കാണുന്നുണ്ട്. പ്രസ്തുത പ്രതീകങ്ങളെയാണ് ഇനി വിശകലനം ചെയ്യുന്നത്.





### 3.1. തിരുസാന്നിധ്യ അപ്പം (ലേവ്യ 24:5-9)

പുറപ്പാട് ജനതയ്ക്ക് ദൈവസാന്നിധ്യത്തിന്റെ അതിവിശുദ്ധ ഇടമായിരുന്ന സമാഗമകൂടാരത്തിലും പിന്നീട് ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തും കണ്ടെത്തുന്ന വി. കുർബ്ബാനയുടെ അതിശക്തമായ പഴയനിയമ പ്രതീകമാണ് തിരുസാന്നിധ്യ അപ്പം. പുറ. 25: 30; ലേവ്യ 24:5-9; 1 സാമു 21:3-6; മത്താ 12:3-6 വചനഭാഗങ്ങളിൽ തിരുസാന്നിധ്യ അപ്പത്തെക്കുറിച്ചുള്ള പരാമർശങ്ങൾ നാം കണ്ടെത്തുന്നുണ്ട്. ലേവ്യരുടെ പുസ്തകം 24:5-9 വാക്യങ്ങളിൽ കർത്താവ് തിരുസാന്നിധ്യഅപ്പം ഉണ്ടാക്കേണ്ടതും അതിനോടനുബന്ധിച്ച അനുഷ്ടാനവിധികളും മോശയോട് നിർദ്ദേശിക്കുന്നുണ്ട്.

> ലേവ്യർ 24:5 "നേരിയ മാവുകൊണ്ട് പന്ത്രണ്ട് അപ്പം ഉണ്ടാക്കണം"
>
> ലേവ്യർ 24:6 "അവ രണ്ട് നിരകളായി പൊൻ മേശമേൽ വയ്ക്കണം."
>
> ലേവ്യർ 24:7 "ഇസ്രായേൽ ജനത്തിനുവേണ്ടി നിത്യമായ ഒരു ഉടമ്പടിയായി സാബത്തുതോറും മുടക്കംകൂടാതെ അഹറോൻ അത് കർത്താവിന്റെ മുമ്പിൽ ക്രമപ്പെടുത്തി വയ്ക്കണം."
>
> ലേവ്യർ 24:8 "അത് അഹറോനും അവന്റെ പുത്രന്മാർക്കും ഉള്ളതായിരിക്കും. അവർ അത് വിശുദ്ധ സ്ഥലത്തുവച്ച് ഭക്ഷിക്കണം."
>
> ലേവ്യർ 24:9 "അത് കർത്താവിന് അർപ്പിതമായ ദഹനബലിയുടെ അതിവിശിഷ്ടമായ അംശമാണ്."

'തിരുസാന്നിധ്യ അപ്പം' എന്ന പേര് *ലഹേം ഹപനിം* (തിരുമുഖത്തിന്റെ അപ്പം - bread of the face of God) എന്ന ഹെബ്രായ പദത്തിന്റെ പരിഭാഷയാണ്. കർത്താവിന്റെ തിരുസാന്നിധ്യത്തിലും തിരുമുഖത്തിന്റെ മുമ്പിലും നിത്യമായി പ്രതിഷ്ടിക്കപ്പെടേണ്ട ഉടമ്പടിയുടെ അടയാളം എന്നതിനാലാകണം *ലഹേം ഹപനിം* എന്ന് ഈ അപ്പം വിളിക്കപ്പെടുന്നത്. ഇനി തിരുസാന്നിധ്യ അപ്പം എങ്ങനെയാണ് വി. കുർബ്ബാനയുടെ പ്രതീകാത്മകത പേറുന്നത് എന്ന് പരിശോധിക്കാം.

1) വളരെ ഉപരിപ്ലവമായ ഒരു നിരീഷണത്തിൽ നേരിയ മാവു കൊണ്ട് നിർമ്മിക്കപ്പെട്ട തിരുസാന്നിധ്യ അപ്പത്തിന്റെ, നേരിയ ഗോതമ്പുമാവിൽ നിർമ്മിക്കപ്പെടുന്ന ഓസ്തിയുടെ പ്രതീകാത്മകത കണ്ടെത്താം.

2) തിരുസാന്നിധ്യ അപ്പം ഉടമ്പടിയുടെ അടയാളമായിരുന്നു. വി. കുർബാനയും പുതിയ ഉടമ്പടിയുടെ അടയാളമാണ്. നിത്യവും സനാതനവുമായ ഉടമ്പടിയുടെ അടയാളത്തെ - ദിവ്യകാരുണ്യത്തെ - തിരുസാന്നിധ്യ അപ്പം പ്രതീകാത്മകമായി സൂചിപ്പിക്കുന്നു.

3) തിരുസാന്നിധ്യ അപ്പം വിശുദ്ധീകരിക്കപ്പെട്ടതായിരുന്നു (consecrated). അതുകൊണ്ടുതന്നെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് മാത്രമാണ് അതിൽനിന്ന് ആഹരിക്കാൻ അവകാശമുള്ളൂ. കൂദാശചെയ്യപ്പെടുന്ന വി. കുർബ്ബാനയും പുരോഹിത ജനത്തിന് മാത്രം അവകാശപ്പെട്ടതാണ്. മാമ്മോദീസായിലൂടെ യേശുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ ഓരോ വിശ്വാസിയും പങ്കുചേരുന്നതാണല്ലോ.

ഇതിലുപരിയായി റബ്ബിമാരുടെ പാരമ്പര്യങ്ങളിൽ കാണുന്ന സവിശേഷമായ ഒരു ചടങ്ങ് ബാബിലോണിയൻ താൽമുദ് വിവരിക്കുന്നത് ഇങ്ങനെയാണ്: ദേവാലയത്തിലെത്തുന്ന തീർത്ഥാടകർക്കു മുമ്പിൽ പുരോഹിതർ തിരുസാന്നിധ്യ അപ്പം ഉയർത്തിക്കാട്ടുകയും അപ്പം ഉയർത്തി ജനത്തെ ആശീർവദിക്കുകയും അപ്പം ഉയർത്തി ആശീർവദിക്കുമ്പോൾ "ഇതാ നിങ്ങളോടുള്ള ദൈവത്തിന്റെ സ്നേഹം" എന്ന് ഉദ്ഘോഷിക്കുകയും ചെയ്തിരുന്നു. അതായത്, വാഴ്ത്തിയ തിരുസാന്നിധ്യ അപ്പം ഇസ്രായേൽ ജനതയ്ക്ക് ഉടമ്പടിയുടെയും യഹോവയ്ക്ക് അവരോടുള്ള സ്നേഹത്തിന്റെയും അടയാളമായിരുന്നു എന്ന് സാരം. ഈ ചടങ്ങിനെ ദിവ്യകാരുണ്യത്തിന്റെയും ദിവ്യകാരുണ്യ ആരാധനയുടെയും സവിശേഷമായ പഴയനിയമ പ്രതീകമായിവേണം മനസിലാക്കാൻ.

സഭാപിതാവായ ജറുസലേമിലെ വി. സിറിൽ അദ്ദേഹത്തിന്റെ വി. കുർബ്ബാനയെക്കുറിച്ചുള്ള മതബോധനങ്ങളിൽ തിരുസാന്നിധ്യ അപ്പത്തെ വി. കുർബാനയുടെ ശക്തമായ പ്രതീകമായി അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്: "പഴയനിയമത്തിൽവരെ സാന്നിധ്യത്തിന്റെ അപ്പം നാം കണ്ടെത്തുന്നുണ്ട്; പക്ഷെ അത് പഴയ ഉടമ്പടിയുടെ ഭാഗമായിരുന്നതിനാൽ പൂർണ്ണതയിൽ എത്തേണ്ടതുണ്ട്. പുതിയനിയമത്തിലെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പത്തിലും രക്ഷയുടെ പാനപാത്രത്തിലും നാം അവയുടെ സാകല്യം കണ്ടെത്തുന്നു."





### 3.2. ഷക്കീനാഹ് സാന്നിധ്യം

മനുഷ്യാവതാരത്തിന്റെയും വി. കുർബ്ബാനയിലെ യേശുവിന്റെ സത്താപരമായ യഥാർത്ഥ സാന്നിധ്യത്തിന്റെയും ഏറ്റവും സവിശേഷമായ പഴയനിയമ പ്രതീകമായി വ്യാഖ്യാനിക്കാവുന്നത് *ഷക്കീനാഹ്* എന്നറിയപ്പെട്ടിരുന്ന അതിവിശുദ്ധ സ്ഥലത്ത് നിറഞ്ഞുനിന്നിരുന്ന പ്രത്യേക ദൈവസാന്നിധ്യത്തെയാണ്. *ഷക്കീനാഹ്* എന്ന അറമായ പദം *ഷക്കാൻ* എന്ന ഹെബ്രായ പദത്തിൽനിന്ന് രൂപം കൊണ്ടതാണ്. അർത്ഥം കൂടാരമടിക്കുക, വസിക്കുക എന്നും. പുറപ്പാട് 24:16-17 വാക്യങ്ങളിൽ സീനായ് മലയിൽ മോശയ്ക്ക് പ്രത്യക്ഷമായ ഈ *ഷക്കീനാഹ്* സാന്നിധ്യത്തെ വിവരിക്കുന്നുണ്ട്. പിന്നീട് പുറപ്പാട് 25:8; 29:43-46 സമാഗമകൂടാരത്തിൽ നിറഞ്ഞ് ഇസ്രായേലിന്റെ മധ്യേ വസിച്ച *ഷക്കിനാഹ്* സാന്നിധ്യത്തെ വി. ഗ്രന്ഥത്തിൽ നാം കണ്ടെത്തുന്നു. പിന്നീട് സോളമൻ ദേവാലയം നിർമ്മിച്ച് വാഗ്ദാനപേടകം അതിവിശുദ്ധസ്ഥലത്ത് പ്രതിഷ്ഠിച്ചപ്പോഴും അതിനുമുകളിൽ ഇറങ്ങിവന്ന ദൈവമഹത്വത്തെ *ഷക്കീനാഹ്* സാന്നിധ്യത്തെ 2 ദിന 7:1-2 വാക്യങ്ങളിൽ വി. ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. പഴനിയമ ജനതയ്ക്ക് ദൈവാനുഭവത്തിന്റെയും ദൈവസാന്നിധ്യത്തിന്റെയും ദൈവവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിന്റെയും അമൂർത്ത സ്ഥലമായിരുന്നു *ഷക്കീനാഹ്.* സാന്നിധ്യം വസിച്ച സമാഗമകൂടാരവും ദേവാലയവും. ദൈവം അവർക്ക് സംലഭ്യനും അനുഭവവേദ്യനുമായിരുന്നു. കൂടെ വസിക്കുന്ന ദൈവം എന്ന ആശയമാണ് പഴയനിയമത്തിലെ *ഷക്കീനാഹ്* എന്ന പദം മുന്നോട്ടു വയ്ക്കുന്നത്.

ഇതേ ദൈവസാന്നിധ്യം മനുഷ്യരുടെ കൂടെ വസിച്ചതാണ് നസ്രത്തിലെ യേശുവിന്റെ മനുഷ്യാവതാരം. വി. യോഹന്നാൻ മനുഷ്യാവതാരത്തെ അതുകൊണ്ട് ഇങ്ങനെയാണ് സാക്ഷ്യപ്പെടുത്തുന്നത്: *ഹൊ ലോഗോസ് സാർക്സ് എഗെനെത്തോ, കായി എസ്കെനോസൻ ഹെമിൻ* - "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1:14). ബെനഡിക്ട് പാപ്പാ 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "വചനത്തിന്റെ വാസസ്ഥലമായിരുന്നു യേശുവിന്റെ മർത്യശരീരം; നിത്യവചനത്തിന് കൂടാരമടിക്കാനുള്ള മാധ്യമമായി നസ്രത്തിലെ യേശുവിന്റെ ശരീരം മാറി. ഇസ്രായേൽ ജനത ദൈവസാന്നിധ്യം അനുഭവിച്ച സമാഗമ കൂടാരവും ദൈവാലയവും യേശുവിന്റെ മനുഷ്യശരീരത്തിന്റെ പ്രതീകമായി മാറി" (നസ്രത്തിലെ യേശു; പേജ് 11).

പഴയനിയമ ദൈവസാന്നിധ്യത്തിന്റെ പൂർണ്ണത പുതിയനിയമത്തിൽ നസ്രത്തിലെ യേശുവിലാണ് സംഭവിച്ചത്. അവൻ കൂടെ നടന്ന, കൂടെ വസിക്കുന്ന ദൈവസാന്നിധ്യമായിരുന്നു. വി. കുർബ്ബാനയിൽ നാം കണ്ടെത്തുന്നത്, അനുഭവിക്കുന്നത് ഇതേ യേശുവിന്റെ ശരീരമാണ്; ദൈവമഹത്വത്തിന്റെയും സാന്നിധ്യത്തിന്റെയും സമ്പൂർണ്ണത. അതിനാൽ മനുഷ്യരുടെ കൂടെ വസിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള പുരാതന പഴയനിയമ സങ്കൽപമായ *ഷക്കീനാഹ്* സാന്നിധ്യം വി. കുർബ്ബാനയാകുന്ന പൂർണ്ണമായ ദൈവസാന്നിധ്യത്തിന്റെ പ്രതീകമായി മനസിലാക്കാം.

## ഉപസംഹാരം

വി. കുർബ്ബാനയാകുന്ന നിത്യവിസ്മയത്തെ പ്രതീകാത്മകമായി അവതരിപ്പിച്ച പഴയനിയമ ഭാഗങ്ങളെയാണ് ഈ അദ്ധ്യായത്തിൽ നാം അപഗ്രഥനവിഷയമാക്കിയത്. അഥവാ കുർബ്ബാനയുടെ ചരിത്രമാണ് നാം വിശകലനം ചെയ്തത്. മനുഷ്യവംശത്തിന്റെ ഉത്ഭവം മുതൽ, പറുദീസയിലെ ജീവന്റെ വൃക്ഷത്തിന്റെ ഫലം മുതൽ മനുഷ്യവംശത്തിന്റെ അന്ത്യത്തോളം അഥവാ യുഗാന്ത്യോന്മുഖതയോളം "വിജയം വരിക്കുന്നവന് ലഭിക്കാനിരിക്കുന്ന നിഗൂഢ മന്ന" പ്രതീകങ്ങളിലൂടെ വി. കുർബ്ബാനയെന്ന സത്യത്തെ - യാഥാർത്ഥ്യത്തെ വേദപുസ്തകം അഥവാ വി. ഗ്രന്ഥകാരന്മാർ പ്രതീകാത്മകതയിൽ പൊതിഞ്ഞ് അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ സഭാപിതാവായ വി. അഗസ്തീനോസിന്റെ വാക്കുകൾ സ്മരണാർഹമാണ്: "പുതിയ നിയമം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു. പഴയനിയമം പുതിയനിയമത്തിൽ വെളിപ്പെടുന്നു." അപ്പോൾ പഴയനിയമത്തിൽ മറഞ്ഞിരുന്ന വി. കുർബ്ബാനയുടെ സൂചനകളാണ് നാം ഇവിടെ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്തത്. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ മാത്രമാണ് ഈ പഴയനിയമ പ്രതീകങ്ങൾക്ക് മിഴിവ് ലഭിക്കുന്നത്. പഴയനിയമ പ്രതീകങ്ങൾ പുതിയനിയമത്തിലെ യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതിനാൽ വി. കുർബാന എന്ന യാഥാർത്ഥ്യത്തെ ദൈവത്തിന്റെ മഹാദാനമായി മനസിലാക്കാൻ സമൃദ്ധമായ കുർബ്ബാനയുടെ പഴയനിയമ പ്രതീകങ്ങൾ നമ്മെ സഹായിക്കും; അതുവഴി കുർബ്ബാനയിലെ യേശുവിന്റെ സജീവസാന്നിധ്യത്തെ വിശ്വസിക്കാനും സ്നേഹിക്കാനും.

**ഫാ. ടോം ഓലിക്കരോട്ട്**



# 02

# വി. കുർബ്ബാന: പുതിയനിയമവീക്ഷണത്തിൽ

"കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളിചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങളിത് പാനം ചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (1 കോറി 11:23-25). വിശുദ്ധ കുർബ്ബാനയെന്നും ദിവ്യകാരുണ്യമെന്നും കർത്താവിന്റെ അത്താഴമെന്നും നമ്മൾ സാധാരണ വിശേഷിപ്പിക്കുന്ന വി. കുർബ്ബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള വി. പൗലോസിന്റെ വചനങ്ങളാണിവ. വി. പൗലോസ്ശ്ലീഹായും നാലു സുവിശേഷകൻമാരും വിവരണരൂപത്തിലും പ്രഭാഷണരൂപത്തിലും തങ്ങളുടെ സമൂഹത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന കർത്താവിന്റെ അത്താഴത്തിന്റെ അർത്ഥതലങ്ങളിലേക്കും അതിനോടു ബന്ധപ്പെട്ടുനിൽക്കുന്ന ദൈവ

വചനഭാഗങ്ങളിലേക്കും കടന്നുചെന്ന് വി. കുർബ്ബാനയുടെ പുതിയ നിയമ അടിസ്ഥാനത്തെ മനസ്സിലാക്കാനുള്ള ഒരു ശ്രമമാണിവിടെ. ഓരോ പുതിയ നിയമഗ്രന്ഥവും ഒരു കാര്യം പലവിധത്തിൽ അവ തരിപ്പിക്കുകയും വിവരിക്കുകയും ചെയ്യുന്നതിന്റെ തനിമയും, ആകർഷണീയതയും അർത്ഥവ്യാപ്തിയും ഏറെയാണ്.

## വിവിധ നാമങ്ങൾ

പുതിയനിയമത്തിൽ വി. കുർബ്ബാനയെന്ന യാഥാർത്ഥ്യത്തെ വിശേഷിപ്പിക്കാനായി പല നാമങ്ങളും ഉപയോഗിക്കുന്നുണ്ട്: പുതിയ ഉടമ്പടി (1 കോറി 11, 25), കർത്താവിന്റെ അത്താഴം (1 കോറി 11:20–21), കർത്താവിന്റെ മേശ (1 കോറി 10,21), അപ്പം മുറിക്കൽ (ലൂക്കാ 24,35; നടപടി 2,42), ഒടുവിലത്തെ അത്താഴം (മത്തായി 26:26–28; മർക്കോസ് 14:22–24; ലൂക്കാ 22,17–20), ജീവന്റെ അപ്പം (യോഹ 6:35–58) എന്നിങ്ങനെ പുതിയനിയമത്തിൽ വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന വി.കുർബ്ബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള വിവരണങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്: മത്തായി 26,26–29; മർക്കോസ് 14,22–25; ലൂക്കാ 22,17–20; യോഹ 6,25–58; 1 കോറി 10,16–17; 1 കോറി 11,23–26. അതിനോടനുബന്ധിച്ച്, യേശു അത്ഭുതകരമായി അപ്പം വർദ്ധിപ്പിക്കുന്നതിന്റെ[1] വിവരണങ്ങളും (മത്താ 14,13–21; മർക്കോ 6,30–44; ലൂക്കാ 9,10–17; യോഹ 6,1–15) വി. ലൂക്കാ സുവിശേഷകൻ വിവരിക്കുന്ന എമ്മാവൂസിലേക്കുപോയ ശിഷ്യർക്ക് യേശു അപ്പം വാഴ്ത്തി മുറിച്ചുകൊടുത്ത സംഭവവും യേശുവിന്റെ ആത്മാർപ്പണത്തിന്റെ ചൈതന്യം നിറഞ്ഞുനില്ക്കുന്ന, സ്നേഹപൂർവ്വകമായ സേവനത്തിലൂടെ തന്നെത്തന്നെ മറ്റുള്ളവർക്കായി നല്കുന്നതിന്റെ ചിത്രം ശക്തമായ പ്രതീകങ്ങളിലൂടെ അറിയിക്കുന്ന യോഹന്നാൻ 13–17[2] വരെയുള്ള അദ്ധ്യായങ്ങളും, ഉത്ഥാനത്തിനുശേഷം തിബേരിയാസ് കടൽത്തീരത്ത് ശിഷ്യൻമാർക്കു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്ന യേശു അപ്പമെടുത്ത് അവർക്കു കൊടുക്കുന്ന സംഭവവും (യോഹ 21,13) വിശകലനം ചെയ്യുന്നത് വി. കുർബ്ബാനയെപ്പറ്റി സമഗ്രമായ വീക്ഷണം ലഭിക്കുന്നതിന് ഉപകാരപ്രദമാണ്.

### കോറിന്തോസിലെ സഭയും കർത്താവിന്റെ അത്താഴവും

യഹൂദനും ഗ്രീക്കുകാരനും അടിമയും സ്വതന്ത്രനും (1 കോറി 12,13) യേശുവിൽ പരിശുദ്ധാത്മാവിനാൽ ഒന്നാക്കപ്പെട്ട ദൈവത്തിന്റെ സഭയാണ് (1 കോറി 1,2) കോറിന്തോസിലെ സമൂഹം. കോറിന്തോസിലെ ക്രിസ്തീയ സമൂഹത്തിൽ വിവിധ കാരണങ്ങ





ളാൽ ഭിന്നിപ്പുകളും വിഭാഗീയചിന്തകളും ഉണ്ടായിരുന്നു എന്നത് ലേഖനത്തിൽനിന്നു വ്യക്തമാണ്. ക്രൈസ്തവവിശ്വാസത്തിനനുസൃതമായ ജീവിതത്തിൽ വളർന്നിട്ടില്ലാത്ത (1 കോറി 1–4) സമൂഹത്തിൽ വിഭാഗീയ ചിന്തകളും (1 കോറി 11,10–17) സാൻമാർഗ്ഗിക ജീവിതത്തിലെ താളപ്പിഴകളും (1 കോറി 5–7) വിഗ്രഹങ്ങൾക്ക് അർപ്പിച്ച ബലിവസ്തുക്കളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും (8–11) ആരാധനാക്രമത്തിലെ ക്രമക്കേടുകളുമെല്ലാം (11–14) ഭിന്നതകൾക്കും വിവാദങ്ങൾക്കും കാരണമായി[3]. അവർ യേശുവിലുള്ള ജീവിതത്തിൽ തുടർന്നെങ്കിലും തങ്ങളുടെ പഴയകാല ജീവിതത്തിന്റെ സ്വാധീനങ്ങൾ നിലനിന്നിരുന്നു. പ്രത്യേകിച്ചും ആരാധനയ്ക്കായി ഒന്നിച്ചു കൂടിയ ക്രിസ്തീയസമൂഹത്തിന്റെ ചിന്തയിലും മനോഭാവങ്ങളിലും ഇതു പ്രകടമാണ് (1 കോറി 8–11).

ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നാണ് 1 കോറി 10,16–17 ലെ വചനങ്ങളും 11,22–26 ലെ കർത്താവിന്റെ അത്താഴത്തിന്റെ വിവരണങ്ങളും മനസ്സിലാക്കേണ്ടത്. വിഗ്രഹങ്ങൾക്ക് അർപ്പിതമായ ഭക്ഷണത്തിൽ പങ്കുചേരാൻ മടിക്കാത്ത സ്വതന്ത്രമനസ്കരും, എന്നാൽ പഴയകാലജീവിത സാഹചര്യങ്ങളുടെ സ്വാധീനത്താൽ അതിൽ പങ്കുചേരാൻ മടിച്ചിരുന്നവരും ദുർബലമനസ്കരുമായിരുന്ന അവർ വി. പൗലോസിനോട് വിഗ്രഹാർപ്പിതഭക്ഷണത്തിൽ പങ്കുചേരുന്നതിനെപ്പറ്റി ഉപദേശം ആരാഞ്ഞപ്പോൾ അദ്ദേഹം നല്കിയ മറുപടി ശ്രദ്ധേയമാണ്. ''ആകയാൽ പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയിൽ നിന്ന് ഓടിയകലുവിൻ... നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിരിക്കുന്ന നാം ഒരു ശരീരമാണ്; എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്''(1 കോറി 10,14–17). പൗലോസ്ശ്ലീഹായുടെ വാക്കുകൾ, വി. കുർബ്ബാനയിലുള്ള കോറിന്തോസിലെ ക്രിസ്തീയ സമൂഹത്തിന്റെ പങ്കാളിത്തവും കൂട്ടായ്മയും അതിൽനിന്നുരുത്തിരിയുന്ന ജീവിതശൈലിയും പ്രതീക്ഷിക്കുന്നു.

ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റുന്നതുവഴി വിശ്വാസികൾ ക്രിസ്തുവിൽ ഐക്യപ്പെടുന്നു. അതുപോലെതന്നെ പരസ്പരം ഐക്യത്തിന്റെ അടയാളങ്ങളാകുന്നു. വി. കുർബ്ബാനയുടെ ഐക്യത്തിൽ പങ്കുകാരാകുന്നവർ യേശുവിന്റെ മരണത്തിൽ പങ്കാളികളാകുന്ന രക്ഷനേടിയ സമൂഹമാണ്. വി. കുർബ്ബാന നമ്മെ ദൈവത്തിൽ ഐക്യപ്പെടുത്തി ദൈവജനമാക്കുന്നു. അത് പരസ്പര ഐക്യത്തിനും കൂട്ടായ്മയ്ക്കും ചുമതലപ്പെടുത്തുന്നു. ഒരേ അപ്പ

ത്തിലും പാനപാത്രത്തിലും പങ്കുപറ്റുന്നവർ ഒരേ ശരീരത്തിലെ അംഗങ്ങളാണ്; ഉത്ഥിതനായ യേശുവിൽ ഒന്നാകപ്പെട്ട, അരൂപി യാൽ ഒന്നാകപ്പെട്ട ക്രിസ്തുവിന്റെ ശരീരം (1 കോറി 12,13-17)[4].

## കർത്താവിന്റെ അത്താഴവും കോറിന്തോസിലെ സമ്മേളനവും (1 കോറി 11:17-34)

കോറിന്തോസിലെ ക്രൈസ്തവസമൂഹം കർത്താവിന്റെ അത്താ ഴവിരുന്ന് ആഘോഷിച്ചിരുന്നു. അതിൽ ഭിന്നതകൾ ഉണ്ടായി. അതിനെ തിരുത്തി കോറിന്തോസുകാരുടെ മനോഭാവങ്ങളെ മാറ്റ ണമെന്നാവശ്യപ്പെടുന്ന വാദമുഖങ്ങൾ വി. പൗലോസ് അവതരി പ്പിക്കുന്നത് പുതിയ ഉടമ്പടിയുടെ സ്ഥാപനവാക്കുകൾ അടിസ്ഥാ നമാക്കിയാണ്.

കോറിന്തോസിലെ സമ്മേളനം അവർ ആരാധനയ്ക്കായി ഒന്നിച്ചു കൂടുന്നതാണ് (1 കോറി 14:23-26). അവിടെ കർത്താവിന്റെ അത്താഴത്തിന്റെ ആചരണം ഉണ്ടാകുമായിരുന്നു (1 കോറി 11,20) ഭിന്നിപ്പുകളുടെ വേദിയായി ഈ സമ്മേളനങ്ങൾ മാറി എന്ന് അപ്പ സ്തോലൻ പരാതിപ്പെടുന്നു. കാരണം സ്വന്തം സഹോദരരെ അവർ പരിഗണിച്ചില്ല.

കോറിന്തോസിലെ അത്താഴവിരുന്നിന്റെ സ്വഭാവത്തെയും രൂപ ത്തെയുംക്കുറിച്ചുള്ള ചർച്ച ഇന്നും പണ്ഡിത ലോകത്തിൽ തുടരു ന്നു[5]. അത്താഴത്തിൽ പങ്കെടുക്കാൻ വന്നവർ സ്വാർത്ഥതയോടുകൂടി പെരുമാറി, പ്രത്യേകിച്ചും തങ്ങളുടെ പങ്കു കഴിക്കുന്ന കാര്യത്തിൽ, ധനികർ ദരിദ്രരെയും അടിമകളെയും അകറ്റി നിർത്തി. ഒരേ സമൂ ഹത്തിലെ അംഗങ്ങൾ യേശുവിൽ ഒന്നായിരിക്കുന്നവർ (ഗലാ 3,26-28) ഭക്ഷണം കഴിക്കുന്നതിനായി പരസ്പരം കാത്തിരുന്നില്ല. കൂട്ടായ്മയും ഭാഗഭാഗിത്വവും വളർത്തേണ്ടതും സമത്വത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും വേദിയാകേണ്ടിയിരുന്നതുമായ കർത്താവിന്റെ അത്താഴവിരുന്ന് വ്യക്തികളുടെ സ്വാർത്ഥതാല്പ ര്യങ്ങളുടെ വേദിയായി മാറി. യേശുവിന്റെ ഒടുവിലത്തെ അത്താഴ ത്തിന്റെ ചൈതന്യവും ജീവിതദർശനവും കാണിക്കേണ്ട വേദി, ദൈവത്തിന്റെ സഭയുടെ അവഹേളനത്തിന്റെ വേദിയായി ഈ സാഹ ചര്യത്തെയും മനോഭാവത്തെയും തിരുത്താനായിട്ടാണ് കർത്താ വിന്റെ അത്താഴത്തിന്റെ മാതൃക അപ്പസ്തോലൻ തന്റെ വാദമുഖ ങ്ങൾക്ക് അടിസ്ഥാനമായി ഉപയോഗിക്കുന്നത്. വി. പൗലോ സ്ശ്ലീഹാ അവസാനത്തെ അത്താഴത്തിലെ വി. കുർബ്ബാനയുടെ സ്ഥാപനത്തിന്റെ വചനങ്ങളാണ് തന്റെ സമൂഹത്തിന് മാതൃകയായി





നല്കുന്നത്. കർത്താവിന്റെ അത്താഴത്തിന്റെ ആചരണത്തിൽ യേശു ചെയ്തതുതന്നെയാണ് ക്രിസ്തീയസമൂഹവും ചെയ്യേണ്ടിയിരുന്ന ത്. യേശു തന്നെത്തന്നെ മറ്റുള്ളവർക്കായി നല്കി. യേശുവും ശിഷ്യൻമാരും തമ്മിലുള്ള അഗാധമായ ബന്ധം കാണിച്ചുകൊടു ത്തതും അവരെ ഐക്യത്തിൽ ഒന്നാക്കിത്തീർത്തതും ഒടുവിലത്തെ അത്താഴത്തിലാണ്. മാത്രമല്ല, ഒടുവിലത്തെ അത്താഴം യേശുവിന്റെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും ആകെത്തുകയാണ്. മറ്റുള്ള വർക്കായി തന്നെത്തന്നെ ആത്മാർപ്പണം ചെയ്യുക. അതിന്റെ മകുടം ചൂടുന്നത് മരണത്തിലൂടെയാണെങ്കിലും, യേശുവിന്റെ മരണത്തി ലൂടെ പൂർത്തീകരിക്കപ്പെട്ട ജീവിതദൗത്യത്തിന്റെ മുന്നോടികൂടിയാ ണ് ഒടുവിലത്തെ അത്താഴം. കർത്താവ് കുരിശുമരണം വഴി ചിന്തിയ രക്തമാണ് ദൈവജനവുമായുള്ള പുതിയ ഉടമ്പടി സ്ഥാപിച്ചത്. കോറിന്തോസിലെ ക്രിസ്തീയസമൂഹം ആചരിക്കുന്നത് കർത്താ വിന്റെ അത്താഴത്തിന്റെ തുടർച്ചയാണ്. പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും തന്നെത്തന്നെ നല്കി, മനുഷ്യകുലത്തിന്റെ മോചനം നേടിയതിന്റെ ഓർമ്മയാണാചരിക്കുന്നത്; മോചിക്കപ്പെ ട്ടതും ക്രിസ്തുവിൽ ഒന്നാക്കിത്തീർന്നിരിക്കുന്നതുമായ (ഗലാ 3,26-28) സമൂഹമാണ് അതിനായി സമ്മേളിച്ചിരിക്കുന്നത്. ഒടുവി ലത്തെ അത്താഴം വെറും ആണ്ടുവട്ടത്തിലെ പെസഹാ ആചരണ മല്ല, അതിലുപരി പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഓർമ്മയും പ്രഘോഷണവുമാണ്; അതനുസരിച്ചുള്ള ജീവിതശൈ ലിയുമാണ്. തങ്ങളുടെ പരസ്പരമുള്ള പെരുമാറ്റശൈലിയിൽ അവർ യേശുവിന്റെ അവസാന അത്താഴത്തിന്റെ അർത്ഥം നിഷേധിച്ചു. കർത്താവിന്റെ മരണത്തിൽനിന്ന് ഉയിർക്കൊണ്ട് പുതിയ ദൈവജ നത്തിന്റെ തനതാത്മകത അവിടെ ഇല്ലാതെ പോയി. ദരിദ്രർ വിശന്നു തിരിച്ചുപോയി (1 കോറി 11,21). ക്രിസ്തുവിന്റെ നാമധാരി കൾ, ക്രിസ്തുവിന്റെ മരണത്തിലൂടെ ഉരുവാക്കപ്പെട്ട സമൂഹം, ഒടു വിലത്തെ അത്താഴം യേശുവിന്റെ ജീവിതദൗത്യം മറ്റുള്ളവർക്കു വേണ്ടിയുള്ള ആത്മാർപ്പണമായിരുന്നു എന്നത് മറക്കരുതായിരു ന്നു. അത് ഓർമ്മിക്കാത്തവർ യേശുവിനെ മനസ്സിലാക്കുന്നില്ല[7].

കുർബ്ബാനയുടെ സ്ഥാപനത്തിന്റെ ഓർമ്മ യേശു ചെയ്തതിന്റെ പുനരവതരണത്തെയും അതിന്റെ അർത്ഥവ്യാപ്തിയെയുമാണ് ഓർമ്മപ്പെടുത്തുന്നത്. ഒരുവശത്ത് യേശുതന്നെത്തന്നെ ഭക്ഷണവും പാനീയവുമായി നല്കിയതിനെയും യേശുശിഷ്യർ തങ്ങളുടെ ജീവി തത്തിൽ അതിന്റെ ചൈതന്യം സ്വാംശീകരിച്ച് ജീവിതത്തിൽ പകർത്താനുള്ള വിളിയും കല്പനയുമാണെന്നതിനെയും ഓർമ്മി

ക്കുന്നു. മാത്രമല്ല, യുഗാന്ത്യോൻമുഖമായ മാനം കൂടി അതിനുണ്ട്. അതായത് അവസാനനാളുകളിൽ പൂർത്തീകരിക്കപ്പെടുന്ന രക്ഷ യുടെ ഓർമ്മയുമാണത്. അക്കാരണത്താൽ യേശുവിന്റെ അത്താഴ ത്തിൽ പങ്കുചേർന്നപ്പോൾ കോറിന്തോസിലെ സമൂഹം യേശുവിന്റെ ജീവിതദൗത്യത്തെ അടിസ്ഥാനപ്പെടുത്തി മറ്റുള്ളവർക്കായി കാത്തി രിക്കേണ്ടതായിരുന്നു.

വാസ്തവത്തിൽ, വി. പൗലോസിന്റെ സുവിശേഷപ്രഘോഷണ ത്തിന്റെ അടിസ്ഥാനചിന്തകളിൽ ഒന്നാണ് വി. കുർബ്ബാന. അതിൽ കുരിശിന്റെ സുവിശേഷമാണ് പ്രഘോഷിക്കപ്പെടുക (1 കോറി 2,1-5). ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ അടങ്ങിയിരിക്കുന്ന കുരിശിന്റെ സുവിശേഷമാണ് ഒടുവിലത്തെ അത്താഴത്തിന്റെ ചൈതന്യം. അതു ദൈവരഹസ്യത്തിന്റെ ഭാഗമാണ്. അതായത്, യേശു തന്റെ, പീഡാ നുഭവത്തിലൂടെയും മരണത്തിലൂടെയും മറ്റുള്ളവർക്കു ജീവനുണ്ടാ കുവാൻവേണ്ടി തന്നെത്തന്നെ നല്കി എന്ന സദ്വാർത്തയാണത് (1 കോറി 11, 23; ഏശ 52,13-53, 12). വി.കുർബ്ബാനയിൽ പങ്കാളിയാകു ന്നവർ ഈ സദ്വാർത്തയുടെ പങ്കാളികളും പ്രഘോഷകരുമായിത്തീ രുന്നു. തന്റെ ശരീരത്തിലും രക്തത്തിലും പങ്കാളികളാകുന്നവർ യേശുവിന്റെ ശരീരമായ ദൈവജനത്തെയും മാനിക്കണം. സ്നേഹ മാണ്, സ്വന്തം ജീവൻ മറ്റുള്ളവർക്കായി ഭക്ഷണവും പാനീയവുമാ യിത്തീരുന്ന, ദൈവം തന്റെ പുത്രന്റെ മരണത്തിലൂടെ പ്രകടമാ ക്കിയ സ്നേഹമാണ് ഏറ്റവും വലിയ നിയമം (1 കോറി 13). അതാണ് ഭിന്നതയുള്ള സമൂഹത്തിന് വി. പൗലോസ്ശ്ലീഹ ഒടുവിലത്തെ അത്താഴത്തിന്റെ ചൈതന്യത്തിന്റെ വെളിച്ചത്തിൽ നല്കുന്ന ദൂത്.

## സമവീക്ഷണ സുവിശേഷങ്ങളിൽ

വി. പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽനിന്നു കണ്ടെത്തിയ വി.കുർബ്ബാനയെപ്പറ്റിയുള്ള പാരമ്പര്യം സുവിശേഷങ്ങളിൽ വ്യക്ത മായി കാണുന്നു. നാലു സുവിശേഷകൻമാരും അതേ വിശ്വാസ ത്തിനും പാരമ്പര്യത്തിനും സാക്ഷ്യം വഹിക്കുന്നു. എന്നാൽ വി. പൗലോസിന്റെ കാലഘട്ടത്തിന് വളരെ നാളുകൾക്കുശേഷം എഴു തപ്പെട്ട സുവിശേഷങ്ങളിലെ വിവരണങ്ങൾ വ്യത്യസ്തമായ സഭാ ജീവിതത്തിന്റെയും കൂടുതൽ വളർച്ചപ്രാപിച്ചതും വൈവിധ്യമുള്ള തുമായ പശ്ചാത്തലത്തിൽ നിന്നുവേണം വായിച്ചറിയാൻ.

ആദിമസഭയുടെ വളർച്ചയുടെ കാലഘട്ടമാണിത്. ശിഷ്യരുടെ സംഖ്യ വർദ്ധിച്ചുകഴിഞ്ഞു. കർത്താവിന്റെ രണ്ടാമത്തെ ആഗമ നത്തെ ഉടനെ പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന ആദിമക്രൈസ്തവ സമൂ





ഹത്തിന്റെ ചിന്തയ്ക്കു വ്യത്യാസം വന്നുതുടങ്ങി. പല യേശുശി ഷ്യൻമാരുടെ മരണവും, ഒരുപക്ഷേ യേശുവിന്റെ ജീവിതവും ദൗത്യവും വിവരിക്കുന്നതിനു കാരണമായി. അതിന്റെ ആദ്യത്തെ ശ്രമമാണ് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം അറി യിക്കുന്ന വി. മർക്കോസിൽ കാണുക.

വി. മർക്കോസിന്റെ സുവിശേഷം ശിഷ്യത്വത്തെ വിവരിക്കുന്ന വിധം വി. കുർബ്ബാനയെപ്പറ്റിയുള്ള വി. മർക്കോസിന്റെ കാഴ്ചപ്പാ ടിനെ മനസ്സിലാക്കുന്നതിന് ഏറ്റവും ആവശ്യമാണ്. കാരണം, യേശു ശിഷ്യൻമാരെ വിളിക്കുന്നതും അവർ യേശുവിനെ അനുഗമിക്കു ന്നതും യേശുവിന്റെ ആഹ്വാനപ്രകാരം അവർ ജീവിതദൗത്യം നിർവ്വ ഹിക്കുന്നതും വായനക്കാരന്റെ ജീവിതത്തിനു മാതൃകകളാണ്[8].

വി. മർക്കോസിന്റെ സുവിശേഷം ശിഷ്യത്വത്തിന്റെ ക്രിയാത്മ കവും നിഷേധാത്മകവുമായ വശങ്ങളെ വിവരിക്കുന്നു. ശിഷ്യൻമാർ യേശുവിന്റെ ജീവിതദൗത്യത്തിൽ പ്രത്യേകമായി പങ്കുചേരാൻ വിളി ക്കപ്പെട്ടവരാണ് (മർക്കോ 1,16-20), അതിനു സാക്ഷികളാണ് (മർക്കോ 4,11-34; 7,17-10, 10). പ്രത്യേകമായി ദൈവരാജ്യപ്രഘോ ഷണത്തിനായി വിളിക്കപ്പെടുകയും (ലൂക്കാ 3,13-19) അയയ്ക്കപ്പെ ടുകയും (മർക്കോ 6,7-12) അതിന്റെ വിജയത്തെ കണ്ടറിയുകയും ചെയ്തവരാണ് (മർക്കോ 6,13-30)[9].

അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് നിഷേധാത്മ കമായ ഭാവങ്ങളും. യേശുവിന്റെ ജീവിതദൗത്യത്തെ മനസ്സിലാക്കു ന്നതിൽ പലപ്പോഴും ശിഷ്യഗണം പരാജയപ്പെടുന്നു (മർക്കോ 4,13; 17,18). കടലിനു മീതെ നടന്നുവരുന്ന യേശുവിനെയോ പീഡാനുഭ വപ്രവചനങ്ങളെയോ (മർക്കോ 8, 32;9, 32-34; 10,35-45) അവർക്കു ഗ്രഹിക്കാൻ കഴിയുന്നില്ല. യേശുവിന്റെ ജീവിതവും വ്യക്തിത്വവും ദൗത്യവും മനസ്സിലാക്കാത്ത ശിഷ്യർക്ക് തന്റെ ജീവിതദൗത്യം വീണ്ടും വെളിപ്പെടുത്തിക്കൊടുക്കുന്നത് അവസാന അത്താഴത്തി ലാണ്. ക്രിയാത്മകവും നിഷേധാത്മകവുമായ മനോഭാവങ്ങൾ യേശുവിനോടു വച്ചുപുലർത്തുന്ന ശിഷ്യഗണത്തോടൊത്താണ് യേശു അന്ത്യഅത്താഴം കഴിക്കുന്നത്.

അന്ത്യഅത്താഴത്തിൽ വി. കുർബ്ബാനയെപ്പറ്റിയുള്ള വി. മർക്കോ സിന്റെ കാഴ്ചപ്പാടിന്റെ ആദ്യനടപടികൾ, യേശു അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ തീറ്റിപ്പോറ്റുന്നതിലും (മർക്കോ 6,32-44;8,1-10; മത്താ 14,13-21; ലൂക്കാ 9,10-17; യോഹ 6,1-15) സെബദീപുത്രൻമാ രോടു താൻ കുടിക്കുന്ന പാനപാത്രം കുടിക്കുവാൻ സാധിക്കുമോ എന്ന ചോദ്യത്തിലും കാണാവുന്നതാണ് (മർക്കോ 10,35-45).

മർക്കോ 6,41 – ലും 8,6 – ലും പറയുന്നതുപോലെ യേശു അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച് വിളമ്പാൻ ശിഷ്യന്മാരെ ഏല്പിക്കുന്നത് അവസാനത്തെ അത്താഴത്തിന്റെ മുന്നോടിയാണ്. അത് രക്ഷകനായ യേശുവിന്റെ ജീവിതദൗത്യത്തെ പ്രതിഫലിപ്പിക്കുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ ഇസ്രായേൽജനത്തിന് മരുഭൂമിയിൽവച്ച് മന്നാ നല്കി തൃപ്തിപ്പെടുത്തി. ഏലീഷായുടെ നിർദ്ദേശമനുസരിച്ച് (2 രാജാ 4:42–44) അപ്പം കൊടുത്ത് വിശക്കുന്ന ജനത്തെ തീറ്റിപ്പോറ്റി. അതുപോലെ യേശു അപ്പം വർദ്ധിപ്പിച്ച് ജനത്തെ തൃപ്തിപ്പെടുത്തുന്നു. തന്നെത്തന്നെ ഭോജ്യവും പാനീയവുമായി നല്കുന്ന യേശുവിന്റെ ചരിത്രത്തിന്റെ മുന്നോടിയാണിത്. ആദ്യത്തെ അത്ഭുതം യഹൂദൻമാരുടെ ഇടയിൽ ആയിരുന്നു (6,34–44). രണ്ടാമത്തേത് വിജാതീയരുടെ സ്ഥലത്ത്. അവിടെ അപ്പം ഭക്ഷിച്ച് തൃപ്തരായവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു (8,1–9)[10]. ഇവിടെ യേശുവിന്റെ സദ്വാർത്ത എല്ലാവർക്കുമുള്ളതാണെന്ന ഉൾക്കാഴ്ച ശ്രദ്ധയർഹിക്കുന്നു. യേശു ശിഷ്യർ, തന്നെത്തന്നെ നൽകി ജനത്തെ തൃപ്തനാക്കുന്ന യേശുവിനെപ്പോലെ യഹൂദർക്കും വിജാതീയർക്കും സദ്വാർത്തയായി മാറണം എന്ന മിഷനറിദൗത്യത്തിന്റെ സൂചനകൾ ഇവിടെ കാണുന്നു. യേശുവിന്റെ സാർവ്വത്രികദൗത്യവുമായി വി. കുർബ്ബാനയെ സുവിശേഷകൻ ബന്ധപ്പെടുത്തുന്നുവെന്നു സാരം.

രണ്ടാമതായി, സെബദീപുത്രൻമാരോട്, ''ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാൻകഴിയുമോ''? (മർക്കോ 10,39) എന്ന യേശുവിന്റെ ചോദ്യവും അവസാന അത്താഴത്തിലെ വിവരണങ്ങളും ഗദ്സമെനിയിലെ യേശുവിന്റെ പ്രാർത്ഥനയുമായും (പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് മാറ്റിത്തരണമേ) ബന്ധപ്പെട്ടു നിൽക്കുന്നു. 'രക്ഷാകരമായ സഹനത്തിലും മരണത്തിലും യേശുവിനെ അനുഗമിക്കുക' എന്ന ദൗത്യം സെബദീപുത്രന്മാരോടുള്ള ചോദ്യത്തിൽ അടങ്ങിയിരിക്കുന്നു. തന്റെ മരണത്തിലൂടെ ലോകത്തിനുവേണ്ടി ബലിയായിത്തീരാനുള്ള ദൗത്യനിർവ്വഹണത്തിന്റെ മുമ്പിലാണ് യേശു ഗദ്സമെനിയിൽ തന്റെ പിതാവിനോട് കേണപേക്ഷിക്കുന്നത്[11] (മർക്കോ 14:32–42).

എങ്കിലും വി. മർക്കോസിന്റെ സുവിശേഷത്തിൽ വി. കുർബ്ബാനയെപ്പറ്റിയുള്ള കാഴ്ചപ്പാട് അതിന്റെ ഉച്ചകോടിയിലെത്തുക പീഡാനുഭവചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്ന തന്റെ പന്ത്രണ്ടു ശിഷ്യൻമാരോടൊത്തുള്ള യേശുവിന്റെ അവസാന അത്താഴത്തിലാണ്. നേരത്തെ സൂചിപ്പിച്ച 'അപ്പ'ത്തെയും 'പാനപാത്രത്തെ'യും ഇവിടെ അർത്ഥപൂർണ്ണമായി അവതരിപ്പിക്കുന്നു.





പെസഹാബലി ആചരിക്കുന്ന ദിനത്തിന്റെ പശ്ചാത്തലത്തിലാണ് വിവരണം തുടങ്ങുക (14,12). യേശുവിന്റെ ശിഷ്യരുടെ ജീവിതദൗത്യത്തിന്റെ പരാജയങ്ങൾ യൂദാസിന്റെ ചിത്രത്തിൽ കൂടുതൽ വ്യക്തമാക്കുന്നു (14,20–21). അവരോടൊത്താണ് അനുരഞ്ജനത്തിന്റെയും പ്രതീക്ഷയുടെയും ചൈതന്യമുണർത്തിക്കൊണ്ട് തന്നെത്തന്നെ ഭോജ്യവും പാനീയവുമായി നല്കുക (മർക്കോ 14,22–25).

വി. കുർബ്ബാനയുടെ സ്ഥാപനത്തിന്റെ വിവരണം യേശുവിന്റെ പീഡാനുഭവചരിത്രത്തിന്റെ ആദ്യപടിയാണ്. അതിനാൽ, അവസാന അത്താഴം, യേശു തന്റെ പീഡാനുഭവവും മരണവുംവഴി, ആത്മബലിയായിത്തീരുന്ന ജീവിതദൗത്യത്തെ കാണിക്കുക മാത്രമല്ല, അതിൽ ഭാഗഭാക്കുകളായിത്തീരുന്നതിനെപ്പറ്റി ബോധവാൻമാരാക്കുകകൂടി ചെയ്യുന്നു. യേശു നല്കുന്ന പുതിയ ഉടമ്പടിയുടെ രക്തത്തിൽ പങ്കാളികളാകുന്നതുവഴി നാം യേശു വാഗ്ദാനം ചെയ്ത രക്ഷയിൽ ഭാഗഭാക്കുകളാകുന്നു. അതിനുള്ള വിളിയാണ് ഒടുവിലത്തെ അത്താഴം നല്കുന്നത് കർത്താവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റിക്കൊണ്ട് യേശുശിഷ്യർ തങ്ങളുടെ ജീവിതം അനേകർക്കായി അർപ്പിക്കുന്നു. അവസാനത്തെ അത്താഴം യേശു എല്ലാവർക്കുമായി ആത്മാഹൂതി ചെയ്യുന്നതിന്റെ അടയാളമാണ്, അതുപോലെതന്നെ പൂർത്തീകരിക്കാനിരിക്കുന്ന ദൈവരാജ്യത്തിന്റെ മുന്നോടിയും[12]. അത് അനുരഞ്ജനത്തിന്റെ വേദിയും പുതിയ ഉടമ്പടിയിൽ[13] നവീകരിക്കപ്പെട്ട ജീവിതത്തിനുള്ള ഉൾവിളിയുമാണ്. പുതിയ ഉടമ്പടിയുടെ കാലഘട്ടം യേശുവിന്റെ രക്ഷാകരമായ മരണത്തിലൂടെ വന്നിരിക്കുന്നത് എല്ലാവർക്കും പ്രതീക്ഷ നല്കുന്നു. കുർബ്ബാനയിൽ ഭാഗഭാക്കുകളാകുമ്പോൾ യേശുവിന്റെ ദൗത്യത്തിലും അതിന്റെ ഫലങ്ങളിലും പങ്കുകാരാവുകയാണ് ചെയ്യുന്നത് കുർബ്ബാന എല്ലാവർക്കുമായി അർപ്പിക്കപ്പെട്ട യേശുതന്നെയാണ്. യേശുവിന്റെ സഹനത്തിന്റെയും മരണത്തിന്റെയും പാത പിൻതുടരാൻ ശ്രമിക്കുന്നവർ, കർത്താവിന്റെ അത്താഴത്തിൽ പങ്കാളികളാകുന്നവർ, മരണത്തിൻമേലും സഹനത്തിൻമേലുള്ള അന്തിമവിജയത്തിലും പങ്കാളികളാകും (ഏശ 25,6–8; മർക്കോ 14,25).

## പാപമോചനത്തിനായുള്ള പുതിയ ഉടമ്പടി (മത്താ 26:26–30)

വി. മത്തായിയുടെ സുവിശേഷത്തിലെ വി. കുർബ്ബാനയെപ്പറ്റിയുള്ള വീക്ഷണം മർക്കോസിന്റെ സുവിശേഷത്തിലെ വീക്ഷണത്തോട് വളരെ ബന്ധപ്പെട്ടു നില്ക്കുന്നു. അപ്പം വർദ്ധിപ്പിച്ച് ജനങ്ങളെ സംതൃപ്തരാകുന്ന സംഭവങ്ങളിൽ (മത്താ 14, 13–21; 15,21–28), ഒടുവിലത്തെ അത്താഴത്തിന്റെ മുന്നോടിയായി നില്ക്കുന്ന ശിഷ്യ

ത്വത്തിന്റെ പാതയിലെ ഉയർച്ചയും താഴ്ചയും, പ്രത്യേകിച്ച്, അവസാന അത്താഴത്തിന്റെ വിവരണത്തിന്റെ പശ്ചാത്തലത്തിൽ കാണാം (മത്താ 26,20-25). കുർബ്ബാനയുടെ സ്ഥാപനത്തിന്റെ വിവരണം (മത്താ 26,26-29) പെസഹാ ആചരണത്തിന്റെ പശ്ചാത്തലത്തിലും പീഡാനുഭവത്തിന്റെ വിവരണങ്ങളുമായി ബന്ധപ്പെടുത്തിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു[14]. കർത്തൃപ്രാർത്ഥനയുമായി (മത്താ 26,26-29) ബന്ധപ്പെടുത്തി കാണിക്കണമെന്നതാണ് പലരുടെയും അഭിപ്രായം[15]. എങ്കിലും പുറപ്പാട് 24,8 - ൽ പരാമർശിക്കുന്ന ഉടമ്പടിയുടെ രക്തവും (മത്താ 27,26-28), പുതിയ ഉടമ്പടിയുടെ പ്രഖ്യാപനവും (ജെറ 31,31-34) ഏശയ്യാ പ്രവാചകന്റെ കർത്താവിന്റെ സഹിക്കുന്ന ദാസന്റെ ചിത്രവും (ഏശ 53,12) മത്തായി സുവിശേഷകന്റെ വിവരണത്തെ മനസ്സിലാക്കുന്നതിൽ നിർണ്ണായകമായ പശ്ചാത്തലമൊരുക്കുന്നു.

ഇവിടെ ഒടുവിലത്തെ അത്താഴത്തിന്റെ വിവരണം, മർക്കോസിന്റെ സുവിശേഷത്തിലെ വിവരണത്തിൽനിന്നും ഏതാനും ശ്രദ്ധേയമായ വ്യത്യാസങ്ങൾ വരുത്തുന്നു. പ്രത്യേകമായും നിങ്ങളെല്ലാവരും ഇതിൽനിന്ന് പാനം ചെയ്യുവിൻ എന്നതും ഇത് പാപമോചനത്തിനായി എന്നതും മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ[16].

പാപമോചനത്തിനായി എന്ന് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നത് അർത്ഥപൂർണ്ണമാണ്. അതുവഴിയായി യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും പാപമോചകബലിയായി കാണുന്നു (റോമ 11,26-27; ഹെബ്രാ 10,11-19). യേശു തന്റെ മരണത്തിലൂടെ പാപങ്ങളിൽനിന്ന് മോചിപ്പിച്ച് പുതിയ ഉടമ്പടിയിലേക്ക് നയിക്കുന്നു. ഈ പുതിയ ഉടമ്പടിയിലും പാപമോചനത്തിലും പങ്കാളികളാകുന്നത് യേശുവിന്റെ ശരീരത്തിലും രക്തത്തിലും ഭാഗഭാക്കുകളായിക്കൊണ്ടാണ്. അതായത്, യേശുവിന്റെ ജീവിതദൗത്യത്തിൽത്തന്നെ ഭാഗഭാക്കുകളാകുകയാണ് അതിനുള്ള മാർഗ്ഗം. അപ്പവും പാനപാത്രവും യേശുവിന്റെ ശരീരരക്തങ്ങളായി ശിഷ്യർക്ക് നല്കപ്പെട്ടിരിക്കുന്നു. അതിൽ ഭാഗഭാക്കുകളാകുന്നവരാണ് യഥാർത്ഥ ശിഷ്യൻമാർ[17]. വി. മത്തായിയുടെ സുവിശേഷം കർത്താവിന്റെ അത്താഴത്തെ അടിസ്ഥാനപ്പെടുത്തി പില്ക്കാലത്തെ ആചരണങ്ങളെ വിലയിരുത്തുകയും സ്വർഗ്ഗീയവിരുന്നിന്റെ മുന്നോടിയായി കർത്താവിന്റെ അത്താഴത്തിന്റെ യുഗാന്ത്യോൻമുഖമായ സ്വഭാവം തെളിയിച്ചു കൊടുക്കുകയും ചെയ്യുന്നു.





## ദൈവരാജ്യത്തിന്റെ വിരുന്ന് (ലൂക്കാ 22:14-23)

മറ്റു സുവിശേഷകൻമാരെപ്പോലെ വി.ലൂക്കായും അവസാന അത്താഴത്തിന്റെ വിവരണത്തിലാണ് കുർബ്ബാനയെപ്പറ്റിയുള്ള വീക്ഷണം നല്കുന്നത്. പെസഹാ ആചരണത്തിന്റെയും പീഡാനുഭവത്തിന്റെയും പശ്ചാത്തലത്തിലാണ് ഒടുവിലത്തെ അത്താഴത്തിന്റെ അർത്ഥം വ്യക്തമാക്കുന്നത്. യേശുവിനെ ഇല്ലാതാക്കാനുള്ള ആലോചനയിൽ തുടങ്ങുന്ന പീഡാനുഭവചരിത്രം പെസഹാതിരുനാളിന്റെ ഒരുക്കത്തിലാണ് ചെന്നുനില്ക്കുക (ലൂക്കാ 22:1-6). അവസാനത്തെ അത്താഴം തന്റെ ശിഷ്യരുമായി ആചരിക്കുവാൻ യേശു ശ്രദ്ധാപൂർവ്വം ഒരുങ്ങുന്നു (22,14-20). അതാകട്ടെ പെസഹാത്തിരുനാളിന്റെ നിഴലിലും ഇസ്രായേൽജനം ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചനം നേടിയ സ്ഥാനത്ത് ദൈവത്തിന്റെ രക്ഷകൻ പുതിയ പുറപ്പാട് ആരംഭിക്കുന്നു (നിയ 16:1-7).

വി. ലൂക്കായുടെ സുവിശേഷം കുർബ്ബാനയുടെ സ്ഥാപനവേദിയായ ഒടുവിലത്തെ അത്താഴത്തെ വിവരിക്കുന്നതിന് ഒരുങ്ങുന്നത് വിരുന്നുകളുടെ ഒരു പരമ്പരയിലൂടെയാണെന്നുപറയാം[18]. ഓരോ വിരുന്നും കുർബ്ബാനയും ക്രിസ്തീയജീവിതവും തമ്മിലുള്ള സവിശേഷതകളെ വ്യക്തമാക്കുന്നു എന്നതാണ് ശ്രദ്ധേയമായകാര്യം. അവസാനത്തെ അത്താഴത്തിനു മുമ്പായി ഏഴു വിരുന്നുകളും (ഗലീലിയിൽ), ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള പാതയിൽ നാലുവിരുന്നുകളും (ലൂക്കാ 5:1-19, 28). ഈ വിവരണങ്ങൾ താഴെപ്പറയുന്നവയാണ്.

ലേവി തന്റെ വീട്ടിൽ യേശുവിനു നടത്തുന്ന വിരുന്ന് (5:27-39); ശിമയോൻ എന്ന ഫരിസേയന്റെ വീട്ടിലെ വിരുന്ന് (7:36-50); യേശു അപ്പം വർദ്ധിപ്പിച്ച് എല്ലാവരെയും തൃപ്തരാക്കുന്നു (9:10-17); മർത്തയുടെ വീട്ടിൽ (10,38-42); ഒരു ഫരിസേയന്റെ ഭവനത്തിലെ ഭക്ഷണം (11:37-54); ഒരു സാബത്തു ദിവസം ഫരിസേയന്റെ ഭവനത്തിൽ വിരുന്ന് (14:1-24); സക്കേവൂസിന്റെ ഭവനത്തിലെ വിരുന്ന് (19:1-10); പെസഹാ ആചരണവും ഒടുവിലത്തെ അത്താഴവും (27:7-13, 14-38); ശിഷ്യരോടൊത്ത് ജറുസലേമിൽ (24:36-53).

ഈ വിരുന്നുകളെല്ലാം ഓരോ വിധത്തിൽ വി. കുർബ്ബാനയും ശിഷ്യത്വത്തിന്റെ ജീവിതവും തമ്മിലുള്ള ബന്ധം കാണിക്കുന്നു. ഉദാഹരണമായി, അഞ്ചപ്പവും രണ്ടുമീനും എടുത്ത് സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി ആശീർവ്വദിച്ചു മുറിച്ചു നല്കുന്നത്. അവസാനത്തെ അത്താഴത്തിലെ യേശുവിന്റെ കുർബ്ബാനയുടെ സ്ഥാപ

നത്തിലേക്കു വിരൽ ചൂണ്ടുന്നു. ലേവിയുടെ ഭവനത്തിലെ വിരുന്ന് സഭ മാനസാന്തരത്തിനായി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും കുർബ്ബാന യേശുവിന്റെ ദൗത്യവുമായി അഭേദ്യം ബന്ധപ്പെട്ടു നില്ക്കുന്നുവെന്നും കാണിക്കുന്നു. വിരുന്നുകൾ യേശു അവസാനമായി ശിഷ്യരോടൊത്ത് കഴിക്കാനിരിക്കുന്ന ദൈവരാജ്യത്തിലെ വിരുന്നിന്റെ മുന്നോടിയാണ്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ അപ്പം മുറിക്കലിലാണ് ജീവിക്കുന്നവനായ യേശുവിനെ അറിയുക. അവസാനമായി യേശു ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെടുമ്പോൾ യേശു അവരോടൊത്ത് ഭക്ഷിക്കുന്നു[19].

വിരുന്നുകളിലെല്ലാം തെളിഞ്ഞുനില്ക്കുന്ന ഏതാനും പ്രത്യേകതകളുണ്ട്. യേശുവിന്റെ സാന്നിദ്ധ്യം; തന്നോടൊത്തുള്ളവരോട് യേശു കാണിക്കുന്ന താല്പര്യം, അവരോടൊത്ത് ഭക്ഷിക്കുന്നതിലും അവരെ പഠിപ്പിക്കുന്നതിലും തിരുത്തുന്നതിലുമുള്ള ശ്രദ്ധ എന്നിവ. നീതിമാനെയും പാപിയെയും ധനികനെയും ദരിദ്രനെയും തന്റെ സാർവ്വത്രികദൗത്യത്തിൽ പങ്കുകാരാക്കുന്ന വേദികളാണ് ഈ വിരുന്നുകൾ. ദൈവരാജ്യത്തിന്റെ വിരുന്നിൽ ഭാഗഭാക്കാക്കുന്നത് അന്തിമദിനത്തിൽ നിത്യവിരുന്നിൽ പങ്കെടുക്കുന്നതിന്റെ മുന്നോടിയാണ്. ഉത്ഥിതനായ, ജീവിക്കുന്നവനായ യേശുവിന്റെ പില്ക്കാല ആദിമസമൂഹങ്ങൾ തിരിച്ചറിഞ്ഞത് അപ്പം മുറിക്കലിലാണ്. പങ്കാളിത്തത്തിലും കൂട്ടായ്മയിലും യേശുവിനെ ദൈവജനം തിരിച്ചറിയുന്നു: ദൈവത്തെ സമൂഹത്തിൽ സന്നിഹിതമാക്കുന്നു[20]. വി. ലൂക്കായുടെ സുവിശേഷത്തിലെ അവസാനത്തെ അത്താഴത്തിന്റെ വിവരണത്തെ രണ്ടായി തിരിക്കാം. 22:15-18 പെസഹാ ആചരണം, യേശുവിന്റെ പീഡാസഹനത്തെയും മരണത്തെയും സൂചിപ്പിക്കുന്ന അവസാനത്തെ പ്രവചനമാണത്. എന്നാൽ 22:19-20 യേശുവിന്റെ ജീവിതബലിയെ ആസ്പദമാക്കി അപ്പത്തിനും വീഞ്ഞിനും പുതിയ അർത്ഥം നല്കുന്നു.

യേശു അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാണ്. ആയിരങ്ങളെ തീറ്റി (9:10-17), തന്റെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ജനത്തെ പരിപോഷിപ്പിച്ച യേശുതന്നെയാണ് ശിഷ്യർക്കായി തന്നെത്തന്നെ നല്കുന്നത്. പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തതിനുശേഷം പറഞ്ഞു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. മനുഷ്യകുലത്തിന് പങ്കുപറ്റാൻ തന്നെത്തന്നെയാണ്





യേശു നല്കുക. മോശ സീനായ്മലയിൽ രക്തംകൊണ്ട് ഉടമ്പടി ഉറപ്പിച്ചു. യേശു സ്വന്തം രക്തം നല്കി, തന്നെത്തന്നെ നല്കിക്കൊണ്ട് പുതിയ ഉടമ്പടി ആരംഭിക്കുന്നു: യേശുവിന്റെ ജീവിതവും മരണവും നവീകരിക്കപ്പെട്ട ദൈവമനുഷ്യബന്ധത്തിന്റെ ആരംഭം കുറിക്കുന്നു.

ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ആഹ്വാനം ഉത്ഥാനത്തിന് ശേഷമുള്ള ആദിമക്രിസ്തീയ സമൂഹത്തിന്റെ കുർബ്ബാനയുടെ ആചരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ അരൂപിയിലുള്ള സമൂഹത്തിലെ സാന്നിധ്യവും പ്രവർത്തനവുമാണ് ഇവിടെ ദൃശ്യമാകുന്നത്. ഓർമ്മ യേശുവിന്റെ രക്ഷാകരമായ മരണത്തിന്റെ ആചരണം മാത്രമല്ല, ആത്മാർപ്പണത്തിന്റെ ജീവിതശൈലി സ്വന്തമാക്കാൻ യേശു ശിഷ്യർക്കു നല്കുന്ന ആഹ്വാനം കൂടെയാണ്[21].

വാസ്തവത്തിൽ വി. ലൂക്കായുടെ സുവിശേഷത്തിൽ കുർബ്ബാന എന്നത് യേശുവിന്റെ ജീവിതദൗത്യത്തിന്റെ രത്നച്ചുരുക്കമാണ്. മറ്റുള്ളവർക്കായി തന്നെത്തന്നെ നല്കുന്ന യേശുവിനെയാണിവിടെ കാണുന്നത്. തന്റെ ജീവിതവും മരണവും മറ്റുള്ളവർക്കുവേണ്ടിയായിരുന്നു. അത് എല്ലാവർക്കും രക്ഷ എത്തിച്ചുകൊടുക്കുവാൻ പര്യാപ്തമായ ബലിയാണ്. ക്രിസ്തീയസമൂഹത്തിന്റെ ജീവിതദൗത്യവും അതായിരിക്കണമെന്നാണ് നടപടിപുസ്തകത്തിന്റെ ആദ്യ അധ്യായങ്ങൾ വിളിച്ചോതുന്നത്[22].

## ജീവന്റെ അപ്പം (യോഹ 6:25-58)

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായ യേശുവിനെ അറിയിക്കുന്നതുവഴി എല്ലാവരെയും വിശ്വാസത്തിലേക്കും അതുവഴി നിത്യജീവനിലേക്കും നയിക്കുകയാണ് യോഹന്നാന്റെ സുവിശേഷത്തിലെ വി. കുർബ്ബാനയെപ്പറ്റിയുള്ള വിവരണത്തിന്റെ ഉദ്ദേശ്യം. പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ ക്രിസ്തീയ സമൂഹജീവിതത്തിന്റെയും ആരാധനാക്രമത്തിന്റെയും പശ്ചാത്തലത്തിലാണ് കർത്താവിന്റെ അത്താഴത്തെ അനുസ്മരിക്കുന്നത്. കുർബ്ബാനയുടെ സഭാത്മകമായ മാനങ്ങളെ വി. പൗലോസ്ശ്ലീഹാ ഊന്നിപ്പറയുമ്പോൾ, യോഹന്നാന്റെ സുവിശേഷം വ്യക്തിപരമായ തലത്തെയും അതിന്റെ വിവിധവശങ്ങളെയും കൂടുതൽ വ്യക്തമാക്കുന്നു[23]. കുർബ്ബാനയെ കേന്ദ്രീകരിച്ച് ജീവിക്കുന്ന സമൂഹത്തിന് യേശുവിന്റെ ജീവിതദൗത്യത്തിന്റെ ആഴവും വ്യാപ്തിയും കാണിച്ചുകൊടുത്തുകൊണ്ട് അതിന്റെ അഗാധത്തിലേക്കു നയിക്കുകയാണ്

യോഹന്നാൻ. ജീവന്റെ അപ്പവും സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ ഭക്ഷണവുമാണ് കുർബ്ബാന. തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നല്കുന്ന ജീവന്റെ അപ്പം (യോഹ 6).

മറ്റുസുവിശേഷങ്ങളിൽ പ്രധാനമായും അവസാനത്തെ അത്താഴത്തിന്റെ വിവരണത്തിലൂടെയാണ് കുർബ്ബാനയെപ്പറ്റിയുള്ള വീക്ഷണങ്ങൾ വ്യക്തമായത്. യോഹന്നാൻ സുവിശേഷത്തിൽ അത് ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിലാണു കാണുന്നത്. വാസ്തവത്തിൽ, യേശുവിന്റെ ജീവിതത്തിന്റെ വിവിധവിവരണങ്ങളിൽ വി. കുർബ്ബാനയെപ്പറ്റി പ്രതീകാത്മകമായും സുവിശേഷകൻ പരാമർശിക്കുന്നുണ്ട്. ഉദാഹരണമായി, യേശു അപ്പം വർദ്ധിപ്പിക്കുന്ന സംഭവം (യോഹ 6:1-15); മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധം (15:1-8); യേശുവിന്റെ പാർശ്വത്തിൽനിന്ന് പുറപ്പെടുന്ന രക്തവും വെള്ളവും (യോഹ 19,35) എന്നിവ[24]. ഏറ്റവും പ്രധാനമായത് ആറാമത്തെ അദ്ധ്യായത്തിൽ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണമാണ്.

യോഹന്നാന്റെ സുവിശേഷത്തിന്റെ 5 മുതൽ 10 വരെയുള്ള അധ്യായങ്ങളിൽ, യഹൂദരുടെ വിവിധ തിരുനാളുകളുടെ പശ്ചാത്തലത്തിലാണ് യേശുവിന്റെ പ്രവർത്തനങ്ങൾ വിവരിച്ചിരിക്കുന്നത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിലാണ് ആറാമത്തെ അദ്ധ്യായം മനസ്സിലാക്കേണ്ടത്. കാരണം, യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു എന്ന് വ്യക്തമായി പറയുന്നു (യോഹ 6,4). ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ യേശുവാണ് ഇവിടെ നില്ക്കുന്നത് (യോഹ 1:36-37). സ്വന്തം പുത്രനെ ലോകത്തിന് നല്കുവാൻ തക്കവിധം ലോകത്തെ അത്രയധികം സ്നേഹിച്ച ദൈവത്തിന്റെ കുഞ്ഞാട്. ദൈവത്തെ, തന്റെ പുത്രനിലൂടെ ലോകത്തിനു വെളിപ്പെടുത്തുകയും ലോകത്തിന്റെ പാപപരിഹാരത്തിനായി അർപ്പിക്കുന്നതുവഴി നിത്യജീവനിലേക്കു നയിക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തെയാണ് യേശു വെളിപ്പെടുത്തുന്നത്. വാസ്തവത്തിൽ, യോഹന്നാൻ സുവിശേഷകന്റെ ശ്രദ്ധ യേശുവിലും യേശുവിൽ വിശ്വസിക്കുന്നവന് ജീവന്റെ അപ്പത്തിൽ ഭാഗഭാക്കാകുന്നതുവഴി ലഭിക്കുന്ന ഫലങ്ങളിലുമാണ്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ യേശു ജീവന്റെ അപ്പമാകുന്നു എന്നു വെളിപ്പെടുത്തുന്നു.

യോഹന്നാന്റെ ആറാമത്തെ അദ്ധ്യായത്തെ സാധാരണമായി നാലായി തിരിക്കാറുണ്ട്: യേശു അപ്പം വർദ്ധിപ്പിക്കുന്നു (6:1-15); യേശു കടലിനുമീതെ നടക്കുന്നു (6:16-24); യേശു ജീവന്റെ അപ്പ





മാണ് (6:25-59); യേശുവിന്റെ പ്രഭാഷണത്തോടുള്ള പ്രത്യുത്തരം (6:60-71). യേശു അപ്പം വർദ്ധിപ്പിക്കുന്നത്, യേശുവിന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന അടയാളമാണ്. അതിൽ വി. കുർബ്ബാനയെക്കുറിച്ചുള്ള പരാമർശങ്ങൾ പെസഹായുടെ പശ്ചാത്തലത്തിലും (6,4) യേശു അപ്പമെടുത്ത് വാഴ്ത്തി അവർക്കുകൊടുക്കുന്നതിലും (6,11) വ്യക്തമാണ്. ഈ രണ്ടുകാര്യങ്ങളും അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തെ കുർബ്ബാനയുടെ സ്ഥാപനവുമായി ബന്ധപ്പെടുത്തുന്നു. മാത്രമല്ല, അപ്പം വർദ്ധിപ്പിക്കുന്നതിന്റെ അർത്ഥത്തെ വിവരിക്കുന്നത് ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു. യേശു പ്രതിവചിച്ചു: സത്യം സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്. നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി എന്ന വാക്കുകൾ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള, യേശുവിനെക്കുറിച്ചുള്ള പ്രഭാഷണത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു. യേശുവാണ് ജീവന്റെ അപ്പം. അത് സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവന്റെ അപ്പമാണ് (6:16-121).

കുർബ്ബാന ആദ്ധ്യാത്മികഭക്ഷണമാണ്. അതിനാൽ വിശ്വാസത്തോടെ ജീവന്റെ അപ്പം സ്വീകരിക്കുന്നവർക്കാണ് അതു ജീവൻ നല്കുന്നത്. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം (6:40). സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട് (6:47). ഈ വിശ്വാസം ദൈവത്തിന്റെ ദാനമാണ് (6:44). വിശ്വാസത്തിലൂടെ യേശുവിൽ പങ്കുപറ്റുന്നവന് ഒരിക്കലും വിശക്കുകയോ ദാഹിക്കുകയോ ഇല്ല (6:35)[25].

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണത്തിൽ (6:35-58) വി.കുർബ്ബാനയെ പരാമർശിക്കുന്ന വാക്കുകൾ ഭക്ഷണം, പാനീയം, ശരീരം, രക്തം എന്നിവയാണ്.[26] ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്... നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനുണ്ടായിരിക്കുകയില്ല എന്ന വചനങ്ങൾ ഒടുവിലത്തെ അത്താഴത്തിൽ ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ് (ലൂക്കാ 22,19) എന്നതിനെയാണ് അർത്ഥമാക്കുന്നത്. മനുഷ്യകുലത്തിന് ജീവനുണ്ടാകു

വാനും അത് സമൃദ്ധമായി ഉണ്ടാകുവാനുംവേണ്ടി തന്നെത്തന്നെ അർപ്പിക്കുന്ന പെസഹാകുഞ്ഞാടായ യേശുവിന്റെ ശരീരവും രക്ത വുമായ കുർബ്ബാനയാണ് സുവിശേഷകൻ ഇവിടെ ഉദ്ദേശിക്കുന്ന ത്. അത് യേശുതന്നെയാണ്; യേശുവിന്റെ യഥാർത്ഥ ശരീരവും രക്തവുമാണ്.

യേശുവാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെ ങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവി ക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ് (6:50-51). ലോകത്തിന്റെ ജീവനായി നല്കുന്ന അപ്പം മാംസമായി ലോകത്തിൽ അവതരിച്ച വചനമാണ് (യോഹ 1,14). കുർബ്ബാനയെന്ന യാഥാർത്ഥ്യം വി. യോഹന്നാന്റെ വീക്ഷണത്തിൽ വചനം മാംസമാകുന്നതു മുതൽ കുരിശുമരണംവരെ സ്വയം സ്നേഹത്തോടെ സമർപ്പിക്കുന്ന യേശു തന്നെയാണ്. യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്യുന്നതുവഴി യാണ് ദൈവം യേശുവിലൂടെ വെളിപ്പെടുത്തുന്നതിനെ അറിയുക (യോഹ 6:53-54). തന്റെ മുറിക്കപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ, സ്വപുത്രനെ ലോക ത്തിന്റെ രക്ഷയ്ക്കായി നൽകാൻ പ്രേരിപ്പിച്ച സ്നേഹത്തെ, വെളി പ്പെടുത്തുന്നു (യോഹ 13,1;15,13; 1 യോഹ 4:8-16)[27]. ഇതാണ് ഒരി ക്കലും നശിക്കാത്ത മനുഷ്യപുത്രൻ തരുന്ന അനശ്വരമായ അപ്പം (യോഹ 6,27). യോഹന്നാന്റെ സുവിശേഷത്തിലും തന്നെത്തന്നെ ലോകത്തിന്റെ രക്ഷയ്ക്കായി നൽകുന്ന യേശുവിന്റെ ജീവിതദൗ ത്യമാണ് കുർബ്ബാന എന്ന കൂദാശയ്ക്ക് അർത്ഥവും ആഴവും നല്കു ന്നത്.

യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. ദൈവപുത്രനിലൂടെ നമുക്കു പകർന്നുതരുന്ന ദൈവീക ജീവനാണത് (യോഹ 6:51-58). എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും (യോഹ 6:57). ആത്യന്തി കമായി വി. കുർബ്ബാന നമ്മെ നിത്യജീവനിലേക്കു നയിക്കുന്ന യാഥാർത്ഥ്യമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാനവനെ ഉയിർപ്പിക്കും (യോഹ 6:54). കുർബ്ബാന ഇന്നു നിത്യജീ വന്റെ മുന്നാസ്വാദനമാണ്; അതു നയിക്കുന്നതു നിത്യജീവനിലേക്കും അതു നിത്യജീവന്റെ അച്ചാരമാണ്. ചുരുക്കത്തിൽ, യോഹന്നാൻ





അറിയിക്കുന്ന ദൈവപുത്രന്റെ സദ്വാർത്തയുടെ കേന്ദ്രബിന്ദുവാണ്, ജീവന്റെ അപ്പമാണ്, യേശു.

## ഉപസംഹാരം

വി. പൗലോസ്ശ്ലീഹായും സുവിശേഷകൻമാരും വി.കുർബ്ബാന യുടെ സ്ഥാപനത്തെയും അത് അർത്ഥമാക്കുന്ന യേശുവിന്റെ ജീവി തലക്ഷ്യത്തെയും വ്യക്തമായി വിവരിക്കുന്നു. പുതിയനിയമം അറി യിക്കുന്ന യേശുവിന്റെ സദ്വാർത്തയുടെ കേന്ദ്രബിന്ദുവാണ് വി. കുർബ്ബാന. ദൈവം ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ പുത്രനെ ബലിയായി അർപ്പിച്ച വലിയ സ്നേഹമാണത് അർത്ഥമാക്കുന്നത്. അതിൽ യേശുവിന്റെ വ്യക്തിത്വവും ജീവിതവും അടങ്ങിയിരിക്കു ന്നു. മറ്റുള്ളവർക്കുവേണ്ടി സ്നേഹബലിയായിത്തീരാനുള്ള ഉത്തമ മാതൃകയാണത്. അത് സ്നേഹമാണ്, ബലിയാണ്, കൂട്ടായ്മയാ ണ്, ഭാഗഭാഗിത്വമാണ് - യേശുവിന്റെ ജീവിതത്തിലും ദൗത്യത്തി ലുമുള്ള ഭാഗഭാഗിത്വം. കുർബ്ബാന നമ്മെ ക്രിസ്തുവിൽ ഒരു ശരീര മാക്കിത്തീർക്കുന്നു. മറ്റുള്ളവർക്കായി പങ്കുവയ്ക്കപ്പെടുന്ന ജീവിത ശൈലി കൈമുതലാക്കാൻ കുർബ്ബാന നമ്മെ കടപ്പെടുത്തുന്നു.

## കുറിപ്പുകൾ

1. E.La Verdiere, The Eucharist in the New Testament and the Early Church (Minnesota, 1996) 1-10; J. Kodell, The Eucharist in the New Testament (Wilmington 1988) 11. X Leon - Dufour, Sharing the Eucharistic Bread, The Witness of the New Testament (New York, 1986) 17-28.
2. Lk. 22:24-27; Mt. 20:24-28; Mk. 10:41-45.
3. J. Murphy-O Connor, St. Pauls Corinth, Texts and Archeology (Wilmington 1983). G.D.Fee, The First Epistle to the Corinthians, (TNICNT; Michigan 1987)1-4.
4. നടപടി 2,46;20,7.11: J.Murphy O'Connor, I Corinthians (New Testament Message 10; Wilmington, 1979)97. Leon - Dufour, Sharing, 211-213. J.Murphy O'Connor, Eucharist and Community in First Corinthians, Worship 51(1977) 59.
5. അടുത്തകാലത്ത് ഇതേപ്പറ്റിയുള്ള ചർച്ചകളുടെ ഏകദേശരൂപം താഴെക്കാണുന്ന പുസ്തകത്തിൽ വായിക്കാവുന്നതാണ്. L, Dequeher & W.Zuidema, The Eucharist and St. Paul: 1 Cor. 11, 17-34 Concilium 4 (1968) 26-31. F.J Maloney, A Body Broken for a Broken People: Eucharist in the New Testament (Victoria 1990) 110-117. P. Lampe, The Eucharist, identiflying with Christ on the Cross Int 48 (1994) 36-49.
6. 1 കൊറി, 8,11; ഗലാ 2,20; റോമ 5,1-11.

7. La Verdiere, The Eucharist, 41-43. Fee, I Corinthians 550-557
8. J.P.Heil, The Gospel of Mark as a Model for Action (New York 1992) 2-3.
9. D. Senior, The Eucharist in Mark Mission, Reconciliation, Hope BTB 12 (1982) 67 & The Passion of Jesus in the Gospel of Mark (Minnesota, 1964)56-58.
10. La Verdiere, The Eucharist, 52 on the role of women in Mark ef. J.A.Grassi, The Hidden Heroes of the Gospels (Minnesota 1989).
11. See J.D. Kingsbury, The Christology of Mark's Gospel (Philadelphia 1983) 133 E.La Verdiere, "Can you Drink the cup" Emmanuel 89 (1983) 490-495.
12. Heil, The Gospel of Mark, 288 Kodell, The Eucharist 90-91
13. പുറ 24:811; ജെറെ 31:3134; 3241
14. D. Patte, The Gosepal According to Matthew. A Structural commentary on Matthew's Faith (Philadelphia, 1986) 362.
15. W.D. Davies & D.A Allison, The Gospel According to Matthew Vol.III (ICC; Edinburgh, 1996) 464.
16. Davis & Allison, The Gospel of Matthew 465-466
17. Patte, Matthew, 364, L. Morris, The Gospel According to Matthew, (Michigan, 1992) 661.
18. La verdiere, The Eucharist, 83-84. Kodell, The Eucharist, 108-113
19. See R.J. Karris, Luke. Artist and Theologian: Luke's Passion account as Literature (New York, 1985) Chapter 4 Paul S. Minear, Some Glimpses of Luke's Sacramental Theology worship 44(1970)322-331.
20. Kodell, The Eucharist, 113
21. J. Nolland Luke 18:35-24,53 (WBC 35c Texas 1994) 1035-1040.
22. C.K.Barrett, A Critical and Exgetical Commentary on The Acts of the Apostles Vol. 1(ICC Edinburgh 1994) 165.
23. M. Vellanickal, Studies in the Gospel of john (Bangalore 1997)38.
24. On the theme of Eucharist in John. G.H.C. Mac Gregor The Eucharist in the Fourth Gospel NTS 9(1962-63)111-119. T.Worden,The Holy Eucharist in St.John, Scripture 15 (1963), 97-103. J. Giblet, The Eucharist in St. John's Gospel: John 6 Concillium 10(1968) 33-35
25. La Verdiere, The Eucharist, 124-126. Vellanickal, Studies 48.
26. Vellanickal, Studies 49
27. F.J.Maloney, Reading John (melbourne, 1995) 31-32. R.E Brown, The Gospel According to John, Voi. I (AB; London, 1982)272-275.



03

# വി. കുർബ്ബാന: ചരിത്രാവലോകനം I

ഡോ. ജോസഫ് മലേപറമ്പിൽ M.C.B.S

## ആമുഖം

ക്രൈസ്തവജീവിതത്തിൽ പരിശുദ്ധ കുർബ്ബാനയ്ക്കുള്ള സ്ഥാനം അതുല്യമാണ്. സഭയുടെ പ്രവർത്തനങ്ങളിലും സഭാംഗങ്ങളുടെ ജീവിതത്തിലും ഈ കൂദാശയ്ക്ക് ലഭിക്കുന്ന പ്രാമുഖ്യം ഇതിന്റെ ദൈവശാസ്ത്ര സമീപനത്തിലും ദൃശ്യമാണ്. ആഴമായ പരിചിന്തനങ്ങൾക്കും ഗഹനമായ പഠനങ്ങൾക്കും എക്കാലത്തും ഈ കൂദാശ വിഷയമായിട്ടുണ്ട്. കുർബ്ബാനയുടെ സ്ഥാപനത്തെക്കുറിച്ചുള്ള പുതിയനിയമ വിവരണങ്ങളിലൂന്നി നിന്നുകൊണ്ട്, നൂറ്റാണ്ടുകളിലൂടെ, പരിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രം ക്രമാനുഗതം വളർത്തിയെടുക്കുന്നതിന് സഭാപിതാക്കന്മാരും മാർപാപ്പാമാരും വിവിധ സൂനഹദോസുകളും നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. വി.കുർബ്ബാനയുടെ ചരിത്രത്തിലേക്ക് വളരെ ഹ്രസ്വമായ ഒരെത്തിനോട്ടം നടത്തുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## 1. വിശുദ്ധഗ്രന്ഥ പശ്ചാത്തലം

വി. കുർബ്ബാനയെപ്പറ്റി നമുക്കു ലഭിച്ചിട്ടുള്ള ആദ്യ വിവരണം വി. പൗലോസിന്റെ കോറിന്തോസുകാർക്കുള്ള ലേഖനമാണ് (1 കോറി 11:23-26). എ.ഡി 60 നു മുൻപ് വിരചിതമായ ഈ ഗ്രന്ഥത്തിൽ അന്ത്യോ

ക്യായിലെ ആരാധനാക്രമ പാരമ്പര്യമാണു സ്വീകരിച്ചിട്ടുള്ളത്. മർക്കോസ് നല്കുന്ന വിവരണത്തിൽനിന്നു വിഭിന്നവും ലൂക്കാ നല്കുന്ന വിവരണത്തോടു സാദൃശ്യവുമുള്ളതാണ് വി. പൗലോസിന്റെ ലേഖനത്തിലെ വിവരണം.

വി. മർക്കോസ് തിരുവത്താഴത്തെ ചിത്രീകരിക്കുന്നത് യഹൂദരുടെ യാഗവിരുന്നിന്റെ മാതൃകയിലാണ് (മർക്കോസ് 14:22-24). പൗലോസും ലൂക്കായും സ്വീകരിച്ചിട്ടുള്ള പാരമ്പര്യത്തിനുശേഷം ഉടലെടുത്ത മറ്റൊരു പാരമ്പര്യമാണ് മർക്കോസിന്റെ വിവരണത്തിനാധാരമായി സ്വീകരിച്ചിട്ടുള്ളത്.

എ.ഡി 80 നോടടുത്ത് രചിക്കപ്പെട്ട വി.മത്തായിയുടെ സുവിശേഷത്തിലെ വി. കുർബ്ബാനയെക്കുറിച്ചുള്ള പ്രതിപാദനം (മത്താ 26:26 -28) വി. മർക്കോസിന്റെ വിവരണത്തോട് ഏറെ താദാത്മ്യമുള്ളതാണ്.

വി. ലൂക്കായുടെ കുർബ്ബാന സ്ഥാപനവിശദീകരണം വി. പൗലോസിന്റെ വിവരണത്തോട് വളരെ സാമ്യമുള്ളതാണ് (ലൂക്കാ 22,14;17, 19-21). പൗലോസിന്റെയും മർക്കോസിന്റെയും വിവരണങ്ങളിൽ ഇല്ലാത്ത ചില കാര്യങ്ങളും ഈ വിശദീകരണത്തിലുൾപ്പെടുന്നുണ്ട്.

വി. പൗലോസിൽനിന്നും സമാന്തരസുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് വി. യോഹന്നാന്റെ സുവിശേഷത്തിലേത്. കുർബ്ബാനയുടെ സ്ഥാപനത്തെക്കുറിച്ച് യോഹന്നാൻ വിവരണമൊന്നും നല്കുന്നില്ലെങ്കിലും കുർബ്ബാനയെക്കുറിച്ച് ദൈവശാസ്ത്രപരമായ ഉയർന്ന ഉൾക്കാഴ്ചയാണ് അദ്ദേഹം നല്കുന്നത്.

## 2. ചരിത്രാവലോകനം

ആദിമക്രൈസ്തവസമൂഹം അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കായി ഭവനംതോറും ഒരുമിച്ചുകൂടിയിരുന്നു (അപ്പ 2:46). നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന യേശുവിന്റെ കല്പന പാലിച്ചുകൊണ്ട് അവിടുത്തെ സ്മരണ കൊണ്ടാടുക എന്നതായിരുന്നു അവരെ സംബന്ധിച്ച് പ്രധാനകാര്യം. ദൈവശാസ്ത്രവിശകലനങ്ങൾ അവർക്ക് അജ്ഞാതമായിരുന്നു. കാലക്രമേണ, വി. കുർബ്ബാനയർപ്പണത്തിന് നിയതമായ രൂപവും ഭാവവും കൈവന്നു. ആ വളർച്ചയിൽ ദൈവശാസ്ത്രജ്ഞന്മാരുടെ പഠനങ്ങളും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും വ്യാഖ്യാനങ്ങളും ഗർഹണീയമായ





പങ്കുവഹിച്ചിട്ടുണ്ട്. അതുകൊണ്ട് കുർബ്ബാനയുടെ ചരിത്രത്തിലെ ചില പ്രധാനപ്പെട്ട രേഖകൾ പരിചയപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുക.

### 1) ചില ചരിത്രരേഖകൾ

#### i) ഡിഡാക്കെ

''ഡിഡാക്കെ'' അഥവാ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം എന്നറിയപ്പെടുന്ന ഈ രേഖ എ.ഡി 90 നും 100 നും ഇടയ്ക്കു രചിക്കപ്പെട്ടുവെന്ന് കരുതുന്നു. ഈ ഗ്രന്ഥത്തിന്റെ കർത്താവാരാണെന്ന് വ്യക്തമല്ലെങ്കിലും അപ്പസ്തോലന്മാരോ അവരുടെ പിൻഗാമികളോ ആണെന്നു വിശ്വസിക്കപ്പെടുന്നു. ആദിമക്രൈസ്തവസഭയിലെ വിശ്വാസാചാരങ്ങളിലേക്കു വെളിച്ചം വീശുന്ന ഈ ചരിത്രരേഖയുടെ ആദ്യഭാഗത്തിലെ ഒൻപതും പത്തും പതിന്നാലും അദ്ധ്യായങ്ങൾ കുർബ്ബാന അർപ്പിക്കേണ്ടതിന്റെ ആവശ്യകത, അർപ്പിക്കുന്ന രീതി, അതിനായുള്ള ആദ്ധ്യാത്മിക ഒരുക്കം, കൃതജ്ഞതാപ്രകാശനം എന്നിവയെക്കുറിച്ച് വിശദമായി വിവരിക്കുന്നുണ്ട്. ഡിഡാക്കെയിലെ പ്രാർത്ഥനകൾ യഹൂദപാരമ്പര്യങ്ങളോട് സാമ്യമുള്ളതുകൊണ്ട് ഈ ചരിത്രരേഖ സിറിയായിലെ യഹൂദക്രൈസ്തവസമൂഹപശ്ചാത്തലത്തിൽ രൂപപ്പെട്ടതാകാനാണ് കൂടുതൽ സാധ്യത.

#### ii) പ്ലീനി

ഏഷ്യാമൈനറിൽ ബിത്തീനിയായുടെ ഗവർണ്ണറായിരുന്ന അക്രൈസ്തവനായ പ്ലീനി എ.ഡി 112 ൽ ട്രാജൻ ചക്രവർത്തിക്കയച്ച ഒരു കത്തിൽ വി. കുർബ്ബാനയെപ്പറ്റി ഇപ്രകാരം പറയുന്നു: പ്രഭാതത്തിൽ ക്രിസ്ത്യാനികൾ ദൈവമായ ക്രിസ്തുവിന് കീർത്തനം ആലപിക്കാൻ ഒരുമിച്ചു കൂടുകയും വൈകുന്നേരം സാധാരണവും ഉപദ്രവരഹിതവുമായ ഭക്ഷണം, അപ്പവും വീഞ്ഞുമടങ്ങുന്ന ഭക്ഷണം, കഴിക്കുകയും ചെയ്യുന്നു.

### 2). സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ

#### i) വി. ക്ലെമന്റ് മാർപാപ്പ

വി. പൗലോസിന്റെ സഹപ്രവർത്തകനും വി. പത്രോസിനാൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടവനുമായ വി. ക്ലമന്റ് എ.ഡി 96 ൽ കൊറീന്ത്യാക്കാർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പ്രതിപാദിക്കുന്നു: ബലിശുശ്രൂഷകളും കാഴ്ചവയ്പും കൃത്യമായി നിശ്ചി

തസമയങ്ങളിൽ വേണം നടത്തുവാൻ. മെത്രാൻമാരും വൈദികരും ആറാംപട്ടക്കാരും അൽമേനികളും താന്താങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാൻ കടപ്പെട്ടവരാണ്.

### ii) അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്

അന്ത്യോക്യായിലെ മെത്രാനായ ഇഗ്നേഷ്യസ് ഏഷ്യാമൈനറിലെ പല സഭകളും സന്ദർശിക്കുകയും അവർക്കായി പല ലേഖനങ്ങൾ എഴുതുകയും ചെയ്തു. അവയിൽ പലതിലും വി.കുർബ്ബാനയെ പരാമർശിക്കുന്നുണ്ട്. ഫിലാഡെൽഫിയാക്കാർക്കെഴുതിയ ലേഖനത്തിൽ, യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നവർ സ്നേഹത്തിൽ ഐക്യപ്പെടുന്നുവെന്നും, അതുകൊണ്ട് എല്ലാവരും ഒരുമിച്ച് ഒരേ കുർബ്ബാനയിൽ പങ്കെടുക്കുക അർത്ഥവത്താണെന്നും അദ്ദേഹം പ്രബോധിപ്പിക്കുന്നുണ്ട്.

### iii) വി. ജസ്റ്റിൻ

വി. ജസ്റ്റിന്റെ ഒന്നാം അപ്പോളജിയിലും ട്രിഫോയുമായുള്ള സംവാദത്തിലും നല്കുന്ന വിവരണങ്ങളിൽ കുർബ്ബാനയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. മലാക്കിയുടെ പ്രവചനം (1:10-12) പരി. കുർബ്ബാനയെക്കുറിച്ചാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. തന്റെ മനുഷ്യാവതാരത്തിന്റെ അനുസ്മരണയ്ക്കായി അർപ്പിക്കുവാൻ നമ്മുടെ ക്രിസ്തു നമ്മോടു കല്പിച്ച അപ്പത്തെപ്പറ്റിയും തന്റെ രക്തത്തിന്റെ അനുസ്മരണയ്ക്കായി നന്ദിയോടുകൂടെ അർപ്പിക്കാൻ അവിടുന്ന് കല്പിച്ച കാസയെപ്പറ്റിയും ദൈവം ഈ പ്രവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു.

### iv) ഇരനെവൂസ്

ഏഷ്യാമൈനറിൽ ജനിച്ച ഇരനെവൂസ് 177 - ൽ ലയൺസിലെ മെത്രാനായി അഭിഷിതനായി. അദ്ദേഹത്തിന്റെ 'പാഷണ്ഡതകൾക്കെതിരെ' എന്ന ഗ്രന്ഥത്തിന്റെ നാലാംഭാഗം വി. കുർബ്ബാനയെക്കുറിച്ചുള്ളതാണ്. കർത്താവിന്റെ ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നവരുടെ ഉത്ഥാനജീവിതത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: ഭൂമിയിൽ നിന്നുള്ള അപ്പം ദൈവത്തിന്റെ ആഹ്വാനം സ്വീകരിച്ചുകഴിയുമ്പോൾ സാധാരണ അപ്പമല്ല, വി. കുർബാനയാണ് - അത് രണ്ട് ഘടകങ്ങൾ ഉൾക്കൊള്ളുന്നു: ഒന്ന് സ്വർഗ്ഗീയവും, മറ്റേത് ആത്മീയവും. അതുപോലെ നമ്മുടെ ശരീരം വി.കുർബ്ബാനയിൽ പങ്കുകൊണ്ടുകഴിഞ്ഞാൽ അതു പിന്നീട് നശ്വരമല്ല. അതിന് ഉത്ഥാനത്തിന്റെ പ്രത്യാശ ഉളവാകുന്നു.





### v) തെർത്തുല്യൻ

തെർത്തുല്യൻ 195 നും 200 നും ഇടയ്ക്ക് നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ദൈവത്തിന്റെ അത്താഴം, ദൈവത്തിന്റെ വിരുന്ന്, മിശിഹായുടെ വിരുന്ന് തുടങ്ങിയ പരി. കുർബ്ബാന സംബന്ധമായ ദൈവശാസ്ത്രനാമങ്ങൾ അദ്ദേഹത്തിന്റെ സംഭാവനയാണ്. അന്നന്നുവേണ്ട ആഹാരവും ജീവന്റെ അപ്പവും അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഒന്നാണ്. അന്നന്നു വേണ്ടുന്ന അപ്പം ഇന്നു ഞങ്ങൾക്കു നല്കണമേ എന്ന അപേക്ഷ ആദ്ധ്യാത്മികമായ അർത്ഥത്തിലാണ് നാം മനസ്സിലാക്കുക. കാരണം, മിശിഹായാണ് നമ്മുടെ അപ്പം. അവിടുന്നു തന്നെയാണ് ജീവനും ജീവന്റെ അപ്പവും........ അതുകൊണ്ട് അന്നന്നു വേണ്ടുന്ന അപ്പം നാം ചോദിക്കുമ്പോൾ, മിശിഹായോടുകൂടി നിത്യമായി ജീവിക്കുന്നതിനും അവന്റെ ശരീരത്തിൽനിന്ന് ഒരിക്കലും വേർപെടാതിരിക്കാനും വേണ്ടിയാണ് നാം പ്രാർത്ഥിക്കുക.

### vi) ഒരിജൻ

അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വി.കുർബ്ബാനയെ സംബന്ധിച്ചിടത്തോളം മിശിഹായുടെ ശരീരവും ദൈവവചനവും തമ്മിൽ വളരെ സാദൃശ്യമുണ്ട്. വചനമായ ദൈവം തന്റെ ശരീരമാണിതെന്ന് അരുൾച്ചെയ്ത ഈ അപ്പം ആത്മാക്കളുടെ ഭക്ഷണമായ വചനം തന്നെയാണ്. ഈ വചനം തന്നെയാണ് പിതാവിൽനിന്ന് പുറപ്പെടുന്നതും. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പവും ബലിപീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതും ഈ അപ്പംതന്നെയാണ്.

### vii) വി. സിപ്രിയൻ

കാർത്തേജിലെ മെത്രാനായിരുന്ന വി. സിപ്രിയന്റെ (258) ലേഖനങ്ങളിൽ 63-ാമത്തേത് പരി. കുർബ്ബാനയെക്കുറിച്ചാണ്. നിഖ്യാസൂനഹദോസിനു മുൻപുള്ള കാലഘട്ടത്തിൽ കുർബ്ബാനയെ സംബന്ധിച്ച ഏറെ പ്രധാനപ്പെട്ടതും ആധികാരികമായതുമായ ഒരു രേഖയായി ഇതു കണക്കാക്കപ്പെടുന്നു. വിശ്വാസികളുടെ ചില സമൂഹങ്ങളിൽ വി. കുർബ്ബാനയർപ്പണത്തിന് വീഞ്ഞിനുപകരം വെള്ളം മാത്രമുപയോഗിക്കുന്ന പതിവുണ്ടായി. എന്നാൽ, കുർബ്ബാനയ്ക്ക് വീഞ്ഞും വെള്ളവും കൂടിയ മിശ്രിതം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുപറയുന്നു: കർത്താവിന്റെ പാനപാത്രം കൂദാശ ചെയ്യുമ്പോൾ ജലം മാത്രമോ അല്ലെങ്കിൽ വീഞ്ഞു മാത്രമോ നമുക്കു സമർപ്പിക്കാനാവില്ല. വീഞ്ഞു മാത്രമാണ് നാം അർപ്പിക്കുന്നതെ

ങ്കിൽ നമ്മെക്കൂടാതെ കർത്താവിന്റെ തിരുരക്തവും വെള്ളം മാത്ര മാണർപ്പിക്കുന്നതെങ്കിൽ കർത്താവിനെ കൂടാതെ ദൈവജനവുമാ യിരിക്കും സന്നിഹിതമാവുക. എന്നാൽ, ഒന്നുമറ്റൊന്നുമായി കലർത്തപ്പെടുമ്പോൾ രണ്ടും ഒന്നായിത്തീരുകയും അങ്ങനെ ആദ്ധ്യാത്മികമായ സ്വർഗ്ഗീയരഹസ്യം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു.

### viii) വി. അപ്രേം

വി. കുർബ്ബാനയെക്കുറിച്ചുള്ള വി. അപ്രേമിന്റെ രചനകൾ പൗര സ്ത്യദൈവശാസ്ത്രത്തിന് പ്രത്യേകിച്ചും വലിയ സംഭാവന നല്കി യിട്ടുണ്ട്. വി. കുർബ്ബാന വിശ്വാസത്തോടെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറയുന്നു. ശ്ലീഹന്മാർ നവവും വിശുദ്ധവുമായ അപ്പം ഭക്ഷിക്കുകയും തങ്ങൾ മിശിഹായുടെ ശരീ രമാണ് ഭക്ഷിച്ചതെന്ന് വിശ്വാസത്താൽ അവർ ഗ്രഹിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ മുഴുവൻ കൂദാശയയെയും അവർക്ക് വിശ ദീകരിക്കാനും നല്കാനും കഴിഞ്ഞു. അവിടുന്ന് പാനപാത്രമെടുത്ത് വീഞ്ഞ് വെള്ളത്തിനോടു കലർത്തി ചിന്തപ്പെടാനിരിക്കുന്ന തന്റെ സ്വന്തം രക്തമാണതെന്ന് പ്രഖ്യാപിച്ചു.

### ix) ജറുസലെമിലെ വി. സിറിൾ

വി. സിറിൾ നിഖ്യാവിശ്വാസപ്രമാണത്തെ ശക്തമായി അനുകൂ ലിച്ചിരുന്നു. ജറുസലെമിലെ തിരുക്കല്ലറ ദേവാലയത്തിൽ അദ്ദേഹം ചെയ്ത 24 പ്രസംഗങ്ങൾ മതാദ്ധ്യാപകപ്രസംഗങ്ങൾ എന്ന് അറി യപ്പെടുന്നു. ഈ പ്രസംഗങ്ങളിൽ രണ്ടെണ്ണം കുർബ്ബാനയെക്കുറിച്ച് പ്രതിപാദിക്കുന്നവയാണ്.

വി. കുർബ്ബാനയിൽ അപ്പവും വീഞ്ഞും മിശിഹായുടെ ശരീരര ക്തങ്ങളായി മാറ്റപ്പെടുകയാണെന്നും യേശുവിന്റെ യഥാർത്ഥ സാന്നിധ്യം അതിലുണ്ടെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. അവി ടുന്നുതന്നെ ഇതെന്റെ ശരീരമാകുന്നുവെന്ന് പ്രഖ്യാപിച്ച അപ്പത്തെ ഇനിമേൽ സംശയിക്കാൻ ആരാണ് ധൈര്യപ്പെടുക? ഇതെന്റെ രക്ത മാകുന്നുവെന്ന് അവിടുന്നുതന്നെ പറയുകയും പ്രഖ്യാപിക്കുകയും ചെയ്തിരിക്കെ ഇത് അവിടുത്തെ രക്തമല്ല എന്നുപറഞ്ഞ് ആർക്കാണ് സംശയിക്കാനാവുക?

അപ്പവും വീഞ്ഞും യേശുവിന്റെ ശരീരരക്തങ്ങളായി മാറുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണെന്നും അദ്ദേഹം പഠി പ്പിക്കുന്നു. ഈ ദാനങ്ങളുടെമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കാൻ





ഔദാര്യവാനായ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. അവിടുന്ന് അപ്പത്തെ മിശിഹായുടെ ശരീരമായും വീഞ്ഞിനെ മിശിഹായുടെ രക്തമായും മാറ്റും. എന്തെന്നാൽ പരിശുദ്ധാത്മാവ് സ്പർശിക്കുന്ന തെല്ലാം വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യും.

### x) നീസ്സായിലെ വി. ഗ്രിഗറി

വി. ഗ്രിഗറിയുടെ കൃതികളിൽ ഏറ്റവും പ്രശസ്തമായത് വലിയ വേദോപദേശമാണ്. വചനത്തിന്റെ ശക്തിയാൽ അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി മാറുന്നതെങ്ങനെയെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. ദൈവവചനം വഴി വിശുദ്ധീകരിക്കപ്പെ ടുന്ന അപ്പം ദൈവവചനത്തിന്റെ ശരീരമായി രൂപാന്തരപ്പെടുന്നു എന്നു വിശ്വസിക്കാൻ നമുക്കു തക്കകാരണമുണ്ട്. ആ ശരീരം ആരം ഭത്തിൽ അപ്പമായിരുന്നു. മാംസമായ വചനത്തിന്റെ ആന്തരികവാസം വഴിയാണത് വിശുദ്ധീകരിക്കപ്പെട്ടത്.

### xi) വി. അംബ്രോസ്

374-ൽ മിലാനിലെ മെത്രാനായി സ്ഥാനമേറ്റ അംബ്രോസ് പരി. കുർബ്ബാനയെക്കുറിച്ച് കൂദാശകൾ ദിവ്യരഹസ്യങ്ങൾ എന്നീ ഗ്രന്ഥ ങ്ങൾ രചിക്കുകയുണ്ടായി. സത്താമാറ്റത്തെക്കുറിച്ച് അദ്ദേഹം പറ യുന്നു: ഒരുപക്ഷേ, നിങ്ങൾ പറഞ്ഞേക്കാം: ഞാൻ മിശിഹായുടെ ശരീരമാണ് സ്വീകരിക്കുന്നതെന്ന് എങ്ങനെ പറയും? കാരണം ഞാൻ കാണുന്നത് മറ്റൊന്നാണ്. ഇതു നമ്മൾ തെളിയിക്കേണ്ടിയി രിക്കുന്നു. പ്രകൃതി രൂപപ്പെടുത്തിയതല്ല, ആശീർവാദം പവിത്രീക രിച്ചതാണ്. പ്രകൃതിയുടെ ശക്തിയെക്കാൾ വലുതാണ് ആശീർവാ ദത്തിന്റെ ശക്തി. കാരണം, പ്രകൃതിതന്നെ ആശീർവാദത്താൽ മാറ്റ പ്പെടുന്നു.

### xii) വി. ജോൺ ക്രിസോസ്തോം

കുർബ്ബാനയുടെ വിശുദ്ധൻ എന്നറിയപ്പെടുന്ന ക്രിസോസ്തോം 397-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായി. ഒട്ടേറെ കൃതികളുടെ കർത്താവായ അദ്ദേഹത്തിന്റെ പല രചനകളിലും പരി. കുർബ്ബാനയെക്കുറിച്ച് പ്രതിപാദനങ്ങളുണ്ട്. മിശിഹായുടെ ശരീരം സ്വീകരിക്കുന്നതിലൂടെ വിശ്വാസികൾക്കു കൈവരുന്ന മാറ്റത്തെക്കു റിച്ച് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. വാസ്തവത്തിൽ മിശി ഹായുടെ ദാനം തന്റെ ശരീരം മാത്രമായിരുന്നില്ല. നമ്മുടെ ആദ്യത്തെ ജഡികസ്വഭാവം പൊടിയിൽനിന്നു രൂപപ്പെട്ടതും പാപ ത്താൽ മൃതവും ജീവനില്ലാത്തതുമായിരുന്നു. അതിനാൽ അവി

ടുന്ന് തന്റേതന്നെ ശരീരത്തിന്റെ പുത്തൻപുളിമാവ് കൊണ്ടുവന്നു. പാപരഹിതവും ജീവൻ നിറഞ്ഞതുമായിരുന്നു എന്നതൊഴിച്ചാൽ അവിടുത്തെ ശരീരം നമ്മുടേതിനു തുല്യമായിരുന്നു. ഈ ശരീരമാണ് ഭക്ഷിക്കാനായി അവിടുന്ന് നമുക്കു നല്കിയത്.

### xiii) മൊപ്സുവേസ്ത്യായിലെ തെയഡോർ

പൗരസ്ത്യസഭയിലെ പ്രശസ്ത ദൈവശാസ്ത്രജ്ഞനായ തെയഡോർ മരിച്ച് 125 വർഷം കഴിഞ്ഞപ്പോൾ ഒരു പാഷണ്ഡിയായി കണക്കാക്കപ്പെട്ടു. തന്റെ മതാദ്ധ്യാപന പ്രസംഗങ്ങളിൽ പരി.കുർബ്ബാനയെ സംബന്ധിച്ച പല പ്രബോധനങ്ങളും നല്കുന്നുണ്ട്. യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ചും സാരാംശഭേദത്തെക്കുറിച്ചും അദ്ദേഹത്തിനു വ്യക്തമായ കാഴ്ചപ്പാടുണ്ട്. കുർബ്ബാനയെക്കുറിച്ചുള്ള 15-ാം പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു: അതിനാൽ, അപ്പം കൊടുത്തുകൊണ്ട്, ഇത് എന്റെ ശരീരത്തിന്റെ അടയാളം എന്നല്ല പിന്നെയോ, ഇതെന്റെ ശരീരം എന്നാണ് അവിടുന്നു പറഞ്ഞത്. അതുപോലെ പാനപാത്രം കൊടുത്തപ്പോൾ ഇത് എന്റെ രക്തത്തിന്റെ അടയാളം എന്ന് അവിടുന്ന് പറഞ്ഞില്ല. പിന്നെയോ ഇതെന്റെ രക്തമാകുന്നു എന്നത്രേ. കാരണം, ആത്മാവിന്റെ വരവിനുശേഷവും കൃപ സ്വീകരിച്ചശേഷവും ഇവയെ നാം ദർശിക്കേണ്ടത് അവയുടെ സ്വഭാവം അനുസരിച്ചല്ല. പിന്നെയോ നമ്മുടെ കർത്താവിന്റെ ശരീരവും രക്തവുമെന്ന നിലയിലത്രേ. ഇതാണ് അവിടുത്തെ ആഗ്രഹം. നമ്മുടെ കർത്താവിന്റെ ശരീരത്തിനുപോലും സ്വതേ അമർത്യതയില്ലായിരുന്നു. അമർത്യത നൽകാനുള്ള കഴിവുമില്ലായിരുന്നു. പരിശുദ്ധാത്മാവ് അതിനുപ്രദാനം ചെയ്തതാണിത്.

കുർബ്ബാനയെക്കുറിച്ചുള്ള 16-ാം പ്രസംഗത്തിൽ അദ്ദേഹം തുടരുന്നു. പരിശുദ്ധാത്മാവു വന്നുകഴിയുമ്പോൾ, അപ്പത്തിലും വീഞ്ഞിലുമുള്ള പദാർത്ഥം, അവയുടെമേൽ വരുന്ന കൃപയാൽ അഭിഷേകം പ്രാപിക്കുന്നു. അവ അപ്പോൾ മുതൽ ഉത്ഥാനശേഷമുള്ള ക്രിസ്തുവിന്റെ ശരീരംപോലെ കഴിവിനതീതവും സഹനാതീതവും സ്വഭാവത്താലെ വ്യതിയാനരഹിതവും ആയിത്തീരുന്നുവെന്ന് നാം വിശ്വസിക്കുന്നു.

### xiv) നെസ്തോറിയസ്

അന്ത്യോക്യായിലെ ഒരു സന്ന്യാസ സഭാംഗമായിരുന്ന അദ്ദേഹം 428-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായി നിയമിതനായി. വിശ്വാസസത്യങ്ങൾ തെറ്റായി പഠിപ്പിച്ചുവെന്ന് ആരോ





പിക്കപ്പെട്ട് സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ഈജിപ്തിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. നെസ്തോറിയസിനെ 431-ൽ എഫേസോസ് സൂനഹദോസ് മഹറോൻ ശിക്ഷയ്ക്കു വിധിച്ചു.

പരിശുദ്ധ കുർബ്ബാനയെ സംബന്ധിച്ച നെസ്തോറിയൻ ചിന്തകൾ തെയഡോറിന്റേതിനോട് സാമ്യമുള്ളതാണ്. സത്താഭേദത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചത് ഇപ്രകാരമാണ്. അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി മാറുന്നത് പുരോഹിതന്റെ ശക്തിയാലോ സ്ഥാപനവാക്യങ്ങൾ ഉച്ചരിക്കുന്നതുകൊണ്ടു മാത്രമോ അല്ല, മറിച്ച് എല്ലാം വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ്.

### xv) വി. അഗസ്റ്റിൻ

വി. യോഹന്നാന്റെ സുവിശേഷത്തെപ്പറ്റിയുള്ള പ്രസംഗത്തിലും വി.ലൂക്കായുടെ സുവിശേഷത്തിലെ എമ്മാവൂസ് സംഭവത്തെപ്പറ്റിയുള്ള പ്രസംഗത്തിലും വി.കുർബ്ബാനയെപ്പറ്റി വി. അഗസ്റ്റിൻ പ്രസ്താവിക്കുന്നുണ്ട്. മിശിഹായുടെ ശരീരത്തെയും വിശ്വാസികളുടെ ശരീരത്തെയും ബന്ധപ്പെടുത്തി അദ്ദേഹം ഇപ്രകാരം പറയുന്നു. വിശ്വാസികൾ മിശിഹായുടെ ശരീരമായിത്തീരുവാൻ ശ്രമിക്കുന്നുവെങ്കിൽ അവർ അവിടുത്തെ ശരീരത്തെ അറിയുന്നു. മിശിഹായുടെ അരൂപിയാൽ ജീവിക്കുവാൻ മനസ്സാകുന്നുവെങ്കിൽ അവർക്ക് അവിടുത്തെ ശരീരമായിത്തീരുവാൻ സാധിക്കും. മിശിഹായുടെ ശരീരം കൂടാതെ ആരും അവിടുത്തെ അരൂപിയിൽ ജീവിക്കുന്നില്ല....... മിശിഹായുടെ ശരീരത്തിന് അവിടുത്തെ അരൂപിയാലല്ലാതെ ജീവിക്കുവാൻ സാധിക്കുകയില്ല.

### xvi) വി. ജോൺഡമഷീൻ

വി. ഡമഷീന്റെ പ്രധാനപ്പെട്ട കൃതികളിലൊന്ന് അറിവിന്റെ ഉറവിടം എന്നതാണ്. ഇതിന്റെ മൂന്നാംഭാഗം നാലാം പുസ്തകം പതിമൂന്നാം അധ്യായത്തിൽ പരി. കുർബ്ബാനയെക്കുറിച്ച് വിവരിക്കുന്നുണ്ട്. സാരാംശഭേദത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെ മേശയിലെ അപ്പവും വീഞ്ഞും വെള്ളവും റൂഹാക്ഷണത്തിലൂടെയും പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെയും അതിസ്വാഭാവികമായി മിശിഹായുടെ ശരീരവും രക്തവും ആയി മാറുന്നു. യഥാർത്ഥ സാന്നിധ്യത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു. അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളുടെ പ്രതീകമല്ല. പ്രത്യുത അവിടുത്തെ യാഥാർത്ഥ്യവും

ദിവ്യവുമായ ശരീരമാണ്. കാരണം, കർത്താവ് ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. ഇതെന്റെ ശരീരമാകുന്നു, അല്ലാതെ ശരീരത്തിന്റെ പ്രതിരൂപമെന്നല്ല. അതുപോലെ ഇതെന്റെ രക്തമാകുന്നു; അല്ലാതെ, രക്തത്തിന്റെ പ്രതിരൂപമെന്നല്ല.

## 3. വിവിധ കൗൺസിലുകളും മാർപാപ്പമാരും

### 1) ആദ്യകാല കൗൺസിലുകൾ

#### i) റോമിലെ കൗൺസിൽ: ടൂർസിലെ ബെരെൻഗറിന്റെ പ്രതിജ്ഞ

ബെരെൻഗർ വി.കുർബ്ബാനയിലെ സത്താഭേദത്തെ നിഷേധിക്കുകയും യേശുവിന്റെ സാന്നിദ്ധ്യത്തെ കേവലം ആദ്ധ്യാത്മികമായ ഒന്നായിമാത്രം കാണുകയും ചെയ്തു. 1059-ൽ സമ്മേളിച്ച ആദ്യത്തെ റോമൻ കൗൺസിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും 1079-ലെ രണ്ടാമത്തെ റോമൻ കൗൺസിൽ ബെരെൻഗർ ഏറ്റുചൊല്ലേണ്ട പ്രതിജ്ഞ രൂപപ്പെടുത്തുകയും ചെയ്തു. അതിൽ പരി. കുർബ്ബാനയിലെ യേശുസാന്നിദ്ധ്യം വെറും അടയാളം മാത്രമല്ലെന്നും, മറിച്ച് സത്താമാറ്റം വഴി യേശു യഥാർത്ഥത്തിൽ ഈ ദിവ്യകൂദാശയിൽ സന്നിഹിതനാണെന്ന് ഉറപ്പിച്ച് പ്രഖ്യാപിക്കുകയും ചെയ്തു.

#### ii) ഇന്നസെന്റ് മൂന്നാമൻ മാർപാപ്പ

വി. കുർബ്ബാനയെ സംബന്ധിച്ച രണ്ടു പ്രധാനപ്പെട്ട രേഖകളാണ് ഈ മാർപാപ്പയുടെ പേരിൽ നമുക്ക് ലഭിച്ചിട്ടുള്ളത്. ആദ്യത്തേത് 1202 - ൽ അദ്ദേഹം ലിയോണിലെ മെത്രാപ്പോലീത്തായ്ക്ക് എഴുതിയ ഒരു കത്താണ്. വി. കുർബ്ബാനയിലെ യേശുവിന്റെ സാന്നിധ്യത്തെ കേവലമൊരു അടയാളമായി കണക്കാക്കിയ പ്രവണതയെ നിശിതമായി വിമർശിക്കുകയും യേശുവിന്റെ യഥാർത്ഥ സാന്നിധ്യം സമർത്ഥിക്കുകയും ആയിരുന്നു ആ കത്തിന്റെ ഉദ്ദേശ്യം.

മാർപാപ്പ വാൽഡേസിയൻസിനുവേണ്ടി തയ്യാറാക്കിയ വിശ്വാസപ്രഖ്യാപനമാണ് (1208) രണ്ടാമത്തെ രേഖ. വിശുദ്ധനായ ഒരു വൈദികനും പാപിയായ ഒരു വൈദികനും അർപ്പിക്കുന്ന ബലികൾ തമ്മിൽ അവയുടെ ഫലത്തിൽ വ്യത്യാസമില്ലെന്ന് അതിൽ പ്രസ്താവിക്കുന്നു. കാരണം, കൂദാശാവചനം ഉച്ചരിക്കുന്ന വ്യക്തിയുടെ കഴിവുകൊണ്ടല്ല കൂദാശ യാഥാർത്ഥ്യമാകുന്നത്. മറിച്ച്, യേശുവിന്റെ വചനത്താലും ശക്തിയാലുമാണ്.

#### iii) നാലാം ലാറ്ററൻ കൗൺസിൽ

ദൈവവും മനുഷ്യനും തമ്മിൽ ബന്ധം സ്ഥാപിക്കുന്നതിനുള്ള





പരമപ്രധാനമായ മാർഗ്ഗം പരി. കുർബ്ബാനയാണെന്ന് 1215 -ൽ നടന്ന ഈ കൗൺസിൽ പഠിപ്പിച്ചു. ഇന്നസെന്റ് മൂന്നാം മാർപാപ്പ ഉപയോഗിച്ച സത്താഭേദമെന്ന പദം ഔദ്യോഗികമായി കൗൺസിൽ ഉപയോഗിക്കുകയുണ്ടായി.

#### iv) കോൺസ്റ്റാൻസിലെ ജനറൽ കൗൺസിൽ

ബൊഹേമിയായിലെ ജോൺ ഹ്യൂസിന്റെ ശിഷ്യൻമാർ, വി. കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ തിരുരക്തം ഉൾക്കൊള്ളാൻ അല്മായരെയും അനുവദിക്കണമെന്ന അവകാശവാദമുന്നയിച്ചു. അന്ത്യ അത്താഴത്തിന്റെ മാതൃകയും ആദിമസഭയിലെ പാരമ്പര്യവും അവരുടെ വാദത്തിനു ശക്തിയേകി. എന്നാൽ ഇരു സാദൃശ്യങ്ങളിലോരോന്നിലും കർത്താവിന്റെ തിരുശരീരവും രക്തവും മുഴുവനായി ഉൾക്കൊള്ളുന്നതുകൊണ്ട് വിശ്വാസികൾ ഏതെങ്കിലും ഒന്ന് സ്വീകരിച്ചാൽ മതിയെന്ന കോൺസ്റ്റാൻസിലെ കൗൺസിൽ (1415) പഠിപ്പിച്ചു. ആദിമസഭയിൽ, വിശ്വാസികളും ഇരുസാദൃശ്യങ്ങളിൽ കുർബ്ബാന സ്വീകരിക്കുക എന്ന പതിവുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ പുരോഹിതൻ മാത്രം ഇരുസാദൃശ്യങ്ങളിലും, വിശ്വാസികൾ തിരുശ്ശരീരം മാത്രവും ഉൾക്കൊള്ളുന്ന പതിവുമുണ്ടായി. ഈ രണ്ടാമത്തെ രീതി നിയമാനുസൃതമാണ്. കാരണം, ഓരോ സാദൃശ്യത്തിലും മുഴുവനായും കർത്താവ് സന്നിഹിതനാവുന്നുണ്ട്.

#### v) മാർട്ടിൻ അഞ്ചാമൻ പാപ്പ

വൈക്ലിഫ്, ഹ്യൂസ് എന്നിവരുടെ അബദ്ധസിദ്ധാന്തങ്ങളെ അപലപിക്കുന്നതിന് മാർട്ടിൻ അഞ്ചാമൻ പാപ്പ പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ (BULL INTER CUNCTAS - 1418) പരി. കുർബ്ബാനയുടെ ദൈവശാസ്ത്രത്തെ സംബന്ധിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. പ്രധാനമന്ത്രി പരിശുദ്ധ കുർബ്ബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്ത തുടരുന്നുണ്ടെന്ന അബദ്ധപഠനത്തെ തിരുത്തുകയും കൂദാശയിലുള്ള യേശു സാന്നിധ്യം വെറും പ്രതീകാത്മകമല്ലെന്നും, മറിച്ച് യഥാർത്ഥത്തിലുള്ളതാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

#### vi) ഫ്ളോറൻസിലെ ജനറൽ കൗൺസിൽ

ഫ്ളോറൻസ് കൗൺസിൽ ചർച്ചചെയ്ത രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഗ്രീക്കുകാർക്കും അർമേനിയക്കാർക്കും (1439) വേണ്ടിയുള്ള രണ്ടു ഡിക്രികളാണ്. ഇരുകൂട്ടരെയും റോമുമായി ഐക്യത്തിലെ

ത്തിക്കുക എന്ന ലക്ഷ്യമാണ് ഇവയ്ക്കുണ്ടായിരുന്നത്. ഗ്രീക്കുകാരുമായുള്ള ചർച്ചകളുടെ വെളിച്ചത്തിൽ, പാശ്ചാത്യപൗരസ്ത്യ പാരമ്പര്യങ്ങൾക്കനുസൃതമായി വി. കുർബ്ബാനയ്ക്ക് പുളിപ്പില്ലാത്തതോ പുളിപ്പുള്ളതോ ആയ അപ്പം ഉപയോഗിക്കാമെന്ന ധാരണയിലെത്തി. അർമേനിയക്കാർക്കുള്ള ഡിക്രിയിൽ പരിശുദ്ധ കുർബ്ബാനയുടെ കർമ്മരൂപം സ്ഥാപനവാക്യങ്ങളാണ് എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു.

### 2) തെന്ത്രോസ് ജനറൽ കൗൺസിൽ

സഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ല് എന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണ് 1545 നും 1563 നും ഇടയ്ക്ക് പല ഘട്ടങ്ങളിലും സമ്മേളനങ്ങളിലുമായി നടന്ന തെന്ത്രോസ് കൗൺസിൽ. പ്രസ്തുത കൗൺസിലിലെ വിവിധ സമ്മേളനങ്ങളിൽ വി. കുർബ്ബാനയെ സംബന്ധിച്ചു നടന്ന ചർച്ചകളും തീരുമാനങ്ങളും ഇവിടെ പ്രസക്തമാണ്.

### i) 13-ാം സമ്മേളനം: പരി. കുർബ്ബാനയെ സംബന്ധിച്ച ഡിക്രി

പരി. കുർബ്ബാനയെക്കുറിച്ച് വ്യക്തവും വിശദവുമായ വിശകലനം തെന്ത്രോസ് കൗൺസിൽ നൽകുകയുണ്ടായി. നവീകരണപ്രസ്ഥാനം ഉയർത്തിയ വെല്ലുവിളികൾക്കെതിരെ ഉറച്ച പ്രഖ്യാപനങ്ങൾ കൗൺസിൽ നടത്തുകയുണ്ടായി. പരി. കുർബ്ബാനയിലുള്ള യേശുവിന്റെ സാന്നിധ്യത്തെക്കുറിച്ചും കുർബ്ബാനയെന്ന ബലിയെക്കുറിച്ചും ആധികാരികമായി കൗൺസിൽ പഠിപ്പിച്ചു. കുർബ്ബാനയെക്കുറിച്ചുള്ള ചർച്ച 1547 ൽ ആരംഭിച്ചെങ്കിലും ആദ്യ ഡിക്രി പ്രസിദ്ധപ്പെടുത്തിയത് 1551 ലെ 13-ാം സമ്മേളനത്തിലാണ്. എട്ട് അദ്ധ്യായങ്ങളും പതിനൊന്ന് കാനോനകളും അടങ്ങുന്ന ഈ ഡിക്രി താഴെ പറയുന്ന കാര്യങ്ങളാണ് ചർച്ചാവിഷയമാക്കിയത്.

**a)** പരിശുദ്ധ കുർബ്ബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള സഭയുടെ നിലപാട് വി. ഗ്രന്ഥത്തിലധിഷ്ഠിതമാണെന്ന് കൗൺസിൽ സമർത്ഥിക്കുന്നു. കുർബ്ബാനയിലെ സാന്നിദ്ധ്യം കേവലം പ്രതീകാത്മകമാണെന്നു വാദിച്ച സ്വിംഗ്ലിയെ കൗൺസിൽ ഇവിടെ എതിർക്കുന്നു. അതുപോലെ, കുർബ്ബാന സ്വീകരിക്കുന്ന വ്യക്തിയുടെ വിശ്വാസം മാത്രമാണ് ആ വ്യക്തിയെ യേശുവിന്റെ ശരീരവുമായി ബന്ധിപ്പിക്കുകയെന്ന കാൽവിന്റെ സിദ്ധാന്തത്തെ ഖണ്ഡിച്ചു കൊണ്ട് കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു. അപ്പവും വീഞ്ഞും വാഴ്ത്തിയതിനുശേഷം, നമ്മുടെ





കർത്താവും യഥാർത്ഥ ദൈവവും മനുഷ്യനുമായ യേശു ക്രിസ്തു സത്യമായും യഥാർത്ഥമായും സത്താപരമായും പരി. കുർബ്ബാനയിൽ സന്നിഹിതനാകുന്നു. കൗൺസിൽ തുടരുന്നു. ആരെങ്കിലും പരി. കുർബ്ബാനയിൽ യേശുക്രിസ്തുവിന്റെ സത്യവും യഥാർത്ഥവും സത്താപരവുമായ സാന്നിദ്ധ്യം കേവലം പ്രതീകാത്മകമോ വെറുമൊരു ശക്തി മാത്രമോയെന്ന് വാദിക്കുകയും ചെയ്താൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ.

**b)** പരി. കുർബ്ബാനയിലെ ഇരുസാദൃശ്യങ്ങളിലോരോന്നിലും യേശുവിന്റെ സാന്നിദ്ധ്യം പൂർണ്ണമായും ഉണ്ടെന്ന് കൗൺസിൽ പഠിപ്പിക്കുന്നു: കൂദാശവചനങ്ങളുടെ ശക്തിയാൽ, അപ്പത്തിന്റെ സാദൃശ്യത്തിൽ കർത്താവിന്റെ തിരുശ്ശരീരവും വീഞ്ഞിന്റെ സാദൃശ്യത്തിൽ അവിടുത്തെ തിരുരക്തവും സ്ഥിതിചെയ്യുന്നു. അതുപോലെ തന്നെ തിരുശ്ശരീരം വീഞ്ഞിന്റെ സാദൃശ്യത്തിലും തിരുരക്തം അപ്പത്തിന്റെ സാദൃശ്യത്തിലും സ്ഥിതിചെയ്യുന്നുണ്ട്. മാത്രമല്ല, കർത്താവിന്റെ സാന്നിദ്ധ്യം ഓരോ സാദൃശ്യത്തിലും പൂർണ്ണമായിരിക്കുന്നതുപോലെ, ആ സാദൃശ്യത്തിന്റെ ഓരോ അംശത്തിലും പൂർണ്ണമാണ്.

**c)** കൂദാശ ചെയ്യപ്പെട്ട ഇരുസാദൃശ്യങ്ങളിലും യഥാർത്ഥ സാന്നിദ്ധ്യം കുർബ്ബാന സ്വീകരണത്തിനു മുമ്പും അതിനുശേഷവും തുടരുന്നു. ലൂഥർ, കുർബ്ബാനയിലെ യേശുസാന്നിദ്ധ്യം കുർബ്ബാന സമയത്തു മാത്രമായി ചുരുക്കുന്നു. മെലംഗ്ടനും കുർബ്ബാനയ്ക്കു ശേഷമുള്ള ദിവ്യസാന്നിദ്ധ്യത്തെ അംഗീകരിക്കുന്നില്ല. എന്നാൽ കൗൺസിൽ ഇപ്രകാരം പ്രഖ്യാപിക്കുന്നു. കൂദാശ ചെയ്യപ്പെട്ടതിനുശേഷം പരി. കുർബ്ബാനയിൽ യേശുവിന്റെ ശരീരവും രക്തവും സ്ഥിതിചെയ്യുന്നത് അതിന്റെ ഉപയോഗസമയത്തു മാത്രമല്ല, അതായത്, അത് സ്വീകരിക്കുന്ന അവസരത്തിൽ മാത്രമല്ല, അതിനുമുമ്പും അതിനുശേഷവും ആ സാന്നിദ്ധ്യം തുടരുന്നു.

**d)** യഥാർത്ഥസാന്നിദ്ധ്യം സംഭവിക്കുന്നത് സത്താമാറ്റത്തിലൂടെയാണ്. ലൂഥർ സത്താമാറ്റത്തെ എതിർക്കുകയും കുർബ്ബാനയിലെ യേശുവിന്റെ സാന്നിദ്ധ്യം അപ്പത്തോടൊപ്പമുള്ള ഒരു സഹസാന്നിധ്യമാണെന്ന് വാദിക്കുകയും ചെയ്തു. വൈക്ലിഫ് സത്താമാറ്റത്തെ ഒരുവിധത്തിലും സ്വീകരിക്കാതെ യേശുവിന്റെ സാന്നിദ്ധ്യത്തെ പ്രതീകാത്മകമായി വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്. ഇതിനെതിരെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്തയ്ക്ക് മുഴുവനായും മാറ്റം സംഭവിക്കുന്നുവെന്നും അവയ്ക്കു പുറമേ കാണുന്ന

ഗുണഗണങ്ങൾ നിലനിൽക്കുന്നുവെന്നും കൗൺസിൽ പഠിപ്പിക്കുന്നു. കൂദാശ ചെയ്യപ്പെടുമ്പോൾ അപ്പത്തിന്റെ സാരാംശം പൂർണ്ണമായും യേശുവിന്റെ ശരീരത്തിന്റെ സാരാംശമായി മാറുകയും വീഞ്ഞിന്റെ സത്ത മുഴുവനായും അവിടുത്തെ രക്തത്തിന്റെ സത്തയായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. കത്തോലിക്കാസഭ ഇതിന് യുക്തവും ശരിയായതുമായ സത്താഭേദം എന്ന പേര് നൽകിയിരിക്കുന്നു.

### ii) 21 -ാം സമ്മേളനം ഇരുസാദൃശ്യങ്ങളിലുമുള്ള കുർബ്ബാന സ്വീകരണവും കുട്ടികളുടെ കുർബ്ബാനകൈക്കൊള്ളലും

1552 - ൽ പിരിഞ്ഞ കൗൺസിൽ പിന്നീട് 1562 -ൽ പീയൂസ് നാലാമൻ മാർപാപ്പയുടെ കാലത്താണ് സമ്മേളിച്ചത്. കൗൺസിലിന്റെ 21-ാം സമ്മേളനം അല്മായർ, കാസയിൽനിന്ന് തിരുരക്തം ഉൾക്കൊള്ളുന്നതു സംബന്ധിച്ച തർക്കത്തിൽ തീരുമാനമുണ്ടാക്കി. നവീകരണപ്രസ്ഥാനക്കാരായ ഹ്യൂസ്യും അനുയായികളും അല്മായർക്ക് തിരുരക്തം ഉൾക്കൊള്ളുന്നതിനു അവകാശമുണ്ടെന്നു വാദിച്ചു. നാല് അദ്ധ്യായങ്ങളും നാല് കാനോനകളുമുള്ള ഈ ഡിക്രി താഴെ വരുന്ന കാര്യങ്ങൾ ഊന്നിപ്പറയുന്നു:

**a)** വിശ്വാസികൾ രണ്ടു സാദൃശ്യങ്ങളിലും വി. കുർബ്ബാന സ്വീകരിക്കണമെന്ന് ദൈവനിയമങ്ങളൊന്നും അനുശാസിക്കുന്നില്ല; നിത്യരക്ഷയ്ക്ക് കുർബ്ബാനയിലെ സാദൃശ്യങ്ങളിലൊന്നായ തിരുശ്ശരീരം മാത്രം ഉൾക്കൊണ്ടാൽ മതിയാകും. അതിന് തിരുരക്ത സ്വീകരണം കൂടി ആവശ്യമാണെന്ന് വാദിക്കുന്നവർക്ക് അത് ഒരു ദൈവകല്പനയായി അവകാശപ്പെടാൻ സാധിക്കുകയില്ല. കാരണം വി. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവുതന്നെ ചിലപ്പോൾ തന്റെ ശരീരത്തെയും രക്തത്തെയും കുറിച്ച് സംസാരിക്കുന്നുണ്ട് (യോഹ 6:54, 55,57). എന്നാൽ മറ്റുചില അവസരങ്ങളിൽ അവിടുത്തെ ശരീരത്തെക്കുറിച്ച് മാത്രം സൂചിപ്പിക്കുന്നു (യോഹ 6:52; 59). കൗൺസിൽ വീണ്ടും പ്രസ്താവിക്കുന്നു: എല്ലാ വിശ്വാസികളും രണ്ടു സാദൃശ്യങ്ങളിലും കുർബ്ബാന സ്വീകരിക്കേണ്ടത് നിത്യജീവന് കൂടിയേ തീരൂ എന്നും അതു ദൈവകല്പനയാണെന്നും ആരെങ്കിലും വാദിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ.

**b)** പരി. കുർബ്ബാനയുടെ അർപ്പണത്തെയും അതിന്റ സ്വീകരണം മുതലായ കാര്യങ്ങളെക്കുറിച്ചും ആധികാരികമായി സംസാരിക്കാൻ സഭയ്ക്കധികാരമുണ്ടെന്ന് ഡിക്രി സ്ഥാപിക്കുന്നു. കൂദാശകളുടെ സാരാംശത്തിനു കോട്ടം തട്ടാതെ അവയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നതിന് സഭയ്ക്കധികാരമുണ്ട്. വി. പൗലോസ് ഈ വിധത്തിൽ ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സഭ കുർബ്ബാന സ്വീകരണം ഒരു സാദൃശ്യത്തിലായാലും മതി എന്ന തീരുമാനമെടുത്തത്.





**c)** ഒരു സാദൃശ്യത്തിൽ മാത്രമുള്ള കുർബ്ബാന സ്വീകരണം സാരമായ ആധ്യാത്മികനഷ്ടങ്ങളൊന്നും വരുത്തുന്നില്ല. ഒരു സാദൃശ്യത്തിൽ മാത്രം കുർബ്ബാന സ്വീകരിക്കുന്നതുകൊണ്ട് നിത്യരക്ഷയ്ക്ക് ആവശ്യമായ അനുഗ്രഹത്തിന് ഒരു കുറവും സംഭവിക്കുന്നില്ല. കാരണം, ഓരോ സാദൃശ്യത്തിലും ക്രിസ്തു മുഴുവനായും സന്നിഹിതനാകുന്നുണ്ട്. എന്നാൽ രണ്ടു സാദൃശ്യങ്ങളിലുമുള്ള കുർബ്ബാന സ്വീകരണം കൂടുതൽ അനുഗ്രഹം പ്രദാനം ചെയ്യുന്നുണ്ടോയെന്ന ചോദ്യത്തിന് കൗൺസിൽ ഉത്തരം നല്കുന്നില്ല. അതിനുകാരണം ഇക്കാര്യത്തിൽ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിലുണ്ടായിരുന്ന വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ്.

**d)** കൊച്ചുകുട്ടികൾക്ക് കുർബ്ബാന നല്കണ്ടെന്ന് കൗൺസിൽ തീരുമാനിച്ചു. അവർ മാമ്മോദീസായിലൂടെ ക്രിസ്തുവിനോട് യോജിപ്പിക്കപ്പെട്ടു. ഈ പ്രായത്തിൽ ദൈവാനുഗ്രഹം നഷ്ടപ്പെടാൻ സാധ്യതയുമില്ല. അതുപോലെ, ആദ്യനൂറ്റാണ്ടുകളിൽ കുട്ടികൾ വല്ലപ്പോഴും കുർബ്ബാന സ്വീകരിച്ചിരുന്നത് തെറ്റായി കാണേണ്ടതില്ല. എന്നിരുന്നാലും തിരിച്ചറിവിന്റെ പ്രായമാകുന്നതിനു മുൻപുള്ള കുർബ്ബാന സ്വീകരണം നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമല്ല.

### iii) 22-ാം സമ്മേളനം: പരി. കുർബ്ബാന എന്ന ബലി

നവീകരണപ്രസ്ഥാനക്കാർ കുർബ്ബാനയെ ഒരു ബലിയായി അംഗീകരിക്കാൻ തയ്യാറായില്ല. അതിനെതിരെ ബലിയുടെ പ്രാധാന്യത്തെപ്പറ്റി കൗൺസിൽ ഡിക്രി ഊന്നിപ്പറയുന്നു. കുർബ്ബാന ഒരു ബലിയാണെന്നും അതിന് കുരിശിലെ ബലിയോടുള്ള ബന്ധം എന്താണെന്നും വി. ഗ്രന്ഥത്തെ അധികരിച്ച് കൗൺസിൽ വ്യക്തമാക്കുന്നു. ഈ ഡിക്രിയിൽ ഒൻപത് അദ്ധ്യായങ്ങളും ഒൻപത് കാനോനകളും ഉണ്ട്. പ്രധാനപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു:

**a)** മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സാധിച്ചത് കുരിശിലെ ബലിയിലൂടെയാണ്. പരിശുദ്ധ കുർബ്ബാന കുരിശിലെ ബലിയിൽനിന്ന് വിഭിന്നമല്ല.

**b)** സഭ ഇന്ന് പരി. കുർബ്ബാന അർപ്പിക്കുമ്പോൾ കുരിശിലെ

ബലിയും അന്ത്യഅത്താഴത്തിലെ യേശുവിന്റെ ബലിയോടൊപ്പം അർപ്പിക്കപ്പെടുകയാണ്. ലൂഥർ, മെലാംഗ്റ്റൻ, കാൽവിൻ എന്നിവരുടെ സിദ്ധാന്തങ്ങളെ ഈ ഡിക്രി ഖണ്ഡിക്കുന്നു. അവർ യേശുവിന്റെ ബലിയെ കുരിശിനോടുമാത്രം ബന്ധപ്പെടുത്തുകയും അന്ത്യഅത്താഴത്തിനു കാൽവരിയുമായി യാതൊരു ബന്ധവുമില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അതോടൊപ്പം, സഭ അർപ്പിക്കുന്ന ദിവ്യബലിയെ കുരിശിലെ ബലിയുമായി ബന്ധമില്ലാത്ത ഒരു വിശുദ്ധഭക്ഷണം മാത്രമായി കണക്കാക്കുകയും ചെയ്തു. കൗൺസിൽ ഇതിനു വിപരീതമായി ഇപ്രകാരം പഠിപ്പിക്കുന്നു. നമ്മുടെ നാഥനും ദൈവവുമായ യേശു മനുഷ്യരക്ഷാർത്ഥം കുരിശിലെ ബലിയിലൂടെ തന്നെത്തന്നെ പിതാവിനു സമർപ്പിച്ചു. അവസാന അത്താഴവേളയിൽ തന്റെ മണവാട്ടിയായ സഭയ്ക്ക് കാണപ്പെടുന്ന ഒരു ബലി നൽകുന്നതിനുവേണ്ടി, താൻ കുരിശിലർപ്പിച്ച ബലിയെ - രക്തം ചിന്തിയ ബലിയെ - പ്രതിനിധീകരിക്കുന്നതിനുവേണ്ടി, അതിന്റെ ഓർമ്മ ലോകാന്ത്യംവരെ ആചരിക്കുന്നതിനുവേണ്ടി...... അവിടുന്ന് അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ തന്റെ ശരീരവും രക്തവും നൽകിക്കൊണ്ട് പിതാവിനു തന്നെത്തന്നെ അർപ്പിച്ചു.

**c).** നവീകരണ സിദ്ധാന്തത്തെ വിമർശിച്ചുകൊണ്ട് വിശുദ്ധരുടെ ബഹുമാനത്തിനായി ബലിയർപ്പിക്കുന്നതിന്റെ അർത്ഥമെന്തെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. സഭ വിശുദ്ധർക്കല്ല ബലിയർപ്പിക്കുന്നത്. മറിച്ച്, ദൈവത്തിനു മാത്രമാണ്, വിശുദ്ധരുടെ വിജയത്തിൽ ദൈവത്തിനു നന്ദിപറയുകയാണ് ചെയ്യുന്നത്.

### 3). പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ തിരുവെഴുത്തുകൾ

### i). മിസ്തിച്ചി കോർപ്പോരിസ് (1943)

പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പായുടെ ഈ തിരുവെഴുത്തിൽ പരി. കുർബ്ബാനയ്ക്ക് ഭൗതികശരീരമായ സഭയോടുള്ള ബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. പരി. കുർബ്ബാനയിൽ കർത്താവ് സഭയെ തന്റെ ബലിയുമായി ബന്ധപ്പെടുത്തുന്നു. വൈദികൻ ക്രിസ്തുവിനെയും അവിടുത്തെ ഭൗതികശരീരത്തെയും പ്രതിനിധീകരിച്ച് ബലിയർപ്പിക്കുന്നു. വിശ്വാസികൾ പുരോഹിതനിലൂടെ ബലിയർപ്പിക്കുകയും യേശുവിന്റെ ശരീരരക്തങ്ങളിൽ പങ്കുകൊണ്ട് ഭൗതിക ശരീരത്തിലെ അംഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ക്രിസ്തുവിന്റെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ബലിയിലൂടെ അവിടുന്ന് നമ്മെത്തന്നെയും നമ്മെ ദൈവവുമായും പരസ്പരം ബന്ധിപ്പിക്കുന്നു. ഇവിടെ പുരോഹിതൻ രക്ഷകനെയും സഭയെയും





അതിലെ ഓരോ വ്യക്തിയെയും പ്രതിനിധാനം ചെയ്യുന്നു. വിശ്വാസികൾ പ്രാർത്ഥനയിലൂടെയും വിനീതമായ അഭ്യർത്ഥനയിലൂടെയും ഈ ബലിയിൽ പങ്കുചേരുന്നു. പുരോഹിതനിലൂടെ സഭയിലെ അംഗങ്ങൾ തങ്ങളെത്തന്നെ ദൈവത്തിനു പ്രീതികരമായ ബലിയായർപ്പിക്കുകയും അവർ സഭയിലെ ആവശ്യങ്ങൾക്കുവേണ്ടി യാചിക്കുകയും ചെയ്യുന്നു.

### ii) മേദിയാത്തോർ ദേയി (1947)

സഭയുടെ ആരാധനക്രമ ജീവിതത്തിൽ കേന്ദ്രസ്ഥാനം വി. കുർബ്ബാനയ്ക്കാണെന്ന കാര്യം എടുത്തുകാണിക്കുന്ന ഒരു ചാക്രികലേഖനമാണിത്. വി. കുർബ്ബാന ക്രൈസ്തവമതത്തിന്റെ പരമകാഷ്ഠയാണ്. ഈ സിദ്ധാന്തം ഒരു പരിധിവരെ തെന്ത്രോസ് കൗൺസിലിനെ അധികരിച്ചതാണ്. അതോടൊപ്പം ഇതിൽ ആധുനിക ദൈവശാസ്ത്രചിന്തകളും പ്രതിഫലിക്കുന്നുണ്ട്. സ്വയം ബലിവസ്തുവായി തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് ശരീരവും രക്തവുമാകുന്ന ഈ സാദൃശ്യങ്ങൾ വഴി കർത്താവ് അൾത്താരയിൽ സന്നിഹിതനാകുന്നു. സത്താഭേദത്തിലൂടെ അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരരക്തങ്ങളായി രൂപാന്തരം പ്രാപിക്കുമ്പോൾ അവിടെ ക്രിസ്തുവിന്റെ യഥാർത്ഥമായ സാന്നിധ്യം പ്രകടമാകുന്നു.

എല്ലാ കുർബ്ബാനയ്ക്കും, തനിയെ അർപ്പിക്കുന്ന ബലിയായാൽപ്പോലും പൊതുവും സാമൂഹികവുമായ സ്വഭാവമുണ്ട്. കാരണം ഇതു സഭയുടെ ബലിയാണ്. പുരോഹിതൻ ക്രിസ്തുവിന്റെയും വിശ്വാസികളുടെയും നാമത്തിലാണ് ബലി അർപ്പിക്കുന്നത്. വിശുദ്ധ കത്തോലിക്കാസഭയ്ക്കുവേണ്ടി, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി അദ്ദേഹം അത് ദൈവത്തിനർപ്പിക്കുന്നു. ബലി അർപ്പിക്കുമ്പോൾ വിശ്വാസികൾ സന്നിഹിതരാണെങ്കിലും അല്ലെങ്കിലും ബലി വാസ്തവമാണ്.

കുർബ്ബാന സ്വീകരണം ബലിയുടെ പൂർണ്ണതയ്ക്ക് ആവശ്യമാണ്. പുരോഹിതൻ കുർബ്ബാന സ്വീകരിക്കണമെന്നത് നിർബന്ധമാണ്. വിശ്വാസികൾ അപ്രകാരം ചെയ്യുന്നത് വളരെ അഭികാമ്യമാണ്.

### iii) ഹുമാനി ജേനരീസ് (1950)

ഒരു വസ്തുവിന്റെ സത്തയെക്കുറിച്ചുള്ള ആധുനിക ശാസ്ത്രീയ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ സത്താമാറ്റത്തെക്കുറിച്ച് ചില

ദൈവശാസ്ത്രജ്ഞൻമാരുടെയിടയിൽ വ്യത്യസ്ത ചിന്താഗതികളുണ്ടായി. സത്താഭേദത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗികമായ നിലപാട് കൂടുതൽ തത്ത്വശാസ്ത്രപരമാണെന്നും അത് സത്തയെക്കുറിച്ചുള്ള ഭൗതികശാസ്ത്രത്തിന്റെ ആധുനിക കാഴ്ചപ്പാടിനോട് ഒത്തുപോകാൻ ബുദ്ധിമുട്ടുള്ളതാണെന്നും അവർ വാദിച്ചു. ഈ പശ്ചാത്തലത്തിൽ യഥാർത്ഥസാന്നിധ്യം കേവലം പ്രതീകാത്മകമായ ഒന്നായിക്കാണുവാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. സഭയുടെ വിശ്വാസസത്യത്തെ ശരിയായ വിധത്തിൽ ഉൾക്കൊള്ളാത്ത ഈ വാദഗതിയെ പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഹുമാനി ജേനരിസ് എന്ന ചാക്രികലേഖനത്തിലൂടെ അപലപിക്കുന്നു.

### 4) രണ്ടാം വത്തിക്കാൻ കൗൺസിൽ

ത്രെന്തോസ് സൂനഹദോസ് കുർബ്ബാനയെക്കുറിച്ച് വളരെ പ്രധാനപ്പെട്ട ആശയങ്ങളാണ് ആവിഷ്കരിച്ചത്. പക്ഷേ, നവീകരണപ്രസ്ഥാനത്തിന്റെ അതിപ്രസരവും സമ്മേളനങ്ങൾ തമ്മിലുള്ള വർഷങ്ങളുടെ ഇടവേളയും മൂലം കുർബ്ബാനയെക്കുറിച്ച് പൂർണ്ണമായൊരു കാഴ്ചപ്പാടു നൽകാൻ കൗൺസിലിനു കഴിയാതെപോയി. ഈ പോരായ്മ പരിഹരിച്ചുകൊണ്ട് രണ്ടാംവത്തിക്കാൻ കൗൺസിൽ, അജപാലനപരമായ വീക്ഷണത്തിലൂടെ കൂടുതൽ പൂർണ്ണവും സന്തുലിതവുമായ ദൈവശാസ്ത്രവിശകലനമാണ് പരി.കുർബ്ബാനയെക്കുറിച്ച് നടത്തുന്നത്. ദിവ്യബലിയെക്കുറിച്ചുള്ള കൗൺസിലിന്റെ പ്രധാന പ്രമാണരേഖകൾ താഴെപ്പറയുന്നവയാണ്:

1. ആരാധനാക്രമം
2. തിരുസഭ
3. സഭൈക്യം
4. വൈദികപരിശീലനം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പരി. കുർബ്ബാനയെ സംബന്ധിച്ച ദൈവശാസ്ത്രത്തിന് മൂന്ന് സവിശേഷതകളാണുള്ളത്.

1. സമഗ്രവീക്ഷണം
2. പരിശുദ്ധ കുർബ്ബാനയും സഭയും തമ്മിലുള്ള അഭേദ്യബന്ധം
3. ദിവ്യബലിയിലെ അനുഷ്ഠാനങ്ങൾക്കും അടയാളങ്ങൾക്കുമുള്ള സ്ഥാനം

ആരാധനാക്രമം എന്ന പ്രമാണരേഖ വി. കുർബ്ബാനയുടെ വിവിധവശങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. കുർബ്ബാന ഒരു ബലിയാണെന്നും ഒപ്പം ഒരു വിരുന്നാണെന്നുമുള്ള സഭയുടെ കഴിഞ്ഞകാലപഠനം കൗൺസിൽ ആവർത്തിക്കുന്നു (ആരാധനാക്രമം 47).





അതുപോലെതന്നെ പ്രസ്തുത കൂദാശ ക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മയാചരണമാണ്. വി. കുർബ്ബാനയിലൂടെ ക്രിസ്തുവിന്റെ ബലി ഇന്ന് സഭയ്ക്കു നൽകപ്പെടുന്നു. അവിടുന്ന് വി. കുർബ്ബാന സ്ഥാപിച്ചത് കുരിശിലെ ഈ ബലി നൂറ്റാണ്ടുകളിലൂടെ ലോകത്തിന് നൽകുവാൻ വേണ്ടിയാണ്. അതിനായി അവിടുത്തെ മരണത്തിന്റെയും ഉയിർപ്പിന്റെയും ബലിയർപ്പിക്കാൻ സഭയോടാഹ്വാനം ചെയ്യുകയും ചെയ്തു (ആരാധനാക്രമം 47, തിരുസഭ 3,7,26; വൈദികപരിശീലനം 2,5–13).

കുർബ്ബാനയിൽ വിശ്വാസികളുടെ ബലിയിൽ സഭയുടെ ശിരസായ യേശുവിനോട് യോജിപ്പിക്കപ്പെടുകയും അങ്ങനെ യേശു തന്നെത്തന്നെ എന്നന്നേക്കുമായി അർപ്പിച്ച ബലി പുനരാവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ പ്രതിപുരുഷൻമാരായി അവിടുത്തെ രഹസ്യം ഉദ്ഘോഷിച്ചുകൊണ്ട് ശിരസായ ക്രിസ്തുവിന്റെ ബലിയോട് വിശ്വാസികളുടെ കാഴ്ചയും സംയോജിപ്പിക്കുന്നവരാണവർ (പുരോഹിതർ). നിഷ്കളങ്ക ഹോമവസ്തുവായി സ്വപിതാവിന് ഒരിക്കൽമാത്രം സ്വയം അർപ്പിച്ച ക്രിസ്തുവിന്റെ യാഗം എന്ന പുതിയ ഉടമ്പടിയിലെ ഏകബലി കർത്താവിന്റെ ആഗമനംവരെ അവർ കുർബ്ബാനയിൽ പുനരവതരിപ്പിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു (തിരുസഭ 28).

വിശ്വാസികൾ പുരോഹിതന്റെ കരങ്ങളിലൂടെ ബലിയർപ്പിക്കുക മാത്രമല്ല, മറിച്ച് അദ്ദേഹത്തോടൊപ്പം ബലിയർപ്പിക്കുകയാണ് (ആരാധനാക്രമം 48). അതുകൊണ്ടാണ് പുരോഹിതൻ തനിച്ചു ബലിയർപ്പിച്ചാലും അത് സഭയുടെ ഒരു കർമ്മമായി മാറുന്നത് (വൈദികപരിശീലനം 13; തിരുസഭ 6; ആരാധനാക്രമം 26). വിശ്വാസികളുടെ സമൂഹം വി. കുർബ്ബാനയിൽ സജീവമായി പങ്കെടുക്കണമെന്ന് കൗൺസിൽ നിർദ്ദേശിക്കുന്നു (തിരുസഭ 48).

ക്രിസ്തുവിന്റെ വിവിധ തരത്തിലുള്ള സാന്നിധ്യം ആരാധനാക്രമത്തിൽ വിവക്ഷിക്കുന്നുണ്ട്: ''എന്നാൽ വി. കുർബ്ബാനയിൽ യേശുവിന്റെ സാന്നിധ്യം പ്രത്യേകമായ വിധത്തിലാണ്'' (ആരാധനാക്രമം 7).

പരി. കുർബ്ബാന, ബലിവസ്തു പങ്കുവയ്ക്കപ്പെടുന്ന ഒരു വിശുദ്ധ വിരുന്നാണ് കൂദാശ സ്വീകരണത്തിലൂടെ വിശ്വാസികൾ കൂടുതൽ സജീവമായി കുർബ്ബാനയിൽ പങ്കുകൊള്ളുന്നു (ആരാധനാക്രമം 55). അതുകൊണ്ടാണ് കുർബ്ബാനസ്വീകരണം ശക്തമായി ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. കുർബ്ബാന ഐക്യത്തിന്റെ കൂദാശയായി

കൗൺസിൽ എടുത്തുകാട്ടുന്നു (തിരുസഭ 11,26; സഭൈക്യം 2; വൈദികപരിശീലനം 6). വി. കുർബ്ബാനയിലൂടെ സാദ്ധ്യമാകുന്ന ഐക്യത്തിന് രണ്ടുവശങ്ങളുണ്ട്. സഭാത്മകവും ക്രിസ്തു വിജ്ഞാനീയപരവും - ദിവ്യബലി വിശ്വാസികളെ തമ്മിൽത്തമ്മിൽ അടുപ്പിക്കുകയും അവരെ ക്രിസ്തുവിലൂടെ ദൈവവുമായി യോജിപ്പിക്കുകയും ചെയ്യുന്നു (തിരുസഭ 7; ആരാധനാക്രമം 48). വി. ബലിയർപ്പണത്തിലൂടെ യേശുവിന്റെ രക്തത്താൽ മുദ്രിതമായ ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടി നവീകരിക്കപ്പെടുകയാണ് (ആരാധനാക്രമം 10). ഈ കൂദാശ ക്രിസ്തുസംഭവം അനുസ്മരിപ്പിക്കുകയും യുഗാന്ത്യരക്ഷയെ ലക്ഷ്യംവയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ ദിവ്യവിരുന്നിന് ത്രിവിധമാനങ്ങളുണ്ട്. 1. പെസഹാരഹസ്യത്തിന്റെ അനുസ്മരണം; 2. കൃപയുടെ ഉറവിടം; 3. മഹത്ത്വത്തിന്റെ വാഗ്ദാനം (ആരാധനാക്രമം 47).

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാനനേട്ടങ്ങളിലൊന്ന് വി. കുർബ്ബാനയും സഭയും തമ്മിലുള്ള ബന്ധത്തെ എടുത്തുകാണിക്കുന്നു എന്നതാണ്. ആരാധനാക്രമം എന്ന പ്രമാണരേഖ തുടക്കം മുതലേ വി. കുർബ്ബാന സഭയുടെ കൂദാശകളിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട് (ആരാധനാക്രമം 2,10; വൈദിക പരിശീലനം 5).

ഒരു വിരുന്നെന്ന നിലയിൽ പരി. കുർബ്ബാന സഹോദരകൂട്ടായ്മയുടെ നിദർശനമാണ് (സഭ ആധുനിക ലോകത്തിൽ 38). സഭയുടെ ഹൈരാർക്കിക്കൽ സ്വഭാവം ബലിയർപ്പണത്തിലും ദൃശ്യമാണ്. ക്രിസ്തുവിന്റെ ജീവൻ വിശ്വാസികൾക്കു ലഭ്യമാകുന്നത് മെത്രാനുമായി ബന്ധപ്പെട്ടാണ് (ആരാധനാക്രമം 48; തിരുസഭ 26). അതുകൊണ്ട് മെത്രാൻ കാർമ്മികനും വൈദികർ സഹകാർമ്മികരുമായിട്ടുള്ള ദിവ്യബലിയാണ് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് (ആരാധനാക്രമം 41). അതോടൊപ്പം ഓരോ ബലിയർപ്പണവും മൗതികശരീരത്തിലെ അംഗങ്ങൾ തമ്മിലുള്ള ഐക്യത്തെയും സൂചിപ്പിക്കുന്നു (ആരാധനാക്രമം 26; തിരുസഭ 26).

### 5) പോൾ ആറാമൻ മാർപാപ്പയുടെ തിരുവെഴുത്ത്: മിസ്തേരിയും ഫിദേയി (1965)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമം എന്ന പ്രമാണരേഖ ക്രിസ്തുവിന്റെ വിവിധതരത്തിലുള്ള സാന്നിധ്യത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. മിസ്തേരിയും ഫിദേയി എന്ന പോൾ ആറാമൻ മാർപാപ്പയുടെ തിരുവെഴുത്ത് യേശുവിന്റെ ഈ സാന്നിധ്യത്തെ യഥാർത്ഥങ്ങളായി കാണുന്നു. എന്നാൽ വി. കുർബ്ബാനയിലുള്ള ക്രിസ്തുവിന്റെ സാന്നിധ്യം പരിപൂർണ്ണമായ യഥാർത്ഥ സാന്നിധ്യമാണ് (Presence par excellence). ചില ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ ആശയങ്ങളായ അതീതാർത്ഥം (transignification) അതീതോദ്ദേശ്യം (transfinalization) എന്നിവ കുർബ്ബാനയുടെ യാഥാർത്ഥ്യത്തെ സൂചിപ്പിക്കാൻ പോരുന്നവയല്ലെന്നും, അതിനാൽ സത്താഭേദം (transubstantiation) എന്ന പ്രയോഗം തുടർന്നും ഉപയോഗിക്കണമെന്നും മാർപാപ്പ ആഹ്വാനം ചെയ്യുന്നു.





### 6) 'എവുക്കരിസ്തിക്കും മിസ്തേരിയും' (ആരാധനാക്രമത്തിനുവേണ്ടിയുള്ള തിരുസംഘത്തിന്റെ നിർദ്ദേശം - (1967)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് ഈ നിർദ്ദേശം നല്കപ്പെട്ടത്. കുർബ്ബാനയെന്ന കൂദാശയുടെ വിവിധ വശങ്ങളെപ്പറ്റി, പ്രത്യേകിച്ച് വിരുന്നും ബലിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച്, ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം കുർബ്ബാനയും തിരുസഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പരാമർശമുണ്ട്. തുടർന്ന് വിശ്വാസികളുടെ സജീവ ഭാഗഭാഗിത്വത്തെക്കുറിച്ച് വിശകലനം നടത്തുന്നു. ക്രിസ്തുവിന്റെ വിവിധ സാന്നിധ്യങ്ങളെക്കുറിച്ചും പ്രത്യേകമായി വി. കുർബ്ബാനയിലെ സാന്നിദ്ധ്യത്തെക്കുറിച്ചും എടുത്തു പറയുന്നു. അതുപോലെതന്നെ ഇരുസാദൃശ്യങ്ങളിലും ഉള്ള കുർബ്ബാനസ്വീകരണം; പരി. കുർബ്ബാനയോടുള്ള ഭക്താനുഷ്ഠാനങ്ങൾക്ക് ദിവ്യബലിയോട് ഉണ്ടായിരിക്കേണ്ട അഭേദ്യബന്ധം തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുന്നു.

### 7) ജോൺപോൾ രണ്ടാമൻ മാർപാപ്പ ദൊമിനിക്കെ ചേനെ (സഭയിലെ മെത്രാൻമാർക്കുള്ള കത്ത് - 1980)

1980 - ലെ പെസഹാ വ്യാഴാഴ്ച മെത്രാൻമാരെയും വൈദികരെയും അഭിസംബോധന ചെയ്തുകൊണ്ട് പരി. കുർബ്ബാനയെക്കുറിച്ചുള്ള ഒരു കത്ത് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ചു. ദിവ്യബലിയെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ വിശ്വാസ സത്യങ്ങൾ, പ്രത്യേകിച്ച് പരി. കുർബ്ബാന ഐക്യത്തിന്റെ പ്രതീകമാണെന്ന വസ്തുത മാർപാപ്പ എടുത്തുകാട്ടി. അതോടൊപ്പം കൂദാശയുടെ സാമൂഹികവശത്തെക്കുറിച്ചും പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. നാം ലോകത്തിലുള്ള മനുഷ്യരുടെ ദു:ഖദുരിതങ്ങളെക്കുറിച്ചും ചെയ്യുന്ന തെറ്റുകളെക്കുറിച്ചും അനീതികളെക്കുറിച്ചും

ബോധവാൻമാരാകുകയും അവ ഫലപ്രദമായ വിധത്തിൽ പരിഹരിക്കുന്നതിനുള്ള വഴികൾ കണ്ടുപിടിക്കേണ്ടതുമാണ്.... പരി. കുർബ്ബാന നമ്മെ സഹോദരസ്നേഹത്തിലേക്ക്, സകല മനുഷ്യരോടുമുള്ള സ്നേഹത്തിലേക്കു നയിക്കുന്നു.

**ഉപസംഹാരം**

തിരുവത്താഴവേളയിൽ, വി. കുർബ്ബാന സ്ഥാപനത്തിനുശേഷം, തന്റെ ഓർമ്മയ്ക്കായി തുടരാൻ യേശു നൽകിയ കല്പന ഇന്നും അൾത്താരകളിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ആചരിക്കപ്പെട്ടു പോരുന്നു. വളരെ ലളിതമായി ആരംഭിച്ച ഈ അനുഷ്ഠാനം കാലക്രമേണ വിവിധരൂപങ്ങൾ പ്രാപിച്ചു: ഒപ്പം വിവിധ വ്യാഖ്യാനങ്ങൾക്കും വിധേയമായി. ആദ്യകാലദൈവശാസ്ത്ര ചർച്ചകളെ അപേക്ഷിച്ച്, ആഹ്ലാദകരമായ ചില വ്യതിയാനങ്ങൾ ആധുനിക സമീപനങ്ങളിൽ കാണാവുന്നതാണ്. ദൈവശാസ്ത്രത്തിലെ ചില പദങ്ങളിലും ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടുള്ള വ്യാഖ്യാനരീതികളിലാണ് ആദ്യമൊക്കെ ശ്രദ്ധിച്ചിരുന്നത്. ദൈവികകാര്യങ്ങളെ ബുദ്ധിയുടെ തലത്തിൽ ഒതുക്കാനുള്ള ഒരു ശ്രമം ഒളിഞ്ഞും തെളിഞ്ഞും ആ ചർച്ചകളിൽ നിഴലിക്കുന്നുണ്ട്. എന്നാൽ, ആധുനിക സമീപനങ്ങൾ വി. കുർബ്ബാനയുടെ സ്ഥാപനോദ്ദേശ്യത്തെ വെളിപ്പെടുത്താൻ കൂടുതൽ സഹായകങ്ങളാണ്. വി. കുർബ്ബാന ഐക്യത്തിന്റെയും കൂട്ടായ്മയുടെയും കൂദാശയാണ് (ആരാധനാക്രമം 47). 'ദൊമിനിക്കെ ചേനെ' എന്ന കത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ എഴുതിയതുപോലെ, വി. കുർബ്ബാന നമ്മെ സകല മനുഷ്യരോടുമുള്ള സ്നേഹത്തിലേക്കു നയിക്കുന്നു. ചുരുക്കത്തിൽ, ഈ ലോകജീവിതത്തിൽ ക്രൈസ്തവസാക്ഷ്യത്തിനുള്ള അടിസ്ഥാന പ്രചോദനം വി. കുർബ്ബാനയിൽ നിന്നാണ് ലഭിക്കുന്നത്.

**ഡോ. ജേക്കബ് നങ്ങേലിമാലിൽ**



# 04

## വി. കുർബ്ബാന: ചരിത്രാവലോകനം II

ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ *ദൊമിനിക്കെ ചേനെ* (1980) എന്ന അപ്പസ്തോലികാഹ്വാനത്തിനുശേഷം വി. കുർബ്ബാനയെപ്പറ്റി പ്രസിദ്ധീകരിച്ച "കർത്താവിന്റെ ദിവസം," "കുർബ്ബാനയുടെ കൂട്ടായ്മ," "നാഥാ കൂടെ വസിച്ചാലും," "സ്നേഹത്തിന്റെ കൂദാശ" എന്നീ സുപ്രധാന രേഖകളുടെ ചുരുങ്ങിയ ഒരു പ്രതിപാദനമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. വി. കുർബാന എന്ന മഹാരഹസ്യത്തിന്റെ വിവിധമാനങ്ങളെ ക്രൈസ്തവ ജീവിതബന്ധിയായി അവതരിപ്പിക്കുന്ന ഈ അപ്പസ്തോലിക ആഹ്വാനങ്ങൾ വി. കുർബാന സഭാത്മക ജീവിതത്തിന്റെ പരമകാഷ്ഠ എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തെ വിശദീകരിക്കുകയും വിപുലമാക്കുകയും ചെയ്യുന്നു.

### 1. കർത്താവിന്റെ ദിവസം (*Dies Domini* – 31 മെയ് 1998)

1998 മെയ് 31-ാം തിയ്യതി പന്തക്കുസ്താതിരുനാളിൽ ആഗോളസഭയ്ക്ക് ജോൺപോൾ രണ്ടാമൻ മാർപാപ്പ എഴുതിയ അപ്പസ്തോലിക ലേഖനമാണ് "ഡീയെസ് ഡൊമിനി," അഥവാ "കർത്താവിന്റെ ദിവസം". അപ്പസ്തോലിക കാലഘട്ടം മുതൽ പരിശുദ്ധമായി ആചരിച്ചുവരുന്ന കർത്താവിന്റെ ദിവസമായ

ഞായറാഴ്ചാ ആചരണം ക്രിസ്തീയ രഹസ്യത്തോട് ചേർന്ന് നില്ക്കുന്നു എന്ന ആമുഖത്തോടെ ആരംഭിക്കുന്ന അപ്പസ്തോലിക ലേഖനം അഞ്ച് അദ്ധ്യായങ്ങളിലൂടെ ഞായറാഴ്ചാചരണത്തിന്റെ ആഴമുള്ള ദൈവശാസ്ത്ര ചിന്തകളാണ് നൽകുന്നത്.

കർത്താവിന്റെ ദിനമെന്ന അപ്പസ്തോലിക ലേഖനത്തിന്റെ ആമുഖത്തിൽ (no. 1-7) മൂന്ന് പ്രതീക്ഷകൾ മാർപാപ്പ പങ്കുവെയ്ക്കുന്നു:

1) തിരുസ്സഭയുടെ കല്പനകളിലെ സുപ്രധാനമായ ഞായറാഴ്ച ആചരണത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ വീണ്ടെടുക്കുക

2) സഭയെ രൂപപ്പെടുത്തുന്ന വി. കുർബ്ബാനയുടെയും ദൈവ വചനത്തിന്റെയും ആന്തരികാർത്ഥം വീണ്ടെടുത്ത് അർത്ഥ പൂർണ്ണമായ അർപ്പണത്തിന് വിശ്വാസികളെ പര്യാപ്തമാക്കുക

3) ഞായറാഴ്ചാചരണം ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായി ത്തീരുകയും വിശ്വാസം ആവശ്യപ്പെടുന്ന കാരുണ്യത്തിന്റെ കൂട്ടായ്മ വളരുന്ന സമൂഹത്തെ കെട്ടിപ്പടുക്കുകയും ചെയ്യുക.

ജോൺപോൾ രണ്ടാമൻ ഇപ്രകാരം എഴുതുന്നു: "നിങ്ങളുടെ സമയം ക്രിസ്തുവിന് നല്കാൻ ഭയപ്പെടേണ്ട. ക്രിസ്തുവിന് നല്കുന്ന ഓരോ നിമിഷവും നഷ്ടമല്ല. പിന്നെയോ നിത്യതയിൽ കൂട്ടപ്പെടുന്ന സമയമാണ്. അപ്രകാരം മാനുഷികജീവിതത്തിന്റെ ആന്തരികാർത്ഥം വീണ്ടെടുക്കപ്പെട്ട് മാനുഷിക ബന്ധങ്ങളെ ശക്തിപ്പെടുത്താൻ നിങ്ങൾക്ക് കഴിയും" (no. 7).

അഞ്ച് അദ്ധ്യായങ്ങളുള്ള ഈ ആഹ്വാനത്തിന്റെ ഉള്ളടക്കമാണ് താഴെ വിവരിക്കുന്നത്.

ഒന്നാം അദ്ധ്യായം സൃഷ്ടാവിന്റെ സൃഷ്ടികർമ്മത്തിന്റെ ആഘോഷവും അനുസ്മരണവും (no. 8 - 18, *Dies Domini)* എന്ന താണ്. എല്ലാ ഞായറാഴ്ചകളും ഉത്ഥാനഞായറാഴ്ചകളാണ്. ഈ ഉത്ഥാനഞായറിന്റെ ആന്തരികാർത്ഥം വീണ്ടെടുക്കുവാൻ ദൈവസൃഷ്ടിയെക്കുറിച്ചുള്ള ഉത്പത്തി വിവരണം വീണ്ടും വായിച്ച് ധ്യാനവിഷയമാക്കേണ്ടതുണ്ട്. അപ്രകാരം വികസ്വരമാകുന്ന സാബത്തിന്റെ ദൈവശാസ്ത്രം ഞായറാഴ്ചാചരണങ്ങൾക്ക് അർത്ഥവും മിഴിവും നല്കും. കാവ്യാത്മകമായ ബിംബങ്ങൾ ഉപയോഗിച്ച് ദൈവം എപ്രകാരമാണ് സൃഷ്ടിയവസാനിപ്പിച്ച് സാബത്തു ദിവസം വിശ്രമിച്ചതെന്ന് മാർപാപ്പ വിശദീകരിക്കുന്നു.





സുന്ദരമായ സൃഷ്ടിയുടെ മുൻപിൽ ദൈവം ആമഗ്നനായി നിന്നു (lingering). ദൈവത്തിന്റെ കരവേലകളാൽ മെനയപ്പെട്ട സൃഷ്ടിയുടെ സൗന്ദര്യത്തിന്റെ പ്രശോഭയെക്കുറിച്ച് പറഞ്ഞുകൊണ്ട് ദൈവത്തെ, സൃഷ്ടികളുടെ മണവാളനായി മാർപാപ്പ ഉപമിക്കുന്നു. സൃഷ്ടാവായ ദൈവവും സൃഷ്ടപ്രപഞ്ചവും തമ്മിലുള്ള ആഴമേറിയ ബന്ധം നിത്യത വരെ എത്തുന്നതാണെന്ന് മാർപാപ്പ വിശദീകരിക്കുന്നു (no. 11). ദൈവം മനുഷ്യനായി ചെയ്ത അവർണ്ണനീയ നന്മകളെ അനുസ്മരിക്കുന്ന ഞായറാഴ്ച ദൈവവും മനുഷ്യനും തമ്മിലുള്ള ഗാഢമായ സംഭാഷണത്തിന്റെ അവസരമാണ് (no. 15,16).

ഉത്ഥിതനായ യേശുവിന്റെ ദിനവും പരിശുദ്ധാത്മാവിന്റെ ദാനവുമാണ് ഞായറാഴ്ച (no. 19-30, *Dies Christi*) എന്ന രണ്ടാം അദ്ധ്യായത്തിൽ നാഥന്റെ ഉത്ഥാനത്തോടെ സംജാതമായ പുതിയ സൃഷ്ടിയെക്കുറിച്ചുള്ള വിവരണമാണ് നൽകുന്നത്. യഹൂദരുടെ സാബത്താചരണത്തിൽനിന്ന് വ്യത്യസ്തമായി എപ്രകാരമാണ് ഞായറാഴ്ചാചരണം രൂപപ്പെട്ട് വന്നതെന്ന് ഈ അധ്യായത്തിൽ വ്യക്തമാക്കുന്നു. ഉത്ഥാനദിവസം പുതിയസൃഷ്ടിയുടെ ആരംഭംപോലെ, ഞായറാഴ്ചയെ എട്ടാം ദിനമെന്നും ജോൺപോൾ പാപ്പ വിളിക്കുന്നു. അതിഭൗതിക യാഥാർത്ഥ്യം പ്രതിനിധാനം ചെയ്യുന്ന ഈ ദിനം അന്ത്യമില്ലാത്തതും നിത്യതയിലേക്ക് വിരൽ ചൂണ്ടുന്നതുമാണ്. ഈ ഉത്ഥാനഞായർ "പരിശുദ്ധാത്മ ആഴ്ചയിലേ"ക്ക് നയിക്കുന്നു. കാരണം, ഉത്ഥിതനെ കണ്ടുമുട്ടി ജീവൻ പകരുന്ന ആത്മാവിന്റെ നിശ്വസനം നാം ഏറ്റ് വാങ്ങുന്നു (no. 28).

വി. കുർബ്ബാനകേന്ദ്രീകൃതമായ സമൂഹമാണ് ഞായറാഴ്ച യാചരണത്തിന്റെ കേന്ദ്രം (no. 31-54, *Dies Ecclesiae)* എന്ന് മൂന്നാം അദ്ധ്യായം വിശദമാക്കുന്നു. ഞായറാഴ്ചയാചരണം ഗതകാല സംഭവത്തിന്റെ ഓർമ്മ പുതുക്കൽ മാത്രമല്ല പിന്നെയോ തന്റെ ജനത്തിന്റെ മദ്ധ്യത്തിലുള്ള ഉത്ഥിതനാഥന്റെ സാന്നിദ്ധ്യവും ആഘോഷവുമാണ്. വി. മാമ്മോദീസായിലൂടെ ജീവന്റെ കൃപ സ്വീകരിച്ച് വ്യക്തിഗതമായ ആത്മരക്ഷ സാധിച്ചത് ഏക വ്യക്തിയുടെ അനുഭവമായിട്ടല്ല പിന്നെയോ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായി മാറിക്കൊണ്ട് ദൈവ ജനമായി തീർന്നുകൊണ്ടാണ്. വി. കുർബ്ബാന സഭാജീവിതത്തിന്റെ ഉറവിടവും അടിസ്ഥാനവുമാണ്. അപ്രകാരം ചിന്തിക്കുമ്പോൾ കർത്താവിന്റെ ദിനം (*Dies Domini*) സഭയുടെ ദിനവുമായി (*Dies*

*Ecclesiae*) താദാത്മ്യഭവിക്കുന്നു. ഓരോ ഞായറാഴ്ചയാചരണവും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി മുന്നേറുന്ന തീർത്ഥാടകസഭയുടെ സ്വഭാവം വെളിപ്പെടുത്തുന്നു.

ഞായറാഴ്ചയാചരണത്തിൽ വചനമായും ജീവന്റെ അപ്പമായും ദിവ്യനാഥൻ ആഗതനാകുന്നു. വചനത്തിന്റെ ആഴപ്പെടലും ദിവ്യകാരുണ്യാനുഭവവും കരഗതമാകുവാൻ കുർബാനയർപ്പണം സജീവമാകേണ്ടതാണ്. സാഹോദര്യത്തിന്റെ ആഘോഷമായും വി. കുർബാനയർപ്പണം അനുഭവവേദ്യമാകേണ്ടതുണ്ട്. ബലിയർപ്പണ മേശയിൽനിന്ന് ലോകത്തിന്റെ പാഠശാലകളിലേക്ക് സ്നേഹ ദൗത്യവുമായി (From Mass to Mission) കടന്നു പോകുവാനും ഈശോയെ സ്വീകരിച്ച് അനുഭവിച്ചറിഞ്ഞ ആത്മീയ സന്തോഷം സഹോദരങ്ങളുമായി പങ്കുവെയ്ക്കുവാനും ഓരോ വിശ്വാസിക്കും ഇടയാകണം. "കർത്താവിന്റെ പരിശുദ്ധമായ ദിവസം മറ്റെല്ലാം ഒഴിവാക്കിടണ"മെന്ന് സഭാപിതാക്കന്മാരുടെ കാലഘട്ടത്തിലെ കൃതിയായ ഡിഡസ്കാലിയായിൽ സൂചിപ്പിക്കുന്നു. അപ്രകാരം സഭയുടെ പൗരാണിക വിശുദ്ധ പാരമ്പര്യത്തിന്റെ ഭാഗമായി ഞായറാഴ്ച അർപ്പണം ഓരോ വിശ്വാസിയുടെയും കടമുള്ള കർത്തവ്യമായി മാറി.

ഞായറാഴ്ചയാചരണമെന്നത് ആത്മീയാനന്ദത്തിന്റെ, വിശ്രമത്തിന്റെ സാഹോദര്യത്തിന്റെ വേദിയായി മാറുന്നു എന്നതാണ് നാലാം അദ്ധ്യായത്തിന്റെ പ്രതിപാദ്യ വിഷയം (no. 55-73, *Dies Hominis*). ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയ ശിഷ്യന്മാരുടെ ഹൃദയം ആനന്ദതുന്ദിലിതമായതുപോലെ (യോഹ 20:20) വി. കുർബാനയർപ്പണത്തിനായി അണയുന്ന വിശ്വാസിക ളുടെ ഹൃദയവും പരിശുദ്ധാത്മ ഫലമായ ദൈവികാനന്ദംകൊണ്ട് നിറയുന്നു. ഞായറാഴ്ചയാചരണം സാബത്തിനെ മാറ്റി പുതിയൊരു ദിവസം പ്രതിഷ്ഠിക്കുന്നതിലുപരി സാബത്താചരണത്തെ പൂർത്തീകരിക്കുന്നതാണ്. വിശ്രമം എന്ന വിശുദ്ധമായ കാര്യം അദ്ധ്വാനത്തിൽനിന്നും ശാരീരിക ക്ലേശങ്ങളിൽനിന്നും വിടുത ലെടുക്കുന്നതും സർവ്വം ദൈവികപരിപാലനയിൽ നിറവേറ്റപ്പെടുന്നു എന്ന ബോദ്ധ്യം ഉളവാക്കുന്നതുമാണ്. കർത്താവിന്റെ ഉത്ഥാനാ ചരണദിനമായ ഞായറാഴ്ചയിൽ ദൈവികാനന്ദം പങ്കുവെയ്ക്കുന്ന കാരുണ്യത്തിന്റെ കരങ്ങൾ സഹോദരങ്ങളിലേക്ക് നീളേണ്ടതാണ്. വിശക്കുന്നവന് ആഹാരം പകുത്തു നൽകുകയും രോഗിയെ സന്ദർശിക്കുകയും ഏകാന്തതയിൽ സ്നേഹിതനായി മാറുകയും ചെയ്യുന്ന പരസ്നേഹത്തിന്റെ മകുടങ്ങളായി വിശ്വാസികൾ മാറേണ്ടതാണ്.





അഞ്ചാം അദ്ധ്യയം (no. 74-80, *Dies Dierum*) അനന്തതയുടെ അർത്ഥം വെളിപ്പെടുത്തുന്ന ചരിത്രാതീത ആഘോഷമാണ് ഞായറാഴ്ചയാചരണം എന്ന സത്യത്തെ വിശദീകരിക്കുന്നു. ചരിത്രത്തിന്റെ പന്ഥാവിൽ സമയത്തിന്റെ പൂർണ്ണതയിൽ അവതീർ ണ്ണനായ വചനമായ ക്രിസ്തുവിലൂടെ സമയത്തിനും കാലത്തിനും സ്വഭാവാതീതമായ അർത്ഥം കൈവന്നു. സമയത്തിന്റെ ആൽഫയും ഒമേഗയുമായും ക്രിസ്തു മാറി. അപ്രകാരം സമയത്തിന്റെ അർത്ഥതലങ്ങൾ ഉത്ഥാനസംഭവം അനുസ്മരിക്കുന്ന ഞായറാഴ്ച വെളിപ്പെടുത്തി. ആരാധനാക്രമ കാലഘട്ടങ്ങളിലൂടെ ഇതൾ വിരിയുന്ന രക്ഷാകരസംഭവം ആണ്ടുവട്ടത്തിൽ സഭയുടെ വിശുദ്ധമാരുടെ അനുസ്മരണത്തിലൂടെ കൂടുതൽ അർത്ഥവത്തായി മാറുന്നു.

ക്രൈസ്തവജീവിതത്തിന്റെ ആന്തരികതയിൽ നിന്നും ഉയിർകൊള്ളുന്ന ഞായറാഴ്ചാരണത്തിന്റെ അർത്ഥ തലങ്ങൾ വചനാധിഷ്ഠിതമായി നാം ആഴത്തിൽ ഉൾക്കൊള്ളേണ്ടതാണ്. ഞായറാഴ്ച ഉത്ഥിതന്റെ ദിനമാണ്. ആഴ്ചയിലെ മറ്റു ദിനങ്ങളിലെ ഊർജ്ജമായി മാറുന്നത് ഈ ഉത്ഥാനദിനാചരണമാണ്. സഭാപിതാവായ ഒരിജൻ പറയുന്നു "യഥാർത്ഥ ക്രിസ്ത്യാനി കർത്താവിന്റെ ദിനത്തിലായിരിക്കുകയും ആ ദിനം വിശുദ്ധമായി ആചരിക്കുകയും ചെയ്യുന്നു."

### 2. കുർബാനയുടെ കൂട്ടായ്മ (*Ecclesia de Eucharistia,* 27 April 2003)

ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ പതിനാലാം ചാക്രികലേഖനമാണ് "കുർബാനയുടെ കൂട്ടായ്മ". 2003 ഏപ്രിൽ 17 ന് പ്രസിദ്ധീകരിച്ച ഈ ചാക്രികലേഖനം സഭയെ പടുത്തുയർ ത്തുന്ന വി. കുർബാനയാകുന്ന ദിവ്യരഹസ്യത്തിന്റെ ആഴങ്ങളിലേ യ്ക്കുള്ള ഒരു തീർത്ഥാടനമാണ്. ആമുഖവും 6 അദ്ധ്യായങ്ങളിലായി 62 ഖണ്ഡികകളും ഉപസംഹാരവുമാണ് ഈ ചാക്രിക ലേഖനത്തിന്റെ ഉള്ളടക്കം. "നവസഹസ്രാബ്ദത്തിൽ" (*Novo Millennio Ineunte*) "കന്യകാമറിയത്തിന്റെ ജപമാല" (*Rosarium Virginis Mariae*) എന്നീ അപ്പസ്തോലിക ലേഖനങ്ങളുടെ തുടർച്ചയും വിശ്വാസത്തെയും പ്രായോഗികതയെയും കുറിച്ചുള്ള പരി. പിതാവിന്റെ പഠനങ്ങളുടെ പരമകാഷ്ഠയുമാണ് ഈ ചാക്രികലേഖനം എന്നു പറയാം. ഇവയോടൊപ്പം ലെയോ 13 -ാമൻ മാർപാപ്പായുടെ *മീറെ കാരിത്താത്തിസ്* (28 മെയ് 1902), 12 -ാം പീയൂസ് പാപ്പായുടെ *മേദിയാത്തോർ ദേയി* (20 നവം. 1947), പോൾ

ആറാമൻ മാർപാപ്പായുടെ *മിസ്തേരിയും ഫിദേയി* (3 സെപ്റ്റം. 1965), രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളായ *ല്യൂമെൻ ജെൻസിയും* (*തിരുസഭ*, 21 നവം 21 -1964), *സാക്രോസാങ്തും കൊൺചീലിയും* (ആരാധനാക്രമം, 4 ഡിസം. 1963) ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ *ദോമിനിക്കെ ചേനേ* (24 ഫെബ്രു 1980). എന്നീ സഭാപ്രബോധനങ്ങളും ഈ ചാക്രികലേഖനത്തിൽ പരാമർശിക്കുന്നുണ്ട്.

സഭയും വി. കുർബാനയും തമ്മിലുള്ള ബന്ധം ആമുഖ ഭാഗത്ത് (no. 1-10) പരി. പിതാവ് വിവരിക്കുന്നു. ''സഭ കുർബാനയിൽനിന്നു ജീവൻ സ്വീകരിക്കുന്നു. ഈ സത്യം വിശ്വാസത്തിന്റെ കേവലം ഒരു അനുദിനാനുഭവം പ്രകാശിപ്പിക്കുകയല്ല. പിന്നെയോ അത് സഭാരഹസ്യത്തിന്റെ കേന്ദ്രത്തെ സംക്ഷേപിച്ച് ആവർത്തിക്കുകയാണ്'' (no. 1). ''ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും അത്യുച്ചകോടിയുമായ'' (LG 11) വി. കുർബാനയിൽ ''സഭയുടെ അദ്ധ്യാത്മിക സമ്പത്തുമുഴുവനും'' അടങ്ങിയിരിക്കുന്നു. ''അൾത്താരയിലെ കൂദാശയിൽ സന്നിഹിതനായിരിക്കുന്ന തന്റെ കർത്താവിങ്കലേയ്ക്ക്'' കണ്ണുകൾ തിരിച്ച് ''അവിടുത്തെ അളവറ്റ സ്നേഹത്തിന്റെ സമ്പൂർണ്ണ പ്രകാശനം അവൾ കണ്ടെത്തുന്നു'' (no. 1).

''വിശ്വാസത്തിന്റെ രഹസ്യം'' എന്ന ഒന്നാം അദ്ധ്യായം (no. 11-20) ലോകത്തിന്റെ രക്ഷയ്ക്കായി നൽകപ്പെടുന്ന ശരീരരക്തങ്ങളിലൂടെ വിശുദ്ധ കുർബ്ബാനയെ ഒരേ സമയം, അവിഭാജ്യമാംവിധം, കുരിശിലെ ബലിയെ ശാശ്വതീകരിക്കുന്ന ബലിയുടെ ഓർമ്മയും കർത്താവിന്റെ ശരീരരക്തങ്ങളുടെ കൂട്ടായ്മയുടെ വിശുദ്ധ വിരുന്നുമായും അവതരിപ്പിക്കുന്നു. ബലിയും വിരുന്നുമായ ''വി. കുർബാനയുടെ പരികർമ്മം എന്നത് ക്രിസ്തുവിന്റെ പെസഹായുടെ വെറും ആവർത്തനമോ, കൂട്ടിച്ചേർക്കലോ വർദ്ധിപ്പിക്കലോ അല്ല മറിച്ച് ആവർത്തിക്കപ്പെടുന്നത് അനുസ്മരണാഘോഷമാണ് അതായത്, സ്മരണാപരമായ പ്രതിനിധീഭവിക്കൽ ആണ്. ഈ പ്രതിനിധീഭവിക്കൽ ''ക്രിസ്തുവിന്റെ ഏറ്റവും സുനിശ്ചിതവും രക്ഷാകരവുമായ ബലിയെ എപ്പോഴും സമയത്തിൽ സന്നിഹിതമാക്കുന്ന ഒന്നാണ്'' (no.12). വി. കുർബാനയിൽ ദൈവമനുഷ്യനായ ക്രിസ്തു പൂർണ്ണമായും സമഗ്രമായും സന്നിഹിതനാകുന്നുവെന്ന് പോൾ ആറാമന്റെ മാർപാപ്പായുടെ *മിസ്തേരിയും ഫീദേ* എന്ന ചാക്രികലേഖനം ഉദ്ധരിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ പാപ്പാ ഉറപ്പിച്ചു പറയുന്നു. ഇത് ട്രെന്റു





സൂനഹദോസിന്റെ പഠനമായ സത്താമാറ്റം (*transubstantiation*) എന്ന ആശയത്തെ ഉറപ്പിക്കുന്നു. സത്താമാറ്റം എന്നാൽ ''അപ്പത്തിന്റെയും വീഞ്ഞിന്റെയും കൂദാശാകർമ്മം അപ്പത്തിന്റെ മുഴുവൻ സത്തയെയും നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ ശരീരത്തിന്റെ സത്തയായും വീഞ്ഞിന്റെ മുഴുവൻ സത്തയെയും അവിടുത്തെ രക്തത്തിന്റെ സത്തയായും മാറ്റുന്ന'' പ്രക്രിയയാണ് (no. 15). വി. കുർബാനയുടെ യുഗാന്ത്യപരമായ ആകാംക്ഷ ചരിത്രത്തിൽ ഇന്നിന്റെ ജീവിതത്തിൽ - ക്രൈസ്തവർക്കുള്ള ഉത്തരവാദിത്വബോധത്തെ കുറയ്ക്കുന്നില്ല. മറിച്ച്, ''ദൈവിക പദ്ധതിയോട് പൂർണ്ണമായി യോജിക്കുന്ന ഒരു ലോകത്തെ നിർമ്മിക്കാൻ സുവിശേഷവെളിച്ചം കൊണ്ട് സഹായിക്കുകയെന്ന'' (no. 20) കടമയെ വർദ്ധമാനമാക്കുകയാണ് ചെയ്യുന്നത്. ഈ ഉത്തരവാദിത്വം ലോകത്തിലെ ബലഹീനരും ചൂഷിതരും പാവപ്പെട്ടവരുമായവരോടുള്ള ഐക്യം വഴി അവർക്കു പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നൽകുന്നതിലും അടങ്ങിയിരിക്കുന്നു (cf. 1 കോറി 1:17-22; 2734).

രണ്ടാം അദ്ധ്യായത്തിന്റെ കാതൽ വി. കുർബ്ബാന സഭയെ നിർമ്മിക്കുന്നു എന്നതാണ് (no. 21-24). വി. കുർബ്ബാനയാകുന്ന ദൈവികവിരുന്നിൽ പങ്കെടുക്കുന്ന വിശ്വാസികൾ ക്രിസ്തുവിനെ സ്വീകരിക്കുക മാത്രമല്ല, അവർ ക്രിസ്തുവിനാൽ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. സഭയുടെ ഐക്യത്തിന്റെ ശക്തി കൂദാശ ചെയ്യപ്പെട്ട ക്രിസ്തുവിന്റെ ശരീരവും രക്തവുമാണ് (no. 21). വി. മാമ്മോദീസായിൽ നടന്ന മിശിഹായുമായുള്ള കൂടിച്ചേരൽ നിരന്തരം നവീകരിക്കപ്പെടുന്നതും സുദൃഢമാക്കപ്പെടുന്നതും വി. കുർബാനയിലൂടെയാണ് (no. 22). അങ്ങനെ വിശ്വാസീസമൂഹം മനുഷ്യവംശത്തിനുള്ള ഒരു കൂദാശ ആയിത്തീരുന്നു. അതിനാൽ പരി. കുർബാന സുവിശേഷവത്കരണത്തിന്റെയെല്ലാം ഉറവിടവും പരമകോടിയുമായി കാണപ്പെടുന്നു. ഇപ്രകാരം വി. കുർബ്ബാനയിൽ പരി. ത്രിത്വത്തോടും മനുഷ്യവംശത്തോടുമുള്ള ഐക്യം എന്ന ലക്ഷ്യം ഫലമണിയുന്നു. ദിവ്യകാരുണ്യ ആരാധനയും ദിവ്യകൂദാശയുടെ പൊതുപ്രദർശനവും ''കർത്താവിന്റെ ശരീരരക്തങ്ങളോടുള്ള നമ്മുടെ കൂട്ടായ്മയുടെ ഫലങ്ങളെ ദീർഘിപ്പിക്കുന്നതും വർദ്ധിപ്പിക്കുന്നതുമാണ്'' (no. 25).

''കുർബാനയുടെയും സഭയുടെയും അപ്പസ്തോലികത്വം'' എന്ന മൂന്നാം അധ്യായം (no. 26-33) സഭയും വി. കുർബ്ബാനയും തമ്മിലുള്ള അപ്പസ്തോലികത്വത്തിന്റെ പാരസ്പര്യത്തെയാണ് വിശദമാ

ക്കുന്നത്. സഭ അപ്പസ്തോലികമാണ് എന്നതിൽ മൂന്നു കാര്യങ്ങൾ ഉൾപ്പെടുന്നു. 1. സഭ അപ്പസ്തോലന്മാരാകുന്ന അടിത്തറമേൽ പടുത്തുയർത്തപ്പെട്ടതാണ്. 2. അപ്പസ്തോലിക പ്രബോധനത്തെ സഭ സംരക്ഷിക്കുകയും കൈമാറുകയും ചെയ്യുന്നു. 3. അപ്പസ്തോലന്മാരുടെ അജപാലനജോലിയിലുള്ള പിൻഗാമികളായ മാർപാപ്പാമാരിലൂടെയും വൈദികരാൽ സഹായിക്കപ്പെടുന്ന മെത്രാൻസംഘത്തിലൂടെയും സഭ നിരന്തരം പഠിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു. സഭയെ സംബന്ധിച്ച ഈ മൂന്നു കാര്യങ്ങളും വി. കുർബ്ബാനയെ സംബന്ധിച്ചും വസ്തുതാപരമാണ്. ''ഈശോ അപ്പസ്തോലന്മാർക്ക് ഏല്പിച്ചുകൊടുത്തതും, അവരാലും അവരുടെ പിൻഗാമികളാലും നമ്മിലേക്കു കൈമാറിയതുകൊണ്ടും''(no. 27) തിരുപ്പട്ടമെന്ന കൂദാശ മെത്രാന്റെ കൈവയ്പുവഴി സ്വീകരിച്ച വൈദികരാൽ പരികർമ്മം ചെയ്യപ്പെടുന്നതിനാലും വി. കുർബ്ബാന അപ്പസ്തോലികമാണ്.

നാലാം അധ്യായം ''വി. കുർബ്ബാനയും സഭാത്മകകൂട്ടായ്മയും'' എന്നതാണ് (no. 34-46). മൂന്നാമത്തെ അധ്യായ ത്തിലെ വിഷയങ്ങളുടെ ആഴത്തിലുള്ള വിചിന്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ നാം കാണുന്നത്. സഭ അതിന്റെ ഭൗമിക തീർത്ഥാടനത്തിൽ ത്രിത്വാത്മക ദൈവവുമായുള്ള കൂട്ടായ്മയും വിശ്വാസികളുടെയിടയിലുള്ള കൂട്ടായ്മയും സംരക്ഷിക്കുവാനും വളർത്താനും വിളിക്കപ്പെട്ടിരിക്കുന്നു എന്ന് പരി. പിതാവ് ഓർമ്മപ്പെടുത്തുന്നു.

അപ്പസ്തോലിക പാരമ്പര്യത്തോട് വിശ്വസ്തത പുലർത്തിയും കൂദാശകളുടെ ശിക്ഷണക്രമത്തോട് ഐക്യപ്പെട്ടുമാണ് സഭ കൂട്ടായ്മയെ പ്രഘോഷിക്കുന്നത്. അതിനാൽ വി. കുർബ്ബാന ഐക്യത്തിനുള്ള മാർഗ്ഗമായി ഉപയോഗിക്കപ്പെടരുത്. മറിച്ച്, വി. കുർബാന സഭയുടെ ഐക്യത്തെ അതിൽത്തന്നെ മുൻകൂട്ടി ഉദ്ദേശിക്കുകയും അതിനെ ബലപ്പെടുത്തുകയുമാണ് ചെയ്യുന്നത്. വി. കുർബാന ഐക്യത്തെ സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുവെങ്കിലും (no. 40) വിശ്വാസപ്രഖ്യാപനം, കൂദാശകൾ, സഭാഭരണം എന്നിവയുടെ ബന്ധങ്ങളിൽ പൂർണ്ണ ഐക്യം. വി. കുർബാന ആവശ്യപ്പെടുന്നുവെന്നതും സ്മർത്തവ്യമാണ് (no. 44).

''കുർബ്ബാനയാഘോഷത്തിന്റെ മഹത്വം'' എന്ന അഞ്ചാമത്തെ അദ്ധ്യായം (no. 47-52) വി. കുർബ്ബാന അതിനനുയോജ്യമായ പശ്ചാത്തലത്തിൽ ആഘോഷിക്കുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണി





ക്കുന്നു. ദൈവത്തിന്റെ അളവറ്റ വിശുദ്ധിയെ അടയാളങ്ങളുടെ ലാളിത്യത്തിൽ മറച്ചുവെയ്ക്കുന്നുണ്ടെങ്കിലും മഹോന്നതമായ ക്രൈസ്തവ രഹസ്യത്തെ ഉദ്ഘോഷിക്കുന്ന ശില്പവിദ്യാ, കൊത്തുപണി, ചിത്രരചന, സംഗീതം എന്നിവയിലൂടെ തന്റെ ദിവ്യമണവാളനോടുള്ള സ്നേഹം സഭ പ്രഘോഷിക്കുന്നു. വിശ്വാസത്തിനു യഥാർത്ഥ സേവനം നല്കുന്ന വിശുദ്ധ കലകളുടെ അനുരൂപണം ഈ രഹസ്യത്തെ സംബന്ധിച്ച നിരന്തരാവബോധത്തോടെ നിർവ്വഹിക്കുവാൻ (no. 51) ''കുർബ്ബാനയുടെ കൂട്ടായ്മ'' നമ്മെ ഓർമ്മപ്പെടുത്തുന്നു.

''കുർബ്ബാനയുടെ സ്ത്രീയായ'' മറിയത്തിന്റെ വിദ്യാലയത്തിൽ എന്ന അവസാന അദ്ധ്യായം (no. 53-58) പരി. അമ്മയെയും സഭയെയും വി. കുർബ്ബാനയോട് ബന്ധപ്പെടുത്തി മനസ്സിലാക്കുന്നു. പരി. അമ്മ തന്റെ ഉദരത്തിൽ ഈശോയെ വഹിച്ച് ആദ്യത്തെ സക്രാരിയായതുപോലെ സഭ തന്റെ ഹൃദയത്തിൽ ഈശോയെ സൂക്ഷിക്കുകയും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ലോകത്തിനു നല്കുകയും ചെയ്യുന്നു. പരി. ത്രിത്വത്തിനു സ്തോത്രഗീതം പാടുന്ന ജീവിതങ്ങളായി വിശ്വാസികൾ മാറുവാനായി വി. കുർബാനയാകുന്ന ദാനം നല്കപ്പെടുന്നു.

ദൈവിക വിശുദ്ധിയിലേക്ക് നടന്നടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു പുതിയ കർമ്മപദ്ധതിയുടെ ആവശ്യമില്ല; കാരണം അത് നല്കപ്പെട്ടു കഴിഞ്ഞതാണ്. തന്നെ അറിയുവാനും സ്നേഹിക്കുവാനും അനുകരിക്കുവാനും പ്രഘോഷിക്കാനും വിളിക്കുന്ന ക്രിസ്തുതന്നെയാണ് ഈ കർമ്മപദ്ധതി. ഈ പദ്ധതിയുടെ ഒരു പ്രകടിതഭാവം വി. കുർബ്ബാനയിൽ നാം കാണുന്നു. വിശുദ്ധരുടെ വിദ്യാലയങ്ങളിൽ നിന്നും യഥാർത്ഥദിവ്യകാരുണ്യ ശക്തിയെ മനസ്സിലാക്കി മാമ്മോദീസായിൽ ആരംഭിച്ച ക്രൈസ്തവവിളിയെ പരിപോഷിപ്പിക്കാനുള്ള വിളിയും പ്രാർത്ഥനയും ഉപസംഹാരത്തിൽ (no. 59-62) പരി. പിതാവ് ഓർമ്മപ്പെടുത്തുന്നു.

### 3. നാഥാ കൂടെ വസിച്ചാലും *(Mane Nobiscum Domine,* 7 ഒക്ടോ. 2004)

ഒക്ടോബർ 2004 ഒക്ടോ. 2005 ലെ ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ചാണ് ''നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും'' (*മാനേ നൊബിസ്കും ദോമിനേ*) എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ അപ്പസ്തോലിക ആഹ്വാനം 2004 ഒക്ടോബർ 7-ാം തിയ്യതി പ്രസിദ്ധീകരിച്ചത്. ആമുഖവും ഉപസംഹാരവും നാല് അധ്യായങ്ങളും ഉൾപ്പെടെ 71 ഖണ്ഡികകളുള്ള വളരെ ചെറിയ ഈ അപ്പ

സ്തോലിക ലേഖനം അതിന്റെ മനോഹരവും ലളിതവുമായ ശൈലി കൊണ്ടും ആഴമുള്ള ആത്മീയചിന്തകൾ കൊണ്ടും സമ്പന്നമാണ്. എമ്മാവൂസിലേക്കുള്ള യാത്രയിൽ സഹയാത്രികനായി അണഞ്ഞ ക്രിസ്തുവിനോടൊപ്പം വഴിയും രാത്രിയും പങ്കിട്ട രണ്ടു ശിഷ്യരുടെ വിവരണമാണ് ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ അടിസ്ഥാനരേഖ. ''കർത്താവേ, ഞങ്ങളോടുകൂടെ വസിക്കണമേ, പകൽ അസ്തമിക്കാറായി'' (ലൂക്ക 24:29) എന്ന ശിഷ്യരുടെ ഹൃദയപൂർവ്വകമായ ക്ഷണത്തിന്റെ സ്നേഹം ആസ്വദിച്ച ഗുരു ആ ക്ഷണം സ്വീകരിക്കുന്നു. തന്റെ തിരുമുഖസാന്നിധ്യം അവരിൽനിന്നു മറയുമ്പോൾ ''അപ്പം മുറിക്കലിൽ'' അവർക്ക് അവിടുത്തെ കണ്ടെത്താനും കൂടെ വസിക്കാനും സാധിക്കുമെന്ന ഉറപ്പോടെയാണ് എമ്മാവൂസ് വിവരണം അവസാനിക്കുന്നത് (no. 1,2).

''വത്തിക്കാൻ കൗൺസിലിന്റെയും മഹാജൂബിലിയുടെയും മാർഗ്ഗത്തിലൂടെ'' എന്ന ഒന്നാം അധ്യായത്തിൽ (no. 6-10) ''യേശുക്രിസ്തു സഭാചരിത്രത്തിന്റെ മാത്രമല്ല മാനവചരിത്രത്തിന്റെ മുഴുവൻ കേന്ദ്രമായി നിലകൊള്ളുന്നു'' എന്ന പ്രസ്താവനയെ പരി. പിതാവ് വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. അവതാരം ചെയ്ത വചനത്തിൽ ദൈവികരഹസ്യം മാത്രമല്ല, മനുഷ്യരഹസ്യം കൂടി വെളിവാകുന്നു.

''വി. കുർബ്ബാന പ്രകാശത്തിന്റെ ഒരു രഹസ്യം'' എന്ന രണ്ടാം അദ്ധ്യായത്തിൽ (no. 11-18) വി. കുർബ്ബാനയിൽ ക്രിസ്തു എങ്ങനെയാണ് പ്രകാശത്തിന്റെ രഹസ്യമായിരിക്കുന്നത് എന്ന് പരി. പിതാവ് വിശദീകരിക്കുന്നു. ''വിശുദ്ധ കുർബ്ബാന ഏറ്റവും ഉത്കൃഷ്ടമായ വിധത്തിൽ ഒരു വിശ്വാസരഹസ്യമാണ് (*Misterium Fidei*). പൂർണ്ണമായും മറഞ്ഞിരിക്കുക എന്ന അവിടുത്തെ രഹസ്യത്തിൽ, ക്രിസ്തു പ്രകാശത്തിന്റെ രഹസ്യമായിത്തീരുന്നു.'' ഈ പ്രകാശപൂർണ്ണത വെളിപ്പെടുന്നത് വചനത്തിന്റെ മേശയുടേയും അപ്പത്തിന്റെ മേശയുടെയും ഐക്യത്തിലാണ്. ക്രിസ്തുവചനങ്ങൾ എമ്മാവൂസിലേയ്ക്കുപോയ ശിഷ്യരുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചതും, അപ്പം മുറിച്ചപ്പോൾ അവർ ഈശോയെ തിരിച്ചറിഞ്ഞതും വി. കുർബ്ബാനയുടെ പ്രകാശത്തിന്റെ ഒരു രഹസ്യമാണ് എന്നത് സുവ്യക്തമാക്കുന്നു.

വി. കുർബ്ബാനയിലൂടെ വെളിപ്പെടുകയും വിശ്വാസികൾ സ്വായത്തമാക്കുകയും ചെയ്യേണ്ട ഐക്യത്തിന്റെ ആദ്ധ്യാത്മികതയെക്കുറിച്ച് ''വി. കുർബ്ബാന ഐക്യത്തിന്റെ ഉറവിടവും സാക്ഷാത്ക്കാരവും'' എന്ന മൂന്നാം അദ്ധ്യായത്തിൽ (no. 19-23) പരി. പിതാവ് ഓർമ്മ





പ്പെടുത്തുന്നു. എമ്മാവൂസിലേയ്ക്കുപോയ ശിഷ്യർ ഈശോയെ തങ്ങളോട് കൂടെ ആയിരിക്കുവാൻ ക്ഷണിക്കുന്നു. ഒരു ദിനത്തിന്റെ സഹവാസത്തേക്കാൾ എന്നെന്നും സഹവസിക്കുവാൻ വി. കുർബ്ബാനയിലൂടെ അവിടുന്ന് മനസ്സായി. ഐക്യത്തിനുവേണ്ടിയുള്ള ഈ വിശപ്പ് ''അവിടുത്തോടുകൂടിയുള്ള സമ്പൂർണ്ണ ഐക്യത്താൽ മാത്രമേ സംതൃപ്തമാക്കപ്പെടുകയുള്ളൂ'' (no. 30). ഈ ദിവ്യകാരുണ്യ ഐക്യം അനുഭവവേദ്യമാകുന്നത് സഭാകൂട്ടായ്മയിൽ നിന്നാണ്. ''വി. കുർബാന സഭയുടെ കൂട്ടായ്മയുടെ ഉറവിടവും അതിന്റെ മഹത്തായ പ്രകാശനവുമാണ്'' (no. 21). ഞായറാഴ്ച ആചരണം, കർത്താവിന്റെ ദിവസമായും, തിരുസഭയുടെ ദിനമായും കൊണ്ടാടി അപ്പസ്തോലന്മാരുടെ ഉത്ഥിതാനുഭവത്തിന്റെ പുനർജീവൻ ആസ്വദിക്കുവാനുള്ള ക്ഷണവും പരി. പിതാവ് നല്കുന്നു.

''വി. കുർബ്ബാന പ്രേഷിതദൗത്യത്തിന്റെ തത്ത്വവും പദ്ധതിയും'' എന്നതാണ് നാലാമത്തെ അദ്ധ്യായം (no. 24-28). എമ്മാവൂസിലെ ശിഷ്യർ തങ്ങൾ കർത്താവിനെ കണ്ടതും അനുഭവിച്ചതും മറ്റുള്ളവരെ അറിയിക്കുന്നതിനായി തിടുക്കത്തിൽ തിരിച്ചുപോയതിനെ (ലൂക്കാ 24:33) ആധാരമാക്കിയുള്ള ആഖ്യാനമാണ് ഈ അദ്ധ്യായം. വി. കുർബ്ബാനയിൽ ഉത്ഥിതനെ കണ്ടെത്തിയ ആനന്ദം പങ്കുവയ്പിന്റെ സന്തോഷത്തിലേക്കാണ് വിശ്വാസിയെ നയിക്കുന്നത്. ''വി. കുർബ്ബാനയിലൂടെ നിരന്തരം അഗാധവും തീക്ഷ്ണവുമാക്കപ്പെടുന്ന ക്രിസ്തുവുമായുള്ള അഭിമുഖദർശനം സഭയിലും ഓരോ ക്രൈസ്തവനിലും സാക്ഷ്യത്തിനും സുവിശേഷവത്കരണത്തിനുമായുള്ള അടിയന്തിരമായ ഒരു ക്ഷണമായി അനുഭവപ്പെടുന്നു'' (no. 24). ലോകത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കുവാനും സമാധാനത്തിന്റെയും, ശാന്തിയുടെയും, പങ്കുവയ്പിന്റെയും വക്താക്കളായി മാറുവാൻ വി. കുർബ്ബാന വിശ്വാസികളെ നിർബന്ധിക്കുന്നു.

''ക്രിസ്തു തന്റെ സഭയെ ഭരമേല്പിച്ച അതുല്യമായ ഈ നിധിയെക്കുറിച്ചുള്ള അവബോധത്തിൽ എല്ലാവരും വളരുന്നതിനും'' (no. 29) പരമമായ ഈ രഹസ്യവുമായുള്ള ജീവസുറ്റ സമാഗമത്തിനായി ക്ഷണിച്ചുകൊണ്ടുമാണ് ''നാഥാ കൂടെ വസിച്ചാലും'' എന്ന അപ്പസ്തോലികലേഖനം ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഉപസംഹരിക്കുന്നത് (no. 29-31).

സഭാജീവിതത്തിലും ലോകത്തിനും വി. കുർബ്ബാനയാകുന്ന സമ്പത്തിന്റെ അനന്യത മനസ്സിലാക്കാനുള്ള ഹൃദയപൂർവ്വകമായ ഒരു ക്ഷണമാണ് ഈ അപ്പസ്തോലികലേഖനം. ക്രൈസ്തവജീവിതത്തിലെ കുർബ്ബാനയുടെ മാനവും, വി. കുർബ്ബാനയുടെ ആദ്ധ്യാ

ത്മികതയും ദൈനംദിന ജീവിതത്തിൽ പ്രകടിതമാക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഇത് ക്രൈസ്തവവിശ്വാസികൾക്ക് നൽകുന്നത്.

**4. സ്നേഹത്തിന്റെ കൂദാശ (*Sacramentum Caritatis,* 22 ഫെബ്രു. 2007)**

ദിവ്യകാരുണ്യം സഭയുടെ ഉറവിടവും പാരമ്യവുമാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനത്തെ ആധാരമാക്കിയാണ് 2005 ഒക്ടോ. 2 മുതൽ 23 വരെ ഒരു അസാധാരണ സിനഡ് റോമിൽവച്ച് നടത്തപ്പെട്ടത്. ഈ സിനഡിനോട് അനുബന്ധിച്ച് സഭാപിതാക്കന്മാർ നടത്തിയ പഠനങ്ങളുടെയും ചർച്ചകളുടെയും പരിണിതഫലമാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ "സ്നേഹത്തിന്റെ കൂദാശ" (*Sacramentum Caritatis*) എന്ന ശ്ലൈഹികാഹ്വാനം. ബെനഡിക്ട് പിതാവിന്റെ വാക്കുകളിൽ "സ്നേഹത്തിന്റെ കൂദാശയായ വി. കുർബ്ബാന യേശുക്രിസ്തു തന്നെത്തന്നെ നൽകുന്ന ദാനമാണ്. അങ്ങനെ ഓരോ സ്ത്രീയോടും പുരുഷനോടും ദൈവത്തിനുള്ള അനന്തമായ സ്നേഹത്തെ അവിടുന്ന് നമുക്ക് സ്വയം വെളിപ്പെടുത്തിത്തരുന്നു. തന്റെ സ്നേഹിതർക്കുവേണ്ടി സ്വജീവൻ സമർപ്പിക്കാൻ (യോഹ 15:13) അവിടുത്തെ പ്രേരിപ്പിച്ച മഹത്തരമായ സ്നേഹത്തെ വിസ്മയനീയമായ ഈ കൂദാശ വെളിപ്പെടുത്തുന്നു" (SC. 1). "ദൈവം സ്നേഹമാകുന്നു" എന്ന ബെനഡിക്ട് XVI മാർപാപ്പായുടെ ആദ്യ പ്രബോധനത്തോട് ചേർന്നുപോകുന്നതാണ് "സ്നേഹത്തിന്റെ കൂദാശ" എന്ന അപ്പസ്തോലികാഹ്വാനം. "സഭയിൽ വി. കുർബാനയോട് തീവ്രമായ ഭക്തിയും തീക്ഷ്ണതയും നവീകൃതസമർപ്പണവുമുണ്ടാകണമെന്നും" (no. 5) കുർബ്ബാനയെന്ന രഹസ്യവും ലിറ്റർജിപരമായ അതിന്റെ കർമ്മവും സ്നേഹകൂദാശയെന്ന നിലയിൽ കുർബാനയിൽ നിന്നുണ്ടാകുന്ന പുതിയ ആദ്ധ്യാത്മികാരാധനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ക്രൈസ്തവജനതയ്ക്കുള്ള അറിവിനെ ആഴപ്പെടുത്തി അവരെ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിച്ചുള്ളതായിരുന്നു സിനഡും തദനന്തരമുള്ള ശ്ലൈഹികാഹ്വാനവും ലക്ഷ്യം വച്ചത്.

97 ഖണ്ഡികകളുള്ള "സ്നേഹത്തിന്റെ കൂദാശ" എന്ന ശ്ലൈഹികാഹ്വാനത്തിന് പ്രധാനമായും മൂന്നുഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം "വി. കുർബ്ബാന വിശ്വസിക്കേണ്ട ഒരു രഹസ്യം" എന്നതാണ്. പരി. കുർബ്ബാന പരികർമ്മം ചെയ്യേണ്ട ഒരു രഹസ്യമാണ് എന്ന് രണ്ടാംഭാഗവും വി. കുർബ്ബാന ജീവിക്കേണ്ട ഒരു രഹസ്യമാണ് എന്ന് മൂന്നാം ഭാഗവും വിശദമാക്കുന്നു.





വി. കുർബ്ബാനയുടെ വിവിധമാനങ്ങളെപ്പറ്റി വളരെയധികം പഠനം നടന്നിട്ടുള്ളതാണെങ്കിലും വി. കുർബ്ബാന സത്യത്തിന്റെ ഭക്ഷണം എന്ന ആശയം നവീനത നിറഞ്ഞ പുതിയ അർത്ഥതലങ്ങൾ വി. കുർബ്ബാനയ്ക്കു നല്കുന്നു. പരി. പിതാവിന്റെ അഭിപ്രായത്തിൽ സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നമ്മുടെ വിശപ്പു ശമിപ്പിക്കാൻ വേണ്ടി (no. 2) അവിടുന്നു നമുക്ക് ഭക്ഷണമായി ഭവിക്കുന്നു. വി. കുർബാനയെക്കുറിച്ചുള്ള വി. തോമസ് അക്വീനാസിന്റെ ചിന്തകളാണ് 'സ്നേഹത്തിന്റെ കൂദാശ' എന്ന ശ്ലൈഹികാഹ്വാനത്തിന്റെ ദൈവശാസ്ത്രചിന്തകൾക്കാധാരമായി നിൽക്കുന്നത്.

"കുർബ്ബാന: വിശ്വസിക്കേണ്ട ഒരു രഹസ്യം" എന്ന ഒന്നാം ഭാഗത്തിന്റെ ആധാരശില. സഭാത്മക ജീവിതത്തിൽ വി. കുർബ്ബാനയ്ക്കുള്ള സ്ഥാനത്തെപ്പറ്റിയുള്ള പരിചിന്തനമാണ് നല്കുന്നത്. പരി: ത്രിത്വവും വി. കുർബ്ബാനയും തമ്മിലുള്ള ബന്ധം (no. 7-13), വി. കുർബ്ബാനയും കൂദാശകളും തമ്മിലുള്ള ബന്ധം (no. 16-29), വി. കുർബ്ബാനയും യുഗാന്ത്യോന്മുഖതയും (no. 30-32), വി. കുർബ്ബാനയും കന്യാമറിയവും (33) എന്നിങ്ങനെയുള്ള നാല് പ്രധാന വിശ്വാസഘടകങ്ങളാണ് ഈ ഭാഗത്തെ പ്രതിപാദ്യ വിഷയങ്ങൾ.

"സ്നേഹത്തിന്റെ കൂദാശ" എന്ന ശ്ലൈഹികാഹ്വാനത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ് വി. കുർബ്ബാന ആഘോഷിക്കപ്പെടേണ്ട, പരികർമ്മം ചെയ്യേണ്ട രഹസ്യം എന്നത്. വിശ്വാസവും പരികർമ്മവും തമ്മിലുള്ള ബന്ധത്തെ പ്രകടിതമാക്കി ആരാധനാക്രമം വിശിഷ്യാ വി. കുർബാന വിശ്വാസത്തിന്റെ ഉറവിടവും പ്രഘോഷണവുമായിത്തീരുന്നുവെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. സൗന്ദര്യവും ആരാധനാക്രമവും (no. 35-42), വി. കുർബ്ബാനയിലുള്ള സജീവപങ്കാളിത്തം (no. 52-63), വി. കുർബാനയാഘോഷണത്തിന്റെ ഘടന (no. 43-51), വി. കുർബാനയോടുള്ള ഭക്തിയും ആരാധനയും (no. 66-69) എന്നീ വിഷയങ്ങളാണ് ഈ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

വിശ്വസിക്കപ്പെടുന്ന രഹസ്യവും ആഘോഷിക്കപ്പെടുന്ന രഹസ്യവും സഭാത്മജീവിതത്തിൽ ഫലമണിയുന്നതിനെക്കുറിച്ചാണ് മൂന്നാം ഭാഗത്തിൽ പരി. പിതാവ് പരാമർശിക്കുന്നത്. ക്രൈസ്തവരെ കർത്താവിന്റെ ദിവസത്തിനനുസൃതം ജീവിക്കുന്നവർ എന്ന് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ (no. 72) വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് ഒരുമയുടെ സന്തോഷവും വിശ്രമവും സ്നേഹപ്രവൃത്തികളും കൊണ്ട് സമ്പന്നമായ ഞായറാഴ്ച ക്രൈസ്തവജീവിതത്തിന്റെ മാതൃകയായി പരി. പിതാവ് ചൂണ്ടിക്കാണിക്കുന്നു. വി.

കുർബാനയുടെ അദ്ധ്യാത്മികത ജീവിതത്തെയാകമാനം ചൂഴ്ന്നു നില്ക്കുന്ന യാഥാർത്ഥ്യമാണെന്നും വി. കുർബ്ബാനയാകുന്ന സമ്മാനം സ്വീകരിക്കുന്നവരുടെ ഹൃദയങ്ങളിൽ കണ്ടെത്തുന്ന സ്നേഹം പ്രവർത്തനനിരതമാണെന്നും ശ്ലൈഹികാഹ്വാനം ഓർമ്മ പ്പെടുത്തുന്നു. വി. കുർബാന സ്വകാര്യമാക്കി വയ്ക്കാവുന്ന ഒന്നെ ല്ലായെന്നും പങ്കുവയ്ക്കപ്പെട്ട യാഥാർത്ഥ്യമായതിനാൽ പ്രേഷിത ദൗത്യം ദിവ്യകാരുണ്യപരമായ സഭയുടെ മുഖമുദ്രയാണെന്നും പരി. പിതാവ് വ്യക്തമാക്കുന്നു. അതിനാൽ വി. കുർബ്ബാന ലോകത്തിനു നല്കേണ്ടുന്ന രഹസ്യമാണ് (no. 88).

"വി. കുർബ്ബാന വിശ്വാസരഹസ്യമെന്ന നിലയിൽ അനുഭവിച്ചറി യുവാനും", സഭയുടെ ആരാധനാക്രമപരമായ കർമ്മത്തോട് വിശ്വാ സത്തിന്റെ ബുദ്ധിശക്തിക്ക് സുപ്രധാന ബന്ധമുണ്ടെന്ന ബോധ്യത്തോടെ, ക്രിസ്തുവിൽ ആത്മദാനപരമായ സ്വയം ദാനത്തിൽ പങ്കുചേരുന്ന ജീവിതം നയിക്കുവാൻ വിശ്വാസികളെ പ്രാപ്തരാക്കുവാനും ആഹ്വാനം ചെയ്യുന്നതാണ് "സ്നേഹത്തിന്റെ കൂദാശ" എന്ന ശ്ലൈഹികാഹ്വാനം. വി. കുർബ്ബാനയിലൂടെ നമ്മോട് സമകാലീനാകുന്ന ക്രിസ്തുവിനെ കണ്ടെത്തുവാനും നമ്മുടെ പാതയിൽ വിശ്വസ്തസഹചാരിയായി അവിടുന്നുണ്ടെന്ന് മനസ്സിലാക്കി യഥാർത്ഥ സന്തോഷം ആസ്വദിക്കുവാനും സ്നേഹ ത്തിന്റെ കൂദാശ വിശ്വാസികളെ ക്ഷണിക്കുന്നു.

### കുറിപ്പുകൾ

1. John Paul II, *Dies Domini*. https://w2.vatican.va/content/john-paul-ii/en/apost_letters/1998/docuents/hf_jp-ii_apl_05071998_dies-domini.html [acccssed 20-08-2018].
2. ജോൺ പോൾ II. *കുർബ്ബാനയുടെ കൂട്ടായ്മ.* ജോർജ്ജ് കുരുക്കൂർ (വിവ) പാലാരിവട്ടം: പി.ഒ.സി, 2003.
3. ജോൺ പോൾ II. *നാഥാ കൂടെ വസിച്ചാലും.* മാത്യു തുണ്ടത്തിൽ (വിവ) തിരുവനന്തപുരം: കാർമ്മൽ, 2004.
4. ബെനഡിക്ട് XVI. *സ്നേഹത്തിന്റെ കൂദാശ.* ജോർജ്ജ് കുരുക്കൂർ (വിവ) പാലാരിവട്ടം: പി.ഒ.സി, 2007.

**ഫാ. ജോജി കാക്കരമറ്റത്തിൽ**
**സി. ബിൻസി മാത്യു എസ്. എച്ച്.**



# 05

# വി. കുർബാന, നമ്മോടുകൂടെ ആയിരിക്കുന്ന ക്രിസ്തു

### ആമുഖം

മനുഷ്യനെ ദൈവം മണ്ണിൽനിന്നു മെനഞ്ഞെടുത്തു തന്റെ ജീവശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചു. അങ്ങനെ, അവനെ തന്റെ 'ഛായയിലും സാദൃശ്യത്തിലും' ദൈവം സൃഷ്ടിച്ചു. അന്നുമുതൽ ദൈവം മനുഷ്യരുടെ കൂടെയായിരിക്കാൻ ഇഷ്ടപ്പെ ട്ടു. ഏദൻ തോട്ടത്തിൽ അവിടുന്നു 'ഉലാത്താൻ' ഇറ ങ്ങിയതും ഒളിച്ചിരുന്ന ആദത്തോട് 'നീ എവിടെയാണ്' എന്നു ചോദിച്ചതും സൂചിപ്പിക്കുന്നത് ദൈവം മനു ഷ്യനോട് ഉറ്റ സ്നേഹിതനെപ്പോലെ പെരുമാറിയി രുന്നു എന്നാണ്. അവൻ പാപം ചെയ്തപ്പോൾ സ്വന്തം നഗ്നത കണ്ടെങ്കിലും ദൈവത്തെ കാണാൻ അവനു സാധിച്ചില്ല. എങ്കിലും ദൈവം അവനെ സദാ കണ്ടു കൊണ്ടിരുന്നു. തന്റെയടുക്കലേക്ക് വീണ്ടും അവനെ കൂട്ടിക്കൊണ്ടുവരാൻ ദൈവം ആവിഷ്കരിച്ച പദ്ധതി യാണ് രക്ഷാചരിത്രത്തിൽ ഉരുത്തിരിയുന്നത്.

ദൈവസന്നിധാനത്തിലായിരിക്കുവാനുള്ള മനു ഷ്യന്റെ പരിശ്രമം എല്ലാ മതങ്ങളിലും തെളിഞ്ഞുകാ ണാനാവും. വനാന്തരങ്ങളിൽ ധ്യാനനിമഗ്നനായ മഹർഷി "അഹം ബ്രഹ്മാസ്മി", "തത്ത്വമസി"

എന്നൊക്കെ ആത്മാവിൽ ഉരുവിടുമ്പോഴും ശബരിമലയിൽ കയറി ച്ചെന്ന് ''അയ്യപ്പോ, സ്വാമിയേ'' എന്ന് ശരണം വിളിക്കുമ്പോഴും ദൈവസാന്നിദ്ധ്യം പ്രാപിക്കുവാനുള്ള മാനുഷിക തൃഷ്ണയാണ് വെളിപ്പെടുന്നത്.

## ദൈവസാന്നിദ്ധ്യം പഴയ നിയമത്തിൽ

മനുഷ്യനെ തേടിവരുന്ന ദൈവവും ദൈവ-മനുഷ്യ സമാഗമ ത്തിന്റെ ഏറ്റക്കുറച്ചിലുമാണ് പഴയ നിയമത്തിലെ പ്രധാന ഇതിവൃ ത്തം. ദൈവം അബ്രാഹത്തെയും മോശയെയും പ്രവാചകൻമാ രെയുമൊക്കെ വിളിച്ചെന്നു പറയുമ്പോൾ, അവരുടെ ജീവിതത്തി ലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ മാനുഷികാവസ്ഥയിൽ അവർക്കു സുഗ്രാഹ്യനായി, സംലഭ്യനായി, സന്നിഹിതനായി എന്നാണ് അർത്ഥമാക്കുന്നത്. ഇസ്രായേലിന്റെ വിമോചന ദൗത്യം മോശയെ ഏൽപ്പിച്ച ദൈവം വാഗ്ദാനം ചെയ്തു: ''ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും'' (പുറ 3:12). മോശയുടെ ഉറപ്പിനായി ദൈവം തന്റെ പേരു വെളിപ്പെടുത്തി: ''ഞാൻ ആകുന്നവനാണ്'' (പുറ 3:14); അതാ യത്, ഞാൻ എല്ലായിടത്തും എപ്പോഴും സന്നിഹിതനാണ് എന്ന്. ഏശയ്യാ പ്രവാചകനിലൂടെ ദൈവം നമ്മോടു വാഗ്ദാനം ചെയ്യുന്നു: ''ഞാൻ നിന്നെ തെരഞ്ഞെടുത്തു; ഇനി ഒരിക്കലും ഉപേക്ഷിക്കയി ല്ല... ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്'' (ഏശ 41:9-10). സാന്ദർഭികമായി മാത്രമല്ല, പ്രത്യുത, സ്ഥിരമായി അവിടുന്ന് മനു ഷ്യരുടെ ഇടയിൽ വസിക്കാൻ ആഗ്രഹിക്കുന്നു. ''ഞാൻ എന്റെ കൂടാരം നിങ്ങളുടെ ഇടയിൽ സ്ഥാപിക്കും. ഞാൻ നിങ്ങളെ ഉപേ ക്ഷിക്കുകയില്ല. ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിക്കും. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും'' (ലേവ്യ 26:11-12).

ഈജിപ്തിൽ നിന്ന് കാനാൻ ദേശത്തേക്കുള്ള യാത്രയിൽ ആദ്യന്തം കർത്താവിന്റെ സജീവസാന്നിദ്ധ്യം അവർ വ്യക്തിപര മായും കൂട്ടായും അനുഭവിച്ചിരുന്നു. ''ശക്തമായ കരം നീട്ടി, ഭീതി ജനകമായ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചുകൊണ്ട്'' ദൈവം ഇസ്രായേൽ ജനത്തെ കൂട്ടിക്കൊണ്ടുപോന്നു (നിയ 26:89). സീനായ് മലയിൽവച്ച് ദൈവം ഇസ്രായേൽ ജനവുമായി ഉടമ്പടി സ്ഥാപിച്ചപ്പോൾ അത് അവിടുത്തെ നിരന്തര സാന്നിദ്ധ്യത്തിന്റെയും സംരക്ഷണത്തിന്റെയും വാഗ്ദാനമായിരുന്നു.

ഉടമ്പടിപത്രിക നിക്ഷേപിച്ച സാക്ഷ്യപേടകം കർത്താവിന്റെ സാന്നിദ്ധ്യത്തെ അറിയിച്ചുകൊണ്ടിരുന്നു. കർത്താവിന്റെ





സാന്നിദ്ധ്യം അനുഭവിക്കാനായി പുറപ്പാടിന്റെ കാലയളവിൽ മൂശ 'സമാഗമകൂടാരം' നിർമ്മിക്കുക പതിവായിരുന്നു. പകൽസമയത്ത് ഒരു മേഘസ്തംഭവും രാത്രിയിൽ ജാജ്വല്യമാനമായ മേഘച്ചുരുളും കൂടാരവാതിൽക്കൽ ഇറങ്ങിവന്ന് കർത്താവിന്റെ സാന്നിദ്ധ്യം ജന ങ്ങളെ അറിയിച്ചു. അതിൽ കയറിച്ചെന്ന മൂശയോട് ''സ്നേഹിത നോടെന്നപോലെ കർത്താവ് മുഖാഭിമുഖം സംസാരിച്ചിരുന്നു'' (പു റ 33:11).

ഇസ്രായേലിനു ലഭിച്ച ദൈവസാന്നിദ്ധ്യം കൈവിട്ടുകളയാതെ തലമുറകൾതോറും അനുഭവിക്കാൻ അവർ ആഗ്രഹിച്ചു. അതിനു വേണ്ടി പല ആചാരങ്ങളും തിരുനാളുകളും ബലികളും അവർ അനു ഷ്ഠിച്ചുപോന്നു. ക്രമേണ ഇസ്രായേലിൽ ഒരു വിശ്വാസം ഉറച്ചു. ദൈവം തന്നെ (ദൈവിക വിജ്ഞാനം) ''ഭൂമിയിൽ പ്രത്യക്ഷപ്പെടു കയും മനുഷ്യരുടെ ഇടയിൽ വസിക്കുകയും ചെയ്യും'' (ബാറൂക്ക് 3:37). ഈ വിശ്വാസം കേവലം മാനുഷിക പ്രതീക്ഷ മാത്രമല്ല, ദൈവീക തീരുമാനമാണെന്ന് പ്രവാചകന്മാർ പ്രഖ്യാപിച്ചുകൊണ്ടി രുന്നു. മനുഷ്യരുടെകൂടെ വസിക്കുന്ന ദൈവത്തിന്റെ പേര്, ''ഇമ്മാ നുവൽ'', അഥവാ ''ദൈവം നമ്മോടുകൂടെ'' എന്നായിരിക്കുമെന്ന് ഏശയ്യാ പ്രവചിച്ചു. ''യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസ വിക്കും, അവൻ ഇമ്മാനുവൽ എന്നു വിളിക്കപ്പെടും'' (ഏശ 7:14). പ്രവാചകൻമാരുടെ, പ്രത്യേകിച്ച് ഏശയ്യായുടെ കാലം തുടങ്ങി, മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവരുന്ന ദൈവത്തെ ഉറ്റുനോക്കി പാർത്തിരിക്കുകയായിരുന്നു ഇസ്രായേൽ ജനം മുഴുവൻ.

## ദൈവസാന്നിദ്ധ്യം പലവിധം

ദൈവം മനുഷ്യരുടെ ഇടയിൽ സന്നിഹിതനാണെന്ന് എല്ലാ മത ങ്ങളും പഠിപ്പിക്കുന്നു. ആ സാന്നിദ്ധ്യം പലതരത്തിലാണ്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ ആകമാനം അവിടുത്തെ സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നു. ഇത് പ്രധാനമായും അവിടുത്തെ ശക്തിയി ലൂടെയാണ്. മനുഷ്യഹൃദയങ്ങളിൽ അവിടുത്തെ ആദ്ധ്യാത്മികമായ സാന്നിദ്ധ്യം ഉണ്ട്. പറുദീസായിൽ അവിടുത്തെ സജീവസാന്നിദ്ധ്യം ആദി മാതാപിതാക്കൾക്ക് നേരിട്ട് അനുഭവപ്പെട്ടു. അതുപോലെ ആയിരുന്നില്ല, തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് സംലഭ്യമായ ദൈവ സാന്നിദ്ധ്യം. അതിലും സാന്ദ്രമായിരുന്നു പ്രവാചകൻമാരിൽ അവി ടുത്തെ നിവേശം. തികച്ചും വ്യത്യസ്ഥമായ രീതിയിൽ, തികഞ്ഞ പരിപൂർണ്ണതയോടെ ദൈവം മനുഷ്യനായി അവതരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. ലോകത്തിൽ ഇതിലും മെച്ചപ്പെട്ടതോ പൂർണ്ണ മായതോ ആയ ദൈവിക സാന്നിദ്ധ്യം സാധ്യമല്ല. നമ്മുടെ നഗ്ന

നേത്രങ്ങൾക്ക് നേരിട്ട് ഗോചരമല്ലെങ്കിലും അതേ ക്രിസ്തു രഹസ്യം, പൂർണ്ണമായ ദൈവത്വത്തോടും പൂർണ്ണമായ മനുഷ്യത്വത്തോടുംകൂടെ ചരിത്രത്തിൽ തുടർന്നുകൊണ്ടുപോകുന്ന മഹാരഹസ്യമാണ് വി. കുർബാന എന്ന കൂദാശ.

## സാന്നിദ്ധ്യ വാഗ്ദാനം

ക്രിസ്തുനാഥന്റെ ഈ ലോകത്തിൽ നിന്നുള്ള വിടവാങ്ങൽ മൊഴി വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: ''യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും'' (മത്താ. 28:20). 'നീ പോവുകയാണല്ലോ, പിന്നെ ഇതെങ്ങനെ സാധിക്കും' എന്ന് ആരും അവിടുത്തോട് ചോദിക്കുന്നതായി കാണുന്നില്ല. അന്ത്യത്താഴത്തിൽ വെച്ച് താൻ പോവുകയാണെന്നും താൻ ''പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം'' എന്നും അവിടുന്നു പറഞ്ഞപ്പോൾ ''കർത്താവേ, നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ; പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും'' (യോഹ. 14:4) എന്ന് തോമസ് ഉടനടി പ്രതികരിച്ചതാണല്ലോ. അതിനാൽ അപ്പസ്തോലൻമാരുടെ മൗനം സൂചിപ്പിക്കുന്നത്, കർത്താവ് എങ്ങനെ അവരുടെകൂടെ എന്നും ജീവിക്കും എന്ന് അവർ മനസ്സിലാക്കി കഴിഞ്ഞിരുന്നു എന്നല്ലേ?

അന്ത്യ അത്താഴത്തിൽ യേശു വി. കുർബാന എന്ന മഹാരഹസ്യം, ആമുഖമോ വിശദീകരണമോ കൂടാതെ പെട്ടെന്ന് സ്ഥാപിക്കുകയായിരുന്നു എന്ന് ചിന്തിക്കാൻ പ്രയാസമുണ്ട്. തന്റെ പീഡാസഹനത്തേയും മരണത്തെയും ഉത്ഥാനത്തേയുംകുറിച്ച് പല തവണകളായി സാവധാനം അവിടുന്ന് ശിഷ്യൻമാരെ പഠിപ്പിച്ചതുപോലെ, ആ പെസഹാരഹസ്യത്തിന്റെ കൗദാശിക പുനരാവിഷ്കാരമായ വി. കുർബാനയെക്കുറിച്ച് പല സന്ദർഭങ്ങളിലായി പടിപടിയായി അവിടുന്ന് വെളിപ്പെടുത്തിയിരുന്നു എന്ന് കരുതുന്നതാണ് കൂടുതൽ സ്വീകാര്യം.

യേശുനാഥൻ തന്റെ പരസ്യജീവിതകാലത്ത് ധാരാളം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അതൊന്നും ജനങ്ങളെ വിസ്മയിപ്പിക്കാനോ പ്രസിദ്ധി നേടാനോ ആയിരുന്നില്ല. ''അടയാളങ്ങൾ എന്നാണ് വി. യോഹന്നാൻ ക്രിസ്തുവിന്റെ അത്ഭുതങ്ങളെ വിളിക്കുന്നത്. പ്രപഞ്ചത്തിൻമേൽ പൂർണ്ണ നിയന്ത്രണാധികാരമുള്ളത് ദൈവത്തിനു മാത്രമാണ്. അതിനാൽ താൻ ദൈവസുതനാണെന്ന് കാണിക്കുന്ന അടയാളങ്ങളാണ് യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങൾ. ഉദാഹരണമായി, ദൈവത്തിനുമാത്രം സാധിക്കുന്ന പാപമോചനം





നൽകാൻ യേശുവിന് അധികാരമില്ലെന്ന് വിചാരിച്ച യഹൂദരുടെ സംശയം തീർക്കാൻ അവരുടെ മുമ്പിൽവച്ച്, കിടക്കയിൽ എഴുന്നേറ്റിരിക്കാൻപോലും കഴിയാതിരുന്ന തളർവാതരോഗിയോട് അവിടുന്നു പറഞ്ഞു: ''എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്ക് പോവുക''. ''തൽക്ഷണം അവൻ എഴുന്നേറ്റ് കിടക്കയുമെടുത്തു, എല്ലാവരും കാൺകെ പുറത്തേക്കു പോയി'' (മാർക്കോ. 2:11). കാനായിൽ വെള്ളം വീഞ്ഞാക്കിയപ്പോൾ പ്രപഞ്ചവസ്തുക്കളിൽ സത്താഭേദം വരുത്താൻ തനിക്കു ശക്തിയുണ്ടെന്ന് അവിടുന്ന് മനുഷ്യർക്ക് കാണിച്ചുകൊടുത്തു. രോഗികളെ സുഖപ്പെടുത്തിയപ്പോൾ മനുഷ്യാവസ്ഥകളിൽ തനിക്കുള്ള നിയന്ത്രണം അവിടുന്ന് തെളിയിക്കുകയായിരുന്നു; മരിച്ചവരെ ഉയിർപ്പിച്ചപ്പോൾ ജീവന്റെമേൽ തനിക്കുള്ള പരമാധികാരം കാണിച്ചുകൊടുക്കുകയായിരുന്നു. ഈ ദൃശ്യമായ അടയാളങ്ങളെല്ലാം യേശുവിന്റെ അദൃശ്യമായ ദൈവികതയെ പ്രദർശിപ്പിക്കുകയായിരുന്നു. അങ്ങനെ, ദൃശ്യമായ അടയാളങ്ങൾ സ്ഥാപിച്ച് അദൃശ്യമായ ദൈവീക സാന്നിദ്ധ്യം മനുഷ്യർക്ക് സംലഭ്യമാക്കാനുള്ള തന്റെ ശക്തിയെ യേശു വ്യക്തമാക്കി.

അത്ഭുതപ്രവർത്തനങ്ങളുടെ ഈ പ്രബോധന പശ്ചാത്തലത്തിൽ വേണം അഞ്ചപ്പം വർദ്ധിപ്പിച്ച് അയ്യായിരം പേരെ തീറ്റി സംതൃപ്തരാക്കിയ അത്ഭുതത്തെ നാം കാണേണ്ടത് (യോഹ. 6:1-4). വിശക്കുന്നവരോടുള്ള സഹതാപം എന്നതിലുപരി യേശുവിന് രക്ഷാകരമായ ഒരു ലക്ഷ്യമുണ്ടായിരുന്നു ഈ അടയാളത്തിനു പിന്നിൽ. അതു മനസ്സിലായതുകൊണ്ടായിരിക്കണം പെസഹാത്തിരുനാളിന്റെ സാമീപ്യത്തെക്കുറിച്ചും അപ്പം വിളമ്പിക്കൊടുക്കാൻ ശിഷ്യന്മാരെ നിയോഗിച്ചതിനെക്കുറിച്ചും യോഹന്നാൻ സൂചിപ്പിക്കുന്നത്. ജീവന്റെ അപ്പമായ വി. കുർബാനയെക്കുറിച്ച് യേശു നൽകിയ ആദ്യ പാഠമായിരുന്നു അത്.

താൻ നൽകിയ അടയാളത്തിന്റെ മൂല്യം യഹൂദന്മാർക്ക്, ഒരു പക്ഷേ തന്റെ ശിഷ്യൻമാർക്കുപോലും മനസ്സിലായില്ല എന്നറിഞ്ഞ യേശു അവരെ വിട്ട് മലമുകളിലേക്ക് മാറിപ്പോകുകയാണ് ചെയ്തത്. വളരെ പ്രധാനപ്പെട്ട ദൗത്യനിർവ്വഹണത്തിനുമുമ്പ് അങ്ങനെ ചെയ്യുക യേശുവിന്റെ പതിവായിരുന്നല്ലോ.

അത്ഭുതങ്ങളാകുന്ന അടയാളങ്ങളുടെ അർത്ഥം വായിച്ചറിയാൻ യഹൂദർക്കു കഴിഞ്ഞില്ല. എങ്കിലും, ഇഷ്ടംപോലെ അപ്പം ഭക്ഷിച്ചു കഴിഞ്ഞപ്പോൾമുതൽ അവർ യേശുവിന്റെ പുറകെ ഓടിക്കൂടി; ബലമായിത്തന്നെ യേശുവിനെ തങ്ങളുടെ രാജാവാക്കാനും ശ്രമിച്ചു.

ആ അവസരം ഉപയോഗിച്ച് യേശു നിത്യജീവന്റെ അനശ്വരമായ അപ്പത്തെ (യോഹ. 6:27) ക്കുറിച്ചുള്ള വെളിപാടു നൽകി. എന്താണ് ഈ പ്രത്യേകതരം അപ്പം എന്ന് അവർക്ക് മനസ്സിലായില്ല. അവരുടെ പിതാക്കൻമാർ മരുഭൂമിയിൽ വെച്ച് ഭക്ഷിച്ച മന്നായേക്കാൾ ശ്രേഷ്ഠമായ അപ്പമാണ് താൻ വഴി ദൈവം തരുന്നതെന്ന് അവിടുന്ന് അവർക്ക് വിശദീകരിച്ചുകൊടുത്തു. ''സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്ന യഥാർത്ഥ അപ്പമാണ്'' ദൈവം അവർക്ക് നൽകുന്നതെന്ന് യേശു പറഞ്ഞുകൊടുത്തു. 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അനശ്വരമായ അപ്പം' എന്ന് യേശു പറഞ്ഞത് തീർച്ചയായും വി. കുർബ്ബാനയെക്കുറിച്ചാകാനാണ് സാധ്യത. എങ്കിലും 'മനുഷ്യന് നിത്യജീവൻ നൽകുന്ന ദൈവീകവെളിപാട്' എന്നും യേശുവിന്റെ ഈ വാക്കുകളെ വിശദീകരിക്കാനാവും. എന്തോ വിശിഷ്ട അപ്പത്തെക്കുറിച്ചാണ് യേശു പറയുന്നതെന്നുമാത്രം മനസ്സിലാക്കിയ യഹൂദർ ആ അപ്പത്തിനുവേണ്ടി യേശുവിനോട് അഭ്യർത്ഥിച്ചു.

വി. കുർബ്ബാനയെക്കുറിച്ച് കുറേക്കൂടെ വ്യക്തമായ വെളിപാട് നൽകാൻ ഇത് യേശുവിന് അവസരം നൽകി. അവിടുന്നു പറഞ്ഞു: ''ഞാനാണ് ജീവന്റെ അപ്പം; എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല'' (6:35). ഇത് കേട്ട യഹൂദർ കൂടുതൽ അങ്കലാപ്പിലാവുകയാണ് ചെയ്തത്. ഭൗമികമായ അപ്പത്തെക്കുറിച്ചൊന്നുമല്ല യേശു പറയുന്നതെന്ന് അവർക്ക് തോന്നിത്തുടങ്ങി. വിശ്വാസമില്ലാത്തവന് വെളിപാടിന്റെ വെളിച്ചം സ്വീകരിക്കാനാവില്ല എന്നറിഞ്ഞിരുന്ന യേശു അവരെ അറിയിച്ചു, പിതാവിൽനിന്നുള്ള വിളിയില്ലാതെ തന്റെയടുക്കൽ വരാൻ ആർക്കും സാധിക്കുകയില്ലാ എന്ന്. തങ്ങളുടെ നാട്ടിൽ വളർന്നുവന്ന യേശു, തങ്ങളുടെ മുമ്പിൽ നിൽക്കുന്ന ഈ മനുഷ്യൻ ''ജീവന്റെ അപ്പ''മാണെന്നും, ''സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന'' അപ്പമാണെന്നും എങ്ങനെ സമ്മതിക്കും! മോശയിലൂടെ നൽകപ്പെട്ട വെളിപാടുകൾ സ്വീകരിക്കാതിരുന്ന പിതാക്കൻമാർ മരുഭൂമിയിൽ വെച്ച് 'പിറുപിറുത്ത'തുപോലെ യേശുവിനെതിരെയും അവർ 'പിറുപിറുത്തു'.

''ഞാനാണ് ജീവന്റെ അപ്പം'' എന്ന് യേശു പറഞ്ഞത് സുവ്യക്തമായും വി. കുർബ്ബാനയേക്കുറിച്ചാണെന്നും വി. കുർബ്ബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന്റെ പരമമായ തെളിവാണിതെന്നും വാദിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ, റുഡോൾഫ് ഷ്നാക്കൻബുർഗ്ഗിനെപ്പോലുള്ള ആധുനിക ബൈബിൾ പണ്ഡിതൻമാർ ഈ അഭിപ്രായം അതേപടി സ്വീകരിക്കാൻ മടിക്കുന്നു. ''ഞാനാണ് ജീവന്റെ അപ്പം'' എന്നു പറഞ്ഞ യേശു ''ഞാനാകുന്ന അപ്പത്തെ'' എടുത്തു ഭക്ഷിക്കാനാവശ്യപ്പെടുന്നില്ല എന്ന കാര്യം അവർ ചൂണ്ടിക്കാണിക്കുന്നു. ''എന്റെ അടുത്തു വരുക'' എന്നുമാത്രമേ ഏവിടുന്നു പറഞ്ഞുള്ളൂ. തന്റെ രക്തം കുടിക്കണമെന്നും ഇവിടെ അവിടുന്ന് ആവശ്യപ്പെട്ടില്ല. ''എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുന്നില്ല'' എന്നാണ് പറയുന്നത്. കൂടാരത്തിരുന്നാളിന്റെ അവസാനദിവസം, ''ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവർ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ'' (യോഹ. 7:37) എന്ന് യേശു പറഞ്ഞത് വ്യക്തമായും വിശ്വാസത്തെ സൂചിപ്പിച്ചാണ്. കൂടാതെ നിത്യജീവൻ നമുക്കു തരുന്നത് ദൈവവചനമാകയാൽ, വെളിപാടിന്റെ പ്രതീകമായി അപ്പത്തെ പലപ്പോഴും പഴയ നിയമത്തിൽ ഉപയോഗിച്ചു കാണുന്നുണ്ട്. അതിനാൽ അതേ പ്രതീകാത്മകതയിലാണ് ''ഞാനാണ് ജീവന്റെ അപ്പം'' എന്ന് യേശു പറഞ്ഞത് എന്ന് വാദിക്കുന്നതിനെ അബദ്ധപഠനമായി തള്ളിക്കളയാനാവില്ല. ഒരുപക്ഷേ, അതായിരിക്കാം കൂടുതൽ സ്വീകാര്യമായ വ്യാഖ്യാനം. അങ്ങനെ വാദിച്ചാലും ''ജീവന്റെ അപ്പം''കൊണ്ട് ദ്വിതീയമായി വി. കുർബാനയാണ് യേശു ഉദ്ദേശിച്ചതെന്നത് തീർച്ചയാണ്.

താൻ പറയുന്നത് സ്വീകാര്യമാകാൻ വിശ്വാസസിദ്ധി ആവശ്യമാണെന്ന് യേശു വീണ്ടും വീണ്ടും അവരെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. അവസാനം എല്ലാ മറകളും നീക്കി അവിടുന്ന് വി. കുർബ്ബാന എന്ന മഹാരഹസ്യം അവർക്കു വെളിപ്പെടുത്തി. ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്ന് ഭക്ഷിച്ചാൽ അവർ എന്നേക്കും ജീവിക്കും'' (6:51). 'ജീവനുള്ള അപ്പം' എന്നതുകൊണ്ട്, യേശു തരുന്ന അപ്പത്തിന് അതിൽത്തന്നെ ജീവനുണ്ടെന്നും അത് ലോകത്തിന് ജീവൻ നൽകുമെന്നും അർത്ഥമാക്കുന്നുണ്ട്. താൻ പ്രതിപാദിക്കുന്ന അപ്പം എന്താണെന്ന് ആരും ഇനിയൊരിക്കലും സംശയിക്കാതിരിക്കാൻ അവിടുന്നു കൂട്ടിച്ചേർത്തു, ''ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്'' (6:51). യേശു ഒന്നുകൂടെ വിശദീകരിക്കുകയാണ്: ''എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു''

(6: 54-56). മറ്റേതു ഭക്ഷണവും, അത് മന്നയാണെങ്കിൽതന്നെയും ഭക്ഷിച്ചാൽ മരണത്തിനു വിധേയനാണ്. എന്നാൽ ദൈവീകജീവൻ പൂർണ്ണമായി നിവസിക്കുന്ന യേശു നമ്മിൽ വസിക്കുമ്പോൾ മരണത്തിന് നമ്മുടെമേൽ ആധിപത്യം ഉണ്ടാകില്ല. മരിച്ചാലും യേശുവിനോടുകൂടെ നമ്മളും ഉത്ഥാനം ചെയ്യും.[1]

ഇവിടെ ഒരുകാര്യം തീർച്ചയാണ്. യേശുവിന്റെ ഈ വചനങ്ങൾ ഒരു തരത്തിലും പ്രതീകാത്മകമായി വിശദീകരിക്കാനാവില്ല. വി. കുർബ്ബാനയാകുന്ന അപ്പത്തിലും വീഞ്ഞിലും യേശു പൂർണ്ണമായ മനുഷ്യത്വത്തോടും പൂർണ്ണമായ ദൈവത്വത്തോടുംകൂടെ സന്നിഹിതനാണെന്ന് നാം സമ്മതിച്ചേ തീരൂ.

മറ്റൊരു തരത്തിലും വ്യാഖ്യാനിക്കാനാവാത്തവിധം തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യണമെന്ന് യേശു പറഞ്ഞപ്പോൾ യഹൂദൻമാർ മാത്രമല്ല, ശിഷ്യൻമാരിൽ പലരും 'പിറുപിറുത്തു' തുടങ്ങി. അവരിൽ വളരെപ്പേർ ഈ വചനം കാരണം യേശുവിനെ ഉപേക്ഷിച്ചു പോകുകയും ചെയ്തു (6:66). അപ്പോഴും തന്റെ വചനങ്ങൾക്ക് എന്തെങ്കിലും പ്രതീകാത്മക വിശദീകരണം നൽകാൻ യേശു തയ്യാറായില്ല. മാത്രമല്ല, താൻ പ്രത്യേകമായി തിരഞ്ഞെടുത്ത ആ പന്ത്രണ്ടുപേരോടായി അവിടുന്നു ചോദിക്കുകയാണ്: ''നിങ്ങളും പോകാൻ ആഗ്രഹിക്കുന്നോ?'' അതായത് താൻ നൽകുന്ന അപ്പത്തിൽ തന്റെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടെന്ന് വിശ്വസിക്കുവാൻ അവർക്ക് ആവുന്നില്ലെങ്കിൽ, അവരും തന്റെ കൂട്ടത്തിൽ നടക്കുന്നതിൽ അർത്ഥമില്ലെന്നും അവരെ തന്റെ സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുമാണ് യേശു അസന്നിഗ്ദ്ധമായി സൂചിപ്പിച്ചത്. അപ്പോൾ ഒരു കാര്യം വ്യക്തമാണ്. യേശു വെളിപ്പെടുത്തിയ രക്ഷാകരപദ്ധതിയിൽ കേന്ദ്രസ്ഥാനം വി. കുർബാനയിലെ തന്റെ യഥാർത്ഥസാന്നിദ്ധ്യത്തിന് അവിടുന്നു നൽകി.[2]

ഈ വിശദീകരണങ്ങളുടെയെല്ലാം വെളിച്ചത്തിൽ വേണം യേശു അന്ത്യ അത്താഴത്തിൽ ചെയ്തത് നാം മനസ്സിലാക്കേണ്ടത്. അപ്പം എടുത്ത് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അവിടുന്ന് അരുളിചെയ്തു: ''ഇത് എന്റെ ശരീരമാണ്'', വീഞ്ഞ് അവർക്ക് കൊടുത്തുകൊണ്ട് അരുളിചെയ്തു, ''ഇത് എന്റെ രക്തമാണ്'' ശിഷ്യന്മാർ ആരും 'പിറുപിറുക്കാതെ' അതു വിശ്വസിച്ചു. കാരണം, നിത്യജീവന്റെ വചനങ്ങൾ അവിടുത്തെ പക്കൽ ഉണ്ടെന്നും അവിടുന്ന് 'ദൈവത്തിന്റെ പരിശുദ്ധ'നാണെന്നും അവർ വിശ്വസിച്ചിരുന്നു. ആ





അപ്പവും വീഞ്ഞും സ്വീകരിച്ചപ്പോൾ തങ്ങൾ എന്താണ്, അഥവാ വി. അഗസ്തീനോസ് പറയുന്നതുപോലെ, ആരെയാണ് സ്വീകരിക്കുന്നതെന്ന് അവർക്ക് അറിയാമായിരുന്നു.

തന്റെ സാന്നിദ്ധ്യം എങ്ങനെ ജീവദായകമാകും എന്നു വിശദീകരിക്കാൻ അന്ത്യ അത്താഴത്തിൽ വെച്ച് മുന്തിരിച്ചെടിയുടെ ഉപമ യേശു പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. അവിടുന്നാണ് ''സാക്ഷാൽ മുന്തിരിച്ചെടി'' അവിടുന്ന് അരുളിചെയ്യുന്നു. ''നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്കു സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു''(യോഹ 15:ff).

വി. കുർബ്ബാനയിൽ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിലുള്ള വിശ്വാസം വി. കുർബാനയെക്കുറിച്ച് വി. പൗലോസ് പ്രതിപാദിക്കുന്നിടത്ത് സുവ്യക്തമാണ്. വേണ്ടത്ര ഒരുക്കം കൂടാതെ വി. കുർബാന സ്വീകരിക്കുന്നവൻ ''കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ പാപം ചെയ്യുന്നു'' എന്ന് കൊറീന്ത്യർക്കെഴുതുമ്പോൾ അദ്ദേഹം വ്യക്തമാക്കുന്നു. തന്റെ പ്രബോധനം കർത്താവിൽനിന്നുതന്നെ ലഭിച്ചതാണെന്നും വി. പൗലോസ് പറയുന്നുണ്ട്.

തന്റെ ശരീരരക്തങ്ങളാക്കിയ അപ്പവും വീഞ്ഞും ഭക്ഷിക്കുവാനും പാനം ചെയ്യുവാനുമായി ശിഷ്യൻമാർക്ക് കൊടുത്തതിന് ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്നുകൂടെ അവരോടു പറഞ്ഞപ്പോൾ, അവർക്കുണ്ടായ വികാരതീവ്രത ഇനിയൊരിക്കലും കണ്ടെത്താനാവില്ല. പന്തക്കുസ്താദിനം തുടങ്ങി ഇന്നോളം സഭ ആ കൽപന പാലിച്ചു പോരുന്നു. അവിടുത്തെ പ്രത്യാഗമനംവരെ സഭ അത് തുടരുകയും ചെയ്യും. വി. കുർബ്ബാന അർപ്പിക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്ന ചോദ്യത്തിന് കാൾ റാഹ്നർ നൽകുന്ന ഉത്തരം ഇങ്ങനെയാണ്: ''ഉത്തരം വളരെ ലളിതമാണ്. തന്റെ പീഡാസഹനത്തിന്റെ ആരംഭത്തിൽ അവിടുന്ന് ആഘോഷിച്ച കർത്താവിന്റെ അത്താഴം നമുക്കുവേണ്ടി നമ്മുടെയിടയിൽ ആവിഷ്കൃതമാകുന്നു''.[3] അന്ത്യ അത്താഴവേളയിൽ ശിഷ്യന്മാരുടെയിടയിൽ അവിടുന്ന് ഏതെല്ലാം സമ്പൂർണ്ണതകളോടെ സന്നിഹിതനായിരുന്നുവോ, അതേ പൂർണ്ണതകളോടെ അവിടുന്ന് വി. കുർബ്ബാനയിലും കൗദാശികമായി സന്നിഹിതനാണ്. ''നിത്യജീവന്റെ ഉറപ്പായി നമ്മിലേക്ക്

പ്രവേശിക്കുന്ന ദാനമായി അവിടുന്ന് സന്നിഹിതനാണ്. നമ്മുടെ സ്നേഹ ഐക്യമായി അവിടുന്ന് സന്നിഹിതനാണ്. തന്റെ മരണത്തോടുകൂടിയും മരണംവഴി നേടിയ ജീവനോടുകൂടിയും അവിടുന്നു സന്നിഹിതനാണ്. ലോകരൂപാന്തരീകരണത്തിന്റെ ആരംഭമായും പാപാന്ധകാരത്തിലേക്കുള്ള ദൈവമഹത്വത്തിന്റെ അപ്രതിരോധ്യമായ വിസ്ഫോടനത്തിന്റെ ഉറപ്പായും അവിടുന്ന് സന്നിഹിതനാണ്. ജീവിതത്തിന്റെ ശക്തിയായും നമ്മുടെ മരണത്തെ തന്റെ ജീവൻകൊണ്ട് അനുഗ്രഹിക്കാനായി തന്റെ മരണത്തിലേക്ക് നമ്മെയും വലിച്ചിറക്കികൊണ്ടുപോകുന്ന ശക്തിയായും അവിടുന്ന് സന്നിഹിതനാണ്. നമ്മുടെ സ്നേഹിതനായും സഹയാത്രികനായും നമ്മുടെ പരമാന്ത്യത്തിന്റെ സഹോദരപങ്കാളിയായും അവിടുന്ന് സന്നിഹിതനാണ്. ഇങ്ങനെ, എല്ലാ കാര്യങ്ങളിലും അവിടുന്ന് നമ്മുടെ ഇടയിലും നമുക്കുവേണ്ടിയും സന്നിഹിതനായിരുന്നുകൊണ്ട് തന്നെത്തന്നെ നമ്മിൽ സംസ്ഥാപിക്കുകയും നമ്മൾ അവിടുത്തെ സ്വീകരിക്കുമ്പോൾ നമ്മെ തന്നിലേക്ക് സമന്വയിപ്പിക്കുകയും ചെയ്യുന്നു.''[4]

## പിതാക്കന്മാരുടെ വിശ്വാസം

ശിഷ്യന്മാരുടെ വിശ്വാസം സഭാപിതാക്കന്മാർ അഭംഗുരം കാത്തുസൂക്ഷിക്കുകയും പിൻതലമുറകൾക്ക് കൈമാറുകയും ചെയ്തു. പിതാക്കന്മാരുടെ പഠനത്തിന്റെ സാരാംശം അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് 107-ൽ സ്മിർണായിലെ സഭയ്ക്ക് അയച്ച കത്തിൽ കാണാം. ''നമ്മുടെ പാപത്തെപ്രതി സഹിക്കുകയും പിതാവ് തന്റെ സ്നേഹകാരുണ്യം കൊണ്ട് ഉയിർപ്പിക്കുകയും ചെയ്ത നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ശരീരമാണ് വി. കുർബാന.''[5] വി. കുർബ്ബാനയിലെ യേശുവിന്റെ സാന്നിദ്ധ്യം ഏതെങ്കിലും തരത്തിൽ പ്രതീകാത്മകമായി വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നവരോടായി മോപ്സുവെസ്തിയായിലെ തെയദോർ അപ്പസ്തോലിക പാരമ്പര്യം അനുസ്മരിപ്പിച്ചു പറയുന്നു: ''ഇത് എന്റെ ശരീരത്തിന്റെ പ്രതീകമാണെന്നും ഇത് എന്റെ രക്തത്തിന്റെ പ്രതീകമാണെന്നും അല്ലല്ലോ കർത്താവ് പറയുന്നത്; പ്രത്യുത, ഇത് എന്റെ ശരീരവും രക്തവുമാണെന്നാണ്'' (P.G. 66, 714). ഇതേ ആശയം തന്നെ അലക്സാൺട്രിയായിലെ വി. സിറിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിജൻ, വി. അത്തനേഷ്യസ്, ജറുസലേമിലെ വി. സിറിൽ, വി. ജോൺ ക്രിസോസ്റ്റം, വി. അഗസ്തിനോസ്, വി. അംബ്രോസ് തുടങ്ങിയ ആദിമപിതാക്കന്മാരുടെ പ്രബോധനങ്ങളിലും പ്രസ്തുത ആശയം വ്യക്തമായി കാണുന്നുണ്ട്. ചുരുക്കത്തിൽ, വി. കുർബ്ബാനയിലെ





യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിലുള്ള വിശ്വാസം ആദിമസഭയുടെ പ്രധാന പ്രബോധവും ജീവിതത്തിന്റെ കേന്ദ്രവുമായിരുന്നു.

## പ്രശ്നങ്ങൾ മുളയെടുക്കുന്നു

ആദിമസഭയിൽ വി. കുർബ്ബാനയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ആരും സംശയിച്ചിരുന്നില്ല. പകൽവെളിച്ചംപോലെ അതവർക്കു സുവ്യക്തമായിരുന്നു. യേശുവിന്റെ ദൈവത്വത്തെക്കുറിച്ചും കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തെക്കുറിച്ചും ദൈവവരപ്രസാദത്തിന്റെ സ്വഭാവത്തെക്കുറിച്ചും ഒക്കെ ഒത്തിരി പ്രശ്നങ്ങൾ ഉണ്ടായിട്ടും വി. കുർബ്ബാനയിലെ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ച് ആദ്യത്തെ എട്ടു നൂറ്റാണ്ടിനിടയ്ക്ക് ഒരു പ്രശ്നവും തലപൊക്കിയില്ല.

കൂദാശകളുടെ എണ്ണംപോലും തിട്ടമില്ലാതിരുന്ന ആ കാലത്തു കൂദാശകളുടെ ദൈവശാസ്ത്രം അധികമൊന്നും വികസിച്ചിട്ടില്ലായിരുന്നു. വി. കുർബാന ഒരു കൂദാശയാണെന്നും അതിനാൽ അത് ബാഹ്യമായ പ്രതീകമാണെന്നും എല്ലാവർക്കും അറിയാമായിരുന്നു. അതേസമയം വി. കുർബാനയിൽ ക്രിസ്തു യഥാർത്ഥത്തിൽ സന്നിഹിതനാണെന്നും അവർ പൂർണ്ണമായി വിശ്വസിച്ചുപോന്നു.

വി.കുർബാന എങ്ങനെ ഒരേ സമയത്തു അടയാളവും ആ അടയാളം സൂചിപ്പിക്കുന്ന യാഥാർത്ഥ്യവും ആണെന്ന് വിശദീകരിക്കുവാൻ അന്നത്തെ ദൈവശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിരുന്നില്ല. ഒമ്പതാം നൂറ്റാണ്ടായപ്പോൾ ചില ദൈവശാത്രജ്ഞൻമാർ വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തിന് മാത്രം ഊന്നൽ കൊടുത്തു സംസാരിക്കാൻ തുടങ്ങിയപ്പോൾ പ്രശ്നങ്ങളും തലപൊക്കി. അങ്ങനെ കോർബി ആശ്രമത്തിലെ ആബട്ടായിരുന്ന പസ്കാസിയൂസ് റാഡ്ബർട്ടൂസ് (Paschasius Radbertus 856 c) ആദ്യമായി വിവാദങ്ങൾക്ക് തിരികൊളുത്തി. വി. കുർബ്ബാനയിലെ പ്രതീകാത്മകവശത്തെ അദ്ദേഹം തീർത്തും അവഗണിച്ചു. കന്യകാമറിയം ജന്മം നൽകിയ അതേ ശരീരം ഒരു മാറ്റവും കൂടാതെ അതേ രീതിയിൽത്തന്നെ വി. കുർബാനയിൽ സന്നിഹിതമായിരിക്കുന്നു എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതിനാൽ വി. കുർബാന താഴെ വീണാൽ യേശുവിനു ഷോക്കും മുറിക്കുമ്പോൾ വേദനയും ഉണ്ടാകുന്നു. ഇത് അസ്വീകാര്യമായ നിലപാടാണെന്ന് സഭ ഉടനെ വ്യക്തമാക്കി. ഈ അഭിപ്രായത്തിനെതിരായി കോർബി ആശ്രമത്തിലെതന്നെ റാത്രാമ്നൂസ് (Ratramnus 868 c) എന്ന മറ്റൊരു സന്യാസി രംഗത്തിറങ്ങി. വി. കുർബാനയിൽ ക്രിസ്തുവിന്റെ

സാന്നിദ്ധ്യം പ്രധാനമായും ആത്മീയവും ശാക്തികവുമാണെന്ന് അദ്ദേഹം വാദിച്ചു. ഇതും സഭ ഉടനെ തന്നെ തള്ളിക്കളഞ്ഞു. രണ്ടു നൂറ്റാണ്ടുകൾക്ക് ശേഷം 1050-നോടടുത്തു ടൂർഡിലെ എപ്പിസ്ക്കോപ്പൽ സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന ബറംഗാരിയൂസ് വാദിച്ചു. ക്രിസ്തു പ്രതീകാത്മകമായി മാത്രമേ വി. കുർബാനയിൽ സന്നിഹിതനാകുന്നുള്ളൂവെന്നും അവിടുത്തെ യഥാർത്ഥ സാന്നിദ്ധ്യം സ്വർഗ്ഗത്തിൽ മാത്രമാണെന്നും. ഇത് അബദ്ധപഠനമായി സഭ തള്ളിക്കളഞ്ഞു. അതിനാൽ ബറംഗാരിയൂസ് തന്റെ അഭിപ്രായം പിൻവലിച്ച് വി. കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം പരസ്യമായി ഏറ്റുപറഞ്ഞു: "കൂദാശാവചനങ്ങൾക്കുശേഷം അൾത്താരയിലെ അപ്പവും വീഞ്ഞും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രതീകം മാത്രമല്ല, പ്രത്യുത, അവിടുത്തെ യഥാർത്ഥ ശരീരവും രക്തവുമാണ്." വി. കുർബാനയിൽ എങ്ങനെ പ്രതീകവും യാഥാർത്ഥ്യവും സമന്വയിച്ചു നിൽക്കുന്നു എന്ന് കാണിച്ചുകൊടുക്കാൻ ഹ്യൂഗോ ഓഫ് സെന്റ് വിക്ടർ (1141), പീറ്റർ ലൊമ്പാർഡ് (1160), വി. ബൊനെവഞ്ചർ (1274), വി. തോമസ് അക്വിനാസ് (1274), മഹാനായ വി. ആൽബർട്ട് (1280) എന്നീ ദൈവശാസ്ത്രജ്ഞന്മാരാണ് നേതൃത്വം നൽകിയത്.

പിന്നീടുവന്ന മൂന്നു നൂറ്റാണ്ടു കാലത്തേക്കു വി. കുർബാനയെക്കുറിച്ച് കാര്യമായ തർക്കങ്ങളൊന്നും ഉണ്ടായില്ല. വീണ്ടും തർക്കം ആരംഭിച്ചത് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന്റെ സ്ഥാപകനായ മാർട്ടിൻ ലൂഥറാണ്. അദ്ദേഹം വാസ്തവത്തിൽ, വി. കുർബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം പൂർണ്ണമായി നിഷേധിച്ചിട്ടില്ല. വി. കുർബാനയിൽ യേശു സന്നിഹിതനായിരിക്കുന്നത് അതിന്റെ ആഘോഷവേളയിൽ മാത്രമാണെന്നും, അതു നമ്മുടെ വിശ്വാസത്തെ ആശ്രയിച്ചാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിനാൽ കുർബാനയുടെ ആഘോഷം കഴിയുമ്പോൾ, കൂദാശ ചെയ്യപ്പെട്ട തിരുവോസ്തി സാധാരണ അപ്പമായി മാറുന്നു. ഇതിൽ നിന്ന് അല്പം വ്യത്യസ്തമാണ് ജോൺ കാൽവിന്റെ (John Calvin) വിശദീകരണം. അദ്ദേഹം പറഞ്ഞു, യേശു ശാക്തികമായ രീതിയിൽ മാത്രമേ വി. കുർബാനയിൽ സന്നിഹിതനാകുന്നുള്ളു എന്ന്. അങ്ങനെയുമല്ല, വെറും സൂചനാത്മകമായ സാന്നിദ്ധ്യം മാത്രമേയുള്ളൂ എന്നും സ്വിംഗ്ലിയിലെ ഉൾറിഖ് (Ulrich von Zwingli) വാദിച്ചു. ഈ അഭിപ്രായങ്ങളെല്ലാം അസ്വീകാര്യവും അബദ്ധവുമാണെന്ന് ത്രെന്തോസ് സൂനഹദോസ് അസന്ദിഗ്ധമായി സമർത്ഥിച്ചു.





**സഭയുടെ പ്രബോധനം**

ബറംഗാരിയൂസ് തന്റെ അബദ്ധം തിരുത്തി. വി. കുർബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം 1059-ൽ പരസ്യമായി ഏറ്റുപറഞ്ഞു. എങ്കിലും ഇത് ഒദ്യോഗികമായി പഠിപ്പിക്കേണ്ടതാണെന്ന് സഭയ്ക്ക് ബോധ്യമായി. അതിനാൽ, പിന്നീടു വന്ന ലാറ്ററൻ (1215), കോൺസ്റ്റാൻസ് (1414-18), ഫ്ളോറൻസ് (1439-45) എന്നീ സാർവ്വത്രിക സൂനഹദോസുകൾ വി. കുർബ്ബാനയിലെ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം ഔദ്യോഗികമായി പഠിപ്പിച്ചു.

സഭയുടെ വിശ്വാസസമ്പത്ത് ദൈവികവെളിപാടിൽ നിന്നുള്ളതാണ്. അതിൽ പലതും മനുഷ്യമനസ്സിന് അഗ്രാഹ്യമായ ദൈവീക രഹസ്യങ്ങളാണ്. ഉദാഹരണമായി, ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, കന്യകാമറിയത്തിന്റെ ദൈവമാതൃത്വം, ദൈവത്തിന്റെ മനുഷ്യാവതാരം, ഇങ്ങനെയുള്ള ഒരു രഹസ്യമാണ് വി. കുർബ്ബാനയിലെ ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം. അബ്രാഹവും പ്രവാചകൻമാരും ചെയ്തതുപോലെ നമ്മുടെ ബുദ്ധിയെ ദൈവമനസ്സിന് കീഴ്പ്പെടുത്തുമ്പോൾ, വിശ്വാസം ബുദ്ധിയെ പ്രകാശിപ്പിക്കും. അതിനുപകരം ചില ചിന്തകർ മനസ്സിലാക്കാൻ പ്രയാസമായവയെ എടുത്തുമാറ്റി രഹസ്യങ്ങളെ സുതാര്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. വി. കുർബാനയെ സംബന്ധിച്ച് പ്രൊട്ടസ്റ്റന്റ് നേതാക്കളും അങ്ങനെയൊരു ശ്രമം നടത്തി.

ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ വി. കുർബാനയെക്കുറിച്ച് വിശ്വാസികളിൽ സംശയം മുളയെടുക്കാതിരിക്കുന്നതിന് സഭയുടെ പരമ്പരാഗത വിശ്വാസം അവർ ഒരിക്കൽകൂടെ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. 1551 ഒക്ടോബർ 11 ത്രെന്തോസ് സാർവ്വത്രിക സൂനഹദോസ് സഭയുടെ വിശ്വാസം ഔദ്യോഗികമായും, അതിനാൽ അപ്രമാദപരമായും, വിശദീകരിച്ചു: "ഏറ്റവും പരിശുദ്ധമായ കുർബ്ബാന എന്ന കൂദാശ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവോടും ദൈവത്വത്തോടും കൂടെ പൂർണ്ണമായും, സത്യമായും സത്താപരമായും ശരീരവും രക്തവുമാണെന്നും, ഈ സത്യം നിഷേധിക്കുകയും അവിടുത്തെ സാന്നിദ്ധ്യം സൂചനാത്മകമോ, പ്രതീകാത്മകമോ, ശാക്തികമോ ആണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നവൻ സഭയിൽനിന്ന് നിഷ്കാസിതനാണ്" (D. 883). ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ പരിപൂർണ്ണത സംശയാതീതമായി ഇവിടെ വ്യക്തമാണ്. എങ്കിലും, ഭാവിയിൽ സംശയത്തിന്റെ എല്ലാ പഴുതുകളും അടയ്ക്കുക എന്ന ഉദ്ദേശത്തോടെ ത്രെന്തോസ് കൂട്ടിച്ചേർത്തു. "പരമ

പരിശുദ്ധ ദിവ്യകാരുണ്യത്തിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്ത കർത്താവിന്റെ ശരീര രക്തങ്ങളോടൊപ്പം നിലനിൽക്കുന്നില്ല. അപ്പത്തിന്റെ സത്ത മുഴുവനും അവിടുത്തെ ശരീരമായിത്തീരുകയും വീഞ്ഞിന്റെ സത്ത മുഴുവനും അവിടുത്തെ രക്തമായിത്തീരുകയും ചെയ്യുന്നു. അത്ഭുതാവഹവും അനന്യവുമായ മാറ്റമാണിത്; അവശേഷിക്കുന്നത് ദൃശ്യരൂപങ്ങൾ മാത്രമാണ്. ഇതിനെ ഏറ്റവും ഉചിതമായി വസ്തുഭേദം എന്ന് കത്തോലിക്കസഭ വിളിക്കുന്നു.''

ജീവിക്കുന്ന വ്യക്തി എന്ന നിലയിലാണ് ക്രിസ്തു വി. കുർബ്ബാനയിൽ സന്നിഹിതനായിരിക്കുന്നത്. സാന്നിദ്ധ്യം തികഞ്ഞ അർത്ഥത്തിൽ വ്യക്തിക്കു മാത്രമുള്ളതാണ്. സാന്നിദ്ധ്യത്തിൽ വ്യക്തിബന്ധവും ഉൾക്കൊള്ളുന്നുണ്ട്. വ്യക്തി സന്നിഹിതനായിരിക്കുന്നത് മുഴുവനായിട്ടാണ്, ഭാഗികമായിട്ടല്ല. ഒരു വ്യക്തിയുടെ സാന്നിദ്ധ്യത്തെ മറ്റൊരാൾ അനുഭവിക്കുന്നതിൽ ഏറ്റക്കുറച്ചിലുണ്ടാവാം. അതിനാൽ ക്രിസ്തു അപ്പത്തിൽ വെറും ശരീരമായിട്ടും വീഞ്ഞിൽ വെറും രക്തമായിട്ടുമല്ല സന്നിഹിതനായിരിക്കുന്നത്. ഓരോ സാദൃശ്യത്തിലും സാദൃശ്യസ്വഭാവം നഷ്ടപ്പെടാത്തതിന്റെ ഓരോ ഭാഗത്തിലും ക്രിസ്തു പൂർണ്ണമായും സന്നിഹിതനാണ്. ഇതും ത്രെന്തോസിന്റെ പഠനത്തിലുണ്ട്.

വി. കുർബ്ബാനയുടെ പ്രാഥമികമായ സ്ഥാപനോദ്ദേശ്യം അതു മനുഷ്യരാൽ ഭക്ഷണ പാനീയങ്ങളായി ഉപയോഗിക്കുക എന്നതാണ്. അതുകൊണ്ട് ഉപയോഗകർമ്മത്തിൽ മാത്രമേ ക്രിസ്തു സന്നിഹിതനാകുന്നുള്ളൂവെന്ന് ചിലർ വാദിച്ചിരുന്നു. ഈ അഭിപ്രായവും ദൈവശാസ്ത്രപരമായി നിലനിൽക്കുന്നില്ല. ''ക്രിസ്തു സന്നിഹിതനായിരിക്കുന്നത്, ഭക്ഷിക്കപ്പെട്ടതുകൊണ്ടല്ല, പ്രത്യുത, ഭക്ഷിക്കപ്പെടാനായിട്ടാണ്... ഭക്ഷിക്കപ്പെടേണ്ട ഒന്നായി ഈ അപ്പം നിലനിൽക്കുവോളം നമ്മളാൽ സ്വീകൃതനാകാനായി നമ്മുടെ കർത്താവ് നമ്മെ സമീപിക്കുന്നവനായി അവിടെയുണ്ട്.''[9] അന്ത്യ അത്താഴത്തിലും ''ഇത് എന്റെ ശരീരമാണെ''ന്ന് ക്രിസ്തു പറഞ്ഞതിനുശേഷം അതു ഭക്ഷിക്കപ്പെട്ടതുവരെ കുറെ സമയം കടന്നുപോയല്ലോ. കൂദാശാവചനങ്ങൾ കഴിഞ്ഞ് അത് ഭക്ഷിക്കുന്നതുവരെ കുറെ ഇടവേള വന്നതുകൊണ്ട് അതിന്റെ ഭക്ഷ്യസ്വഭാവം നഷ്ടപ്പെടുന്നില്ലെന്ന് ആദിമകാലം തുടങ്ങി ക്രൈസ്തവർ വിശ്വസിച്ചുപോരുന്നു.[10] അതുകൊണ്ടാണ് ദിവ്യബലിയിൽ നേരിട്ട് സംബന്ധിക്കാൻ കഴിയാതെ പോയവർക്കുവേണ്ടി വി. കുർബ്ബാന അവരുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്തിരുന്നത്.[11]





## ആധുനികകാലം

ത്രെന്തോസിനുശേഷം വി. കുർബ്ബാനയെക്കുറിച്ച് കാര്യമായ സംശയങ്ങൾ ഒന്നുംതന്നെ പൊന്തിവന്നില്ല. എന്നാൽ ആധുനികകാലത്തെ മതൈക്യസംവാദങ്ങളും പുത്തൻ തത്വശാസ്ത്ര വിചിന്തനങ്ങളും വി. കുർബ്ബാനയുടെ ദൈവശാസ്ത്ര വിചിന്തനങ്ങളെയും സ്വാധീനിച്ചു. അങ്ങനെ വി. കുർബ്ബാനയുടെ അതുവരെയും കണ്ടിട്ടില്ലാത്ത ആഴങ്ങളും മാനങ്ങളും കണ്ടെത്താൻ ദൈവശാസ്ത്രജ്ഞന്മാർക്ക് സാധിച്ചു. ത്രെന്തോസിന്റെ പ്രബോധനങ്ങൾ ആകമാനം രണ്ടാം വത്തിക്കാൻ സുനഹദോസ് സ്വീകരിച്ചു. എങ്കിലും, പ്രൊട്ടസ്റ്റന്റ് പ്രബോധനങ്ങൾക്കെതിരെ ത്രെന്തോസ് ഉപയോഗിച്ച പല പദപ്രയോഗങ്ങളും രണ്ടാം വത്തിക്കാൻ കൗൺസിൽ ഉപയോഗിച്ചു. ആരെയും വേദനിപ്പിക്കാത്ത, സമഭാവന ദ്യോതിപ്പിക്കുന്ന ശൈലികളാണ് രണ്ടാം വത്തിക്കാന്റേത്. വി. കുർബ്ബാനയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ 'സവിശേഷം' എന്നാണ് രണ്ടാം വത്തിക്കാൻ വിശേഷിപ്പിച്ചിരിക്കുന്നത്.[12] എന്താണ് ഈ സവിശേഷത എന്നറിയാൻ ക്രൈസ്തവർ ത്രെന്തോസിലേക്ക് തിരിച്ചുപോകണം എന്നായിരിക്കണം വത്തിക്കാൻ ഉദ്ദേശിച്ചത്. ക്രൈസ്തവനു ക്രിസ്തുവിനെ പലവിധം കണ്ടുമുട്ടാനാവുമെന്ന് രണ്ടാം വത്തിക്കാൻ ചൂണ്ടിക്കാണിക്കുന്നു. 1. വി. കുർബ്ബാന അർപ്പിക്കുന്ന വൈദികനിൽ; 2. സവിശേഷമായി വി. കുർബ്ബാനയുടെ സാദൃശ്യങ്ങളിൽ; 3. ശാക്തികമായി കൂദാശകളിൽ; 4. അവിടുത്തെ വചനങ്ങളിൽ; 5. പ്രാർത്ഥിക്കുകയും സങ്കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യുന്ന സഭയിൽ.

രണ്ടാം വത്തിക്കാന്റെ വിശദീകരണം വളരെ സുന്ദരമാണ്. ആരെയും കുറ്റപ്പെടുത്തുകയോ ശപിക്കുകയോ ചെയ്യുന്നില്ല. ത്രെന്തോസിനേക്കാൾ ആഴമേറിയതാണ് വത്തിക്കാൻ. പക്ഷേ രണ്ടാം വത്തിക്കാനെ ത്രെന്തോസിനോടു ചേർത്തു പഠിക്കുന്നതിനു പകരം പലരും ത്രെന്തോസിൽനിന്നും വിടുതൽനേടി മുമ്പോട്ടു പോകാനാണ് ശ്രമിച്ചത്. തോമസ് അക്വീനാസിലൂടെ അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രം ത്രെന്തോസിനെ അവിഹിതമായി സ്വാധീനിച്ചിരുന്നു എന്നായിരുന്നു ചിലരുടെ ആക്ഷേപം. അതേസമയം അസ്തിത്വവാദത്തിന്റെ (Existentialism) സ്വാധീനത്തിൽ സത്തയെക്കുറിച്ച് പുതിയ സിദ്ധാന്തങ്ങൾ മാക്സ് തൂറിയാൻ (Max Thurian), ലേൻ ഹാർഡ്ട്ട് (P.J. Leenhardt) തുടങ്ങിയ അകത്തോലിക്കാ ദൈവശാസ്ത്രജ്ഞൻമാരും ചാൾസ് ഡേവിഡ് (Chales David), ഷൂണൻ ബർഗ് (Shoonen berg) തുടങ്ങിയ കത്തോലിക്ക ദൈവശാസ്ത്ര

ജ്ഞൻമാരും അവതരിപ്പിച്ചു. ഇവരുടെ വീക്ഷണത്തിൽ ഒരു വസ്തുവിന് അർത്ഥം ലഭിക്കുന്നത് അതിന് മനുഷ്യനോടുള്ള ബന്ധത്തിൽ നിന്നാണ്. ഉദാഹരണമായി ആറ്റിലെ വെള്ളം കുളിവെള്ളമാകാം, കുടിവെള്ളമാകാം, നനയ്ക്കാനുള്ള വെള്ളമാകാം. ഈ അർത്ഥം തന്നെയാണ് വസ്തുവിന്റെ സത്തയും എന്നാണ് അവരുടെ അഭിമതം. അതിനാൽ, വി. കുർബ്ബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്ത എന്ന് പറയുന്നത് അവയ്ക്ക് ക്രിസ്തു കൊടുക്കുന്ന അർത്ഥമനുസരിച്ചായിരിക്കും. മറ്റുചിലർ വാദിച്ചു, ഒരു വസ്തുവിന് മനുഷ്യൻ കൽപ്പിക്കുന്ന പരമമായ ലക്ഷ്യമാണ് അതിന്റെ സത്തയെ നിർവചിക്കുന്നത്. ഉദാഹരണമായി, ഒരു മലവേടൻ പുള്ളിമാനെ കാണുമ്പോൾ അവൻ ഭക്ഷണമാണ് കാണുന്നത്; ഒരു കലാകാരൻ അതേ മൃഗത്തെ കാണുമ്പോൾ ദൃശ്യഭംഗിയുടെ അവതാരത്തെ കാണുന്നു. ഇങ്ങനെ നോക്കുമ്പോൾ വി. കുർബ്ബാനയിലെ അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്തയെന്നു പറയുന്നത് ക്രിസ്തു അവയ്ക്കു നൽകുന്ന പരമമായ ലക്ഷ്യമാണ്.[13] വി. കുർബ്ബാനയിലെ സത്താഭേദത്തെ അർത്ഥഭേദമായും ലക്ഷ്യഭേദമായും അവർ വിശദീകരിച്ചു. ഇതിന്റെയൊക്കെ ആകെത്തുക പല വിശ്വാസികളിലും ചിന്താകുഴപ്പം സൃഷ്ടിച്ചു എന്നതായിരുന്നു.

ഈ സമത്താണ് പോൾ ആറാമൻ മാർപാപ്പ പ്രസിദ്ധമായ വിശ്വാസത്തിന്റെ രഹസ്യം (Mysterium Fidei) എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത് (Sept. 3, 1965). വി. കുർബാനയെക്കുറിച്ച് രണ്ടാം വത്തിക്കാൻ പഠിപ്പിക്കുന്നത് ത്രെന്തോസിന്റെ പ്രബോധനത്തെ ആവർത്തിച്ചുറപ്പിക്കുന്നതാണെന്ന് ആമുഖമായി അദ്ദേഹം ഏവരെയും അനുസ്മരിപ്പിക്കുന്നു. ത്രെന്തോസിന്റെ പ്രബോധനത്തെ അധികരിച്ചല്ലാതെ വി. കുർബ്ബാനയിലെ സത്താഭേദം വിശദീകരിക്കുന്നത് ശരിയല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.[14] വി. കുർബ്ബാനയെക്കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ പരമ്പരാഗത പ്രബോധനത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാൻ സഹായിക്കും എന്നും അദ്ദേഹം ചൂണ്ടിക്കാച്ചി. വി. കുർബാനയിൽ കുടികൊള്ളുന്ന കർത്താവിന്റെ ശരീരവും രക്തവും നമ്മുടെ ഇന്ദ്രിയങ്ങൾകൊണ്ടു കണ്ടുപിടിക്കാവുന്നതല്ല. വിശ്വാസത്തിന് മാത്രമേ അത് കാണിച്ചു തരാനാവൂ.[15] ക്രിസ്തുവിന് സഭയിൽ ഒൻപതു തരത്തിലുള്ള വിവിധ സാന്നിദ്ധ്യത്തെ അദ്ദേഹം വളരെ ഭംഗിയായി വിവരിക്കുന്നു.

1. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ ഞാൻ അവരുടെ മദ്ധ്യേ ഉണ്ടെന്ന് (മത്താ 18:20) ക്രിസ്തു





വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിനാൽ, തിരുസഭ പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് സഭയിൽ സന്നിഹിതനാകുന്നു.

2. സഭ കാരുണ്യപ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ക്രിസ്തു സഭയിൽ സന്നിഹിതനാണ്. വാസ്തവത്തിൽ, ക്രിസ്തുവാണ് സഭയിലൂടെ ഈ സത്പ്രവൃത്തികൾ ചെയ്യുന്നത്.
3. നിത്യതയിലേക്കുള്ള സഭയുടെ തീർത്ഥാടനത്തിൽ ക്രിസ്തുവും സഭയോടൊത്തു തീർത്ഥാടനം ചെയ്യുന്നുണ്ട്.
4. വിശ്വാസമുള്ള ക്രൈസ്തവന്റെ ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നുണ്ട് (എഫേ 3:17).
5. സഭ ദൈവവചനം പ്രഘോഷിക്കുമ്പോൾ ക്രിസ്തു സഭയിൽ സന്നിഹിതനാണ്; കാരണം, സഭ ദൈവവചനം പ്രഘോഷിക്കുന്നത് ക്രിസ്തുവിന്റെ നാമത്തിലും അവിടുത്തെ അധികാരത്തോടും സഹായത്തോടുംകൂടെ മാത്രമാണ്.
6. ദൈവജനത്തെ ഭരിക്കുമ്പോൾ ക്രിസ്തു സഭയിൽ സന്നിഹിതനാണ്; കാരണം, സഭയുടെ ഭരണാധികാരം ക്രിസ്തുവിൽ നിന്നാണ്.
7. സഭ ദിവ്യബലി അർപ്പിക്കുമ്പോൾ ഇതിനേക്കാൾ എല്ലാം ശ്രേഷ്ഠമായ വിധം ക്രിസ്തു സഭയിൽ സന്നിഹിതനാണ്. വി. ജോൺ ക്രിസോസ്റ്റം പറഞ്ഞതുപോലെ, പീറ്ററാകട്ടെ, പോൾ ആകട്ടെ, ആരുതന്നെ ബലിയർപ്പിച്ചാലും ക്രിസ്തു തന്നെയർപ്പിച്ച ബലിയാണ്.
8. സഭ കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ ക്രിസ്തു സഭയിൽ സന്നിഹിതനാണ്; കാരണം, കൂദാശകളെല്ലാം ക്രിസ്തുവിന്റെ പ്രവൃത്തികളാണ്. ഇതെല്ലാം യഥാർത്ഥ സാന്നിദ്ധ്യങ്ങൾതന്നെ. എന്നാൽ ഇതിനേക്കാൾ കൂടിയ സാന്ദ്രതയോടെയാണ് ക്രിസ്തു വി. കുർബ്ബാനയിൽ സന്നിഹിതനായിരിക്കുന്നത്.
9. വി. കുർബ്ബാനയിൽ ക്രിസ്തു സന്നിഹിതനാണ്. ഈ സാന്നിദ്ധ്യത്തെ വിശദീകരിക്കാൻ പരിശുദ്ധ പിതാവ് തിരഞ്ഞെടുത്ത അഞ്ചു ശൈലികളാണ് ഉപയോഗിച്ചിരിക്കുന്നത്: 1. വി. കുർബ്ബാനയിലെ യേശുവിന്റെ സാന്നിദ്ധ്യം മറ്റെല്ലാ സാന്നിദ്ധ്യ രീതികളെയും അതിശയിക്കുന്നതാണ്. 2. ക്രിസ്തുവിനെത്തന്നെ അത് ഉൾക്കൊള്ളുന്നു. 3. സാന്നിദ്ധ്യത്തിന്റെ

പൂർണ്ണതരമായ അർത്ഥത്തിലാണ് വി. കുർബാനയിൽ അവിടുന്നുള്ളത്. 4. അവിടുന്ന് മുഴുവനായും വി. കുർബാനയിൽ സന്നിഹിതനാണ്. 5. സമ്പൂർണ്ണമായ രീതിയിലാണ് അവിടുന്ന് വി. കുർബ്ബാനയിൽ ഉള്ളത്.

വാസ്തവത്തിൽ, ഇവയിൽ ഏതെങ്കിലും ഒരു പദപ്രയോഗം മതിയായിരുന്നു. എന്തിന് പ്രത്യക്ഷത്തിൽ അനാവശ്യമായി ഓരേകാര്യം പലവാക്കുകളിൽ അഞ്ചു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു? ഒരു പക്ഷേ, പരിശുദ്ധ പിതാവിന് തോന്നിയിരിക്കണം, മാനുഷികമായ ഏതു ഭാഷയും ഈ സത്യത്തെ വിവരിക്കാൻ അപര്യാപ്തമാണെന്ന്. ഭാവിയിൽ, ഏതെങ്കിലും ചിന്തകൻ സാന്നിദ്ധ്യത്തിന് പുത്തൻ വിശദീകരണം കൊണ്ടുവന്നാൽ, അതിനെയും അതിലംഘിക്കുന്ന പൂർണ്ണതയാണ് വി. കുർബാനയിലെ യേശുവിന്റെ സാന്നിദ്ധ്യത്തിനുള്ളത് എന്നും പരി. പിതാവ് സൂചിപ്പിക്കുന്നുണ്ടാവും.

ക്രൈസ്തവ ജീവിതത്തിൽ ആരാധനക്രമത്തിന് പ്രഥമസ്ഥാനമാണുള്ളത്. വി. കുർബ്ബാനയാകട്ടെ ആരാധനക്രമത്തിന്റെ ഹൃദയം തന്നെയാണ്. അത് ക്രൈസ്തവന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉറവിടവും അടിത്തറയും പരമസാക്ഷാത്കാരവുമാണ്. അതിൽ സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുനാഥൻ യഥാർത്ഥമായും വാസ്തവികമായും സത്താപരമായും സന്നിഹിതനാണ്. ഇത് മനുഷ്യൻ കണ്ടുപിടിച്ചതോ സ്ഥാപിച്ചതോ അല്ല. അനന്തസ്നേഹം തന്നെയായ ദൈവം മനുഷ്യകുലത്തിന് നൽകിയ ഏറ്റവും മഹത്തായ സ്നേഹസമ്മാനമാണ് വി. കുർബ്ബാന. സങ്കല്പാതീതമായ ഈ ദൈവീകദാനത്തിനു മുമ്പിൽ ത്രെന്തോസ് സൂനഹദോസിലെ പിതാക്കൻമാരോടൊപ്പം, വിശ്വാസത്താൽ പ്രകാശിതമായ മനസ്സോടെ, നമുക്കും ''അവർണ്ണനീയം'', ''അവാച്യം'' എന്നു പ്രഘോഷിക്കാനേ സാധ്യമാവൂ. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണല്ലോ. എല്ലാം പറഞ്ഞു കഴിയുമ്പോൾ ദൈവശാസ്ത്രജ്ഞന്റെ ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് വ്യക്തമായ ഒരു സ്വരം കേൾക്കാം: ''വിശ്വാസത്തിന്റെ മഹാരഹസ്യം''.





## കുറിപ്പുകൾ

1. അന്ത്യ അത്താഴത്തെക്കുറിച്ച് നീണ്ട വിവരണം വി. യോഹന്നാൻ സുവിശേഷകൻ തരുന്നുണ്ടെങ്കിലും, വി. കുർബാനയുടെ സ്ഥാപനത്തെക്കുറിച്ച് വ്യക്തമായ വിവരണം കാണുന്നില്ല. അദ്ധ്യായം ആറിലെ 51 തുടങ്ങി 59 വരെയുള്ള വാക്യങ്ങൾ വി. കുർബ്ബാനയുടെ സ്ഥാപനകർമ്മത്തിൽ നിന്ന് എടുത്തതാണെന്ന് പല ബൈബിൾ പണ്ഡിതരും അഭിപ്രായപ്പെടുന്നുണ്ട്.
2. യോഹന്നാന്റെ സുവിശേഷത്തിൽ 6-ാം അദ്ധ്യായത്തിൽ കാണുന്നത് വി. കുർബാനയെക്കുറിച്ച് യേശു പലപ്പോഴായി ക്രമാനുഗതമായി നൽകിയ വെളിപാടുകൾ ആകാനാണ് സാധ്യത.
3. Karl Rahner, *Meditation on the Sacraments*, New York, 1977, p. 29
4. *Ibid*, p. 34.
5. P.G 5,714
6. P.G 66,714
7. P.G 72,451
8. D. 884
9. Karl Rahner, 'On Visiting the Blessed Sacrament', in Payment A. Tarter (ed.), *The Eucharist Today*, New York, 1967, p. 197.
10. Cf.*Ibid*.,p. 197
11. Cf. St. Hippolytus of Rome,*Apostolic Tradition*, 37.
12. CF. *Constitution on Sacred Liturgy*, n. 7
13. Cf. Max Thurian, *The Eucharist Memorial*, Vol. II, Richmond, 1961 p. 121
14. Cf . *Mystery of Faith*,
15. St. Thomas, *Summa Theologica*. III. 75, I.C

**ഡോ. തോമസ് പോൾ**

06

## വി. കുർബ്ബാന: ഒരു കൂദാശ

### ആമുഖം

വി. കുർബ്ബാനയെ വെറുമൊരു കൂദാശയോ ഏഴു കൂദാശകളിൽ ഒന്നായി മാത്രമോ അല്ല, പ്രത്യുത കൂദാശകളുടെ കൂദാശയായിട്ടാണ് സഭ കരുതുന്നത്.[1] ഈ നിലയിൽ വി. കുർബ്ബാനയ്ക്ക് പ്രഥമവും പ്രധാനവുമായൊരു സ്ഥാനം മറ്റു കൂദാശകളുടെ ഇടയിൽ ഉണ്ട്. ക്രൈസ്തവകൂദാശകളുടെ കേന്ദ്രമായ ഈ കൂദാശയിലേക്കാണ് മറ്റെല്ലാ കൂദാശകളും നയിക്കപ്പെടുന്നത്. ഈ കൂദാശയിൽ അന്തർലീനമായിരിക്കുന്ന ദൈവികരഹസ്യങ്ങളെയും ഈ കൂദാശയുടെ ദൈവശാസ്ത്രവീക്ഷണങ്ങളെയും പലവിധത്തിൽ വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യാമെങ്കിലും വി. കുർബ്ബാനയുടെ കൗദാശികത മാത്രമാണ് ഈ ലേഖനത്തിൽ പ്രതിപാദനവിഷയമാക്കുന്നത്.

### കുർബ്ബാന എന്ന കൂദാശ

മലയാളത്തിൽ ഇന്നു സാധാരണയായി ഉപയോഗിച്ചു വരുന്ന 'കൂദാശ' എന്ന വാക്ക് സുറിയാനി - ഹെബ്രായ ഭാഷകളിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. 'ഖദഷ്' (qadash) എന്ന ഹെബ്രായ പദത്തിന് വെടിപ്പാക്കുക (to clean), നിയമിക്കുക (to appoint), പ്രതിഷ്ഠിക്കുക (to dedicate), സമർപ്പിക്കുക (to consercrate), വിശുദ്ധീകരിക്കുക (to sanctify), ശുദ്ധീകരിക്കുക (to purify) എന്നീ അർത്ഥങ്ങൾ ഉണ്ട്. കാദേശ എന്ന സുറിയാനി പദത്തിനും മേലുദ്ധരിച്ച അർത്ഥങ്ങൾ തന്നെയാണുള്ളത്. കൂടാതെ, വേർതിരിക്കുക, വേർതിരിച്ചു സമർപ്പിക്കുക എന്നീ അർത്ഥങ്ങളിലും ഈ പദം ഉപയോഗിച്ചു കാണുന്നുണ്ട്. ഗ്രീക്കുഭാഷയിൽ 'മിസ്റ്റേരിയോൺ' (Mysterion) എന്ന വാക്കാണ് പൗരസ്ത്യസഭകൾ കൂദാശകളെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നത്. നിഗൂഢം, രഹസ്യം, ഗോപ്യം എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. ലത്തീൻ ഭാഷയിലേക്ക് കടന്നാൽ സാക്രമെന്തും (Sacramentum) എന്ന ക്രിയാപദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. സാക്രമെന്തും എന്ന നാമവിശേഷണരൂപം. സമർപ്പിക്കുക, പ്രതിഷ്ഠിക്കുക, വിശുദ്ധീകരിക്കുക, മതപരമായി മാറ്റിവയ്ക്കുക എന്നിങ്ങനെയാണ് 'സാക്രാരെ' എന്ന പദത്തിനർത്ഥം. സമർപ്പിക്കുകയോ പ്രതിഷ്ഠിക്കുകയോ വിശുദ്ധീകരിക്കുകയോ മതപരമായി മാറ്റിവയ്ക്കുകയോ ചെയ്തതിന്റെ ഫലമാണ് സാക്രമെന്തും എന്നു മനസ്സിലാക്കാം. വി. ഗ്രന്ഥത്തിന്റെ ലത്തീൻ വിവർത്തനങ്ങളിൽ ഈ ലത്തീൻ പദമാണ് മിസ്റ്റേരിയോൺ എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയായി ഉപയോഗിച്ചിരിക്കുന്നത്. ആദിമക്രൈസ്തവ സഭയിൽ സഭയുടെ അനുഷ്ഠാനപരമായ ചടങ്ങുകളെ സൂചിപ്പിക്കുന്നതിന് ഈ രണ്ടുപദങ്ങളും ഒരേ അർത്ഥത്തിൽ വിവേചനമില്ലാതെ ഉപയോഗിച്ചിരുന്നുവെന്നും, തെർത്തുല്യനാണ് ആദ്യമായി 'സാക്രമെന്തും' എന്ന പദം ദൈവശാസ്ത്രവീക്ഷണത്തോടെ സഭയിലെ ചില അനുഷ്ഠാനങ്ങൾക്കും പ്രത്യേകിച്ചു ജ്ഞാനസ്നാനം, വി. കുർബ്ബാന എന്നിവയെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചതെന്നും പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു.[2] ലത്തീൻ പദത്തിന്റെ പരിഭാഷയാണ് സാക്രമെന്റ് (Sacrament) എന്ന ഇംഗ്ലീഷ് വാക്ക്.

ഈ പദങ്ങളുടെ വിശുദ്ധഗ്രന്ഥ - ചരിത്ര - ദൈവശാസ്ത്ര പശ്ചാത്തലങ്ങളിലേക്ക് കടക്കാതെ, മൂലാർത്ഥങ്ങൾ വച്ചുനോക്കുമ്പോൾ, കൂദാശയെന്നത് മതപരമായ ചില അനുഷ്ഠാനങ്ങളിലൂടെ വിശുദ്ധീകരിച്ച് വേർതിരിക്കുകയോ പ്രതിഷ്ഠിക്കുകയോ ചെയ്തിരിക്കുന്നതിനെയാണ്. അല്ലെങ്കിൽ, മറഞ്ഞിരിക്കുന്നവ (രഹസ്യമോ നിഗൂഢമോ) വെളിപ്പെടുത്തുന്നതിനെയാണ്. ഈ നിലയിൽ വി. കുർബ്ബാന ഒരു കൂദാശയാണെന്നു പറയുമ്പോൾ എന്താണ് നാം അർത്ഥമാക്കേണ്ടത്? അപ്പവും വീഞ്ഞും സഭയുടെ വിശുദ്ധകർമ്മങ്ങളിലൂടെ ശുദ്ധീകരിച്ച്, വിശുദ്ധീകരിച്ച്, വേർതിരിച്ച് സമർപ്പിക്കുയോ പ്രതിഷ്ഠിക്കുകയോ ചെയ്യപ്പെടുമ്പോൾ, ഈ പ്രതീകങ്ങ

ളിലൂടെ നിഗൂഢമായിരിക്കുന്ന ഒരു ദൈവികരഹസ്യം നമുക്ക് വെളിപ്പെടുത്തപ്പെടുന്നു. കൗദാശിക വചനപ്രവൃത്തികളിലൂടെ അപ്പവും വീഞ്ഞും യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറ്റപ്പെടുമ്പോൾ അവയിലൂടെ ഒരു വിശ്വാസി യേശുക്രിസ്തുവിനെത്തന്നെയാണ് ദർശിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, അപ്പത്തിന്റെയും, വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ യേശുക്രിസ്തുവിനെ നമുക്കു നല്കുന്ന കൂദാശയാണ് വിശുദ്ധ കുർബ്ബാന.[3] മറ്റേതൊരു കൂദാശയെയും പോലെ ഈ കൂദാശയുടെ കൗദാശികത്വവും ഇന്ന് ദൈവശാസ്ത്രജ്ഞൻമാർ നിരവധി തരത്തിൽ വീക്ഷിക്കുന്നുണ്ട്.[4] വി. കുർബ്ബാനയുടെ കൗദാശികത്വവും ഇന്ന് നിലവിലുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുകയാണ് ഈ ലേഖനത്തിൽ.

## ബലിയുടെ കൂദാശ

സുറിയാനിഭാഷയോട് കടപ്പെട്ടിരിക്കുന്ന 'കുർബ്ബാന' എന്ന പദവും മലയാളത്തിൽ പ്രയോഗത്തിലിരിക്കുന്ന 'ദിവ്യബലി,' 'ദിവ്യപൂജ' എന്നീ വാക്കുകളും വി. കുർബ്ബാന ഒരു ബലി തന്നെയാണ് എന്ന സൂചനയാണ് നമുക്കു നല്കുന്നത്. അനുഷ്ഠാനനിഷ്ഠയോ നൈയാമികമോ ആയ ഒരു ബലിയായിട്ടല്ല ഈ കൂദാശയെ പുതിയനിയമത്തിൽ പ്രതിപാദിക്കുന്നത്. എന്നിരുന്നാലും, വി. കുർബ്ബാനയുടെ സ്ഥാപനവിവരണങ്ങളിൽ (മത്താ 26,26-29; മർക്കോ 14, 22-25; ലൂക്കാ 22,15-20; 1 കോറി 11,23-25) ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ ഇതൊരു ബലിയാണെന്ന ധ്വനി നല്കുന്നുണ്ട്. അന്ത്യഅത്താഴ സമയത്ത് യേശുതന്നെ തന്റെ ശിഷ്യന്മാർക്കായി വിഭജിച്ചു നല്കിയ അപ്പവും വീഞ്ഞും, പിറ്റേ ദിവസം കുരിശാകുന്ന ബലിപീഠത്തിൽ മുറിക്കപ്പെടുന്ന തന്റെ ശരീരത്തിന്റെയും ചിന്തപ്പെടുന്ന തന്റെ രക്തത്തിന്റെയും പ്രതീകങ്ങളായി അവിടുന്ന് കണ്ടിരുന്നു. അങ്ങനെ അന്ത്യത്താഴം അവിടുത്തെ കാൽവരിയിലെ സമ്പൂർണ്ണ ബലിയുടെ മുന്നോടിയും അൾത്താരയിലെ ബലി അതിന്റെ പുനരാവിഷ്കരണവുമായി കരുതാവുന്നതാണ്. അന്ത്യത്താഴത്തിലെയും അൾത്താരയിലെയും ബലികളെ രക്തരഹിതബലികളായിട്ടാണ് പണ്ഡിതന്മാർ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വി. കുർബ്ബാന പ്രതീകാത്മകവും കൗദാശികവുമായി മാറുന്നു.

മാത്രമല്ല, ലൂക്കായുടെയും പൗലോസിന്റെയും വിവരണങ്ങളിൽ യേശു യഹോവയുടെ സഹിക്കുന്ന ദാസനാണെന്ന ധ്വനി ഉണ്ടെന്ന് ചിലർ വാദിക്കുന്നു. ഈ വിധത്തിൽ ചിന്തിച്ചാൽ യേശുവിന്റെ മരണം സകലർക്കും വേണ്ടിയുള്ള സ്വയം സമർപ്പണത്തിന്റെ മരണവും വിശുദ്ധകുർബ്ബാന ഈ സ്വയം സമർപ്പണത്തിന്റെ ബലിയുമായി മാറുന്നു. ബലിയെന്ന നിലയിൽ വി. കുർബ്ബാന യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെയും സഭയുടെയും ബലിയാണ്. തന്റെ സ്വയം സമർപ്പണം എന്ന നിലയിൽ വി. കുർബ്ബാനയിലെ കേന്ദ്രബിന്ദു യേശു തന്നെയാണ്. അതുപോലെ അവിടുത്തെ ഈ സ്വയം സമർപ്പണത്തിൽ പങ്കുചേരുവാൻ യേശുതന്നെയാണ് തങ്ങളെ ക്ഷണിച്ചിരിക്കുന്നതെന്ന് അവബോധം സഭയ്ക്കുണ്ട്. മാത്രമല്ല, സഭയനുസ്മരിക്കുന്ന ഈ ബലിയിലൂടെ പ്രവർത്തിക്കുന്നതും യേശു തന്നെയാണ്. ഇപ്രകാരം വി. കുർബ്ബാനയെ ബലിയുടെ കൂദാശയായി പരിഗണിക്കുന്നതിൽ അപാകതയൊന്നുമില്ല.

## വിരുന്നിന്റെ കൂദാശ

യേശു വി. കുർബ്ബാന സ്ഥാപിച്ചത് യഹൂദരുടെ പെസഹാത്തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ പെസഹാവിരുന്നിനിടയിലാണെന്ന് സമാന്തര സുവിശേഷകർ (മത്താ 26,17; മർക്കോ 14,12; ലൂക്കാ 22,7) സാക്ഷിക്കുന്നുണ്ട്. ഓരോ വിരുന്നിനും അതാതിന്റേതായ പ്രത്യേകതയും ലക്ഷ്യവുമുണ്ട്. വിരുന്നിലൂടെ അതിൽ പങ്കെടുക്കുന്നവർ തമ്മിലുള്ള സ്നേഹവും സാഹോദര്യവും, ഐക്യവും കൂട്ടായ്മയും ഊഷ്മളമാകുന്നു. വിരുന്നിൽ പങ്കുവയ്ക്കപ്പെടുന്ന ഭക്ഷണപാനീയങ്ങൾ ശാരീരികമായ വളർച്ചയ്ക്കു മാത്രമല്ല, മാനസികവും ആത്മീയവും സാമൂഹികവും മതപരവുമായ വളർച്ചയ്ക്കുപകരിക്കുമെന്നതിൽ സംശയമില്ല. യഹൂദരുടെ പെസഹാവിരുന്നിനെ സംബന്ധിച്ചും ഇക്കാര്യങ്ങൾ സ്മർത്തവ്യമാണ്. മോശയുടെ നേതൃത്വത്തിൽ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ചെങ്കടലിലൂടെ സ്വാതന്ത്ര്യത്തിന്റെ നാടായ കാനാൻ ദേശത്തേക്കു നടത്തിയ പ്രയാണവും ഈ യാത്രയിലൂടെ യഹൂദർക്ക് അനുഭവവേദ്യമായ ദൈവികസ്നേഹവും സാന്നിദ്ധ്യവും പെസഹാവിരുന്നിലൂടെ അവർ അനുസ്മരിച്ചു പോന്നിരുന്നു (പുറ 12). അങ്ങനെ യഹൂദർ, ആണ്ടുതോറുമുള്ള പെസഹാവിരുന്നിലൂടെ തങ്ങളുടെ പൂർവ്വികർ അനുഭവിച്ചറിഞ്ഞ ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾക്കു നന്ദി പറയുകയും തങ്ങളുടെ കൂട്ടായ്മ ഒന്നുകൂടി ദൃഢമാക്കുകയും ചെയ്തു പോന്നു. യഹൂദരെന്ന നിലയിൽ യേശുവും ശിഷ്യൻമാർക്കും പെസഹാവിരുന്നിലൂടെ ആചരിക്കുകയും അനുസ്മരിക്കുകയും അനുഭവിക്കുകയും ചെയ്യേണ്ടിയിരുന്ന യാഥാർത്ഥ്യവും ഇതുതന്നെയായിരിക്കണം. എന്നാൽ, സുവിശേഷകൻമാരുടെ വിവരണത്തിൽ അലയടിക്കുന്നത് മറ്റേതോ വിമോചനത്തിന്റെയും പ്രയാണത്തിന്റെയും ശ്രുതികളാണ്.

തന്റെ ശിഷ്യൻമാരോടുകൂടെ ഈ പെസഹാവിരുന്നിൽ പങ്കെടുക്കുവാൻ യേശു വളരെയധികം ആഗ്രഹിച്ചിരുന്നു. കാരണം, ഈ ലോകത്തിൽനിന്ന് തന്റെ പിതാവിന്റെ പക്കലേക്ക് പോകുവാനുള്ള സമയം സമാഗതമായി എന്ന് യേശുവിന് അറിയാമായിരുന്നു. അവിടുത്തെ സംബന്ധിച്ചിടത്തോളം ഈ വിരുന്ന് യേശുവിന്റെ അന്ത്യ അത്താഴമെന്ന നിലയിൽ വേർപാടിന്റെ വിരുന്നാണ്, പെസഹാവിരുന്നെന്ന നിലയിൽ ഒരു കടന്നുപോകലിന്റെ വിരുന്നാണ്. ഈ വിരുന്നിൽ പങ്കുവയ്ക്കപ്പെടുന്ന അപ്പവും വീഞ്ഞും ആസ്വദിക്കുന്ന ശിഷ്യൻമാർ അനുസ്മരിക്കേണ്ടിയിരുന്നത് യേശുവിന്റെ മരണവും ഉത്ഥാനവും വഴി പാപത്തിന്റെ അടിമത്തത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടുന്നതിന്റെ ഓർമ്മയായിരുന്നു. മാത്രമല്ല, ഈ വിരുന്നിൽ പങ്കെടുക്കുക വഴി യേശുവുമായുള്ള അവരുടെ കൂട്ടായ്മയും സ്നേഹവും ഒന്നുകൂടി ആഴമായിത്തീരുന്നു. പെസഹാവിരുന്നിലും സാധാരണവിരുന്നിലും കാണുന്ന ഈ പ്രതീകാത്മകത വി. കുർബ്ബാനയിലും ദർശിക്കേണ്ടതാണ്. പെസഹാവിരുന്നെന്ന നിലയിൽ വി. കുർബ്ബാന യേശുവിന്റെ കടന്നുപോകലിനെയും ഈ ലോകത്തിൽനിന്ന് സ്വർഗ്ഗരാജ്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ യാത്രയിൽ നമുക്കാവശ്യമായ ഓജസ്സും ഉണർവ്വും പാപത്തെയും തിന്മകളെയും അതിജീവിക്കുന്നതിനുള്ള ശക്തിയും വി. കുർബ്ബാനയിൽ നിന്നു ലഭിക്കുന്നു. വിരുന്നെന്ന നിലയിൽ വി. കുർബ്ബാനയിലുള്ള ഭാഗഭാഗിത്വം നമ്മെ ശാരീരികവും ആത്മീയവും മാനസികവുമായ വളർച്ചയിലേക്കു നയിക്കുകയും നമുക്ക് യേശുവുമായുള്ള സ്നേഹവും കൂട്ടായ്മയും ഐക്യവും ദൃഢമാക്കുകയും ചെയ്യുന്നു. ഇപ്രകാരം വി. കുർബ്ബാന വിരുന്നിന്റെ കൂദാശയാണെന്നു കാണാം.

### ഉടമ്പടിയുടെ കൂദാശ

വി. കുർബ്ബാനയുടെ നാലു സ്ഥാപനവിവരണങ്ങളിലും ഉടമ്പടിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മത്തായിയുടെയും (26,28) മർക്കോസിന്റെയും (14,24) വിവരണങ്ങളിൽ പാനപാത്രം അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന ഉടമ്പടിയുടെ രക്തമായും, ലൂക്കായുടെയും (22,20) പൗലോസിന്റെയും (1 കോറി 11,25) വിവരണങ്ങളിൽ യേശുവിന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയുമായി സമീകരിച്ചിരിക്കുന്നതായി കാണാം. രണ്ടു വ്യക്തികൾ തമ്മിൽ ഏതെങ്കിലും ബന്ധത്തിൽ ഏർപ്പെടുമ്പോൾ ഒപ്പുവയ്ക്കുന്ന കരാറിനെ ഉടമ്പടിയായി കരുതാവുന്നതാണ്. പഴയനിയമത്തിൽ ഇത്തരം പല ഉടമ്പടികൾ ഉണ്ട്. ഉദാഹരണത്തിന് നോഹയും ദൈവവുമായും (ഉല്പത്തി





9,1-17), അബ്രാഹവും ദൈവവുമായും (ഉല്പത്തി 15,18), മോശയുടെ നേതൃത്വത്തിൽ സീനായ് മലയിൽവച്ച് ഇസ്രായേൽജനവും ദൈവവുമായും (പുറ 19,5) ഏർപ്പെടുന്ന ഉടമ്പടികൾ കാണാം. ഏതെങ്കിലും മൃഗത്തെ ബലികഴിച്ചാണ് സാധാരണയായി ഉടമ്പടി ഉറപ്പിച്ചിരുന്നത്. സീനായ് ഉടമ്പടിയിൽ ഇതു വളരെ സ്പഷ്ടമാണ്. ബലികഴിക്കപ്പെട്ട മൃഗത്തിന്റെ കുറച്ചു രക്തമെടുത്ത് മോശ അൾത്താരയിൽ ഒഴിക്കുകയും കുറച്ച് ജനങ്ങളുടെമേൽ തളിക്കുകയും ചെയ്തുകൊണ്ട് ഉടമ്പടി ഉറപ്പിക്കുന്നു (പുറ 24,3-11).

വി. കുർബ്ബാന ഉടമ്പടിയുടെ കൂദാശയാണെന്ന് പറയുമ്പോൾ ഇതുതന്നെയാണ് അർത്ഥമാക്കേണ്ടത്. ദൈവത്തിന്റെ കുഞ്ഞാടായ യേശുവിന്റെ രക്തത്തിലൂടെ ദൈവവും മനുഷ്യരുമായി പുതിയൊരു ഉടമ്പടി ബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതിന്റെ ധ്വനിയാണ് നാമിവിടെ കാണുന്നത്. പാപികളായ നമ്മുടെ പാപമോചനത്തിനായി ചിന്തപ്പെടുന്ന യേശുവിന്റെ രക്തത്തിലൂടെ നമുക്ക് പുതിയൊരു ബന്ധം സംജാതമായി. ഇത് നവീനവും സനാതനവും സുദൃഢവുമാണ്. കാരണം, ഇവിടെ മൃഗങ്ങളുടെ രക്തമല്ല, ദൈവപുത്രനായ യേശുവിന്റെ തന്നെ അമൂല്യമായ രക്തമാണ് ഉപയോഗിച്ചിരിക്കുന്നത്. വി. കുർബ്ബാനയിലെ ഈ ഉടമ്പടിയുടെ പ്രതീകാത്മകത അതിനെ ഉടമ്പടിയുടെ കൂദാശ കൂടിയായി കാണുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു. അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുന്നവർ യേശുവിലൂടെ ദൈവവുമായുള്ള ഈ ഉടമ്പടി ബന്ധം അനുസ്മരിക്കുകയും പുതുക്കുകയും ചെയ്യുന്നു.

### സമർപ്പണത്തിന്റെ കൂദാശ

അന്ത്യഅത്താഴ സമയത്ത് യേശുനാഥൻ തന്റെ കൈകളിൽ എടുത്ത അപ്പവും വീഞ്ഞും അവിടുത്തെ തന്നെ ജീവിതത്തിന്റെ പ്രതീകങ്ങളാണ് - ശരീരവും രക്തവും. പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനുവേണ്ടി പൂർണ്ണ സ്വാതന്ത്ര്യത്തോടെ സ്വയം സമർപ്പിക്കുന്നു. അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങിക്കൊണ്ട് പിതാവിനോടുള്ള തന്റെ അനുസരണയും വിധേയത്വവും പ്രകടമാക്കി. പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനായി അവിടുന്ന് സ്വയം സമർപ്പിക്കുക വഴി തന്നെത്തന്നെ നമുക്ക് ദാനമായി നല്കുകയും ചെയ്തു. ഇത് നിങ്ങൾ ഭക്ഷിക്കുവിൻ - പാനം ചെയ്യുവിൻ എന്നു പറഞ്ഞുകൊണ്ട് ശിഷ്യർക്ക് യേശു സ്വയം ദാനമായി നല്കുക വഴി നമുക്കെല്ലാവർക്കും അവിടുന്ന് വി. കുർബ്ബാനയിലൂടെ വലിയൊരു ദാനമായിത്തീർന്നു.

വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിലൂടെ തങ്ങളെത്തന്നെ യേശുവിനോടൊപ്പം യേശുവിനെപ്പോലെ ദൈവപിതാവിന്റെ ഹിതത്തിന് സ്വയം സമർപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ യേശുവിന്റെ സ്വയം സമർപ്പണമാകുന്ന വി. കുർബ്ബാന നമ്മെ സംബന്ധിച്ചും സ്വയം സമർപ്പണത്തിന്റെ കൂദാശയായി ഭവിക്കുന്നു.

## ഓർമ്മയുടെ കൂദാശ

ഇതു നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ (ലൂക്കാ 22,19; 1 കോറി 11,24) എന്ന യേശുവിന്റെ വാക്കുകൾ എന്താണ് നമ്മെ അനുസ്മരിപ്പിക്കുന്നത്? വി. കുർബ്ബാന പെസഹാവിരുന്നിന്റെ പശ്ചാത്തലത്തിലാണ് സ്ഥാപിച്ചതെന്ന് മുമ്പു സൂചിപ്പിച്ചുവല്ലോ. യഹൂദരെ സംബന്ധിച്ച് പെസഹാവിരുന്ന് ഒരു അനുസ്മരണമായിരുന്നു (പുറ 12,14; നിയ 16,3)- ദൈവം തങ്ങളുടെ പൂർവ്വപിതാക്കന്മാർക്ക് ചെയ്ത കാര്യങ്ങൾ അനുസ്മരിക്കുക - പ്രത്യേകിച്ച്, ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവം രക്ഷിച്ച സംഭവം. പെസഹാവിരുന്നിലൂടെ തലമുറകളായി യഹൂദർ ഈ സംഭവം ഇന്നെന്നപോലെ അനുസ്മരിച്ചു പോന്നിരുന്നു. വാക്കുകളിലൂടെയും പ്രതീകങ്ങളിലൂടെയും യഹോവയുടെ രക്ഷാകരപ്രവർത്തനങ്ങൾ ഓരോ വർഷവും അവർ അനുസ്മരിച്ചുപോരുമ്പോൾ യഥാർത്ഥത്തിൽ അവർ യഹോവയെയും അവിടുത്തെ പഴയകാല പ്രവൃത്തികളെയും അനുസ്മരിക്കുകയും അവിടുത്തെ ഉടമ്പടി ബന്ധം പുതുക്കണമേയെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുകയായിരുന്നു.

യേശുക്രിസ്തുവിൽ പൂർണ്ണത പ്രാപിച്ച ദൈവത്തിന്റെ അത്ഭുതാവഹമായ പ്രവൃത്തികളെയാണ് യഥാർത്ഥത്തിൽ ദിവ്യബലിയിൽ നമ്മൾ അനുസ്മരിക്കുന്നത്. യേശുവിന്റെ മരണത്തെ മാത്രമല്ല അവിടുന്ന് മനുഷ്യനും ദൈവവുമാണെന്ന നിലയിൽ മനുഷ്യർക്കുവേണ്ടി ചെയ്തവയും അവിടുത്തെ ഉത്ഥാനവും മഹത്ത്വീകരണവുമെല്ലാം നമ്മൾ അനുസ്മരിക്കുകയാണ്. ഈ സ്മരണയിലൂടെ യേശുവിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന പുതിയ ഉടമ്പടി ബന്ധത്തെക്കുറിച്ച് നമ്മെത്തന്നെയും ദൈവത്തെയും അനുസ്മരിപ്പിക്കാൻ നമുക്കു കഴിയും. മാത്രമല്ല, കുർബ്ബാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഈ അനുസ്മരണയോടൊപ്പം താന്താങ്ങളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചിട്ടുള്ളവയെയും അനുസ്മരിക്കുമ്പോഴാണ് ഓരോ വ്യക്തിയെയും സംബന്ധിച്ച് വി. കുർബ്ബാന സ്മരണയുടെ കൂദാശയായി മാറുന്നത്.





## യേശുസാന്നിദ്ധ്യത്തിന്റെ കൂദാശ

വി. കുർബ്ബാനയെ കൂദാശകളുടെ കൂദാശയായി കാണുവാനുള്ള പ്രധാനകാരണം ഈ കൂദാശയിലുള്ള യേശുവിന്റെ സാന്നിധ്യമാണ്. കുർബ്ബാനയുടെ ദൈവശാസ്ത്രചരിത്രത്തിൽ ഏറ്റവുമധികം ചർച്ചചെയ്യപ്പെട്ടിട്ടുള്ള വിഷയവും ഇതുതന്നെയാണ്. അന്ത്യത്താഴത്തിന് പുതിയൊരു മാനം കൈവന്നത് യേശുവിന്റെ കൗദാശിക വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമാണ്. അപ്പം തന്റെ ശരീരവും വീഞ്ഞ് തന്റെ രക്തവുമാണെന്നു പറഞ്ഞുകൊണ്ട് ശിഷ്യൻമാർക്ക് നല്കിയപ്പോൾ വെറും പ്രതീകങ്ങളായിട്ടല്ല അവർ സ്വീകരിച്ചത്, പ്രത്യുത സ്വയം ദാനമായി തങ്ങൾക്കു നല്കിയ യേശുവിനെത്തന്നെയാണ് അവർ ഹൃദയപൂർവ്വം സ്വീകരിച്ചത്.

ഒരു ക്രിസ്ത്യാനിയുടെ യേശുവിലുള്ള വിശ്വാസം പക്വതയുള്ളതായിത്തീരുന്നത് തന്റെ വിശ്വാസവെളിച്ചത്താൽ വി. കുർബ്ബാനയിൽ ജീവിക്കുന്നവനായ യേശുവിനെ ദർശിക്കുമ്പോഴാണ് വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന ഓരോ ക്രൈസ്തവനും ഈ കൂദാശയിൽ തനിക്കായി സന്നിഹിതനാവുന്ന യേശുവിനെ ദർശിക്കുവാനും നല്കപ്പെടുന്ന യേശുവിനെ സ്വീകരിക്കുവാനും തയ്യാറാകുമ്പോഴാണ് വി. കുർബ്ബാന യേശുവിന്റെ സാന്നിധ്യത്തിന്റെ കൂദാശയായി അനുഭവവേദ്യമാകുന്നത്.

## സ്നേഹത്തിന്റെ കൂദാശ

വി. കുർബ്ബാനയുടെ മേലുദ്ധരിച്ച വിവരണങ്ങളിൽനിന്ന് ഈ കൂദാശ യേശുവിന് നമ്മോടുള്ള സ്നേഹത്തിന്റെ കൂദാശയാണെന്നു വ്യക്തമാക്കുന്നുണ്ട്. തന്നെത്തന്നെ ബലിയർപ്പിക്കുവാൻ കാരണം നമ്മോടുള്ള സ്നേഹമല്ലാതെ മറ്റൊന്നുമല്ല. യോഹന്നാന്റെ വിവരണത്തിൽനിന്നും യേശുവിന്റെ സ്നേഹം കുറെക്കൂടെ സ്പഷ്ടമാവുന്നുണ്ട്. ലോകത്തിൽ തനിക്ക് സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു, അവസാനംവരെ സ്നേഹിച്ചു (യോഹ 13,1). ഈ ലോകത്തിൽനിന്നു പിതാവിന്റെ പക്കലേക്കു പോകുവാനുള്ള സമയം സമാഗതമായെന്നു മനസ്സിലാക്കിയ യേശു താൻ അവസാനംവരെ സ്നേഹിച്ച തന്റെ പ്രിയ ശിഷ്യരെ അനാഥരായി വിടുവാൻ ആഗ്രഹിച്ചില്ല. അവരോടുകൂടെയും അവരിലും വസിക്കുന്നതിനുവേണ്ടി തന്റെ സ്നേഹോപഹാരമായി സ്ഥാപിച്ചതാണ് വി. കുർബ്ബാനയെന്ന് അനുമാനിക്കാവുന്നതാണ്. ഈ കൂദാശയിൽ അവിടുത്തെ ആത്മാർത്ഥവും അഗാധവുമായ സ്നേഹം സ്ഫുരിക്കുന്നു. ഈ കൂദാശയിലൂടെ തന്നെ സ്വീകരിക്കുന്നവരിൽ അവിടുന്ന് വസിക്കുക

മാത്രമല്ല അവരുമായി ആഴമായി ഐക്യപ്പെടുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് അനുസ്മരിക്കുന്നതുപോലെ വി. കുർബ്ബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്.[5] വി. കുർബ്ബാന ഉൾക്കൊള്ളുന്നവർ യേശുവുമായുള്ള ഈ ഐക്യം തങ്ങളുടെ പരസ്പരൈക്യത്തിലൂടെ പ്രകടിപ്പിക്കണം. വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും നിരവധി ഗോതമ്പുമണികളും മുന്തിരിയും ചേർന്ന് ഉണ്ടായിരിക്കുന്നതുപോലെ ഈ ബലിയിൽ പങ്കെടുക്കുന്ന ക്രൈസ്തവരും പരസ്പരം ഐക്യത്തിൽ ജീവിക്കേണ്ടവരാണ് എന്ന ധ്വനി നല്കുന്നുണ്ട്. ഇപ്രകാരം വി. കുർബ്ബാനയെ ക്രൈസ്തവ കൂട്ടായ്മയുടെ കൂദാശയായും വീക്ഷിക്കണം. വി. കുർബ്ബാനയിലൂടെ ക്രൈസ്തവസമൂഹം യേശുവിൽ ഒന്നായിത്തീരുന്നു. അപ്പവും വീഞ്ഞും പങ്കുവയ്ക്കുക വഴി അവരുടെ ഈ കൂട്ടായ്മ ദൃഢമായിത്തീരുന്നു. യേശു തന്റെ ശരീരവും രക്തവും നമ്മളുമായി പങ്കുവച്ചതുപോലെ വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും തങ്ങൾക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണം. അങ്ങനെ വി. കുർബ്ബാന പങ്കുവയ്ക്കലിന്റെ കൂടെ കൂദാശയായി മാറുന്നു.

### കൃതജ്ഞതയുടെ കൂദാശ

വി. കുർബ്ബാനയുടെ സ്ഥാപനവിവരണത്തിലേക്കു കണ്ണോടിച്ചാൽ ഇത് കൃതജ്ഞതയുടെയും കൂദാശയാണെന്ന് വ്യക്തമാകും. പെസഹാവിരുന്ന് യഹൂദരെ സംബന്ധിച്ചിടത്തോളം ഒരു ഗതകാലസംഭവത്തിന്റെ വെറും അനുസ്മരണം മാത്രമായിരുന്നില്ല, പ്രത്യുത ദൈവത്തിന്റെ അത്ഭുതപ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ട് അവിടുത്തേക്കു നന്ദിപറയുകയുമായിരുന്നു. മാത്രമല്ല, വിരുന്നിൽ പങ്കെടുക്കുന്ന യഹൂദർ ആ വിരുന്നിലൂടെ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും സാധാരണമായിരുന്നു. അന്ത്യഅത്താഴത്തിലും (മത്താ 26,26; മർക്കോ 14,22; ലൂക്കാ 22.19; 1 കോറി 11,24), അപ്പം വർദ്ധിപ്പിക്കുന്ന അവസരങ്ങളിലും (യോഹ 11-23) യേശു 'കൃതജ്ഞതാസ്തോത്രം ചൊല്ലി' എന്ന് പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവശാസ്ത്രവീക്ഷണത്തിൽ വി. കുർബ്ബാന ഒരു കൃതജ്ഞതാസ്തോത്രം തന്നെയാണ്. യേശു തന്റെ പിതാവിനു കൃതജ്ഞതയർപ്പിക്കുക മാത്രമല്ല, ഈ ബലിയർപ്പിച്ചുകൊണ്ട് ക്രൈസ്തവസമൂഹം മുഴുവനും യേശുവിലൂടെ പിതാവായ ദൈവത്തിനു നന്ദിപറയുകയും ചെയ്യുകയാണ് - യേശുവിലൂടെ അവിടുന്ന് നമുക്കുവേണ്ടി ചെയ്തിട്ടുള്ള രക്ഷാകരപ്രവൃത്തികളെ അനുസ്മരിച്ചുകൊണ്ട്, മൂന്നാം നൂറ്റാണ്ടുമുതൽ വി. കുർബ്ബാനയ്ക്കും





'കൃതജ്ഞത' എന്ന അർത്ഥം വരുന്ന 'എവുകരിസ്തിയ'(ഇംഗ്ലീഷിൽ Eucharist) എന്ന പേരും ഉപയോഗിക്കുക വഴി ഈ കൂദാശ യഥാർത്ഥത്തിൽ കൃതജ്ഞതയുടെ കൂദാശയാണെന്ന് സഭ അംഗീകരിക്കുകയാണ് ചെയ്തത്.

### ഉപസംഹാരം

വി. കുർബ്ബാനയുടെ വി. ഗ്രന്ഥ - ചരിത്ര - ദൈവശാസ്ത്ര പശ്ചാത്തലം പൂർണ്ണമായി അപഗ്രഥിച്ചെങ്കിൽ മാത്രമേ കുർബ്ബാനയുടെ ഈ കൗദാശികത വ്യക്തമാകുകയുള്ളൂ. വി. കുർബ്ബാന ഒരു കൂദാശയാണെന്ന് പറയുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്ന വിവിധങ്ങളായ വീക്ഷണങ്ങളാണ് ഈ ലേഖനത്തിലൂടെ അവതരിപ്പിക്കുവാൻ ശ്രമിച്ചത്. ബലി, വിരുന്ന്, ഉടമ്പടി, സമർപ്പണം, ഓർമ്മ, സാന്നിധ്യം, സ്നേഹം (ഐക്യം, കൂട്ടായ്മ, പങ്കുവയ്പ്), കൃതജ്ഞത എന്നീ പ്രതീകങ്ങളുടെ അർത്ഥം ഗ്രഹിക്കുമ്പോൾ കുർബ്ബാന ഒരു കൂദാശയാണെന്ന വസ്തുത പ്രസ്പഷ്ടമാകും.

### കുറിപ്പുകൾ

1. സാർവ്വത്രിക മതബോധനഗ്രന്ഥം 1121
2. W. BEINERT and F.S. FIORENZA (eds), Handbook of Catholic Theology, New York, 1995; J. AUER and J. RATZINGER, Dogmatic Theology, No.6; Washington, 1995, pp.9-11; K.B.OSBORNE, Sacramental Theology: A General Introdution, New York, 1988, pp.20-22
3. വി. കുർബ്ബാനയിൽ സാദൃശ്യങ്ങൾക്കു സംഭവിക്കുന്ന വ്യതിയാനവും സാദൃശ്യങ്ങളും യാഥാർത്ഥ്യവും തമ്മിലുള്ള ബന്ധവും ദൈവശാസ്ത്രചരിത്രത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയങ്ങളാണ്.
4. A. SCHMEM Ann, The Eucharist: Sacrament of the Kingdom, New York, 1988; L.M.CHAUVEt, Symbol and Sacramental Reinterpretation of Christian Existence, Minnesota, 1995
5. ആരാധനാക്രമം 47

**ഡോ. മാനുവൽ റിബെയ്റോ O.C.D**

# 07

## സഭയെ പണിതുയർത്തുന്ന വി. കുർബ്ബാന

സഭയും കുർബ്ബാനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ എഴുതിയ ചാക്രികലേഖനം ആരംഭിക്കുന്നതിങ്ങനെയാണ്: ''സഭ കുർബ്ബാനയിൽനിന്നു ജീവൻ സ്വീകരിക്കുന്നു. ഈ സത്യം അനുദിന വിശ്വാസാനുഭവത്തിന്റെ ആവിഷ്ക്കാരം മാത്രമല്ല. സഭാരഹസ്യത്തിന്റെ അന്തസ്സത്തയുടെ സംക്ഷേപമാണ്.''[1] ''കുർബ്ബാന സഭയെ നിർമ്മിക്കുന്നു'' എന്ന പുരാതനമായ ദൈവശാസ്ത്ര കാഴ്ചപ്പാടിൽ അധിഷ്ഠിതമാണ് ജോൺപോൾ മാർപാപ്പയുടെ ചാക്രികലേഖനം. സഭയും കുർബ്ബാനയും തമ്മിലുള്ള ബന്ധം സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം തന്നെയാണ് സാക്ഷാത്കരിക്കുന്നത്. അതുകൊണ്ട് ക്രിസ്തുവിജ്ഞാനീയത്തിന്റെ വെളിച്ചത്തിലാണ് സഭയും കുർബ്ബാനയും തമ്മിലുള്ള ബന്ധം വിശദമാക്കേണ്ടത്. ക്രിസ്തുസംഭവമാണ്, പ്രത്യേകിച്ച്, ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് കുർബ്ബാനയുടെ ഉള്ളടക്കം. ക്രിസ്തുവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ കുർബ്ബാനയെ കാണുന്നതിനും, ക്രിസ്തുസംഭവത്തോട്, വിശിഷ്യാ, പെസഹാരഹസ്യത്തോട് ബന്ധപ്പെടുത്തി സഭയുടെ ഉല്പത്തിയും ജീവിതവും മനസ്സിലാക്കുന്ന





തിനുമാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

**1. കുർബ്ബാനയുടെ ആന്തരാർത്ഥം**

കുർബ്ബാനയുടെ ആന്തരാർത്ഥം മനസ്സിലാക്കുന്നതിന് യേശുവിന്റെ ജീവിതത്തിലേക്കു നാം കടന്നുചെല്ലണം. ശിഷ്യന്മാരോടുകൂടെ യേശു അവസാനമായി അത്താഴത്തിന് ഇരിക്കുന്ന സംഭവം വളരെ ഹൃദയസ്പർശിയാണ്. അവിടുത്തെ പരസ്യജീവിതത്തിന്റെ പരിസമാപ്തി കുറിക്കുന്ന വെറും ഒരു വിടവാങ്ങൽ വിരുന്നായിരുന്നില്ല ഇത്. പുതിയ നിയമത്തിലെ ജനത്തിനുള്ള ദൈവാരാധനയായ വിശുദ്ധ കുർബ്ബാന സ്ഥാപിച്ചത് അപ്പോഴാണ്. യേശുവിന്റെ ജീവിതദൗത്യത്തിന്റെ പൂർത്തീകരണവും പുതിയ ഉടമ്പടിയുടെ സ്ഥിരീകരണവുമായ കാൽവരിയിലെ ബലി ഇതിനു തൊട്ടു പിന്നാലെ നടക്കുവാൻ പോകയായിരുന്നു. അവസാന അത്താഴത്തെക്കുറിച്ച് പൗലോസ് ശ്ലീഹായുടെ വിവരണം ഇപ്രകാരമാണ്:

കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം അതു മുറിച്ചുകൊണ്ട് അരുൾചെയ്തു: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ അത്താഴത്തിനു ശേഷം പാനപാത്രമെടുത്ത് അരുളിചെയ്തു: ഇതു എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്: നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത് (1 കോറി 11:23-26).

കുർബ്ബാനയെ സംബന്ധിച്ച് പുതിയനിയമ ഗ്രന്ഥത്തിലെ ഏറ്റം പ്രാചീനമായ വിവരണമാണ് പൗലോസ് ശ്ലീഹായുടേത്. സമാനമായ വിവരണങ്ങൾ സമവീക്ഷണ സുവിശേഷങ്ങളും നല്കുന്നുണ്ട് (മത്താ 26:26-29; മർക്കോ 14:22-25; ലൂക്കാ 22:14-23). കുർബ്ബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രം ചൂണ്ടിക്കാട്ടുന്നതുപോലെ, അവസാനത്തെ അത്താഴം യേശുവിന്റെ ജീവിതത്തിനു പിന്നോട്ടും മുന്നോട്ടും അഭിമുഖമായി നിലകൊള്ളുന്ന നിർണ്ണായകമായ സംഭവമാണ്. അവസാനത്തെ അത്താഴത്തിനു പിന്നിലുള്ളത് യേശു രക്ഷയുടെ സദ്വാർത്ത പ്രഘോഷിച്ചതും അവിടുന്നു ചെയ്ത നന്മയുടെ പ്രവർത്തനങ്ങളുമായിരുന്നു (മത്താ

9:35). മുന്നിലുള്ളതു അവിടുത്തെ സഹനവും കുരിശുയാഗവുമായിരുന്നു.

യോഹന്നാന്റെ സുവിശേഷത്തിൽ, കുർബ്ബാനയുടെ സ്ഥാപന വിവരണമില്ലെങ്കിലും അവസാന അത്താഴവും അതിനോടനുബന്ധിച്ച് യേശു നല്കുന്ന പ്രബോധനവും കാണാം. അവസാന അത്താഴസമയത്ത് യേശു നല്കിയ വിനീത സേവനത്തിന്റെ അനന്യമായ മാതൃകയും യോഹന്നാൻ രേഖപ്പെടുത്തുന്നുണ്ട്. ഇവ അന്ത്യത്താഴസമയത്ത് യേശു സ്ഥാപിച്ച കുർബ്ബാനയുടെ ആന്തരാർത്ഥവും ചൈതന്യവും ഗ്രഹിക്കാൻ സഹായകമാണ്. ''അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി'' (യോഹ 13:4-6).

യേശുവിന്റെ ജീവിതത്തെ മുഴുവനും സൂചിപ്പിക്കുന്ന പ്രതീകാത്മക പ്രവൃത്തിയായിരുന്നു ശിഷ്യരുടെ പാദക്ഷാളനം. യോഹന്നാന്റെ സുവിശേഷം യേശുവിന്റെ തന്നെ വാക്കുകളിൽ അതിന്റെ അർത്ഥം വ്യക്തമാക്കുന്നുണ്ട്:

അവരുടെ പാദങ്ങൾ കഴുകിയശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണ് നിങ്ങൾക്ക് ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനേക്കാളും വലിയവനല്ല. ഈ കാര്യങ്ങൾ അറിഞ്ഞു നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗ്രഹീതർ (യോഹ 13:12-17).

ക്രിസ്തുവിന്റെ ശിഷ്യനായിരിക്കുന്നതിന്റെ പൊരുളെന്താണെന്ന് പ്രതീകാത്മക പ്രവൃത്തിയിലൂടെയും പ്രഭാഷണത്തിലൂടെയും വ്യക്തമാക്കുന്നതാണ് യോഹന്നാന്റെ വിവരണം. കുരിശുയാഗമാകുന്ന ബലിയർപ്പണത്തിലൂടെ പുതിയ ഉടമ്പടിക്കു സ്ഥിരീകരണം





നല്കുന്നതിനു മുമ്പായി അതുൾക്കൊള്ളുന്ന പുതിയ പ്രമാണവും യേശു നല്കി. സംഭവിക്കാൻ പോകുന്ന കുരിശിലെ ബലിയർപ്പണത്തെക്കുറിച്ച് പരാമർശിച്ചു കഴിഞ്ഞശേഷം യോഹന്നാന്റെ സുവിശേഷം യേശുവിന്റെ വാക്കുകളിൽ പുതിയ പ്രമാണം രേഖപ്പെടുത്തുന്നു. ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യമാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ 13:34-35)

''എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ'' (1 കോറി 11:24) എന്ന കല്പന അപ്പവും വീഞ്ഞും വാഴ്ത്തി വിഭജിച്ചു കൊടുത്തുകൊണ്ട് യേശു നല്കിയതു ശ്രദ്ധേയമാണ്. അവസാന അത്താഴസമയത്ത് ഒരുമിച്ചുചേർക്കപ്പെട്ട ശിഷ്യസമൂഹം പുതിയ ഉടമ്പടിയുടെ ജനമായ സഭയുടെ രൂപീകരണത്തിനുള്ള അടിസ്ഥാന സമൂഹമായിരുന്നു. സീനായ് മലയിൽ നടന്ന പഴയ ഉടമ്പടിക്ക് സ്ഥിരീകരണമായി ''ദഹനബലികളും കാളകളെക്കൊണ്ടുള്ള സമാധാനബലികളും'' അർപ്പിച്ചതായി പുറപ്പാടിന്റെ പുസ്തകം രേഖപ്പെടുത്തുന്നുണ്ട് (പുറ 24:6). ബലിയുടെ രക്തത്തിൽ പകുതി ബലിപീഠത്തിന്മേലും പകുതി ജനങ്ങളുടെമേലും മോശ തളിച്ചു. ''കർത്താവു നിങ്ങളോടു ചെയ്ത ഉടമ്പടിയുടെ രക്തം'' എന്നു പറഞ്ഞുകൊണ്ടാണ് മോശ ഇതുചെയ്തത് (പുറ 24:8). പഴയ ഉടമ്പടിയുടെ സ്ഥിരീകരണത്തിൽ ബലിയർപ്പണവും രക്തം കൊണ്ടുള്ള കർമ്മവും കൂടാതെ ദൈവവും ഇസ്രായേലും തമ്മിലുള്ള കൂട്ടായ്മയുടെ വിരുന്നും നടന്നു (പുറ 24:11).

സീനായ് ഉടമ്പടിയിലൂടെ രൂപം പ്രാപിച്ച ''ദൈവജനം'' ആരാധനയുടെ സമൂഹമായിരുന്നു. പഴയനിയമത്തിൽനിന്ന് ഇതു വ്യക്തമാണ്. ബലിയർപ്പണത്തിനുള്ള വസ്തുക്കളും ബലിപീഠ നിർമ്മാണവിധികളും അനുഷ്ഠാനവിധികളും പഴയനിയമത്തിലെ വിശദമായ പ്രതിപാദന വിഷയങ്ങളാണ്. പുതിയ ഉടമ്പടിയുടെ സ്ഥാപനം പഴയനിയമത്തിലെ ആരാധനയുടെ മാതൃക സ്വീകരിക്കുന്നില്ല. എന്നാൽ ദൈവാരാധന പുതിയ ഉടമ്പടിയുടെ ഫലമായ ജനത്തിന്റെയും അടിസ്ഥാന സവിശേഷതയാണ്. ദൈവത്തിനുള്ള കൃതജ്ഞതാ സ്തോത്രമാണ് ഈ ആരാധനയുടെ മുഖ്യഘടകം. അപ്പത്തിന്റെ ആശീർവാദത്തിനും ഭാഗിച്ചുകൊടുക്കലിനുംശേഷം പാനപാത്രത്തിന്റെ ആശീർവാദത്തിനോടൊപ്പമുള്ള

വാക്കുകളിൽ ''പുതിയ ഉടമ്പടിയുടെ രക്തം'' എന്ന പ്രയോഗം നാം കാണുന്നു. അപ്പവും വീഞ്ഞും പുതിയ ഉടമ്പടിയിലെ ബലിയർപ്പണത്തിന്റെ വസ്തുക്കളാണ്. ഇവയെ തന്റെ ശരീരവും രക്തവുമായി യേശു താദാത്മ്യപ്പെടുത്തിയിരിക്കുകയാണ്. അവ അവിടുത്തെ ജീവിതബലിയുടെ പ്രതീകവും വ്യക്തിസാന്നിധ്യ ത്തിന്റെ കൂദാശയുമായിത്തീർന്നു. അതിൽ ഭാഗഭാക്കുകളായ പന്ത്രണ്ടുപേർ, പഴയനിയമത്തിലെ പന്ത്രണ്ടു ഗോത്രങ്ങളെപ്പോലെ, പുതിയനിയമത്തിൽ പുതിയ ഉടമ്പടിയുടെ ജനത്തിനു രൂപം നല്കാൻ നിയുക്തരായിരുന്നു.

പുതിയ ഉടമ്പടിയുടെ ജനമായ സഭ അനുഷ്ഠിക്കേണ്ട ആരാധനയാണ് അവസാന അത്താഴസമയത്ത് യേശു ശിഷ്യ ന്മാർക്കു നിർദ്ദേശിച്ചു നല്കിയത്. ഇവിടെ വിഭജിച്ചു നല്കപ്പെട്ട അപ്പവും പങ്കുവയ്ക്കപ്പെട്ട പാനപാത്രവും കാൽവരിയിൽ യേശു അർപ്പിക്കുവാനിരുന്ന ജീവിതബലിയുടെ ആവിഷ്കാരമായിരുന്നു. മുറിക്കപ്പെടുന്ന ശരീരവും ചിന്തപ്പെടുന്ന രക്തവും കാൽവരിയിലെ ബലിയുടെ പ്രതീകങ്ങളാണ്. ഇതിൽനിന്നും രക്ഷയുടെ സമൂഹമായ സഭ രൂപംപ്രാപിക്കുന്നു. ജീവിതത്തിലൂടെ ഈ ബലിയുടെ പ്രതിരൂപമാകാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ ആരാധനയായ വിശുദ്ധ കുർബ്ബാന ഇതിന്റെ ഓർമ്മയും അനുഷ്ഠാനവുമാണ്. പ്രതീകാത്മകമായി അൾത്താരയിൽ സഭ അനുഷ്ഠിക്കുന്നതു ജീവിതത്തിൽ യാഥാർത്ഥ്യമാകണം. അൾത്താരയിലെന്നപോലെ ജീവിതത്തിലും സാക്ഷാത്കരിക്കു മ്പോഴാണ്, യേശുവിന്റെ ബലി സഭയെ സംബന്ധിച്ച് അർത്ഥ വത്താക്കുന്നത്. പുതിയ ഉടമ്പടിയുടെ നിയമമാണ് സ്നേഹത്തിന്റെ കല്പന. ദൈവാരാധന ദൈവത്തിനുള്ള കൃതജ്ഞതാ പ്രകാശന മാണ്. യേശു കാണിച്ചുതന്ന മാതൃകയനുസ്സരിച്ചുള്ള വിനീത സേവനമാണ്. ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെ പ്രവൃത്തിയാണ്. സ്ഥാപനവാക്യങ്ങളിൽ ദൈവത്തിനുള്ള യേശുവിന്റെ കൃതജ്ഞതാ പ്രകാശനത്തോടൊപ്പം പോകുന്നതാണ് വിഭജിച്ചു ശരീരം നല്കുന്നതും പാനം ചെയ്യാനായി സ്വരക്തം നല്കുന്നതും. ആരാധനയിലും ജീവിതത്തിലും ഇവ യേശുവിന്റെ ഓർമ്മയ്ക്കായി അനുഷ്ഠിക്കാനാണ്, സഭ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതിൽനിന്നും സഭ ജീവൻ സ്വീകരിക്കുകയും യേശുവിനു സാക്ഷിയാവുകയും ചെയ്യുന്നു, ത്യാഗപൂർണ്ണമായ സമർപ്പണ ത്തിലൂടെ, സ്നേഹപൂർവ്വകമായ ശുശ്രൂഷയിലൂടെ.





**2. യേശുവിന്റെ ബലി: സഭയുടെ ജീവസ്രോതസ്സ്**

സഭാവിജ്ഞാനീയത്തിലും വേദപാഠക്ലാസ്സിലും പരിഗണനയ്ക്കു വരുന്ന ഒരു പ്രധാന ചോദ്യമാണ് ''സഭ എപ്പോൾ ജന്മമെടുത്തു?'' എന്നത്. ഇതിനു സാധാരണ ഉത്തരം ''പന്തക്കുസ്തായിൽ'' എന്നാ ണ്. യേശുവിന്റെ ഉത്ഥാനത്തെയും സഭയുടെ ഉറവിടമായി ദൈവ ശാസ്ത്രം കണക്കാക്കാറുണ്ട്. സഭയുടെ ജനനത്തെ കൃത്യമായി ഒരു പ്രത്യേക സംഭവത്തോടു മാത്രമായി ബന്ധപ്പെടുത്തിപ്പറയു ന്നതു ശരിയായിരിക്കുകയില്ലെങ്കിലും, കാൽവരിയിലെ ബലിയു മായി അത് നിർണ്ണായകമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവശാസ്ത്ര ജ്ഞനായ മോൾട്ട്മാൻ ഇതു ചൂണ്ടിക്കാട്ടുന്നുണ്ട്.

സഭ ഏതുനിമിഷം ജനിച്ചു എന്നത് നിസ്സംശയമായും ഉപരിപ്ലവ മായ ചോദ്യമാണ്. പക്ഷേ, അതിന്റെ ഉറവിടത്തെക്കുറിച്ചു ചോദി ച്ചാൽ പന്തക്കുസ്തായിലെ പരിശുദ്ധാത്മാവിന്റെ വർഷണത്തിനു പിന്നിലുള്ള ഉത്ഥാനാനുഭവത്തിലേക്കും അപ്പസ്തോലന്മാർക്കു ണ്ടായ ഉത്ഥിതന്റെ ദർശനങ്ങളിലേക്കും നമ്മെ നയിക്കുന്നു. അവ യിലൂടെയാണല്ലോ അപ്പസ്തോലന്മാർക്ക് തങ്ങളുടെ വിളി അനുഭ വവേദ്യമായത്. പക്ഷേ, ഉത്ഥാനം, അർത്ഥഭേദമന്യേ, കുരിശിലേ യ്ക്കാണ് വിരൽ ചൂണ്ടുന്നത്. സഭയെ യേശു തന്റെ രക്തത്തിൽ സ്ഥാപിച്ചശേഷം ഉന്നതങ്ങളിൽനിന്നുള്ള ശക്തികൊണ്ട് പന്തക്കു സ്തായിൽ അതിനെ ബലപ്പെടുത്തി.[3]

കുരിശിലെ ബലിയർപ്പണത്തിൽ സഭയുടെ ഉത്ഭവത്തെക്കാ ണുന്ന വത്തിക്കാൻ കൗൺസിൽ പറയുന്നു: ''ക്രൂശിതനായ യേശു നാഥന്റെ തിരുവിലാവിൽനിന്നു നിർഗ്ഗമിച്ച രക്തവും വെള്ളവും സഭയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും പ്രതീകങ്ങളായിരു ന്നു. ഈ യാഥാർത്ഥ്യം തന്നെയാണ് ക്രിസ്തുനാഥൻ കുരിശുമര ണത്തെക്കുറിച്ചു പ്രസ്താവിക്കുകയിൽ മുൻകൂട്ടി അറിയിച്ചത്: 'ഞാനോ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടു കഴിഞ്ഞാൽ, സകലമനു ഷ്യരേയും എന്റെ പക്കലേയ്ക്ക് ആകർഷിക്കും' (യോഹ 12:32). 'നമ്മുടെ പെസഹായായി ക്രിസ്തുനാഥൻ അർപ്പിക്കപ്പെട്ടു' (1 കോറി 5:7).''[4] വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണം വിശുദ്ധ തോമസ് അക്വീനാസിന്റെ കാഴ്ചപ്പാടിനോടു യോജിച്ചു പോകുന്ന താണ്. അക്വീനാസ് എഴുതി: ''ക്രിസ്തുവിന്റെ പാർശ്വത്തിൽനിന്നു ശുദ്ധീകരിക്കാനായി വെള്ളവും രക്ഷിക്കുവാനായി രക്തവും ഒഴു കി.''[5] തോമസ് അക്വീനാസിന്റെ തന്നെ വ്യാഖ്യാനമനുസരിച്ച് രക്തം കുർബ്ബാന എന്ന കൂദാശയോടു ബന്ധപ്പെട്ടിരിക്കുന്നു. വെള്ളം

മാമ്മോദീസായോടും. കുർബ്ബാനയും മാമ്മോദീസയും സഭയിലെ അടിസ്ഥാന കൂദാശകളാണ്. അക്വീനാസ് കുർബാനയെ മുൻഗണനാക്രമത്തിൽ ഒന്നാമതായാണ് പരാമർശിക്കുന്നത്. ദൈവശാസ്ത്രപരമായി കുരിശിലെ ബലിയുടെ അന്ത:സത്ത കുർബ്ബാനയുൾക്കൊള്ളുന്നു. ഒരു വ്യക്തി ആദ്യം സ്വീകരിക്കുന്ന കൂദാശയായ മാമ്മോദീസ നയിക്കുന്നത് വിശുദ്ധ കുർബാനയിലേയ്ക്കാണ്. കൂദാശകളുടെ എല്ലാം കേന്ദ്രമായി കുർബ്ബാന നിലകൊള്ളുന്നു. കുർബ്ബാനയുടെ അർപ്പണത്തിൽ കാൽവരിയിലെ ബലി സാക്ഷാത്കരിക്കപ്പെടുന്നു. അതുപോലെ മാനവരക്ഷാകർമ്മവും. കുർബ്ബാനയുടെ അർപ്പണത്തിലൂടെ സഭ തന്റെ ഉറവിടത്തിലേക്കു തിരിച്ചുപോവുകയും യേശുവിന്റെ ബലിയുടെ ചൈതന്യം സ്വന്തമാക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ കുരിശുയാഗത്തിൽനിന്നു ജന്മമെടുക്കുന്ന സഭയുടെ സ്വഭാവം അതിനാൽതന്നെ നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. സഭ യേശുവിന്റെ സഭ ആയിരിക്കണമെങ്കിൽ കുരിശിന്റെ സഭയായിരിക്കണമെന്നതാണ് ഇവിടെ തെളിയുന്ന അടിസ്ഥാനപരമായ കാഴ്ചപ്പാട്. കുരിശിന്റെ സഭയെക്കുറിച്ചു പറയുന്നത് മഹത്വത്തിന്റെ സഭയുടെ നിഷേധമല്ല. യേശുവിനോടൊപ്പം മഹത്വീകൃതയാകാൻ സഭ ലോകത്തിൽ യേശുവിനോടൊപ്പം കുരിശുവഹിക്കുകയും സഹിക്കുകയും മരിക്കുകയും ചെയ്യണം. കുർബ്ബാന സഭയെ സദാ ഓർമ്മപ്പെടുത്തുന്നത് ഇതാണ്. ഉത്ഥാനത്തിലൂടെ മഹത്വീകൃതനായ ക്രിസ്തുവിന്റെ സാന്നിധ്യം പ്രേരണ നല്കുന്നത് കാൽവരിയിലെ ക്രിസ്തുവിനെ മറക്കാനല്ല, പ്രത്യുത, മാതൃകയാക്കാനാണ്. അരക്ഷിതർക്ക് രക്ഷയായി വർത്തിച്ച യേശുവിന്റെ ജീവിതം കുരിശുയാഗത്തിൽ പൂർണ്ണമായി. നീതിരഹിതരും അവകാശങ്ങളില്ലാത്തവരും അന്തസ്സും മാന്യതയും ഇല്ലാത്തവരുമായ മനുഷ്യർക്ക്, അവരോടൊപ്പം ഐക്യദാർഢ്യപ്പെട്ട ജീവിതത്തിലൂടെ യേശു ദൈവത്തിന്റെ രക്ഷയും പ്രസാദവരവും ലഭ്യമാക്കി. 'നിയമമില്ലാത്തവരും' 'ദൈവമില്ലാത്തവരു'(ലൂക്കാ 22:37) മായ മനുഷ്യരോടുള്ള സൗഹൃദവും അവരോടൊപ്പമുള്ള സഹവാസവും യേശുവിനെ പുറന്തള്ളപ്പെട്ടവരുടെ കൂടെയാക്കി. ''ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ'' എന്ന വിശേഷണമാണ് യേശുവിന് ലഭിച്ചത്. മനുഷ്യദൃഷ്ടിയിൽ അവൻ ''പാപ''മായിത്തീർന്നു, സ്വന്തമായി പാപമില്ലായിരുന്നെങ്കിലും (1 കോറി 5:21). അതുപോലെ അവൻ ''ശാപ''മായിത്തീർന്നുവെന്നും പുതിയ നിയമം പറയുന്നു (ഗലാ 3:13). ഇതിന്റെയെല്ലാം പരിണിതഫലമായിരുന്നു കുരിശുമരണം. അതേ





സമയം ഈ നിസ്വാർത്ഥ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും മാർഗ്ഗം ദൈവപിതാവിന്റെ തിരുവിഷ്ടമായിരുന്നെന്നത് വിസ്മരിക്കാനാവില്ല. കുരിശുയാഗത്തെ അനുസ്മരിക്കുകയും ആദർശമാക്കുകയും ചെയ്യുന്ന സഭയ്ക്ക് രക്ഷകൻ കാണിച്ചുതരുന്ന സഹനത്തിന്റെ പാതയിൽ സഞ്ചരിച്ച് വിമോചന ശുശ്രൂഷ നിർവ്വഹിക്കാതിരിക്കാനാവില്ല, അതു ക്രൂശാരോഹണംവരെ സഭയെ എത്തിച്ചാലും.

മോൾട്ട്മാൻ ചൂണ്ടിക്കാട്ടുന്നതുപോലെ അരക്ഷിതരും, രക്ഷയ്ക്ക് അനർഹരുമായി കരുതപ്പെട്ടവർക്ക് രക്ഷയായിത്തീർന്ന് യേശു തന്റെ കുരിശുയാഗത്തിലൂടെ അനീതിപരവും മർദ്ദനപരവുമായ അധികാരങ്ങളുടെയും ശക്തികളുടെയും വിഗ്രഹങ്ങളെ തകർക്കുകയാണ് ചെയ്തത്.[6] 'രാഷ്ട്രീയമത'വും 'ബൂർഷ്വാമത'വും ന്യായീകരിച്ച ഉച്ചനീചത്വങ്ങളും മനുഷ്യരഹിതമായ സമീപനങ്ങളും യേശു നിരാകരിച്ചു. ചുങ്കക്കാരോടും പാപികളോടുമുള്ള യേശുവിന്റെ ഐക്യദാർഢ്യം കുരിശുയാഗത്തിന്റെ രംഗത്തും പ്രത്യക്ഷമാകുന്നുണ്ട്. രണ്ടുകള്ളന്മാരുടെ നടുവിൽ കുരിശിൽത്തൂങ്ങി മരണം വരിക്കുന്ന യേശു വെറുക്കപ്പെട്ടവരും കുറ്റക്കാരായി വിധിക്കപ്പെട്ടവരുമായവരോട് താദാത്മ്യം പ്രാപിച്ച രക്ഷകനെയാണ് ചൂണ്ടിക്കാട്ടുന്നത്. ''നീ ഇന്നു എന്നോടുകൂടി പറുദീസായിലായിരിക്കും'' (ലൂക്കാ 23:43) എന്ന വാഗ്ദാനം യേശുവിന്റെ മരണം നല്കുന്ന രക്ഷയെയാണ് വിളിച്ചറിയിക്കുന്നത്. തിന്മയുടെ ശക്തികൾ ഒരുക്കിയ മരണത്തെപ്പോലും പരാജയപ്പെടുത്തുന്ന വിജയമാണ് ഇവിടെ സംഭവിക്കുന്നത്. ക്രൂശിതന്റെ ബലി ആവർത്തിക്കുന്ന സഭയ്ക്ക് പാവങ്ങളും പരിത്യക്തരുമായവരുടെ ഭാഗത്തു ചേരാനും അവരുമായുള്ള ഐക്യദാർഢ്യം ജീവിതപദ്ധതിയാക്കാനും കഴിയണം.

ദൈവത്താൽപോലും പരിത്യക്തരാണെന്നു ദു:ഖത്തോടെ വിചാരിച്ചു വിഷമിച്ചവരുടെ വികാരത്തോടെ യേശു കുരിശിൽനിന്നു നിലവിളിച്ചതായി സുവിശേഷം പറയുന്നു. ''എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു'' (മത്താ 27:46). യേശുവിന്റെ പരിത്യക്തതയിൽ മനുഷ്യരോടുള്ള ദൈവസ്നേഹത്തിന്റെ ആധിക്യമാണ് വെളിപ്പെടുന്നത്. ''.......തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്ര അധികമായി സ്നേഹിച്ചു'' (യോഹ 3:16). സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുമായി അവനെ ഏല്പിച്ചുതന്നവനാണ് ദൈവമെന്ന് പൗലോസ്ശ്ലീഹായും പറയുന്നു (ഗലാ 1:4; 2:20).

ക്രൂശിതനെ ആരാധിക്കുന്ന സമൂഹമായ സഭയുടെ ജീവിതത്തിൽ ഇതിന്റെ പ്രായോഗിക വിവക്ഷയിതാണ്: സ്വയം ശൂന്യവൽക്കരണത്തിലൂടെ മാനവസമൂഹത്തിന് സഭ രക്ഷയുടെ ശുശ്രൂഷ നല്കണം. ഉത്ഥിതനായ യേശുവിലുള്ള പ്രത്യാശയോടെയാണ് സഭ ലോകത്തിൽ തന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നത്. ഈ പ്രത്യാശയിൽ ഉറച്ചുനിന്നുകൊണ്ടാണ് സഭ മുഴുവനും കുർബ്ബാനയുടെ അർപ്പണത്തിലൂടെ മനുഷ്യലോകം മുഴുവന്റെയും അനുരഞ്ജനത്തിനു വേണ്ടിയുള്ള യേശുവിന്റെ ആത്മദാനം സദാ അനുസ്മരിക്കുന്നത്. പക്ഷേ ഈ അർപ്പണത്തോടൊപ്പം യേശുവിന്റെ സഹോദരരുടെ സഹനങ്ങളിൽ സഭ ഭാഗഭാക്കാകുന്നുണ്ടോയെന്നത് പരിചിന്തന വിഷയമാക്കണം. മനുഷ്യമക്കളിൽ ദൈവത്തിന്റെ സഹനങ്ങളിലുള്ള ഭാഗഭാഗിത്വമാണ് ഒരുവനെ ''ക്രിസ്ത്യൻ'' ആക്കുന്നത്. മോൾട്ട്മാന്റെ വാക്കുകൾ ശ്രദ്ധേയമാണ്:

സഭ ജീവനിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നത് ആത്മദാനത്തിന്റെ സുവിശേഷത്തിലൂടെയാണ്. അതുകൊണ്ട് അടിസ്ഥാനപരമായി ക്രിസ്തുവിന്റെ കുരിശിൽനിന്നാണു സഭ ജന്മം പ്രാപിക്കുന്നത്. അതിന്റെ കേന്ദ്രസ്ഥാനത്ത് കുരിശിന്റെ വചനം നിലകൊള്ളുന്നു. അതുപോലെതന്നെ ക്രിസ്തുവിന്റെ മരണത്തെ പ്രഘോഷിക്കുന്ന കുർബ്ബാനയും....

അതുകൊണ്ട് ക്രിസ്തുവിന്റെ സഭ എപ്പോഴും കുരിശിന്റെ കീഴെയുള്ള സഭയാണ്. ക്രൈസ്തവർ കുരിശെടുക്കുന്നിടത്തെല്ലാം ക്രിസ്തുവുമായുള്ള കൂട്ടായ്മ അനുഭവവേദ്യമാകുന്നു. ക്രിസ്തുവിന്റെ സഹനത്തിലും ജനത്തിന്റെ സഹനത്തിലുമുള്ള സഭയുടെ ഭാഗഭാഗിത്വത്തിലാണ് ക്രിസ്തുവിന്റെ ജീവിതവും സ്വാതന്ത്ര്യവും ദൃശ്യമാകുന്നത്.

അവസാനമായി, ക്രൂശിതനായ യേശുവിനോടുള്ള സൗഹൃദം പ്രായോഗികമാകുന്നത് സമൂഹത്തിൽ കുരിശിന്റെ നിഴലിൽ ജീവിക്കുന്നവരുമായി അഥവാ സഹിക്കുന്നവരുമായി സ്പഷ്ടമായവിധം, ഐക്യദാർഢ്യത്തിൽ വർത്തിച്ചുകൊണ്ട് അവരുമായി സാഹോദര്യം പുലർത്തുമ്പോഴാണ്. പാവപ്പെട്ടവർ, വികലാംഗർ, സമൂഹത്തിലെ പരിത്യക്തർ, ജയിൽവാസികൾ, പീഡിതർ ഇവരെല്ലാം ഈ ഗണത്തിൽപ്പെടുന്നു. ക്രൂശിതനോടുള്ള കൂട്ടായ്മയിൽ ജീവിക്കാൻ മനുഷ്യപുത്രന്റെ ഏറ്റം എളിയവരായ സഹോദരങ്ങളുമായുള്ള കൂട്ടായ്മയല്ലാതെ വേറെ മാർഗ്ഗമില്ല (മത്താ 25:40).[7]

കാൽവരിയിലെ ബലി അൾത്താരയിൽ അർപ്പിക്കുവാനും ജീവി





തത്തിൽ അതു പ്രാവർത്തികമാക്കാനും സഭയ്ക്കു ആത്മധൈര്യവും പ്രതീക്ഷയും നല്കുന്നത് ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. വിശുദ്ധ കുർബ്ബാന രക്ഷകന്റെ പീഡാസഹനവും മരണവും മാത്രമല്ല, അവിടുത്തെ യാഗത്തിനു മകുടം ചാർത്തിയ പുനരുത്ഥാനരഹസ്യവും പ്രകടമാക്കുന്നു.[8] എന്ന് ജോൺപോൾ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. യേശുവിന്റെ കുർബ്ബാനയിലെ സാന്നിദ്ധ്യം ''ജീവിക്കുന്ന ഉത്ഥിതൻ'' എന്ന നിലയിലാണ്. ക്രൂശിതനായ യേശുവിന്റെ ഉത്ഥാനത്തിലൂടെയുള്ള മഹത്വീകരണവും ശിഷ്യർക്കുള്ള പ്രത്യക്ഷീകരണങ്ങളും ''കർത്താവായ ക്രിസ്തു'' എന്ന അഭിധാനത്തിനു കാരണമായി എന്നു മാത്രമല്ല, യേശുവിനെ അനുകരിക്കുകയും കുരിശിന്റെ നിഴലിൽ ത്യാഗപൂർണ്ണമായ ശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിക്കുകയും ചെയ്യുന്നവർക്ക് വിജയം സുനിശ്ചിതമാണെന്ന ഉറപ്പും നല്കുന്നു. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് കുരിശുമരണംവരെ തന്നെത്തന്നെ താഴ്ത്തിയ യേശുവിനെ ദൈവം അത്യധികം ഉയർത്തി (ഫിലി 2:9). അതുകൊണ്ട് രക്ഷകന്റെ പാത പിന്തുടരുന്നതു വിജയത്തിന്റെ മഹത്വത്തിലേക്കു നയിക്കുന്നു.

ലോകത്തിന്റെ മുൻഗണനാക്രമങ്ങളെ ക്രിസ്തുവിന്റെ ഉത്ഥാനം നിരർത്ഥകമാക്കുകയാണ്, മൂല്യങ്ങളെ പുനർനിർണ്ണയിക്കുകയാണ്. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ചെറിയവനാകണം. നേടാൻ ആഗ്രഹിക്കുന്നവർ നല്കണം. ജീവൻ നഷ്ടപ്പെടുത്തുന്നവരാണ് അതു കണ്ടെത്തുന്നത്. ഭൂമിയിലെ രാജാക്കന്മാരുടെ അധികാരപ്രയോഗത്തിനും അധീശത്വപ്രവണതയ്ക്കും പകരം ഒരു ഭൃത്യന്റെ ശൈലിയിലുള്ള സേവനവും ശുശ്രൂഷയുമാണ് അഭികാമ്യം. സാർവ്വത്രികസ്നേഹവും പരസ്പര സഹായവും ജീവിത പ്രമാണമാക്കുന്ന മനുഷ്യർ ''പുതിയ ആകാശവും ഭൂമിയും'' സൃഷ്ടിക്കുന്നു. അതിന്റെ മാതൃകയും മാർഗ്ഗവും യേശുവാണ്.

### 3. കുർബ്ബാന, കൂട്ടായ്മ, ആദിമസഭ

യേശുവിന്റെ നാമത്തിൽ, ഒരുമിച്ചുകൂടിയ ആദിമക്രിസ്തീയ സമൂഹം അവിടുത്തെ പെസഹാരഹസ്യം - സഹനം, മരണം, ഉത്ഥാനം - അനുസ്മരിക്കുകയും ദൈവത്തിന് ആരാധന അർപ്പിക്കുകയും ചെയ്തിരുന്നു. ഇതു പുതിയനിയമത്തിൽ സ്പഷ്ടമായി കാണുന്ന കാര്യമാണ്. ക്രിസ്തീയപാരമ്പര്യത്തിൽ വിവിധ പേരുകൾ ദൈവാരാധനയ്ക്ക് ലഭിച്ചു. ''അപ്പം മുറിക്കൽ,'' ''നന്ദിപ്രകാശനം'' (Eucharistia), ''കർത്താവിന്റെ അത്താഴം'' എന്നീ പേരുകൾ

പുതിയനിയമാധിഷ്ഠിതമാണ്. മലയാളത്തിൽ ഉപയോഗിക്കുന്ന കുർബ്ബാന എന്ന പേര് സുറിയാനിയിൽനിന്നു വന്നതാണ്. ''എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ'' എന്ന യേശുവിന്റെ കല്പനയ നുസരിച്ചായിരുന്നു ആദിമക്രൈസ്തവർ തങ്ങളുടെ പവിത്രമായ അനുഷ്ഠാനത്തിനായി ഒരുമിച്ചു ചേർന്നത്. ''അപ്പം മുറിക്കൽ'' എന്ന പേരിലാണ് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുടെ പുസ്തകം ഈ അനുഷ്ഠാനത്തെക്കുറിച്ചു പറയുന്നത്. സഭകളുടെ എല്ലാം മാതൃ സഭയും മാതൃകയുമായ ജെറുസലേം സഭയെക്കുറിച്ചുള്ള വിവര ണത്തിലാണ് ഇന്നത്തെ ''വിശുദ്ധ കുർബ്ബാന''യുടെ ആദ്യരൂപം കാണാവുന്നത്. പ്രബോധനം, കൂട്ടായ്മ, പ്രാർത്ഥന, സഹഭോജനം എന്നിവയോടു ബന്ധപ്പെട്ടതായിട്ടാണ് വിശുദ്ധ ഗ്രന്ഥത്തിലെ വിവ രണം ''അപ്പം മുറിക്കൽ ശുശ്രൂഷ''യെക്കുറിച്ചു പറയുന്നത്.

അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കു ചേർന്നു..... വിശ്വസിച്ചവർ എല്ലാവരും ഒറ്റസമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റു ആവശ്യാ നുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാ ദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാമനുഷ്യരുടേയും സംപ്രീ തിക്കുപാത്രമാവുകയും ചെയ്തു. രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ അനുദിനം ചേർത്തുകൊണ്ടിരുന്നു (അപ്പ 2:42-47).

ക്രിസ്തുവിന്റെ ഉത്ഥാനത്തിനും യുഗാന്ത്യത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ നടക്കുന്ന വിശുദ്ധ കുർബ്ബാന ക്രിസ്തുവിന്റെ ജന മായ സഭ നടത്തുന്ന ബലിയർപ്പണമാണ്. മിശിഹായുടെ മഹത്വ പൂർണ്ണമായ രണ്ടാമത്തെ ആഗമനംവരെ അവിടുത്തെ വിശുദ്ധ പീഠ ത്തിന്മേൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവി കവുമായ ഈ ബലി അർപ്പിക്കപ്പെടണം എന്ന കല്പന ആരാധനാ ക്രമം അനുസ്മരിക്കുന്നു.[9] കുർബ്ബാന അർപ്പിക്കാനായി വന്നുചേർന്ന സഭയുടെ ജീവിതത്തെ സംബന്ധിച്ച് വിശുദ്ധഗ്രന്ഥത്തിന്റെ വെളി ച്ചത്തിൽ റുഡോൾഫ് ഷ്നാക്കൻബുർഗ് നാലുകാര്യങ്ങൾ ചൂണ്ടി ക്കാണിക്കുന്നുണ്ട്.[10]





1). രക്ഷയുടെ ദൈവദാനത്തിലുള്ള യുഗാന്ത്യപരമായ സന്തോഷം കുർബ്ബാനയ്ക്കായി ഒന്നുചേർന്ന ആദിമസഭയിൽ പ്രക ടമായിരുന്നു. ''അപ്പം മുറിക്കൽ'' എന്നു വിളിക്കപ്പെട്ട ഈ പവിത്ര കർമ്മത്തിൽ സമൂഹം കർത്താവായ യേശുവിനെ തിരിച്ചറിഞ്ഞു. ക്രിസ്തുവിന്റെ നാമത്തിൽ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് ഒന്നി ച്ചുചേർന്നുള്ള സ്നേഹഭോജനത്തിൽ സമൂഹം സന്തോഷപൂർവ്വം പങ്കുചേർന്നു. യുഗാന്ത്യപരമായ രക്ഷയുടെ സന്തോഷം യേശു വിന്റെ വീണ്ടുമുള്ള വരവിനെ പ്രത്യാശയോടെ കാത്തിരിക്കാൻ പ്രചോദനം നല്കുന്നതായിരുന്നു. എല്ലാം ക്രിസ്തുവിൽ പൂർണ്ണ മാക്കപ്പെടുന്ന ദിനത്തിനായി അവർ പ്രാർത്ഥിച്ചു: കർത്താവേ വേഗം വരണമേ.

2). അതുല്യമായവിധം നാഥനായ യേശുവിന്റെ സാമീപ്യവും സാന്നിദ്ധ്യവും സഹവാസവും ആദിമസഭ അനുഭവിച്ചു. ഇതരമത ങ്ങളിലേയും യഹൂദപാരമ്പര്യത്തിലെയും ദൈവാരാധനയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു ഇത്. യേശുവിന്റെ ശരീരത്തിലും രക്തത്തിലും സജീവപങ്കാളിത്തം നല്കുന്ന അനുഷ്ഠാനമായിരുന്നു ക്രിസ്തീയാരാധന. വിശ്വാസവും മാമ്മോദീസയും വഴി ക്രിസ്തു വിന്റെ സമൂഹത്തിൽ ചേർക്കപ്പെട്ട വ്യക്തികൾ കുർബാനയിലൂടെ ക്രിസ്തുവുമായുള്ള ഐക്യത്തിൽ നിരന്തരം നവീകരിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തു.

3). ബലിയർപ്പണത്തിനായി ഒന്നിച്ചുചേർന്ന വിശ്വാസികളുടെ ഒരുമയും യോജിപ്പും നിർബന്ധമുള്ള കാര്യമായിരുന്നു. ''ദൈവ ത്തിന്റെ സഭ'' അഥവാ ''ദൈവജനം'' എന്ന പേര് ബലിയർപ്പണ ത്തിനായുള്ള സമ്മേളനത്തിൽ അർത്ഥവത്തായി. ഈ പേരുകൾ ആദ്യം ഉപയോഗിക്കപ്പെട്ടത് ജെറുസലേമിലെ സഭയെ സംബന്ധി ച്ചായിരിക്കണം. പിന്നീട് ഇവ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങ ളിൽ കാണുന്നതുപോലെ എല്ലാ സമൂഹങ്ങൾക്കുംവേണ്ടി ഉപയോ ഗിക്കപ്പെട്ടു. വിശ്വാസികളെ ''വിശുദ്ധർ'' ആയി കാണുന്ന പുതിയ നിയമ കാഴ്ചപ്പാടിന്റെയും ഉറവിടം ഈ വീക്ഷണം തന്നെയാണ്. ''ഒരപ്പം, ഒരു ശരീരം'' (1 കോറി 10:16-17) എന്ന പൗലോസ്ശ്ലീഹാ യുടെ ആശയം കുർബ്ബാനയും വിശ്വാസികളും തമ്മിലുള്ള അടി സ്ഥാനപരമായ ബന്ധം സൂചിപ്പിക്കുന്നു. സഭ ''ഒരു ആത്മീയസമൂ ഹ''മാണെന്നതിന്റെ പ്രസ്പഷ്ടമായ അടയാളമാണ് കുർബ്ബാന ആകുന്ന ''ദൈവാരാധന''യ്ക്കായുള്ള ഒന്നുചേരൽ.

4). ക്രൈസ്തവ ധാർമ്മിക ഉത്തരവാദിത്വം നിറവേറ്റുന്നതിന്

ആദിമസഭയ്ക്ക് ശക്തമായ പ്രേരണകളാണ് ദൈവാരാധനയിൽനിന്ന്, പ്രത്യേകിച്ച് കുർബ്ബാനയിൽനിന്ന് ലഭിച്ചത്. കോറിന്തിലെ സഭയിലെ സ്വാർത്ഥപരമായ ചിലരുടെ പെരുമാറ്റത്തെ പൗലോസ്ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നതിൽനിന്നും ഇതു വ്യക്തമാണ് (1 കോറി 11:20–34). താമസിച്ചുവന്ന പാവപ്പെട്ട ജനങ്ങളോട് സമ്പന്നർക്ക് പരിഗണനയില്ലാതിരുന്നത് സാഹോദര്യത്തിനും ഐക്യത്തിനും എതിരാണ്. കർത്താവിന്റെ അത്താഴത്തിൽ പങ്കുകൊള്ളാൻ ഒരുവനെ അതു അയോഗ്യനാക്കുകയാണു ചെയ്യുന്നത്. ആദിമസഭയിൽ പതിവായിരുന്ന സ്നേഹവിരുന്നിലെ സൗഹൃദപരമായ പങ്കാളിത്തവും തുടർന്ന് കുർബ്ബാനയിലുള്ള ഭാഗഭാഗിത്വവും ഒരുപോലെ പ്രധാനപ്പെട്ടതായിരുന്നു. യോഗ്യതയോടെ കുർബ്ബാനയിൽ പങ്കുകൊള്ളാൻ ഓരോരുത്തരും ആത്മപരിശോധന ചെയ്യണമെന്ന് പൗലോസ്ശ്ലീഹാ പറയുന്നു.

സമൂഹത്തെയും വ്യക്തിയെയും ഒരുപോലെ കുർബ്ബാന പ്രബോധിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. ഐക്യത്തിന്റെ കൂദാശ സ്നേഹത്തിന്റെയും കൂദാശയാണ്. കുറെപ്പേർ വിശന്ന് ഭക്ഷണമില്ലാതെ കുർബ്ബാനയിൽ പങ്കെടുക്കേണ്ടിവരുന്നത് വയറുനിറച്ചു ഭക്ഷണം കഴിച്ചശേഷം പങ്കെടുക്കുന്നവരെ സംബന്ധിച്ച് കുറ്റകരമാണ്. ക്രൈസ്തവസ്നേഹവും സാഹോദര്യവും ഇവിടെ ജീവിതത്തിൽ പാലിക്കപ്പെടുന്നില്ല. അവഗണനപോലെത്തന്നെ വിവേചനവും പക്ഷപാതവും ക്രിസ്തീയ സ്നേഹത്തിനു യോജിച്ചതല്ല. യാക്കോബ്ശ്ലീഹായുടെ ലേഖനത്തിൽ ഇതു സ്പഷ്ടമായികാണുന്ന പ്രബോധനമാണ്:

എന്റെ സഹോദരരെ, മഹത്വപൂർണ്ണനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്. നിങ്ങളുടെ സംഘത്തിലേക്ക് സ്വർണ്ണമോതിരം അണിഞ്ഞ് മോടിയുള്ള വസ്ത്രം ധരിച്ച ഒരുവനും മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു ദരിദ്രനും പ്രവേശിക്കുന്നുവെന്നിരിക്കട്ടെ. നിങ്ങൾ മോടിയായി വസ്ത്രം ധരിച്ചവനെനോക്കി, ഇവിടെ സുഖമായി ഇരിക്കുക എന്നു പറയുന്നു. പാവപ്പെട്ടവനോട് ഇവിടെ നില്ക്കുക എന്നോ എന്റെ പാദപീഠത്തിനടുത്ത് ഇരിക്കുക എന്നോ പറയുന്നു.... (യാക്കോബ് 2:2–4).

ക്രിസ്തീയ കൂട്ടായ്മയിലും കുർബാനയിലും പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൗലോസ്ശ്ലീഹാ ഉപദേശമൊന്നും നല്കിയതായി കാണുന്നില്ല. അതിനുകാരണം കുർബ്ബാനയുടെ കൂട്ടായ്മയിൽനിന്നു വേർപെട്ടുനിന്നവർ അന്ന് ഇല്ലാതിരുന്നതാകാം. പക്ഷേ ഹെബ്രായർക്കുള്ള ലേഖനത്തിൽ കുർബ്ബാനയുടെ കൂട്ടായ്മയിൽ പങ്കെടുക്കാനുള്ള ആഹ്വാനം കാണാം. ക്രൈസ്തവരുടെ രണ്ടാം തലമുറ ആയപ്പോഴേക്കും കൂട്ടായ്മയിൽ പങ്കെടുക്കുന്നതിൽ ഉപേക്ഷ വരുത്തിയവർ ഉണ്ടായിരുന്നുവെന്ന് ലേഖനത്തിൽനിന്നു സ്പഷ്ടമാണ് (ഹെബ്രാ 10:25). ക്രൈസ്തവജീവിതത്തിന് കൂട്ടായ്മയിലും അതിനു സഹായകമായ കുർബ്ബാനയിലുമുള്ള ഭാഗഭാഗിത്വം ലേഖനം ചൂണ്ടിക്കാട്ടുന്നു. ''സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും''[11] സഭായോഗങ്ങളിൽ പങ്കെടുക്കണമെന്നാണ് നിർദ്ദേശം. ക്രിസ്തീയാരാധനയിൽ മന്ദോഷ്ണത വന്നുചേർന്നതായി വെളിപാടിന്റെ പുസ്തകം സൂചിപ്പിക്കുന്നുണ്ട്. യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന് ദൈവാരാധനയിൽ യാന്ത്രികമായ ഭാഗഭാഗിത്വം പോരാ, പ്രത്യുത, തീക്ഷ്ണമായ പങ്കാളിത്തം ആവശ്യമാണ് (വെളി 3:14–18). വെളിപാടുപുസ്തകത്തിന്റെ ഇതരഭാഗങ്ങളിലും പുതിയനിയമം മുഴുവനിലും സജീവമായ ദൈവാരാധനയുടെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. കുർബ്ബാനയിൽ കേന്ദ്രീകൃതമായ ക്രിസ്തീയ ജീവിതത്തിലേക്കാണ് അതു വിരൽ ചൂണ്ടുന്നത്.



വി. കുർബ്ബാനയുടെ ദൈവശാസ്ത്രം

പുതിയനിയമത്തിന്റെയും ആദിമസഭാചരിത്രത്തിന്റെയും വെളിച്ചത്തിൽ ക്രിസ്തീയ സമൂഹത്തിൽ സർവ്വപ്രധാനമായ വിശുദ്ധ കുർബ്ബാനയെക്കുറിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധേയങ്ങളാണ്.[12]

i. ഇതു തികച്ചും വ്യതിരിക്തമായ ക്രിസ്തീയ ആചരണമാണ്. അതിൽ ക്രിസ്തീയ വിശ്വാസികൾ മാത്രമാണ് പങ്കെടുക്കുന്നത്.

ii. ഇതു വ്യക്തിയുടെ എന്നതിനേക്കാൾ സമൂഹത്തിന്റെ ആചരണമാണ്. ക്രിസ്തീയ വിശ്വാസികളുടെ ഒരുമയും ഒന്നിപ്പും ഇതിൽ സംഭവിക്കുന്നു.

iii. ദൈവാവിഷ്ക്കരണത്തിന്റെ ഘടകങ്ങളായ വചനവും പ്രവൃത്തിയും കുർബ്ബാനയുടെ അർപ്പണത്തിൽ സമന്വയിക്കുന്നു. പ്രഘോഷിക്കപ്പെടുന്ന വചനത്തിനു മാനുഷിക പ്രത്യുത്തരമായി പ്രകീർത്തനങ്ങളും പ്രാർത്ഥനകളും അതുൾകൊള്ളുന്നു. യേശുവിന്റെ രക്ഷാകരപ്രവൃത്തിയുടെ പാരമ്യമായ കാൽവരിയാഗത്തെ ഇതു പ്രത്യക്ഷീകരിക്കുന്നു.

യേശുവിന്റെ കുരിശിലെ അർപ്പണം കുർബ്ബാനയുടെ കേന്ദ്രമാണ്. പക്ഷേ ആദിമക്രൈസ്തവർ കുർബാനയ്ക്കായി തിരഞ്ഞെടുത്തതു വെള്ളിയാഴ്ചയല്ല. ആഴ്ചയുടെ ആദ്യദിവസമായ ഞായറാഴ്ചയാണ്. കാരണം കാൽവരി യാഗത്തിന്റെ അർത്ഥം പൂർണ്ണമായത് ഉത്ഥാനത്തിലാണ്. കുരിശിലെ ബലിയും ഉത്ഥാനവും മാമ്മോദീസയുടെയും കുർബ്ബാനയുടെയും അർത്ഥസ്രോതസ്സുകളാണ്. പക്ഷേ, മാമ്മോദീസ ഒരിക്കൽ മാത്രം സംഭവിക്കുന്നെങ്കിൽ കുർബ്ബാന ആവർത്തിക്കപ്പെടുന്ന കൂദാശയാണ്.

v. ക്രിസ്തുവിലൂടെ മാനവസമൂഹത്തിന്റെമേൽ ദൈവം വർഷിച്ച നന്മകൾക്ക്, "നന്ദി പ്രകാശനം" ആയിട്ടാണ് ആദ്യകാലം മുഴുവൻ വിശ്വാസികളുടെ സമൂഹം ഇതിനെ കണ്ടത്. മാത്രമല്ല, സ്ഥാപന വാക്യങ്ങളിൽത്തന്നെ "കൃതജ്ഞതാസ്തോത്രം ചെയ്തത്" എന്നു പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടാണ് "എവുക്കരിസ്തിയ" (Eucharistia യിൽ നിന്നാണ് ഇംഗ്ലീഷിലെ Eucharist എന്ന പദമുണ്ടായത്) എന്ന പേര് ഗ്രീക്കുഭാഷയിൽ കുർബ്ബാനയ്ക്കു ലഭിച്ചത്.

vi. കുർബ്ബാനയിലുള്ള യേശുവിന്റെ സാന്നിദ്ധ്യത്തെ ഒരു മാന്ത്രികപ്രവർത്തനമായിട്ടല്ല സമൂഹം മനസ്സിലാക്കിയത്. വിശ്വാസത്തിന്റെ കൂട്ടായ്മയിൽ ദൈവികവാഗ്ദാനം നിറവേറിയതിന്റെ അനുഭവമായിരുന്നു അതു നല്കിയത്. "ഞാൻ അടുത്തേയ്ക്കുവരും ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളി 3:20).

vii. രക്ഷിക്കുന്ന യേശുവിന്റെ സാന്നിദ്ധ്യമാണ് കുർബ്ബാന. ആ സാന്നിദ്ധ്യമാണ് കുർബ്ബാനയുടെ അർപ്പണത്തിനു പരിശുദ്ധിയും ആരാധ്യതയും നല്കുന്നത്. യേശുവിന്റെ നാമത്തിൽ ഒരുമിച്ചു കൂടിയവരുടെ സമൂഹത്തിലും പ്രഘോഷിക്കപ്പെടുന്ന വചനത്തിലും സന്നിഹിതനായ യേശു സർവ്വോപരി കുർബ്ബാനയുടെ കൂദാശയിലൂടെ സന്നിഹിതനാകുന്നു.

viii. "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന കല്പനയുടെ അനുഷ്ഠാനം കഴിഞ്ഞുപോയ ഒരു സംഭവത്തെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതിൽ ഒതുങ്ങിനില്ക്കുന്നതല്ല. അനുസ്മരിക്കപ്പെടുന്ന രക്ഷാകരസംഭവത്തിന്റെയും രക്ഷകന്റെയും സജീവ സാന്നിദ്ധ്യമായിട്ടാണ് കുർബ്ബാന ആദ്യകാലം മുതൽ അർപ്പിക്കപ്പെടുന്നത്.

ix. ഉടമ്പടിയുടെ ആശയം കുർബ്ബാനയുടെ അനുഷ്ഠാനത്തിൽ





പ്രധാനമാണ്. സ്ഥാപനവാക്യങ്ങളിലെ "പുതിയ ഉടമ്പടിയുടെ രക്തം" എന്ന പ്രയോഗം സീനായ്മലയിൽവച്ച് ദൈവം ഇസ്രായേൽക്കാരുമായി ചെയ്ത പഴയ ഉടമ്പടിയെ അനുസ്മരിപ്പിക്കുന്നതും അതേസമയം യേശുവിലൂടെ മാനവസമൂഹത്തിനു കൈവരുന്ന വിമോചനത്തിന്റെ പുതിയ ഉടമ്പടി വിളംബരം ചെയ്യുന്നതുമാണ്. അതിന്റെ പുനരാവിഷ്ക്കരണമാണ് കുർബ്ബാനയുടെ ഓരോ അർപ്പണവും.

x. യുഗാന്ത്യപൂർണ്ണതയുടെ പ്രത്യാശ കുർബ്ബാനയുടെ സ്വഭാവത്തിൽപ്പെടുന്നു. ഭൂത - വർത്തമാന - ഭാവി കാലങ്ങളെ ഇതു ബന്ധിക്കുന്നതാണ്. ദൈവരാജ്യത്തിന്റെ വളർച്ച പൂർത്തിയാക്കുന്ന പൂർണ്ണതയുടെ കാലം ചരിത്രാന്ത്യത്തിലാണ്. അതുവരെ ക്രിസ്തീയ സമൂഹം കാൽവരിയിലെ ബലിചൈതന്യത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും അതിന്റെ പുനരാവിഷ്കരണംവഴി യേശു നല്കുന്ന വിമോചനസാക്ഷാത്കാരത്തിന് സേവനബദ്ധരായി നിലകൊള്ളുകയും ചെയ്യണം.

വിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള പുതിയനിയമത്തിന്റെ കാഴ്ചപ്പാട് പിൽക്കാലങ്ങളിൽ നിലനിന്നുപോന്നു. മാത്രമല്ല, അതിനെ ആസ്പദമാക്കിയുള്ള കൂടുതൽ വിചിന്തനങ്ങൾ നടന്നു. "അപ്പസ്തോലന്മാരുടെ പ്രബോധനം" അഥവാ "ഡിഡാക്കേ" (Didache) എന്നറിയപ്പെടുന്ന സഭാപ്രമാണരേഖ പറയുന്നത് ശ്രദ്ധേയമാണ്: "കർത്താവിന്റെ ദിവസം (ഞായർ) നിങ്ങൾ ഒരുമിച്ചുവന്നു കഴിയുമ്പോൾ അപ്പം മുറിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുക. അങ്ങനെ ചെയ്യുന്നതു നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞശേഷം വേണം. കാരണം നിങ്ങളുടെ ബലി ശുദ്ധമായിരിക്കണം. ബലി അശുദ്ധമാക്കാതിരിക്കാൻ കൂട്ടുകാരനുമായി വഴക്കുള്ളയാൾ അനുരഞ്ജനപ്പെടണം. അതല്ലെങ്കിൽ ഇതിൽ സംബന്ധിക്കരുത്"[13] ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലുമുള്ള ഭാഗഭാഗിത്വം, കർത്താവിന്റെ ദിവസം ആചരിക്കാനുള്ള "ഞായറാഴ്ച സമ്മേളനം," അതിൽ സംബന്ധിക്കുമ്പോൾ നടത്തേണ്ട വിശുദ്ധ ഗ്രന്ഥപാരായണം, പ്രാർത്ഥനാനുഷ്ഠാനങ്ങൾ ഇവയെല്ലാം വിശുദ്ധ ജസ്റ്റിൻ രണ്ടാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.[14]

റോമിലെ വിശുദ്ധ കെമന്റ്, ഇരണേവൂസ്, അപ്രേം, തെർത്തുല്യൻ, സിപ്രിയാൻ, അത്തനേഷ്യസ്, ജറുസലേമിലെ സിറിൽ, ഹിലരി, ബേസിൽ. ഗ്രിഗറി നസ്സിയാൻസ്സൻ, ഗ്രിഗറി നിസ്സ, ജോൺ ക്രിസോസ്റ്റോം, അംബ്രോസ്, ജെറോം, അഗസ്തീനോസ്, അല

ക്സാണ്ട്രിയായിലെ സിറിൽ തുടങ്ങിയ സഭാപിതാക്കന്മാരെല്ലാം തങ്ങളുടെ ദൈവശാസ്ത്ര വിചിന്തനങ്ങളിൽ കുർബ്ബാനയ്ക്ക് മൗലികമായ സ്ഥാനം നല്കിയിട്ടുണ്ട്. കുർബ്ബാനയുടെ ബലിസ്വഭാവം, വിശുദ്ധവിരുന്ന് എന്നനിലയിലുള്ള കാഴ്ചപ്പാട്, ആത്മീയഭക്ഷണം, സ്വർഗ്ഗീയഭോജനം, അമർത്യതയുടെ ഔഷധം, കുർബ്ബാനയിലെ വസ്തുവ്യതിയാനം, സ്ഥാപനവാക്യങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം, റൂഹാക്ഷണത്തിന്റെ പ്രാധാന്യം, അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും കൂദാശ, കൗദാശിക സാന്നിദ്ധ്യം, പഴയനിയമബലികളുമായുള്ള താരതമ്യവീക്ഷണം, ഞായറാഴ്ചയുടെ (കർത്താവിന്റെ ദിവസത്തിന്റെ) ആചരണം, കുർബ്ബാനയിലെ പ്രാർത്ഥനകൾ, കുർബാനയിലെ വിശുദ്ധഗ്രന്ഥപാരായണത്തിന്റെ സ്ഥാനം, കുർബ്ബാനയുടെ സ്വീകരണം, കുർബ്ബാനയോടനുബന്ധിച്ചുള്ള ധർമ്മശേഖരണം തുടങ്ങിയ ദൈവശാസ്ത്രപരവും പ്രായോഗികവുമായ നിരവധികാര്യങ്ങൾ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽകാണാം.[15] കുർബ്ബാനയെക്കുറിച്ച് സഭാപിതാക്കന്മാരുടെ വീക്ഷണം വിശദമായ പഠനമർഹിക്കുന്നു. ഇതു ഇവിടെ നല്കാൻ ഈ ലേഖനത്തിന്റെ പരിമിതി അനുവദിക്കുന്നില്ല.

### 4. കുർബ്ബാനയും സഭയും നിർമ്മിതിയും

''സഭ നിരന്തരം നവീകൃതമായിക്കൊണ്ടിരിക്കണം'' (Ecclesia est semper reformanda) എന്നതു അംഗീകരിക്കപ്പെട്ട തത്വമാണ്. നവീകരണം ക്രിസ്തുവിലൂടെയാണ്. സഭയുടെ എല്ലാ നവീകരണവും ക്രിസ്തുവാകുന്ന അടിസ്ഥാനത്തിൽ സഭയെ പുന:സ്ഥാപിക്കുകയും പുന:നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ക്രിസ്തു സംഭവത്തിൽനിന്നും പ്രത്യേകിച്ച്, കാൽവരിയിലെ ബലിയർപ്പണത്തിൽനിന്നുമാണ് സഭ ജന്മമെടുക്കുന്നതു എന്ന് ഈ ലേഖനത്തിന്റെ ആദ്യഭാഗത്തു കാണുകയുണ്ടായി. ഇപ്രകാരം ജന്മമെടുക്കുന്ന സഭയുടെ ദൈവികവശം എന്നും പരിപൂർണ്ണമെങ്കിലും മനുഷ്യരെക്കൊണ്ടു രൂപീകൃതമായിരിക്കുന്ന സഭയുടെ മാനുഷികവശം കുറ്റങ്ങളും കുറവുകളുമുള്ളതാണ്. തല്ഫലമായി, സഭ സദാ പുന:നിർമ്മാണത്തിനു വിധേയമാകണം. സഭയുടെ നിർമ്മിതി അതുകൊണ്ട് ഒരു തുടരുന്ന പ്രക്രിയയാണ്. ''സദാ നവീകരണം'' എന്ന ആശയംപോലെ ''സദാനവനിർമ്മാണം'' എന്ന ആശയം ഇവിടെ സഭയെ സംബന്ധിച്ച് പ്രസക്തമാണ്. കുർബ്ബാനയിലൂടെ നടക്കുന്ന സഭാനിർമ്മാണ പ്രക്രിയ മൂന്നു തലങ്ങളായി വിശദമാക്കാം: *(1). കുർബ്ബാന: വചനവും കൂദാശയും (2). കുർബ്ബാന: സഭയുടെ പ്രേഷിതപാത (3). കുർബ്ബാന: വിമോചിത സമൂഹത്തിന്റെ ആഘോഷവും വിമോചന ശുശ്രൂഷയുടെ ഊർജ്ജസ്രോതസ്സും.*





#### (1). കുർബ്ബാന: വചനവും കൂദാശയും

സഭയെ പണിതുയർത്തുന്ന കുർബ്ബാനയിലെ അടിസ്ഥാനയാഥാർത്ഥ്യങ്ങൾ ദൈവവചനവും കൂദാശയുമാണ്. പ്രാർത്ഥനകൾ, പ്രബോധനങ്ങൾ, പ്രകീർത്തനങ്ങൾ എന്നിവയെല്ലാം കുർബ്ബാനയുടെ അർപ്പണത്തിന്റെ ഭാഗമാണെങ്കിലും വചനവും കൂദാശയുമാണ് കുർബ്ബാനയുടെ അടിസ്ഥാന യാഥാർത്ഥ്യങ്ങൾ. വചനത്തിലൂടെ ദൈവം മനുഷ്യരോടു സംസാരിച്ചു: ഇന്നും അതു തുടരുന്നു. എല്ലാ പ്രാവശ്യവും കുർബ്ബാന അർപ്പിക്കപ്പെടുന്നത് വചനശുശ്രൂഷയിലൂടെയാണ്. ''ദൈവവചനത്തിന്റെ മേശ''[16] യിൽനിന്നും ക്രിസ്തീയ സമൂഹം നിരന്തരം പോഷണം സ്വീകരിക്കണം എന്നതാണ് ഇതിന്റെ ലക്ഷ്യം. മാംസമെടുത്തു മനുഷ്യലോകത്തിൽ സന്നിഹിതനായ ദൈവത്തിന്റെ സജീവമായ വചനത്തിലാണ് ക്രിസ്തീയവിശ്വാസം കേന്ദ്രീകരിച്ചിരിക്കുന്നത്. സജീവ വചനമായ ക്രിസ്തുവിന്റെ സന്ദേശം തന്നെയാണ് വിശുദ്ധഗ്രന്ഥത്തിലെ വചനങ്ങളിലൂടെ നല്കപ്പെടുന്നത്. അതുകൊണ്ടാണ് വചനവും കൂദാശയും, വിശുദ്ധലിഖിതവും വിശുദ്ധബലിയും സഭയുടെ ജീവിതത്തിൽ ഗാഢമായി ഒന്നുചേർക്കപ്പെട്ടിരിക്കുന്നത്. കത്തോലിക്കാ സഭയുടെ വേദപ്രബോധനം പറയുന്നതുപോലെ, ''ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കുന്നതുപോലെ സഭ എന്നും വിശുദ്ധ ലിഖിതങ്ങളെ ആദരിച്ചിട്ടുണ്ട്.''[17] വചനത്തിന്റെയും ക്രിസ്തുവിന്റെ ശരീരത്തിന്റെയും മേശയിൽനിന്നു ജീവന്റെ അപ്പം വിശ്വാസികൾക്കു നല്കുന്നതിൽനിന്നു സഭ പിന്തിരിയാറില്ലെന്ന് കത്തോലിക്കാസഭയുടെ വേദപ്രബോധനം തുടർന്നു പറയുന്നു. വിശുദ്ധ കുർബ്ബാനയിൽ ഈ ദ്വിവിധ പോഷണമാണ് വിശ്വാസികൾക്കു ലഭിക്കുന്നത്.

വചനശുശ്രൂഷ കുർബ്ബാനയുടെ പ്രഥമഭാഗമെന്ന നിലയിൽ മാത്രമല്ല പ്രധാനപ്പെട്ടതായിരിക്കുന്നത്. യഥാർത്ഥത്തിൽ, ദൈവികസന്ദേശം സ്വീകരിച്ച് ജീവിതത്തെ അതിനുള്ള പ്രത്യുത്തരമായി മാറ്റാനുള്ള സന്നദ്ധതയോടെയാണ് സമൂഹം ദൈവവചനം ശ്രവിക്കേണ്ടത്. വചനശുശ്രൂഷയിൽ ഏറ്റം പ്രധാനപ്പെട്ടതാണ് സുവിശേഷ പ്രഘോഷണം. സുവിശേഷം വ്യാഖ്യാനിച്ച് ശ്രോതാക്കളുടെ പ്രത്യേക ജീവിതപശ്ചാത്തലത്തിൽ പ്രായോഗികമാക്കാനുള്ള മാർഗ്ഗനിർദ്ദേശം എന്ന നിലയിലാണ് ''പ്രസംഗം'' നിലകൊള്ളുന്നത്. ഒരു പഴയ പതിവ് എന്ന നിലയിലല്ല ഇതിന്റെ സാംഗത്യം. ബൈബിൾ പണ്ഡിതനായ ഷ്നാക്കൻബുർഗ് ആദ്യകാല സഭയിലെ പ്രസം

ഗത്തെ വിവരിക്കുന്നതു ഇങ്ങനെയാണ്: ''വിശുദ്ധഗ്രന്ഥത്തെ ആസ്പദമാക്കി വിശ്വാസപൂർവ്വം സമൂഹത്തോടുള്ള അഭിസംബോധനയായിരുന്നു പ്രസംഗം. ചരിത്രത്തിൽ ദൈവം നിർവ്വഹിച്ച രക്ഷാകരപ്രവൃത്തികളെ പ്രത്യേകിച്ച് അവയുടെ ക്രിസ്തുവിലൂടെയുള്ള പൂർത്തീകരണത്തിന് നന്ദി പ്രകാശിപ്പിക്കുന്നതും വിശുദ്ധിയുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ജീവിതത്തിനുള്ള കടമ വ്യക്തമാക്കുന്നതും ലോകത്തിലെ സഹനത്തിന് ധൈര്യവും ആശ്വാസവും പകർന്നുകൊടുക്കുന്നതുമായിരുന്നു, അത്. പലപ്പോഴും, ദൈവത്തിന് നന്ദിപ്രകാശിപ്പിക്കുന്നതും അപേക്ഷകൾ സമർപ്പിക്കുന്നതും അതിനോടു ചേർന്നു പോകുന്നു'' (അപ്പ 4:23-31).[18]

യഥാർത്ഥത്തിൽ, വചനത്തിന്റെ സമൂഹമാണ് സഭ - ദൈവവചനം ശ്രവിച്ച് അതു ജീവിക്കുന്നവരുടെ സമൂഹം. പക്ഷേ ഇതു സാധിക്കുന്നത് ക്രിസ്തുവിന്റെ ബലിയുടെ അനുസ്മരണമായ കൂദാശാനുഷ്ഠാനത്തിലൂടെയാണ്. കാരണം, ഈ കൂദാശയിലൂടെ കാൽവരിയിലെ യേശുവിന്റെ അർപ്പണത്തിന്റെ രക്ഷയുടെ രഹസ്യം മുഴുവൻ സാക്ഷാത്കരിക്കപ്പെടുന്നു. ഓരോ കുർബ്ബാനയുടെ അർപ്പണവും കാൽവരിയിലെ അർപ്പണത്തിന്റെ മുഴുവൻ ഫലദായകത്വവും ലഭ്യമാക്കുകയാണ്. ബലിയുടെ ഫലങ്ങൾ സ്വീകരിക്കുക മാത്രമല്ല സഭ ചെയ്യുന്നത്. യേശുവിന്റെ ആത്മബലിയുടെ ചൈതന്യം സ്വീകരിച്ച് സഭ അതു ജീവിതപ്രമാണമാക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ബലി സഭയുടെയും ബലിയാണ്. ക്രിസ്തുവിന്റെ ബലി സ്വന്തം ബലികൂടി ആക്കിമാറ്റുവാൻ സഭ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ സന്നിഹിതനാകുന്ന യേശുവിനെ ആരാധിച്ചാൽ മാത്രംപോരാ, അനുകരിക്കുകയും ചെയ്യണം. യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും സഭയുടെ ജീവിതത്തിൽ പ്രതിഫലിക്കുമ്പോഴാണ് കുർബ്ബാന യേശുവിന്റെയും ഒപ്പം സഭയുടെയും ബലിയായിത്തീരുന്നത്.

### (2). കുർബ്ബാന: സഭയുടെ പ്രേഷിതപാത

ജോൺപോൾ രണ്ടാമൻ മാർപാപ്പ തന്റെ അപ്പസ്തോലിക ലേഖനത്തിൽ അവസാനത്തെ അദ്ധ്യായമായി നല്കിയിരിക്കുന്നത് ഈ വിഷയത്തെക്കുറിച്ചുള്ള വിചിന്തനമാണ്. കുർബ്ബാന മാർപാപ്പയുടെ കാഴ്ചപ്പാടിൽ, പ്രേഷിതത്വത്തിന്റെ തത്വവും അതിന്റ പദ്ധതിയും പ്രദാനം ചെയ്യുന്നു. കുർബ്ബാന അനുഭവമാണ്, അതേസമയം, ഓരോ വ്യക്തിയെയും മുഴുവൻ സഭയെയും പ്രേഷിതപാതയിലേയ്ക്ക് നയിക്കുന്നതാണ്. മാർപാപ്പ പറയുന്നു:





ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ അനുസ്മരണത്തിലൂടെ അവിടുന്നുമായി ഐക്യത്തിലേയ്ക്ക് പ്രവേശിക്കുകയെന്നാൽ ആ അനുഷ്ഠാനം യാഥാർത്ഥ്യമാക്കുന്ന സംഭവത്തിന്റെ പ്രേഷിതത്വം എന്ന ഉത്തരവാദിത്വം മനസ്സിലാക്കുകയാണ്. കുർബ്ബാനയുടെ അവസാനം സുവിശേഷ പ്രചാരണത്തിനും സമൂഹത്തെ ക്രിസ്തീയ മൂല്യങ്ങൾകൊണ്ടു നിറക്കുന്നതിനുമുള്ള ചുമതല ഏല്പിച്ചുകൊണ്ടാണ് സമൂഹത്തെ പറഞ്ഞയക്കുന്നത്.[19]

കുർബ്ബാന പ്രകടമാക്കുന്ന മൂല്യങ്ങൾ ഉൾക്കൊള്ളാനും അതു പ്രചോദിപ്പിക്കുന്ന മനോഭാവങ്ങൾ സ്വീകരിക്കാനും അതു ജനിപ്പിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനുമുള്ള ആഹ്വാനമാണ് മാർപാപ്പയുടേത്. കുർബാന വിശ്വാസിയിലുളവാക്കുന്ന വിസ്മയഭാവത്തിനും ഭക്തിസാന്ദ്രതയ്ക്കും അപ്പുറം പ്രായോഗികജീവിതത്തിലേക്കു ഇറങ്ങിച്ചെല്ലാനുള്ള വെല്ലുവിളി കുർബ്ബാനയുടെ വർഷാചരണം നല്കുന്നുവെന്നത് മാർപാപ്പയുടെ ലേഖനം വായിക്കുമ്പോൾ വ്യക്തമാക്കും. വിശുദ്ധ കുർബ്ബാനയെ ക്രിസ്തു രഹസ്യത്തിന്റെ വിസ്മയമാർന്ന കൂദാശയായി ആദ്യം അവതരിപ്പിച്ച മാർപാപ്പ. അവസാന അദ്ധ്യായത്തിൽ വിശുദ്ധ കുർബാനയെ ഒരു ജീവിതശൈലി (mode of being) യായി വ്യാഖ്യാനിക്കുകയാണ്. ''കുർബ്ബാന ക്രൈസ്തവദൗത്യനിർവ്വഹണത്തിന് ആവശ്യമായ ആന്തരികശക്തി മാത്രമല്ല, ഈ ദൗത്യത്തിന്റെ പദ്ധതി തന്നെയും പ്രദാനം ചെയ്യുന്നു. കാരണം കുർബ്ബാന ഒരു ജീവിതരീതിയാണ്. ആ ജീവിതശൈലി യേശുവിൽനിന്നും, സമൂഹത്തിലും, സംസ്ക്കാരത്തിലും മുഴുവൻ സാക്ഷ്യം നല്കാൻ നിയുക്തനായ ക്രൈസ്തവനിലേക്കും വ്യാപിക്കുന്നു.''[20]

കുർബ്ബാന ആവശ്യപ്പെടുന്ന ജീവിതപദ്ധതിയുടെ ആവിഷ്കാരം ''കുർബ്ബാനയുടെ ഒരു സംസ്കാര''ത്തെ സൃഷ്ടിക്കും. സാമൂഹിക രംഗത്ത് അസഹിഷ്ണുതയും ആക്രമണസ്വഭാവവുമല്ല, സംഭാഷണത്തിന്റെ ശൈലിയും സഹിഷ്ണുതാപൂർവ്വവുമായ സമീപനവുമാണ് കുർബ്ബാനയുടെ സംസ്കാരം ജനിപ്പിക്കുന്നത്. സഭയുടെ മാത്രം കൂട്ടായ്മയ്ക്കുവേണ്ടിയല്ല, പ്രത്യുത, മനുഷ്യരാശി മുഴുവന്റെയും കൂട്ടായ്മയ്ക്കുവേണ്ടിയാണ് കുർബ്ബാന നിലകൊള്ളുന്നത്. ''ദൈവത്തോടുള്ള ഗാഢമായ ഐക്യത്തിന്റെ മാത്രമല്ല, മനുഷ്യവംശം മുഴുവനോടുമുള്ള ഐക്യദാർഢ്യത്തിന്റെ അടയാളവും ഉപകരണവുമാണെന്ന തന്റെ അവബോധം കുർബ്ബാനയുടെ അർപ്പണത്തിൽ സഭ നിരന്തരം നവീകരിക്കുകയാണു ചെയ്യുന്നത്........ ബലിയിൽ പങ്കെടുക്കുന്ന ക്രൈസ്തവൻ എല്ലാ സാഹചര്യങ്ങളിലും കൂട്ടാ

യ്മയുടെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രചാരകനായിത്തീരുവാൻ അഭ്യസിക്കുകയാണു ചെയ്യുന്നത്.''[21] സാമൂഹിക സാംസ്കാരിക രാഷ്ട്രീയരംഗങ്ങളിൽ കുർബാനയുടെ വിവക്ഷ എന്തെന്ന് മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു. ''ഭയങ്കരമായ ഭീകരതയും യുദ്ധത്തിന്റെ ദുരന്തങ്ങളുമായി നവസഹസ്രാബ്ദം ആരംഭിച്ച നമ്മുടെ കലുഷിതമായ ലോകം മുമ്പെന്നത്തേക്കാളുപരിയായി ആവശ്യപ്പെടുന്നത് ക്രൈസ്തവർ വിശുദ്ധ കുർബാനയെ 'സമാധാനത്തിന്റെ ഒരു മഹാവിദ്യാലയ'മായി അനുഭവിക്കാൻ ശീലിക്കണമെന്നാണ്. അതുവഴി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ വിവിധ ഉത്തരവാദിത്വങ്ങളിലായിരുന്നുകൊണ്ട് ഐക്യത്തിന്റെയും സംവാദത്തിന്റെയും പ്രചാരകരാകുവാൻ കഴിയണം.''[22]

### (3). വിമോചിതസമൂഹവും വിമോചനത്തിന്റെ സമൂഹവും

യേശുക്രിസ്തുവിന്റെ ആത്മബലിയിലൂടെ വിമോചനം കൈവരിച്ചവരുടെ സമൂഹമാണ് സഭ. ശക്തിപ്രയോഗം കൊണ്ട് നേടിയ വിമോചനമല്ല ക്രിസ്തു നല്കുന്ന വിമോചനം. യേശുവിന്റെ മാതൃകയിൽ സ്നേഹം പ്രവൃത്തിയിലാക്കിക്കൊണ്ട് ശുശ്രൂഷിക്കപ്പെടാതെ ശുശ്രൂഷിച്ചുകൊണ്ട് മറ്റുള്ളവരെ ബലികഴിക്കുന്നതിനുപകരം സ്വയം ബലിയർപ്പിച്ചുകൊണ്ട് ഈ വിമോചനം ക്രിസ്തീയ സമൂഹം സ്വായത്തമാക്കണം. അടിസ്ഥാനപരമായി, വിമോചനം ക്രിസ്തുവിന്റെ സമൂഹത്തിനു ലഭിച്ചുകഴിഞ്ഞതാണ്. ആ വിമോചനത്തിനുള്ള നന്ദി പ്രകാശനമാണ് ''കുർബ്ബാന'' ആകുന്ന ദൈവാരാധന. പക്ഷേ, ലോകത്തിലെ വ്യത്യസ്ത സാമൂഹിക പശ്ചാത്തലങ്ങളിൽ ജീവിക്കുന്ന വിമോചിതസമൂഹമായ സഭ തനിക്കെതിരെ ഉണ്ടാകുന്ന തിന്മയുടെ ആക്രമണങ്ങളെ എന്നും ചെറുത്തുനില്ക്കേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ജാതിയുടെ അടിസ്ഥാനത്തിൽ വിവേചനം നടത്തുന്ന സമൂഹത്തിൽ സഭയ്ക്ക് ''ജാതീയ സഭ''യായി നില്ക്കാനാവില്ല. അതുപോലെ, വർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്കു വില നിശ്ചയിക്കുന്ന സമൂഹമായിരിക്കാൻ സഭയ്ക്കു കഴിയുകയില്ല. ഉയർന്നതും താഴ്ന്നതുമായിട്ടുള്ള വർഗ്ഗങ്ങളായിട്ട്, സമ്പത്തിന്റെയോ, തൊഴിലിന്റെയോ അടിസ്ഥാനത്തിൽ മനുഷ്യരെ വേർതിരിച്ചു കാണുന്ന മനോഭാവം ക്രിസ്തീയ വീക്ഷണത്തിനു നിരക്കുന്നതല്ല. മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും വരേണ്യവർഗ്ഗവും നീചവർഗ്ഗവും എന്നൊക്കെയുള്ള ഏതു വിവേചനപരമായ വർഗ്ഗീകരണവും വിമോചിത സമൂഹത്തിന്റേതല്ല. 'എല്ലാവരും സഹോദരർ' എന്നതാണ് യേശുവിന്റെ വിമോചിതരായവരുടെ സമൂഹങ്ങളെക്കുറിച്ചുള്ള വീക്ഷണം (ഗലാ 3:28; റോമ 10:12; 1 കോറി 12:13).





ക്രിസ്തീയസമൂഹം ലക്ഷ്യം വയ്ക്കുന്ന കൂട്ടായ്മ സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമാണ്. കൂട്ടായ്മ സൂചിപ്പിക്കാൻ ആദിമക്രിസ്ത്യാനികൾ ഉപയോഗിച്ച ''കോയ്നോണിയ'' (Koinonia) എന്ന ഗ്രീക്ക് വാക്ക് ക്രിസ്തീയ ജീവിതത്തിലെ ഒരു കേന്ദ്രപ്രമേയമാണ്. എല്ലാ വ്യത്യാസങ്ങളെയും വലിപ്പചെറുപ്പങ്ങളെയും അതിലംഘിക്കുന്ന സൗഹൃദം ഈ വാക്കിന്റെ ഉള്ളടക്കമാണ്. കൂട്ടായ്മ ക്രിസ്തീയ സമൂഹത്തിനു ലഭിക്കുന്നതു ദൈവാരാധനയിൽനിന്നാണ് ''ലൈത്തുർജിയ'' (leitourgia) എന്ന ഗ്രീക്കുപദമാണ് ഇന്ന് പറയുന്ന ദൈവാരാധന അഥവാ ദൈവശുശ്രൂഷ എന്ന വാക്കിന്റെ സ്ഥാനത്തു കാണുന്നത്. ഇംഗ്ലീഷിൽ liturgy എന്ന പ്രയോഗം ഈ ഗ്രീക്കുപദത്തിൽനിന്നാണുണ്ടായത്. അടിസ്ഥാനപരമായി സഭ ഒരു ആരാധനാസമൂഹമാണ്. ഈ സ്വഭാവമാണ് അതിനെ സ്നേഹവും സാഹോദര്യവും നിയമമായിട്ടുള്ള കൂട്ടായ്മയായി മാറ്റുന്നത്. യേശുക്രിസ്തുവിൽനിന്നും വിമോചനം ഏറ്റുവാങ്ങിയവർ എന്ന നിലയിൽ, ആ വിമോചനം സജീവമായി നിലനിർത്തുന്നതിന് യേശുതന്നെ നല്കിയ ജീവിതനിയമമാണ് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ശൈലി സഭയ്ക്ക് പ്രദാനം ചെയ്യുന്നത്.

ആരാധനയും കൂട്ടായ്മയും നയിക്കുന്നത് സാക്ഷ്യത്തിലേയ്ക്കാണ്. ക്രിസ്തീയ പാരമ്പര്യത്തിൽ ''martyria'' എന്ന ഗ്രീക്ക് വാക്കാണ് സാക്ഷ്യം എന്ന ആശയം ഉൾക്കൊള്ളുന്നത്. ആദ്യം ''Martyr'' എന്ന വാക്കിന് സാക്ഷി എന്ന അർത്ഥമേ നല്കിയിരുന്നുള്ളൂ. അപ്പസ്തോലന്മാരെക്കുറിച്ച് ക്രിസ്തുവിന്റെ സക്ഷികളായി പുതിയനിയമം പറയുന്നത് ശ്രദ്ധേയമാണ് (അപ്പ 1:8). പിന്നീട് വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിച്ചവരെക്കുറിച്ചും അവസാനമായി വിശ്വാസത്തിനുവേണ്ടി മരണംവരിച്ചവരെക്കുറിച്ചും Martyr = (രക്ത) സാക്ഷികൾ എന്നു പറയുവാൻ തുടങ്ങി.[23] വിമോചിത സമൂഹമായ സഭ, സദാവിമോചനത്തിനു സാക്ഷ്യം നല്കാനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സാക്ഷ്യം വിമോചനത്തിന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നതിലൂടെ മാത്രമേ പൂർത്തിയാകുന്നുള്ളൂ. മോൾട്ട്മാൻ പറയുന്നു: ''കൂട്ടായ്മയിലുള്ള വിമോചനം സഭയിൽ അനുഭവവേദ്യമാകുന്നു. അതുപോലെത്തന്നെ ലോകത്തിന്റെ വിമോചനത്തിനായി കൂട്ടായ്മ സഭ പ്രാവർത്തികമാക്കുകയും ചെയ്യുന്നു. തന്റെ മാത്രം നാഥനായിട്ടല്ല, ലോകൈകനാഥനായി യേശുക്രിസ്തുവിനെ ഏറ്റുപറയുന്നിടത്തോളംകാലം ഈ വിമോചന ശുശ്രൂഷ നടക്കുന്നു.''[24] സഭയുടെ പൂർവ്വകാല ചരിത്രത്തിൽ മാത്രമല്ല സമകാലിക ചരിത്രത്തിലും

ഇതു സഭാസമൂഹത്തിലൂടെയും സഭയുടെ അംഗങ്ങളിലൂടെയും നട ക്കുന്നുണ്ട് എന്നതിനു തെളിവാണ് മദർ തെരേസയും ഓസ്കാർ റൊമേരൊയും ഡോം ഹെൽഡർ കാമറയുമെല്ലാം.

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കുർബ്ബാനയുടെ വർഷാ ചരണത്തിനായുള്ള അപ്പസ്തോലിക ലേഖനം ലോകത്തിൽ ശുശ്രൂ ഷയിലൂടെയുള്ള സാക്ഷ്യത്തിന് സുവർണ്ണരേഖയാണ്. മാർപാപ്പ പറയുന്നു: "കുർബാനയുടെ ഈ വർഷത്തിൽ ലോകത്തിലുള്ള ദൈവികസാന്നിദ്ധ്യത്തിന് ശക്തമായ സാക്ഷ്യമേകുവാൻ ക്രൈസ്ത വർ പ്രതിജ്ഞാബദ്ധരാകണം..... കുർബാനയുടെ സംസ്കാരം സംവാദത്തിന്റേതായ ഒരു സംസ്കാരത്തെ പ്രോത്സാഹിപ്പിക്കു ന്നു."[25] ഏറ്റം ശ്രദ്ധേയമായത് പ്രേഷിതത്വത്തെ, എല്ലാവരോടും, പ്രത്യേകിച്ച് പാവപ്പെട്ടവരോടും ദരിദ്രരോടും ഐക്യദാർഢ്യത്തിന്റെ പാതയായി കാണുന്നു എന്നതാണ്. കുർബ്ബാന സഭയ്ക്കു നല്കുന്ന കർമ്മ പദ്ധതിയാണത്.

നീതിയും സാഹോദര്യവും പുലരുന്ന ഒരു സമൂഹം വാർത്തെ ടുക്കാൻവേണ്ട പ്രതിബദ്ധതയുടെ ആവശ്യം ഊന്നിപ്പറയുന്ന ജോൺ പോൾ രണ്ടാമന്റെ അപ്പസ്തോലികലേഖനം "ഏറ്റം എളിയവരുടെ ശുശ്രൂഷയിൽ" വ്യാപൃതരാകുവാൻ എല്ലാവരേയും ആഹ്വാനം ചെയ്യുകയാണ്. ദൈവസ്നേഹത്തിന്റെ പാരമ്യം പ്രകടമായ കാൽവ രിയിലെ അർപ്പണത്തിന്റെ അനുസ്മരണം ശുശ്രൂഷയുടെ പാതയി ലേക്ക് സഭയെ നയിക്കണം. "ദിവ്യകാരുണ്യം" എന്നു കേരള ക്രിസ്ത്യാനികൾ വിളിക്കുന്ന വിശുദ്ധ കുർബ്ബാന "ജീവകാരുണ്യം" ആയി പ്രായോഗിക ജീവിതത്തിൽ പ്രത്യക്ഷമാകണം. ജോൺപോൾ രണ്ടാമൻ മാർപാപ്പ ചൂണ്ടിക്കാണിക്കുന്നതുപോലെ പാദങ്ങൾ കഴു കിയ ഗുരുവും നാഥനുമായ യേശു കുർബ്ബാനയുടെ അർത്ഥം അസ ന്നിഗ്ദമായി പ്രഖ്യാപിക്കുകയാണ്. സഭയ്ക്ക് ആത്മശോധനയ്ക്കായി ഒരു ചോദ്യവും പ്രായോഗിക നിർദ്ദേശവുമായിട്ടാണ് മാർപാപ്പ അപ്പ സ്തോലിക ലേഖനം നാലാം അദ്ധ്യായം ഉപസംഹരിക്കുന്നത്. കുർബ്ബാനയോടു ബന്ധപ്പെട്ട എല്ലാ ആഘോഷങ്ങളുടേയും ആധി കാരികത നിർണ്ണയിക്കാനുള്ള മാനദണ്ഡവും അതിൽപ്പെടുന്നു.

ലോകത്തിൽ വിവിധരൂപത്തിൽ നിലനില്ക്കുന്ന ദാരിദ്രാവസ്ഥ കളിൽ ഒന്നിനെയെങ്കിലും തുടച്ചുമാറ്റുവാൻ രൂപതാതലത്തിലും ഇടവകാതലത്തിലും സഹോദരതുല്യമായ തീക്ഷ്ണതയോടെ പ്രതി കരിക്കുന്നതിനു പ്രതിജ്ഞാബദ്ധരാകുവാൻ നമുക്കാവണം. ലക്ഷോ പലക്ഷം ജനങ്ങൾ അനുഭവിക്കുന്ന വിശപ്പിന്റെ ദുരന്തം, വികസ്വര





രാജ്യങ്ങളെ ഞെരുക്കുന്ന രോഗങ്ങൾ, വൃദ്ധജനങ്ങൾ അനുഭവി ക്കുന്ന ഏകാന്തത, തൊഴിൽരഹിതർ അഭിമുഖീകരിക്കുന്ന ക്ലേശ ങ്ങൾ, കുടിയേറ്റക്കാരുടെ കഷ്ടപ്പാടുകൾ ഇവയെല്ലാം ദാരിദ്രത്തി നുദാഹരണങ്ങളാണെന്നു ഞാൻ കരുതുന്നു. പരസ്പര സ്നേഹ ത്തിലൂടെയും വിശിഷ്യാ ആവശ്യത്തിലായിരിക്കുന്നവരോടുള്ള സഹാനുഭൂതിയിലൂടെയും യേശുവിന്റെ യഥാർത്ഥ ശിഷ്യരായി നാം തിരിച്ചറിയപ്പെടും (മത്താ 13:35, മത്താ 25:31-46). നമ്മുടെ കുർബാ നയർപ്പണത്തിന്റെ ആധികാരികത നിർണ്ണയിക്കാനുള്ള മാനദണ്ഡം ഇതായിരിക്കും.[26]

തന്റെ ജീവിതാന്ത്യത്തിനു ആറുമാസം മാത്രം മുമ്പ് എഴുതപ്പെട്ട വചനങ്ങളിൽ മാർപാപ്പ തന്റെ ആഴമേറിയ ആത്മീയചിന്തയും അവ സാനാഭിലാഷവും വെളിവാക്കുന്നു.

**ഉപസംഹാരം**

ലോകത്തിൽ സഭ മാനവരാശിയോടൊപ്പം യാത്രചെയ്യുകയാ ണ്. സർവ്വമനുഷ്യരുമായി ഐക്യദാർഢ്യത്തിലും കൂട്ടായ്മയിലു മുള്ള ജീവിതയാത്രയാണ് സഭയുടേത്. യേശുവിന്റെ സുവിശേഷം സദാ ശ്രവിക്കുകയും മാനവശുശ്രൂഷയിലൂടെ യേശുവിൽനിന്നു ലഭിച്ച നിസ്വാർത്ഥ സ്നേഹത്തിന്റെ പൈതൃകം ലോകത്തിനു കൈമാറുകയുമാണ് സഭയുടെ മുമ്പിലുള്ള ദൈവനിയോഗം. ഇതിന് സഭയെ എന്നും സജ്ജമാക്കുന്നതാണ് കുർബ്ബാനയുടെ അർപ്പണം. ഇതിൽ സുവിശേഷവചനത്തിന്റെ ശ്രവണവും കുരിശിലെ ബലി യുടെ അനുസ്മരണവും ഒന്നുചേരുന്നു. യേശുവിന്റെ വചനത്തിന്റെ സമൂഹം ആകുക, കുരിശുയാഗത്തിന്റെ സമൂഹമാവുക - ഇതാണ് സഭയുടെ ജീവിതവും ദൗത്യവും. സഭ മെസ്സയാനിക സമൂഹമാകു ന്നത് ഇപ്രകാരമാണ്. ദൈവവചനം ശ്രവിച്ച് യേശുവിന്റെ ആത്മദാ നത്തിന്റെ ബലി അർപ്പിച്ചുകൊണ്ട്, പ്രത്യേകിച്ച് പാവപ്പെട്ടവരും നിസ്സഹായരുമായവർക്ക് സ്നേഹത്തിന്റെ ശുശ്രൂഷ നിർവ്വഹിക്കുക - ഈ ലക്ഷ്യത്തിന് താൻ പ്രതിജ്ഞാബദ്ധയെങ്കിലും, യഥാർത്ഥ ത്തിൽ അതിൽനിന്നു അകലെയാണെന്നു സഭ മനസ്സിലാക്കുന്നു ണ്ട്. തെറ്റും കുറ്റവുമുള്ള സഭയാണ് തങ്ങളുടേത് എന്ന തിരിച്ചറിവ് ക്രൈസ്തവ വിശ്വാസികൾക്ക് നവീകരണത്തിന് പ്രേരണ നല്ക ണം. യേശുവിന്റെ വചനം ശ്രവിച്ചും കാൽവരിയാഗം അർപ്പിച്ചും സഭ തന്റെ ദൈവദത്തമായ നിയോഗത്തിനു സദാ തന്നെത്തന്നെ സജ്ജയാക്കണം. സഭയുടെ നിർമ്മിതി ഇപ്രകാരമാണ് സംഭവിക്കേ ണ്ടത്.

**കുറിപ്പുകൾ**


1. *Ecclesia de Eucharistia*, I
2. Cf. R. Schnackenburg, *The Church in the New Testament* (London Burn and Oates) 1974, p. 40ff
3. J. Moltmann, *The Church in the Power of the Spirit* (London SCM Press 1977, p.86; cf. R. Schnackenburg, *The Church in the New Testament*, p.12ff.
4. *Lumen Gentium*, 3, Sacrosanctum Concilium, 10
5. *Summa Theologica* III,66, 3 ad 3
6. J. Moltmann, *The Church in the power of the Spirit*, pp. 91
7. J. Moltmann, *The Church in the power of the Spirit*, pp. 97-98
8. *Ecclesia de Eucharistia*, 14
9. *Syro - Malabar Order of Holy Qurbana*
10. R. Schnackenburg, *The Church in the New Testament,* pp. 41-44
11. R. Schnackenburg, *The Moral Teaching of the New Testament* pp. 233-234 (London Burn and Oater 1964)
12. Everett F. Harrison, *The Apostolic Church* (Grand Rapids, Eredmans Publications Co, 1985)pp. 139-140
13. *Didache* 9, 1-10
14. Justin, the Martyr, Apologia I, IXV-IXVI
15. For a quick view of relevant texts on the Eucharist from the Fathers, see Henry Bettenson's selection, *The Early Christian Fathers* (Oxford University Press 1978, and The Later Christian Fathers (Oxford University Press 1989).
16. *Dei Verbum*, 51
17. *Catechism of the Catholic Church,* 103
18. R. Schnackenburg, *The Church in the New Testament*, p. 38
19. *Mane Nobiscum Domine*, 24
20. *Mane Nobiscum Domine*, 25; Cf also Joseph Erambil, Eucharist and the Human Christian Existence (Muringoor, Divine Printers & Publishers 2005), p. 253ff
21. *Mane Nobiscum Domine*, 27
22. *Mane Nobiscum Domine*, 27
23. "Martyr", Oxford Dictionary of the Christian Church, edited by E.A. Livingstone (Oxford University Press 1988)
24. J. Moltmann, *The Church in the Power of the Spirit*, p. 108
25. *Mane Nobiscum Domine*, 26
26. *Mane Nobiscum Domine*, 28


**ഡോ. ജോർജ്ജ് കാരക്കുന്നേൽ**



# 08

## കുർബാന: ഐക്യത്തിന്റെ കൂദാശ

**വി.** കുർബാനയിൽ നിന്നാണ് സഭ ജീവൻ സംഭരിക്കുന്നത് എന്ന പ്രഖ്യാപനത്തോടുകൂടിയാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ "സഭയും വിശുദ്ധ കുർബാനയും" എന്ന ചാക്രിക ലേഖനം ആരംഭിക്കുന്നത്. ഈ വിശ്വാസനുഭവത്തിന്റെ വെളിച്ചത്തിൽ കുർബാനയ്ക്ക് വളരെ പ്രമുഖമായ ഒരു സ്ഥാനം സഭയുടെ ചരിത്രത്തിലുടനീളം കൊടുത്തിട്ടുണ്ടെങ്കിലും ഈ മഹനീയ കൂദാശയുടെ യഥാർത്ഥ സത്തയിലേക്ക് അല്ലെങ്കിൽ ഉണ്മയിലേക്ക് സഭയുടെ ശ്രദ്ധ എല്ലാക്കാലത്തും വേണ്ടവിധം പതിഞ്ഞിരുന്നില്ല എന്നുള്ള വസ്തുത ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. വിശുദ്ധ കുർബാന എന്ന കൂദാശ ആത്യന്തികമായി ഐക്യത്തിന്റെ കൂദാശയാണ്. ഈ ലക്ഷ്യത്തോടുകൂടിയാണ് യേശു ഈ മഹനീയ കൂദാശ സ്ഥാപിച്ചതും ആദിമസഭ അനുഷ്ഠിച്ചതും. വിശുദ്ധ കുർബാനയുടെ ഈ അന്തസത്തയെ അവതരിപ്പിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. വിശുദ്ധ കുർബാന അതിന്റെ സർവ്വ മഹത്വത്തോടും കൂടി ഇന്ന് പ്രകാശിക്കണമെങ്കിൽ ഇന്ന് സഭയുടെ ജീവിതത്തിൽ ഇത് യാഥാർത്ഥ്യമാകണം.

## വിശുദ്ധ കുർബാനയുടെ ആത്യന്തിക ലക്ഷ്യം

പരമ്പരാഗത ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽ വളരെ കുറച്ചു മാത്രം ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് വിശുദ്ധ കുർബാന: ഐക്യത്തിന്റെ കൂദാശയാണ് എന്നുള്ള വസ്തുതയെന്ന് കാർഡിനൽ വാൾട്ടർ കാസ്പർ 2004 ഒക്ടോബറിൽ മെക്സിക്കോയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പ്രസ്താവിക്കുകയുണ്ടായി.[1] വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനങ്ങളിൽ കൂടുതൽ പ്രാമുഖ്യം കൊടുത്ത് ചർച്ച ചെയ്യപ്പെട്ടത് സത്താപരിണാമവും അതുമൂലം ഉളവാകുന്ന യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യവും, വിശുദ്ധ കുർബാനയുടെ യാഗഭാവവും, വിരുന്ന് സങ്കൽപ്പവുമൊക്കയാണ്. ഇവയൊക്കെ ഏറെ പ്രധാനപ്പെട്ടതാണെങ്കിലും ഇവയൊന്നും വിശുദ്ധ കുർബാനയുടെ ആത്യന്തിക യാഥാർത്ഥ്യമായി, ഉണ്മയായി (Ultimate reality) കാണാൻ സാധിക്കില്ല. വിശുദ്ധ ഗ്രന്ഥത്തിന്റെ കാഴ്ചപ്പാടിലും, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലും സഭാമക്കളുടെ ഐക്യമാണ്, സഭയുടെ ഐക്യമാണ് കുർബാനയുടെ യഥാർത്ഥ ലക്ഷ്യം. ഇതിനുവേണ്ടിയാണ് കുർബാന സ്ഥാപിക്കപ്പെട്ടതും. അതുകൊണ്ട് വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടതും ഈ വിഷയത്തിനു തന്നെയാണ്.

മദ്ധ്യകാലഘട്ടത്തിൽ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചതിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കുമെങ്കിലും കുർബാനയുടെ യഥാർത്ഥ ചൈതന്യത്തിൽ നിന്നും ഒരു വ്യതിയാനും ഈ കാലഘട്ടത്തിൽ സംഭവിച്ചു എന്നുള്ളത് സമ്മതിക്കാതെ വയ്യ. വിശുദ്ധ കുർബാനയ്ക്കെതിരെ ഉയർന്നുവന്ന തെറ്റായ പ്രബോധനങ്ങളെ ചെറുക്കാനുള്ള തത്രപ്പാടിൽ കുർബാനയുടെ ആത്യന്തികമായ ലക്ഷ്യത്തിന് പ്രാമുഖ്യം കൊടുത്തു ചിന്തിക്കുന്നതിൽ ദൈവശാത്രജ്ഞന്മാർ ഒരു പരിധിവരെ പരാജയപ്പെട്ടു എന്നുവേണം കരുതാൻ. ഫലമോ, സഭാജീവിതത്തിൽ യാഥാർത്ഥ്യമാകേണ്ട ഈ മഹനീയ കൂദാശയെ ആരാധിക്കാനുള്ള ഒരു ''വസ്തു'' എന്ന രീതിയിൽ വിശ്വാസികൾ നോക്കികാണാൻ തുടങ്ങി. വേറൊരു വാക്കിൽ പറഞ്ഞാൽ വിശുദ്ധ കുർബാന ജീവിതബന്ധിയല്ലാതായിത്തീർന്നു. പിന്നീടുള്ള കാലഘട്ടത്തിൽ ഐക്യത്തിന്റെ ഈ കൂദാശ സഭയിൽ അനൈക്യത്തിന്റെ അടയാളമായിത്തീരുകയും ചെയ്തു.

വിശുദ്ധ പൗലോസ് ശ്ലീഹായുടെ കുർബാനയെക്കുറിച്ചുള്ള





പ്രബോധനം ഈ കൂദാശ രൂപപ്പെടുത്തുന്ന സമൂഹത്തെ ബന്ധപ്പെടുത്തിയാണ് (1 കോറി 11:18–20).[2] വിശുദ്ധ കുർബാനയുടെ ഫലമാണ് സഭാ സമൂഹം. അതുകൊണ്ടുതന്നെ വിശുദ്ധ കുർബാന ലക്ഷ്യം വയ്ക്കുന്നത് ഐക്യമുള്ള സ്നേഹമുള്ള സാഹോദര്യമുള്ള ഒരു സമൂഹനിർമ്മിതിയെയാണ്.[3] അതുകൊണ്ടാവണം സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ തന്നെ വിശുദ്ധ കുർബാനയ്ക്ക് Synaxis (ഒത്തുചേരൽ) എന്ന് പേരു വിളിച്ചത്.[4] ഇത്തരത്തിൽ നോക്കുമ്പോൾ സഭ എന്നുപറഞ്ഞാൽ ദിവ്യകാരുണ്യ സമൂഹമാണ്. അപ്പോൾ വിശുദ്ധ കുർബാനയുടെ ആത്യന്തികമായ ലക്ഷ്യവും ഈ സഭാനിർമ്മിതിയാണ്. കുർബാനയിലുള്ള യേശുവിന്റെ സജീവ സാന്നിദ്ധ്യം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനമനുസരിച്ച് വളരെ ''പ്രത്യേകമായ സാന്നിദ്ധ്യം''[5] പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ ''പൂർണ്ണമായ''[6] സാന്നിദ്ധ്യം സഭാനിർമ്മിതിക്കുവേണ്ട മാർഗ്ഗമായിത്തീരുന്നു. അപ്പോൾ ദൈവമക്കളെ ഒരുമിച്ചുകൂട്ടുവാനും, ദൈവവുമായും മനുഷ്യനുമായും ഐക്യപ്പെടുത്തുവാനുമാണ് വിശുദ്ധ കുർബാനയിലെ യേശുവിന്റെ സാന്നിദ്ധ്യം. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുക: ''നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്'' (1 കോറി 10:16–17).

പൗലോസ് ശ്ലീഹായുടെ കുർബാനയെക്കുറിച്ചുള്ള പ്രബോധനത്തിന്റെ അടിസ്ഥാനത്തിലാണ് വി. അഗസ്റ്റിൻ തന്റെ ദിവ്യകാരുണ്യ ദൈവശാസ്ത്രം അവതരിപ്പിക്കുന്നത്. അദ്ദേഹം വിശുദ്ധ കുർബാനയെ വിളിക്കുക ''ഐക്യത്തിന്റെ അടയാളം ഉപവിയുടെ ഉടമ്പടി'' (signum unitatis, vinculum caritatis)[7] എന്നാണ്. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ പലപ്പോഴും പരാമർശിക്കാറുള്ള ഒരു നിർവ്വചനമാണിത്. നാലാം ലാറ്ററൻ സൂനഹദോസും, ത്രെന്തോസ് സൂനഹദോസും രണ്ടാം വത്തിക്കാൻ സൂനഹദോസുമെല്ലാം അഗസ്റ്റിന്റെ ഈ നിർവ്വചനം കടമെടുത്തിട്ടുണ്ട്.[8] കാരണം ഈ നിർവ്വചനം വിശുദ്ധ കുർബാനയുടെ അന്തസത്തയെ വെളിവാക്കുന്നു എന്നുള്ളതാണ്. ''നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ,'' ''വാങ്ങി കുടിക്കുവിൻ'' എന്ന യേശുവിന്റെ ആഹ്വാനം ഐക്യത്തിലേക്കുള്ള ഒരു ക്ഷണവും, ഐക്യത്തിനായുള്ള ആഹ്വാനവുമാണ്. ഒരേ ശരീരത്തിൽ പങ്കുപറ്റുക, ഒരേ പാനപാത്രത്തിൽ നിന്ന് പാനം ചെയ്യുക എന്നുപറഞ്ഞാൽ ഒരേ സത്തയുടെ ഭാഗഭാക്കുകളാകുക എന്നർത്ഥം.

വി. തോമസ് അക്വീനാസിന്റെ ചിന്തകളിലും വിശുദ്ധ കുർബാന യുടെ ആത്യന്തിക യാഥാർത്ഥ്യമായി (ultimate reality) അവതരിപ്പി ക്കുക ഐക്യത്തെയാണ്. സഭയുടെ ഐക്യമാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബാനയുടെ ഉണ്മ. വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശയാണ്.[9] സ്നേഹപ്രവൃത്തികളെ കുർബാനയുടെ ആത്യന്തിക ലക്ഷ്യമായി അദ്ദേഹം അവതരിപ്പി ക്കുന്നു. ഇതിന്റെയൊക്കെ വെളിച്ചത്തിൽ കുർബാനയെക്കുറിച്ചുള്ള ശരിയായ ഒരു ധാരണ വിശ്വാസികളിൽ വരുത്തേണ്ടത് കാലഘട്ട ത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. വിശുദ്ധ കുർബാന ഐക്യ ത്തിന്റെ കൂദാശയാണ് എന്നു പറയുമ്പോൾ ഇതു ലക്ഷ്യം വയ്ക്കുന്ന വിവിധ തലങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യാവ ശ്യമാണ്.

### ഐക്യത്തിന്റെ വിവിധ മാനങ്ങൾ

വിശുദ്ധ കുർബാനയിലൂടെ സംജാതമാകുന്ന ഐക്യം ഭിന്നത കൾക്കും പാപത്തിനും ഭ്രഷ്ട് കല്പിക്കുന്നു. ഭിന്നത പാപത്തിന്റെ ഫലമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു (ഉൽപത്തി 11:7-9). അപ്പോൾ ഐക്യം എന്നത് ദൈവിക പദ്ധതിയായി മാറുന്നു. വിശുദ്ധ കുർബാനയിലൂടെ ദൈവീക ദാനമായി ലഭിക്കുന്ന ഐക്യം വിശ്വാസിയുടെ ജീവിതത്തിന്റെ വിവിധങ്ങളായ തലങ്ങളെ സ്പർശി ക്കുന്നതാണ്. പ്രധാനമായി ഈ ഐക്യത്തിന് മൂന്ന് മാനങ്ങളുണ്ട്. വ്യക്തിപരം, പരോന്മുഖം, പ്രാപഞ്ചികം.

### വ്യക്തിപരം

വിശുദ്ധ കുർബാനയിലൂടെ ലക്ഷ്യം വയ്ക്കുന്ന ഐക്യം ആദ്യ മായി വിശ്വാസിക്ക് യേശുവുമായുള്ള വ്യക്തിപരമായ ഐക്യത്തെ സാധ്യമാക്കുകയാണ്. ഈ ഐക്യത്തിൽ നാം യേശുവിനെ സ്വീക രിക്കുന്നതിനേക്കാളുപരി യേശു നമ്മെ സ്വീകരിക്കുകയാണ്. സാധാ രണ ഭക്ഷണം കഴിക്കുമ്പോൾ നടക്കുന്ന ഒരു സംഭവ വികാസമല്ല വിശുദ്ധ കുർബാന സ്വീകരണത്തിൽ നടക്കുക. ഭക്ഷണം മനുഷ്യ ശരീരത്തിന്റെ ഭാഗമായി മാറുകയാണെങ്കിൽ വിശുദ്ധ കുർബാന സ്വീകരണം വഴി നാം യേശുവിന്റെ ശരീരത്തിന്റെ ഭാഗമായി തീരു കയാണ്.[10] വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം ഈ ബന്ധത്തെ വിശദമാക്കുകയാണ്. യേശുവുമായുള്ള വളരെ ആഴ മായ ഒരു ബന്ധം വിശുദ്ധ കുർബാന ലക്ഷ്യം വയ്ക്കുന്നുണ്ട്. ക്രൈസ്തവന്റെ നിലനിൽപ് ഈ ബന്ധത്തെ ആശ്രയിച്ചാണ് ഇരി ക്കുന്നത്. ''നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ





രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല'' (യോഹ 6:53). മുന്തിരിച്ചെടിയുടെയും ശാഖ കളുടെയും ഉപമയിലും യേശു എടുത്ത് കാണിക്കുക ഈ ഐക്യ ത്തിന്റെ അനിവാര്യതയാണ് (യോഹ 15:1-10). ഈ ഐക്യത്തിന്റെ വെളിച്ചത്തിലാണ് സഭ പണിതുയർത്തപ്പെടുക.[11] യേശുവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ അനിവാര്യതയുടെ വെളിച്ചത്തിൽ വേണം സഭയിൽ നിലനിൽക്കുന്ന വിശുദ്ധ കുർബാനയുടെ ആരാ ധനയെ വീക്ഷിക്കാൻ. വിശുദ്ധ കുർബാനയുടെ ആത്യന്തിക ലക്ഷ്യം എന്ന നിലയിലല്ല, മറിച്ച് ഐക്യത്തിനായുള്ള ശക്തി സംഭരിക്കാ നുള്ള മാർഗ്ഗം എന്ന നിലയിൽ സഭ ആരാധനയെ വളരെ പ്രോത്സാ ഹിപ്പിക്കുന്നു. യേശുവുമായുള്ള ഐക്യം ത്രിത്വവുമായുള്ള ഐക്യവും കൂടിയാണ്.

### പരോന്മുഖം

യേശുവുമായി വിശുദ്ധ കുർബാന സ്വീകരണത്തിലൂടെയും ദിവ്യ കാരുണ്യ ആരാധനയിലൂടെയും മറ്റും കൈവരുന്ന ഒരു ആത്മബന്ധ ത്തിന്റെ പരിണിതഫലമാണ് വിശ്വാസിയിൽ ഉടലെടുക്കുന്ന പരോ ന്മുഖത അല്ലെങ്കിൽ സഭാസമൂഹവുമായുള്ള ഐക്യം. ബലിയർപ്പ ണത്തിന് ഒന്നിച്ചുകൂടുന്ന ഒരു പ്രാദേശിക സമൂഹവുമായുള്ള ബന്ധം മാത്രമാണ് കുർബാന ലക്ഷ്യം വയ്ക്കുന്നത് എന്ന ഒരു സങ്കുചിത മനോഭാവത്തിലേക്ക് വിശ്വാസികൾ വരരുതെന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ സൂചിപ്പിക്കുകയുണ്ടായി.[12] വിശുദ്ധ കുർബാന സഭ മുഴുവന്റെയും ആഘോഷമാണ്. ജീവിച്ചിരിക്കുന്ന വരും മരിച്ചുപോയവരുമായ എല്ലാവരുമായും ഒരുതരത്തിലുള്ള ഐക്യം കുർബാനയിലൂടെ സാധ്യമാകുന്നുണ്ട്. അതുകൊണ്ടാണ് വിശുദ്ധരെയും മരണമടഞ്ഞവരെയും വിശുദ്ധ കുർബാനയിൽ അനു സ്മരിക്കുന്നത്. ഈ അനുസ്മരണത്തിൽ ബലിയർപ്പണം വിശ്വാ സിക്ക് സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാകുന്നു. സ്വർഗ്ഗീയ ജറുസലെ മിലേക്ക് തീർത്ഥാടനം ചെയ്യുന്ന സഭയ്ക്ക് അവളുടെ ലക്ഷ്യത്തെ ക്കുറിച്ചുള്ള ബോദ്ധ്യവും മുന്നാസ്വാദനവും പ്രദാനം ചെയ്യുക വഴി വിശുദ്ധ കുർബാന സഭയുടെ ശക്തികേന്ദ്രമാകുന്നു. ബലിയർപ്പി ക്കുന്ന സമൂഹവും മരണമടഞ്ഞ വിശ്വാസികളും തമ്മിൽ കൈവ രുന്ന ഐക്യം ഒരു അപ്പത്തിൽ നിന്ന് ഭക്ഷിച്ചവർ എന്ന നിലയിലാ ണ്. ദിവ്യകാരുണ്യം നമ്മിൽ നിക്ഷേപിക്കുന്ന ''നിത്യജീവൻ'' നമ്മെ എല്ലാവരുമായി ബന്ധിപ്പിക്കുന്നു. ഈ അർത്ഥത്തിൽ സ്വർഗ്ഗീയ സഭ യുമായി ഭൗമികസഭയെ ഒന്നിപ്പിക്കുന്ന ഐക്യപ്പെടുത്തുന്ന അട യാളമായിത്തീരുന്നു വിശുദ്ധ കുർബാന.[13]

സഹോദര സ്നേഹത്തിലേക്കും ഐക്യത്തിലേക്കും നയിക്കാത്ത വിശുദ്ധ കുർബാന അർപ്പണത്തെ കർത്താവിന്റെ അത്താഴമായി കരുതാൻ സാധിക്കില്ല (1 കോറി 11:20) എന്ന പൗലോസിന്റെ പ്രബോധനം ആഴമായ വിചിന്തനത്തിന് വിഷയീഭവിക്കേണ്ടതാണ്. സഭാമക്കൾ തമ്മിൽ നിലനിൽക്കുന്ന ഐക്യത്തിന്റെ അടയാളമായി ദിവ്യബലിയർപ്പണം മാറണം. ഈ സമൂഹത്തിന്റെ പ്രത്യേകത അവർ ഒരേ വിശ്വാസം ഏറ്റുപറയുന്നവരും ഒരേ പ്രതീക്ഷ വെച്ചുപുലർത്തുന്നവരും അളവില്ലാത്ത സ്നേഹത്തിന്റെ ഉടമകളുമാണെന്നുള്ളതാണ്. ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന യേശുവിന്റെ പ്രത്യേകതയാണ് വിശുദ്ധ കുർബാനയെ ഐക്യത്തിന്റെ കൂദാശയാക്കുന്നത്. വിശുദ്ധ പൗലോസിന്റെ കാഴ്ചപ്പാടിൽ യേശുവിന്റെ ശരീരം മറ്റുള്ളവർക്കുവേണ്ടി കൊടുക്കപ്പെട്ട ശരീരമാണ്. അന്ത്യ അത്താഴവേളയിലെ യേശുവിന്റെ വാക്കുകൾ ഇതിനു തെളിവാണ്. "ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്" (1 കോറി 11:24). സ്വാർത്ഥതയുടെ അണുബാധയില്ലാത്ത ആ ശരീരം സ്വീകരിക്കുക എന്നാൽ നിസ്വാർത്ഥനാവുക എന്ന കർത്തവ്യം ഏറ്റെടുക്കുക എന്നാണ്. മറ്റുള്ളവർക്കുവേണ്ടി തന്നെതന്നെ കൊടുത്ത ദിവ്യശരീരം വിശ്വാസിയുടെ ശരീരത്തെ മറ്റുള്ളവർക്കുവേണ്ടി കൊടുക്കുവാനുള്ള ശരീരമാക്കുന്നു. അപ്പോൾ സഹോദരനുമായുള്ള ഐക്യം വിശുദ്ധ കുർബാനയുടെ പൂർത്തീകരണമായി ഭവിക്കുകയാണ്.

വിശുദ്ധ കുർബാനയും സഭാസമൂഹങ്ങളുമായുള്ള കൂട്ടായ്മയും വിശുദ്ധ കുർബാനയുടെ പരോന്മുഖമാനത്തിൽ ഉൾപ്പെടുത്തി ചിന്തിക്കാനാണ് ഞാൻ ആഗ്രഹിക്കുക. വിശുദ്ധ കുർബാനയുടെ ആത്യന്തിക ലക്ഷ്യം ഐക്യം ആകയാൽ സഭാ സമൂഹങ്ങൾ തമ്മിലുള്ള ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തിയേ പറ്റൂ. ഈ മേഖലയിൽ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതും വിവേകപൂർണ്ണവുമായ ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്. സഭൈക്യം എന്നത് പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ് എന്ന വസ്തുത അംഗീകരിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഭാവിയിൽ നേടിയെടുക്കേണ്ട ഒരു ലക്ഷ്യം എന്നതിനേക്കാൾ പൂർണ്ണമാക്കേണ്ട, പരിപോഷിപ്പിക്കേണ്ട ഒരു യാഥാർത്ഥ്യമാണത്. കാരണം മാമ്മോദീസായിലൂടെ ക്രിസ്തുവിനോട് ഐക്യപ്പെട്ടവരാകയാൽ വിവിധ സഭകളിലുള്ള അംഗങ്ങളുമായി ഒരു ഐക്യം (പൂർണ്ണമല്ലെങ്കിലും) നിലനിൽക്കുന്നുണ്ട്. ഈ ഐക്യത്തെ അതിന്റെ പൂർണ്ണതയിൽ എത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. വിശുദ്ധ കുർബാന ലക്ഷ്യം വയ്ക്കുന്ന ഐക്യം ഒരു പുതിയ സഭയുടെ രൂപീകരണമല്ല; മറിച്ച്





ഇപ്പോഴുള്ള സഭയുടെ പുതിയ രൂപമാണ് എന്നാണ് കാർഡിനൽ കാസ്പർ പറയുക.[14] അപ്പോൾ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഒരു പ്രവർത്തനം എല്ലാ സഭാസമൂഹങ്ങളിൽ നിന്നും ഉണ്ടാകണം.

**പ്രാപഞ്ചികം**

വിശുദ്ധ കുർബാനയിലൂടെ സംജാതമാകുന്ന ഐക്യം ഒരു പ്രാപഞ്ചികമാനം ഉൾക്കൊള്ളുന്നുണ്ട്. എല്ലാം ദൈവത്തിൽ ഒന്നാകുന്ന, ദൈവം എല്ലാത്തിലും എല്ലാമാകുന്ന ഒരു പ്രാപഞ്ച പുനഃസൃഷ്ടി വിശുദ്ധ കുർബാന ലക്ഷ്യം വയ്ക്കുന്നതാണ്. വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെ യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തോടു ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ വിശുദ്ധ കുർബാനയുടെ പ്രാപഞ്ചികമാനത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പഴയനിയമത്തിൽ വെളിവാകുന്ന രക്ഷാകര പദ്ധതി അവസാന നാളിൽ എല്ലാ ജനതകളെയും ഒരുമിച്ചുകൂട്ടുന്ന പദ്ധതിയാണ്. (ഏശയ്യ 2: 2-5; മിക്ക 4:1-3; എസക്കിയേൽ 37:16-28). പുതിയനിയമത്തിലും ഈ ദൈവീകപദ്ധതി യേശു പലപ്പോഴും വെളിവാക്കുന്നുണ്ട് (മത്താ 8:11; മർക്കോ 13:27; യോഹ 11:51-52).

സൃഷ്ടിയുടെ ദാനമായ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി മാറുന്നതുപോലെ സൃഷ്ടപ്രപഞ്ചം മുഴുവനും യേശുവിൽ ഒന്നായിത്തീരുകയും ഐക്യപ്പെടുകയും ചെയ്യുന്നത് കുർബാനയിലൂടെ സൂചിപ്പിക്കപ്പെടുന്നു. അങ്ങനെ യുഗാന്ത്യത്തിന്റെ മുന്നാസ്വാദനവും കുർബാനയിൽ നാം അനുഭവിക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവൻ വിശുദ്ധ കുർബാനയുടെ ഭാഗമാകുകവഴി ലോകത്തോടുമുഴുവൻ ഐക്യമുള്ളവരായിത്തീരുകയാണ് ദിവ്യകാരുണ്യ സമൂഹം. അങ്ങനെ നോക്കുമ്പോൾ വിശുദ്ധ കുർബാന പുതിയ ഒരു സംസ്കാരത്തിന് വഴി തുറക്കുന്നു. പ്രപഞ്ചത്തെ സ്നേഹിക്കുന്ന, ആദരിക്കുന്ന, ദൈവീകസൃഷ്ടിയായി കാണുന്ന ഒരു സംസ്കാരം. പ്രപഞ്ചത്തെ ചൂഷണം ചെയ്യുന്ന, ഉപഭോഗവസ്തുവായി മാത്രം കാണുന്ന ആധുനിക പ്രവണതയ്ക്ക് എതിരെ ഒരു പ്രതി സംസ്കാരം വളർത്താൻ കുർബാന പ്രചോദനം നൽകുന്നു. കുർബാനയുടെ ഈ പ്രാപഞ്ചികമാനം പുനരവതരിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.[15] തെയ്യാർദ് ഷർദ്ദാൻ തന്റെ ചിന്തകളിലൂടെയും പഠനങ്ങളിലൂടെയും അവതരിപ്പിക്കുന്നതും ഈ പ്രാപഞ്ചികമാനമാണ്.

**ഉപസംഹാരം**

വിശുദ്ധ കുർബാന ആത്യന്തികമായി ഐക്യത്തിന്റെ ഒരു കൂദാശയാണ്. വിശുദ്ധ കുർബാനയെ വ്യക്തിപരമായ ഒരു ഭക്താഭ്യാസം എന്ന നിലയിൽനിന്നും, ഒരു ചെറിയ സഭാസമൂഹവുമായിട്ടുള്ള ബന്ധം എന്ന സങ്കുചിത ചിന്താഗതിയിൽനിന്നും മോചിപ്പിച്ച് അതിന്റെ പ്രാപഞ്ചിക, സാർവ്വത്രിക മാനങ്ങളിലേക്ക് ഉയർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. വിശുദ്ധ കുർബാന ലക്ഷ്യം വയ്ക്കുന്ന ഐക്യം വിശാലമായ അർത്ഥത്തിൽ എല്ലാ അതിർവരമ്പുകളെയും അതിലംഘിക്കുന്നതാണ്. ഭാഷയുടെയും, വർഗ്ഗത്തിന്റെയും, വർണ്ണത്തിന്റെയും, രാജ്യത്തിന്റെയും അതിർത്തികൾക്ക് അപ്പുറത്ത് യേശു വിഭാവനം ചെയ്ത സ്വർഗ്ഗരാജ്യത്തെ കാണാൻ അതിന്റെ മുന്നാസ്വാദനം ഇന്ന് അനുഭവിക്കാൻ ദിവ്യകാരുണ്യ സമൂഹത്തിനാകണം. അപ്പോൾ ഒരോ സ്വതന്ത്രസമൂഹങ്ങൾ എന്നതിനപ്പുറം കുർബാന ലക്ഷ്യം വയ്ക്കുക പരസ്പരാശ്രയ സമൂഹങ്ങൾ എന്ന തത്വം ആയിരിക്കും.

**കുറിപ്പുകൾ**


1. W. Kasper, *Sacrament of Unity: The Eucharist and the Church*, New York 2004, 117.
2. John Paul II, *Ecclesia de Eucharistia*, n. 23)
3. E. J. Kilmartin, *The Eucharist in the Primitive Church,* Prentice Hall 1965, 82-84
4. ജോസഫ് തൊണ്ടിപ്പറമ്പിൽ, *വിശുദ്ധ കുർബാന: ദാനവും ദൗത്യവും*, മംഗലപ്പുഴ 2005, 224-227.
5. Second Vatican Council, *Sacrosanctum Concilium*, n.7.
6. Paul VI, *Mysterium Fidei*, n. 45.
7. St. Augustine, *Treaties on John* VI, n. 13.
8. W. Kasper, *Sacrament of Unity*, 119.
9. T. Aquinas, *Summa theologiae* III, 73,3.
10. John Paul II, *Ecclesia de Eucharistia*, n. 22.
11. John Paul II, *Ecclesia de Eucharistia*, n. 21.
12. John Paul II, *Ecclesia de Eucharistia*, n. 39.
13. John Paul II, *Ecclesia de Eucharistia*, n. 19.
14. W. Kasper, *Sacrament of Unity*, 145-146.
15. J. Ratzinger, *The Spirit of the Liturgy*, Ignatius Press 2000, 20-29.


**ഡോ. സിബി കുര്യൻ പുളിക്കൽ**



# 09

## വിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വം

രണ്ടാം വത്തിക്കാൻ സൂനഹദോസ് ഏറ്റവും ആദ്യം ചർച്ച ചെയ്ത് പാസ്സാക്കിയ പ്രമാണരേഖ ആരാധനക്രമത്തെ സംബന്ധിച്ചുള്ളതാണ്. സൂനഹദോസിനു മുമ്പുതന്നെ ആരാധാനക്രമാനുഷ്ഠാനങ്ങൾ പരിഷ്കരിക്കണമെന്ന ചിന്ത പ്രബലമായിരുന്നു. യൂറോപ്പിലെ ലിറ്റർജിക്കൽ മൂവ്മെന്റ് അതിനു കളമൊരുക്കുകയും ചെയ്തു.

ആരാധനക്രമം പരിഷ്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു വിഷയമായി 'സജീവഭാഗഭാഗിത്വം' പരിഗണിക്കപ്പെട്ടു. ഈ വിഷയത്തിന്റെ വിശദാംശങ്ങൾ സൂനഹദോസ് ചർച്ച ചെയ്തില്ലെങ്കിലും, ഇക്കാര്യത്തിൽ ഒരു ദിശാബോധം നൽകുന്നതിന് പ്രമാണരേഖയിലെ നിർദ്ദേശങ്ങൾ സഹായകമായി. അവയുടെ വെളിച്ചത്തിൽ 1960 കളുടെ അവസാനത്തിലും 1970 കളുടെ ആരംഭത്തിലും അനേകം പരിഷ്കാരങ്ങൾ ഉണ്ടായി. അതിരുകടന്ന ആവേശം ചിലയിടങ്ങളിൽ ശരിയായ പരിഷ്കരണത്തിന് തടസ്സമായിത്തീർന്നുവെങ്കിലും, പൊതുവേ പറഞ്ഞാൽ, സഭാ ജീവിതത്തിനു കരുത്തു പകരുന്നവയായിരുന്നു പരിഷ്കരണങ്ങൾ. മാതൃഭാഷയുടെ ഉപയോഗം, പ്രാദേശിക സംഗീതത്തിനു

നൽകിയ പ്രാധാന്യം, ആരാധനക്രമ ഗ്രന്ഥങ്ങളുടെ ലളിതവൽക്കരണം, സാംസ്കാരികാനുരൂപണം എന്നിവ ലിറ്റർജിയിൽ ഗുണപരമായ മാറ്റങ്ങൾക്കും, അതിലൂടെ സജീവഭാഗഭാഗിത്വത്തിനും കാരണമായെന്നത് നിസ്തർക്കമാണ്.

വിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വത്തെ വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട താത്ത്വിക അടിത്തറയും ചില പ്രായോഗിക സമീപനങ്ങളുമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം.

### 1. സജീവഭാഗഭാഗിത്വം: ചില അടിസ്ഥാന സമീപനങ്ങൾ

സജീവ ഭാഗഭാഗിത്വത്തിന്റെ അന്ത:സത്ത മനസ്സിലാക്കണമെങ്കിൽ 'ഭാഗഭാഗിത്വ'ത്തിന് ഉപയോഗിച്ചുപോരുന്ന 'participation' എന്ന പദത്തിന്റെ മൂലാർത്ഥം ഗ്രഹിക്കേണ്ടതുണ്ട്. ആരാധാനക്രമത്തിൽ മാത്രം ഉപയോഗിക്കുന്ന ഒരു പദമല്ലിത്. സാംസ്കാരികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പൊതുജീവിതവുമായി ബന്ധപ്പെടുത്തി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

തത്വശാസ്ത്ര മേഖലയിലാണ് 'participation'(ഭാഗഭാഗിത്വം) എന്ന ലത്തീൻ പദം ആദ്യമായി ഉപയോഗിച്ചത്. പിന്നീടാണ് ബൈബിൾ പരിഭാഷയിലും ലിറ്റർജിയിലുമൊക്കെ അതിനു സ്ഥാനം ലഭിച്ചത്. ആധുനിക ഭാഷകളിലും ലത്തീൻ പദത്തിൽ നിന്ന് ഉത്ഭവിച്ച പദങ്ങൾ തന്നെയാണ് കണ്ടുവരുന്നത്. 'Participation' എന്ന് ഇംഗ്ലീഷിലും 'Partecipazione' എന്ന് ഇറ്റാലിയനിലും 'Participacion' എന്ന് സ്പാനിഷിലും പറയുന്നു. മലയാളത്തിലെ 'ഭാഗഭാഗിത്വം', 'പങ്കെടുക്കൽ' എന്നിവ ലത്തീനിൽ നിന്നുള്ള പദാനുപദ തർജ്ജിമയാണ്. വിശാലമായ അർത്ഥത്തിൽ ഐക്യപ്പെടുക, കൂട്ടുകൂടുക എന്നൊക്കെ ഈ പദം പരിഭാഷപ്പെടുത്താം. ചുരുക്കത്തിൽ 'ഐക്യം', 'ബന്ധം', 'കൂട്ടായ്മ' തുടങ്ങിയ അർത്ഥങ്ങൾ ഇതിന് നൽകാവുന്നതാണ്. ഈ അർത്ഥത്തിൽ ലിറ്റർജിയിലെ 'ഭാഗഭാഗിത്വം' ദൈവവുമായും രക്ഷാചരിത്രവുമായും കൂദാശകളുമായുള്ള ബന്ധമായും സഹമനുഷ്യരുമായുള്ള കൂട്ടായ്മയായും മനസ്സിലാക്കാം. വിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വം അർത്ഥപൂർണ്ണമാകുന്നത് ഈ പദത്തെ ഇപ്രകാരം വിലയിരുത്തുമ്പോഴാണ്.

'ഭാഗഭാക്കാകുക' (Participant) എന്നതിന്റെ അർത്ഥം 'പങ്കെടുക്കുക'(to take part) ആണെന്ന് സൂചിപ്പിച്ചു. സാമൂഹിക ശാസ്ത്രപ്രകാരം ഭാഗഭാക്കാകണമെങ്കിൽ ഒരു ഗ്രൂപ്പിൽ അംഗത്വം വേണം.





അംഗങ്ങളല്ലാത്തവർക്ക് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരാനാകില്ല. അവർക്ക് കാഴ്ചക്കാരാകാനേ പറ്റൂ. എല്ലാ ഗ്രൂപ്പുകൾക്കും ഏതെങ്കിലും ലക്ഷ്യം കാണും. ആ ലക്ഷ്യം സാധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കാണും. ഇതിനു സമാനമാണ് ആരാധനാക്രമത്തിലെ ഭാഗഭാഗിത്വം. മാമ്മോദീസായിലൂടെ യേശുവിന്റെ സഭയിൽ അംഗങ്ങളായവർ 'ഞാൻ ചെയ്തത് നിങ്ങൾ എന്റെ നാമത്തിൽ ചെയ്യുവിൻ' എന്ന യേശുവിന്റെ കൽപന ബലിയർപ്പണത്തിലൂടെ പ്രായോഗികമാക്കുമ്പോൾ ഇതാണു സംഭവിക്കുന്നത്. അതുകൊണ്ട് 'ഭാഗഭാഗിത്വം' ലിറ്റർജിക്ക് ഒരു 'അലങ്കാരം' (decoration) അല്ല. അതിന് കൃത്യമായ ഒരു ലക്ഷ്യമുണ്ട്. അത് വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കുമ്പോഴാണ് ഭാഗഭാഗിത്വം അർത്ഥപൂർണ്ണമാകുന്നത്. ലിറ്റർജിയെ പ്രത്യേകിച്ച് വി. കുർബാനയെ, ക്രൈസ്തവജീവിതത്തിന്റെ പാരമ്യവും സ്രോതസ്സു (Summit and Source) മായിട്ടാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശേഷിപ്പിച്ചിരിക്കുന്നത് (ആരാധനക്രമം, 10). വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വം അതിന്റ ആത്യന്തിക ലക്ഷ്യമായ ദൈവവും സഹോദരങ്ങളുമായുള്ള ഐക്യവും കൂട്ടായ്മയും സാധിതമാക്കുന്നില്ലെങ്കിൽ പാരമ്യവും 'സ്രോതസ്സുമായി' വിശേഷിപ്പിക്കുന്നതിൽ അർത്ഥമില്ലതന്നെ.

ലിറ്റർജിയിലെ 'ആരാധനക്രമഭാഗഭാഗിത്വ' (Liturgical Participation) വും 'ആരാധനക്രമത്തിലെ ഭാഗഭാഗിത്വ' (Participation in the Liturgy) വും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാക്കാം. കുർബാന കാണാൻ പോകുന്നത് 'ആരാധനക്രമത്തിലെ ഭാഗഭാഗിത്വം' മാത്രമാണ്. വിശുദ്ധ കുർബാന സ്വീകരിച്ച് അതിന്റെ ശക്തിയിൽ സഹോദരർക്കുവേണ്ടി മുറിക്കപ്പെടാനും ചിന്തപ്പെടാനുമുള്ള സന്നദ്ധത പ്രകടിപ്പിക്കുമ്പോഴാണ് 'ആരാധനക്രമഭാഗഭാഗിത്വം' ഉണ്ടാകുന്നത്. ആദ്യത്തേതിൽ വ്യക്തിയുടെ 'സാന്നിധ്യ' (presence) വും ഒരു പരിധിവരെ 'സഹകരണ' (cooperation) വും ഉണ്ടെങ്കിലും Participation എന്ന പദം അർത്ഥമാക്കുന്ന 'ഐക്യം' ഉണ്ടാകണമെന്നില്ല. ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുകയും ഒരേ പാനപാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുന്ന 'ഭാഗഭാഗിത്വം' ഇല്ലെന്നതാണ് കാരണം. 'നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന കല്പന അന്വർത്ഥമാകണമെങ്കിൽ അവിടുത്തെ വിരുന്നിൽ പങ്കുപറ്റി തദനുസാരം ജീവിക്കുക ആവശ്യമാണ്. മറ്റുവാക്കുകളിൽ, 'ആരാധനക്രമത്തിലെ ഭാഗഭാഗിത്വം' ഒരു 'അനുഷ്ഠാന' (ritual act) വും 'ആരാ

ധനക്രമഭാഗഭാഗിത്വം' ഒരു 'ജീവിതശൈലി' (life style) യുമാണ്.

വിശുദ്ധ കുർബാനയുടെയും മറ്റു കൂദാശകളുടെയും പരികർമ്മത്തിൽ തെറ്റായ ഒരു ധാരണ ഉള്ളതായി തോന്നുന്നു. ചിലരെ സംബന്ധിച്ച് വൈദികർ അവ 'ആഘോഷിക്കുമ്പോൾ' (celebrate) വിശ്വാസികൾ അവയിൽ 'പങ്കെടുക്കുന്നു'(participate). വാസ്തവത്തിൽ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച വൈദികരും പൊതു പൗരോഹിത്യം സ്വീകരിച്ച വിശ്വാസികളും ഒത്തൊരുമിച്ച് ആഘോഷിക്കുന്ന ദൈവാരാധനയായി ലിറ്റർജി പരിഗണിക്കപ്പെടണം.

ആരാധനക്രമത്തിലെ സജീവഭാഗഭാഗിത്വം സഭയിലെ 'ഒറ്റപ്പെട്ട' ഒരു പ്രവൃത്തിയല്ല. സഭയുടെ 'ഹൃദയ' മായിട്ടാണ് ആരാധനാക്രമം കരുതപ്പെടുന്നത്. ശരീരത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ഹൃദയത്തെയും ബാധിക്കുമല്ലോ. അതുപോലെ സഭയിലെ പ്രശ്നങ്ങൾ ആരാധനക്രമത്തെയും തത്ഫലമായി അതിലെ സജീവഭാഗഭാഗിത്വത്തെയും ബാധിക്കും. അതുകൊണ്ട്, വിശുദ്ധ കുർബാനയിലെ സജീവഭാഗഭാഗിത്വത്തെ സഭാജീവിതവുമായി ബന്ധപ്പെടുത്തി വേണം വിലയിരുത്താൻ.

## 2. സജീവഭാഗഭാഗിത്വത്തിന്റെ ദൈവശാസ്ത്രം

ലിറ്റർജിയിലെ സജീവഭാഗഭാഗിത്വത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖയിൽ നാം ഇപ്രകാരം വായിക്കുന്നു. ആരാധനക്രമങ്ങളിൽ പൂർണ്ണവും ബോധപൂർവ്വകവും കർമ്മോത്സുകവുമായ രീതിയിൽ ഭാഗഭാക്കുകളാകാൻ എല്ലാ വിശ്വാസികളെയും നയിക്കണമെന്നാണ് സഭാ മാതാവിന്റെ തീവ്രാഭിലാഷം. "ആരാദധനക്രമസ്വഭാവം തന്നെ ഇതാവശ്യപ്പെടുന്നുണ്ട്. 'തിരഞ്ഞെടുക്കപ്പെട്ട ഒരു ജനത, രാജകീയ പൗരോഹിത്യം, വിശുദ്ധ ജനപദം, രക്ഷിക്കപ്പെട്ട ജനം' (1 പത്രോ. 1:9, 2:4-5) എന്നീ നിലകളിൽ ക്രിസ്തീയ വിശ്വാസികളുടെ ഈ ഭാഗഭാഗിത്വം ജ്ഞാനസ്നാനഫലമായ അവരുടെ അവകാശവും ധർമ്മവുമാണ്. സർവ്വോപരി, വിശ്വാസികളുടെ പൂർണ്ണവും ക്രിയാത്മകവുമായ ഭാഗഭാഗിത്വം ലക്ഷ്യമാക്കി വേണം ആരാധനക്രമത്തിന്റെ പുനഃസംവിധാനവും പ്രോത്സാഹനവും സാധിക്കാൻ. കാരണം അതത്രേ വിശ്വാസികൾക്ക് സാക്ഷാൽ ക്രിസ്തീയ ചൈതന്യം ആർജ്ജിക്കാനുള്ള പ്രഥമവും അനുപേക്ഷണീയവുമായ ഉറവിടം" (ആരാധനക്രമം 14).

തിരുക്കർമ്മങ്ങളുടെ പരിഷ്കരിച്ച ക്രമങ്ങൾ പ്രസിദ്ധീകരിച്ചതുകൊണ്ടോ കർമ്മാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കാൻ പഠിച്ചതുകൊണ്ടോ പ്രാർത്ഥനകൾ ഉച്ചത്തിൽ ചൊല്ലുകയും ഗീതങ്ങൾ ഈണത്തിൽ ആലപിക്കുകയും ചെയ്തതുകൊണ്ടോ മേൽ സൂചിപ്പിച്ച 'സജീവഭാഗഭാഗിത്വം' ഉണ്ടാകണമെന്നില്ല. ഇവ ആവശ്യം തന്നെ, എന്നാൽ, ഇവയല്ല സജീവഭാഗഭാഗിത്വത്തെ നിർണ്ണയിക്കുന്ന ദൈവശാസ്ത്ര ഘടകങ്ങൾ.





ആരാധനക്രമത്തിലെ ഭാഗഭാഗിത്വം ഒരു വ്യക്തിയെ 'സജീവ' (active) മാക്കുമ്പോഴാണ് ആ അനുഷ്ഠാനം അയാളെ സംബന്ധിച്ചിടത്തോളം ജീവിതസ്പർശിയാവുക. വി. കുർബാനയിൽ യേശുവിന്റെ തിരുശ്ശരീരരക്തങ്ങൾ സ്വീകരിച്ച വ്യക്തി യേശുവിനെപ്പോലെ മുറിക്കപ്പെടാനും ചിന്തപ്പെടാനും സന്നദ്ധത പ്രകടിപ്പിക്കുമ്പോഴാണ് 'സജീവത്വം' കൈവരിക്കുന്നത്. മാമ്മോദീസായിൽ സഭയാകുന്ന ശരീരത്തിന്റെ അവിഭാജ്യഘടകമായി ജീവിക്കുന്നതും കുമ്പസാരത്തിൽ അനുരഞ്ജനത്തിന്റെ അനുഭവം സ്വന്തമാക്കുന്നതും മറ്റുമാണ് സജീവത്വത്തിന്റെ മാനദണ്ഡം. ആരാധനക്രമപരിശീലനത്തിൽ (liturgical catechesis) ആവശ്യം ശ്രദ്ധിക്കേണ്ട ഒരു മേഖലയാണിത്. ഇതിലുള്ള അശ്രദ്ധ സജീവഭാഗഭാഗിത്വത്തെ പ്രതികൂലമായി ബാധിക്കും.

കൂദാശാനുഷ്ഠാനങ്ങളുടെ ക്രിസ്തുകേന്ദ്രീകൃത സ്വഭാവ (Christocentrism)ത്തെ സാരമായി ബാധിക്കുന്നതാണ് സജീവഭാഗഭാഗിത്വം. നിത്യപുരോഹിതനായ യേശുവാണ് എല്ലാ ആരാധനാക്രമാനുഷ്ഠാനങ്ങളുടെയും കേന്ദ്രബിന്ദു. വി. കുർബാനയിൽ കുരിശിൽ സ്വയാർപ്പണം ചെയ്ത അവിടുന്ന് തന്നെയാണ് പുരോഹിതശുശ്രൂഷയിലൂടെ അതേ അർപ്പണം നടത്തുന്നത്. സ്വശക്തിയാൽ അവിടുന്ന് കൂദാശകളിൽ സന്നിഹിതനാകുന്നു. തന്മൂലം ഒരാൾ മാമ്മോദീസ നൽകുമ്പോൾ ക്രിസ്തു തന്നെയാണ് വാസ്തവത്തിൽ മാമ്മോദീസ നൽകുന്നത്. ദൈവാലയങ്ങളിൽ വി. ഗ്രന്ഥം വായിക്കുമ്പോൾ ക്രിസ്തു തന്നെയാണ് സംസാരിക്കുന്നത് (ആരാധനക്രമം, 7). മാമ്മോദീസായിൽ ലഭിച്ച പൊതു പൗരോഹിത്യത്തിന്റെ അവകാശത്തിലാണ് വിശ്വാസികൾ ആരാധനക്രമത്തിൽ പങ്കെടുക്കുന്നത്. അങ്ങനെ സഭയാകുന്ന മഹാരഹസ്യത്തിൽ വിശ്വാസികൾ പങ്കുപറ്റുന്നത് ആരാധനക്രമത്തിലൂടെയാണ്.

ദൈവജനത്തിന്റെ അർത്ഥവത്തായ ഭാഗഭാഗിത്വത്തിന് ആവശ്യമായ ഘടകമാണ് ആരാധനയിൽ പങ്കെടുക്കുന്ന ഭക്തന്റെ / ഭക്തയുടെ ശരീരം. ആത്മാവിനെ ശരീരത്തിൽ നിന്നും വേർപ്പെടുത്തി മനസ്സിലാക്കാനാവില്ലല്ലോ. അതുകൊണ്ട്, വ്യക്തികളുടെ ശരീര

ത്തിനും സജീവഭാഗഭാഗിത്വത്തിൽ സാരമായ പങ്കുണ്ട്. തന്മൂലം ദൃശ്യമായ അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും, നിൽക്കുക, മുട്ടുകുത്തുക, കൈവിരിക്കുക, കുമ്പിടുക തുടങ്ങിയ ശാരീരിക ഭാവങ്ങൾക്കും ഉചിതമായ പ്രാധാന്യം നൽകുക സജീവഭാഗഭാഗിത്വത്തിന് അത്യന്താപേക്ഷിതമത്രെ.

### 3. സജീവഭാഗഭാഗിത്വത്തിലെ 'ആശയവിനിമയം' (Communication)

എല്ലാ ആരാധനക്രമാനുഷ്ഠാനങ്ങളും ദൈവത്തെ ആരാധിക്കുന്നതിനും സ്തുതിക്കുന്നതിനും അവിടുത്തേക്ക് കൃതജ്ഞതയർപ്പിക്കുന്നതിനുമാണ്, സംശയമില്ല. അതേസമയം, ഓരോ അനുഷ്ഠാനത്തിലും ഒരു 'ആശയവിനിമയ' (communication) വും നടക്കുന്നുണ്ട്. ഇത് ഏകദിശയിലും ദ്വിദിശയിലും ഉണ്ടാകാം.

സജീവഭാഗഭാഗിത്വത്തിന്റെ ആശയം സുപരിചിതമല്ലായിരുന്ന കാലഘട്ടത്തിൽ കുർബാന 'കാണുക' അല്ലെങ്കിൽ കുർബാന 'കേൾക്കുക' (hear the Mass) എന്ന ഉത്തരവാദിത്വമായിരുന്നു വിശ്വാസികൾക്കുണ്ടായിരുന്നത്. ഇത് ഏകദിശയിലുള്ള ഭാഗഭാഗിത്വമാണ്. യഥാർത്ഥ 'അഭിനേതാക്കൾ' കാർമ്മികനും മറ്റു ശുശ്രൂഷികളുമാണ്. വിശ്വാസികൾ കാഴ്ചക്കാർ മാത്രമായിരുന്നതുകൊണ്ട് സമൂഹം ഇല്ലെങ്കിലും വൈദികന് കുർബാന അർപ്പിക്കാം. ഇവിടെ അനുഷ്ഠാനവും ഭാഷയും സ്ഥലവും അടയാളങ്ങളും മറ്റും പ്രസക്തങ്ങളല്ല. കാരണം, അനുഷ്ഠാനം 'വസ്തുനിഷ്ഠ'വും 'സാർവ്വത്രിക'വും'ഫലദായക'(ex opere operato) വുമാണ്. ആധുനിക ആശയവിനിമയഭാഷയിൽ പറഞ്ഞാൽ, കാർമ്മികൻ വാക്കുകളും ക്രമവിധികളും ഉപയോഗിച്ച് സന്ദേശം നൽകുന്നു. സന്ദേശം നൽകുമ്പോൾ ശ്രദ്ധിക്കേണ്ടത് എല്ലാം നിയമാനുസൃതമാണോ എന്നാണ്. നിയമാനുസൃതമാണെങ്കിൽ എല്ലാം ശരിയാണ്. കാർമ്മികൻ നൽകുന്ന സന്ദേശം ജനത്തിനു മനസ്സിലാകുന്നുണ്ടോ, അവർ അത് സ്വീകരിക്കുന്നുണ്ടോ എന്നിവയ്ക്ക് പ്രസക്തിയില്ല. ജനത്തിനു മനസ്സിലാകാത്ത ഭാഷയിൽ സന്ദേശം നൽകിയാൽപ്പോലും (പഴയകാലത്തെ സുറിയാനി ലത്തീൻ ഭാഷകൾ) പ്രശ്നമല്ല. കാരണം, സന്ദേശം നൽകുക എന്നതാണ് പ്രധാനം. അവർ 'കാണുക'യോ 'കേൾക്കുക'യോ ചെയ്താൽ മതി.

വി. കുർബാനയിലെ ഭാഗഭാഗിത്വത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വ്യത്യസ്ഥമായിരിക്കണം. അത് ദ്വിദിശയിലുള്ള ആശയവിനിമയമാണ്. ഈ ആശയം വ്യക്തമാക്കുന്നതാണ് രണ്ടാം വത്തിക്കാൻ





സൂനഹദോസിന്റെ ഒരു പ്രസ്താവന: 'ആരാധനക്രമം പരിപൂർണ്ണ ഫലം ഉളവാക്കാൻ അത്യന്താപേക്ഷിതമായ കാര്യങ്ങളാണ് വിശ്വാസികൾ അനുഗുണമായ മനോഭാവത്തോടെ അതിനെ സമീപിക്കുക; ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കുക; കൃപാവരം വിഫലമായി സ്വീകരിക്കാനിടയാകാതിരിക്കാൻ അതിനോടു സഹകരിച്ചു പ്രവർത്തിക്കുക എന്നിവ. തന്മൂലം ആത്മപാലകർ ആരാധനക്രമങ്ങൾ അനുഷ്ഠിക്കുമ്പോൾ അവ സാധുവായും നൈയാമികമായും പരികർമ്മം ചെയ്താൽ പോരാ. വിശ്വാസികൾ അതിൽ ബോധപൂർവ്വവും സജീവവും ഫലപ്രദവുമായി പങ്കെടുക്കാൻ പര്യാപ്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്' (ആരാധനക്രമം, 11).

എല്ലാ ആരാധനക്രമാനുഷ്ഠാനങ്ങളിലും ഇറങ്ങിവരുന്ന ദൈവ (decending God) വും അവിടുത്തോടു പ്രത്യുത്തരിക്കുന്ന മനുഷ്യനും (ascending man) ഉണ്ട്. മനുഷ്യനെ രക്ഷിക്കാൻ തന്റെ പുത്രനായ യേശുവിലൂടെ 'ഇറങ്ങിവരുന്ന' ദൈവത്തിന് സ്തുതിയും ആരാധനയും കൃതജ്ഞതയും അർപ്പിച്ചുകൊണ്ട് പ്രത്യുത്തരിക്കുന്ന മനുഷ്യനാണ് ആരാധനക്രമാനുഷ്ഠാനത്തിലെ വിശ്വാസി. ആരാധനക്രമ പ്രമാണരേഖ പറയുന്നതുപോലെ, 'ആരാധനക്രമത്തിൽ ദൈവം സ്വജനത്തോടു സംസാരിക്കുന്നു; ക്രിസ്തു തന്റെ സുവിശേഷപ്രഭാഷണം തുടർന്നുകൊണ്ടിരിക്കുന്നു. ജനങ്ങളാകട്ടെ, പ്രാർത്ഥനകളും ഗാനങ്ങളും വഴി ദൈവത്തോടു പ്രത്യുത്തരിക്കുകയും ചെയ്യുന്നു'(ആരാധനക്രമം, 33). ഇക്കാര്യം വി. പൗലോസ് ഇപ്രകാരം വിശദീകരിക്കുന്നു: 'തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും?' (റോമാ 10:14). അതുകൊണ്ട് ദൈവവചനത്തോടുള്ള പ്രത്യുത്തരമാണ് വിശ്വാസം.

ജനങ്ങളുടെ പ്രത്യുത്തരം അർത്ഥവത്തും ബോധപൂർവ്വകവും ആയിരുന്നാൽ മാത്രമേ സജീവഭാഗഭാഗിത്വം യാഥാർത്ഥ്യമാകൂ. ഇതിനു സഹായകമാകുന്ന നിർദ്ദേശങ്ങൾ ആരാധനക്രമ പ്രമാണരേഖ നൽകുന്നുണ്ട്. ആരാധനക്രമം പുനരുദ്ധരിച്ചു പരിഷ്കരിക്കുമ്പോൾ പ്രാർത്ഥനാഗ്രന്ഥങ്ങളും കർമ്മവിധികളും അവ സൂചിപ്പിക്കുന്ന വിശുദ്ധ രഹസ്യങ്ങളെ കൂടുതൽ വ്യക്തമായി പ്രകാശിപ്പിക്കത്തക്കവിധം ക്രമീകരിക്കണമെന്നും, അങ്ങനെ വിശ്വാസികൾക്ക് അവ എളുപ്പത്തിൽ ഗ്രഹിച്ച് അവയിൽ സജീവമായി പങ്കെടുക്കാൻ സാധിക്കണമെന്നും രേഖ അനുശാസിക്കുന്നു (ആരാധനക്രമം, 21).

ഇതാണു ലക്ഷ്യമെങ്കിൽ, "തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞു നിൽക്കണം; അവ ഹ്രസ്വവും വ്യക്തവുമായിരിക്കണം; അനാവശ്യ ആവർത്തനങ്ങൾ ഉണ്ടാവുകയുമരുത്. വിശ്വാസികളുടെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങി നിൽക്കണം. അതുപോലെ തന്നെ, അധികം വിശദീകരണം ആവശ്യപ്പെടാത്തവയുമായിരിക്കണം" (ആരാധനക്രമം, 34).

ഈ പ്രക്രിയയിൽ മറ്റൊന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ആശയവിനിമയം എപ്പോഴും ഏതെങ്കിലും പ്രത്യേക വ്യക്തികളോടോ സമൂഹത്തോടോ ആയിരിക്കും. ആരുമായിട്ടാണോ ആശയവിനിമയം നടത്തുക അക്കാര്യം പ്രത്യേകം പരിഗണിച്ചുകൊണ്ടുവേണം വാക്കുകളും അടയാളങ്ങളും മറ്റും തിരഞ്ഞെടുക്കാൻ. ആരാധനക്രമരേഖ ഓർമ്മിപ്പിക്കുന്നതുപോലെ, "ആരാധനക്രമങ്ങൾ സഭാശരീരത്തെ മുഴുവൻ സംബന്ധിക്കുന്നവയാണ്. അവ സഭാശരീരത്തെ വെളിപ്പെടുത്തുകയും അതിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അവരവരുടെ സ്ഥാനക്രമം, ജോലി, യഥാർത്ഥ ഭാഗഭാഗിത്വം എന്നിവയനുസരിച്ച് 'വിവിധ' തരത്തിലാണ് സഭാംഗങ്ങളെ അവ വ്യക്തിഗതമായി സ്പർശിക്കുന്നത്" (ആരാധനക്രമം, 26). മാത്രമല്ല, സജീവഭാഗഭാഗിത്വം ഉറപ്പാക്കുമ്പോൾ അവരുടെ പ്രായം, പരിസ്ഥിതികൾ, ജീവിതരീതി, മതപരവും സാംസ്കാരികവുമായ നിലവാരം എന്നിവ കണക്കിലെടുക്കണമെന്ന് സൂനഹദോസ് ആത്മപാലകരോട് ആവശ്യപ്പെടുന്നു (ആരാധനക്രമം, 19). ഈ പശ്ചാത്തലത്തിലാണ് കുട്ടികൾ, യുവജനങ്ങൾ, രോഗികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾക്കുവേണ്ടി അനുരൂപപ്പെടുത്തിയ വി. കുർബാനയുടെ ആഘോഷം പ്രസക്തമായിരിക്കുന്നത്.

### 4. നിശ്ശബ്ദതയും സജീവഭാഗഭാഗിത്വവും

ആരാധനക്രമത്തിൽ വിശുദ്ധ ഗ്രന്ഥത്തിനുള്ള പ്രാധാന്യത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (ആരാധനക്രമം 24). വചനത്തിലുള്ള യേശുവിന്റെ സാന്നിധ്യത്തെപ്പറ്റിയുള്ള പഠനവും വ്യക്തമാണ് (ആരാധനക്രമം 7). എന്നാൽ നിശ്ശബ്ദതയെപ്പറ്റി അതേ പ്രമാണരേഖ നൽകിയിരിക്കുന്ന ആഹ്വാനം വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. 'ഉചിതമായ സമയങ്ങളിൽ പൂജ്യമായ മൗനം പാലിക്കേണ്ടത് ആവശ്യമാണെ'ന്നാണ് സൂനഹദോസിന്റെ ഉദ്ബോധം (ആരാധനക്രമം, 30). 'മിണ്ടാതിരിക്കുന്നത'ല്ല ആരാധനക്രമത്തിലെ നിശ്ശബ്ദത. ബലിയർപ്പണവേളയിൽ ഈ നിശ്ശബ്ദതയെ മൂന്ന് രീതികളിൽ കാണാവുന്നതാണ്. ഒന്ന്, വി. കുർബാനയ്ക്ക് മുമ്പായി നടത്തുന്ന നിശ്ശബ്ദമായ ഒരുക്കം. ഇത് സജീവഭാഗഭാഗിത്വത്തിന് ഏറെ സഹായകരമാണ്. ചൊല്ലുന്ന പ്രാർത്ഥനകളുടെയും ആലപിക്കുന്ന ഗീതങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അർത്ഥം മനനം ചെയ്ത് അവയുമായി മാനസികമായി പൊരുത്തപ്പെടുന്നതാണ് ആരാധനക്രമ നിശബ്ദതയുടെ മറ്റൊരുതലം. കർമ്മാനുഷ്ഠാനത്തിന് ശേഷം അതേപറ്റി ധ്യാനിക്കുന്നതാണ് മൂന്നാമത്തെ തലം. അതുകൊണ്ട് പ്രാർത്ഥനകളുടെ അർത്ഥം ഗ്രഹിച്ചുകൊണ്ടുള്ള ഭാഗഭാഗിത്വവും വായനകൾക്കോ പ്രസംഗത്തിനോ ശേഷം നടത്തുന്ന ധ്യാനാത്മകമായ വിചിന്തനവും ദിവ്യകാരുണ്യ സ്വീകരണത്തിനു ശേഷമുള്ള ആരാധനാ മനോഭാവവും സജീവഭാഗഭാഗിത്വത്തിന്റെ ഭാഗങ്ങളാണെന്നു പറയാം. മറ്റുവാക്കുകളിൽ, അനുഷ്ഠിക്കപ്പെടുന്ന ദൈവീകരഹസ്യങ്ങളിൽ ഉൾച്ചേരുന്നതിനുള്ള ഒരു മാർഗ്ഗമാണ് ആരാധനക്രമത്തിലെ നിശബ്ദത.

ലത്തീൻ കുർബാനക്രമത്തിലെ പൊതുനിർദ്ദേശങ്ങളിൽ നിശ്ശബ്ദതയുടെ ആവശ്യകതയെപ്പറ്റി പ്രത്യേക പരാമർശമുണ്ട്. ഉദാഹരണത്തിന്, അനുതാപ ശുശ്രൂഷയുടെ സമയത്തും പ്രാർത്ഥിക്കുന്നതിനുള്ള കാർമ്മികന്റെ ക്ഷണത്തിനുശേഷവും ധ്യാനാത്മകമായ നിശ്ശബ്ദത വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വായനയ്ക്കും പ്രസംഗത്തിനും ശേഷം ശ്രവിച്ചതിനെപ്പറ്റി ധ്യാനിക്കാൻ നിശബ്ദത ആവശ്യമാണ്. അതുപോലെ തന്നെ ദിവ്യകാരുണ്യം സ്വീകരിച്ചതിനു ശേഷം ദൈവത്തെ പുകഴ്ത്തുന്നതിനായി അൽപം സമയം നിശ്ശബ്ദതയിൽ ചിലവഴിക്കണമെന്നും നിർദ്ദേശിക്കുന്നു (നമ്പർ 23).

ലത്തീൻ കുർബാനക്രമത്തെ അപേക്ഷിച്ച് ദീർഘമായ പ്രാർത്ഥനകളുള്ള പൗരസ്ത്യക്രമങ്ങളിൽ നിശ്ശബ്ദതയ്ക്ക് സ്ഥാനമില്ലെന്ന ധാരണ ഉണ്ടായേക്കാം. സീറോമലബാർ സഭയ്ക്ക് 1983 ൽ റോം നൽകിയ ഒരു രേഖ കുർബാനയ്ക്കിടെ നിശ്ശബ്ദ സമയങ്ങൾ ഉണ്ടാകുന്നത് ശരിയല്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇത് ഭാരതീയ മതസംസ്കാരത്തോടു ചേർന്നുപോകുന്ന അഭിപ്രായമല്ലെന്നു പറയേണ്ടിയിരിക്കുന്നു. ഒരുപക്ഷേ മിണ്ടാതിരിക്കുക എന്ന അർത്ഥത്തിൽ ഈ അഭിപ്രായത്തെ ന്യായീകരിക്കാം. മുകളിൽ സൂചിപ്പിച്ച നിശ്ശബ്ദതയുടെ മൂന്നു തലങ്ങളുടെ പശ്ചാത്തലത്തിൽ, ആരാധനക്രമത്തിലെ ഉചിതമായ നിശ്ശബ്ദനിമിഷങ്ങൾ സജീവഭാഗഭാഗിത്വത്തിന് സഹായകരമാണെന്നുവേണം പറയാൻ.



വി. കുർബ്ബാനയുടെ ദൈവശാസ്ത്രം

## 5. ആരാധനക്രമപരിശീലനവും സജീവഭാഗഭാഗിത്വവും

സജീവഭാഗഭാഗിത്വത്തിന് ക്രമാനുഗതമായ പരിശീലനം ആവശ്യമാണ്. ആത്മപാലകർക്ക് ഇക്കാര്യത്തിൽ സുപ്രധാനമായ ഒരു ദൗത്യം നിർവ്വഹിക്കാനുണ്ട്. 'ആത്മപാലകർ ആരാധനക്രമങ്ങൾ അനുഷ്ഠിക്കുമ്പോൾ അവ സാധുവായും (validity) നൈയാമികമായും (licitly) പരികർമ്മം ചെയ്താൽ മാത്രം പോരാ. വിശ്വാസികൾ അവയിൽ ബോധപൂർവ്വകവും സജീവവും ഫലപ്രദവുമായി പങ്കെടുക്കാൻ പര്യാപ്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ശ്രദ്ധിക്കണം' (ആരാധനാക്രമം, 11). ലിറ്റർജിയിലെ ഭാഗഭാഗിത്വം ലക്ഷ്യം വെച്ച് 'ഇടയനുചേർന്ന തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ആത്മപാലകന്മാർ വിശ്വാസികൾക്കുവേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകാൻ സർവ്വാത്മനാ പരിശ്രമിക്കണം' (ആരാധനക്രമം, 14). ഇടവകവൈദികരും സന്യാസവൈദികരും തിരുക്കർമ്മാനുഷ്ഠാന നേരത്ത് തങ്ങൾ ചെയ്യുന്നതെന്തെന്ന് കൂടുതൽ പൂർണ്ണമായി ഗ്രഹിക്കാൻ അവസരോചിതമായ എല്ലാ മാർഗ്ഗങ്ങളും വഴി ജനങ്ങളെ സഹായിക്കണം (ആരാധനക്രമം, 18). ആരാധനക്രമത്തെപറ്റി തീക്ഷണതയോടും ക്ഷമയോടുംകൂടെ വിശ്വാസികളെ പഠിപ്പിക്കാൻ വൈദികർ ഉത്സാഹിക്കണം. അങ്ങനെ ബാഹ്യമായും ആന്തരികമായും അവർ ആരാധനക്രമത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് വൈദികർ ഉറപ്പുവരുത്തണം (ആരാധനക്രമം, 19). ഈ ഉദ്ദേശ്യത്തോടെ സെമിനാരികളിലും സന്യാസപരിശീലന ഭവനങ്ങളിലും ഉചിതമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും പ്രമാണരേഖ നിർദ്ദേശിക്കുന്നു (ആരാധനക്രമം, 16,17). അതുകൊണ്ട് ഈ ദിവ്യകാരുണ്യവർഷത്തിൽ കുർബാനപുസ്തകത്തിലെ പൊതു നിർദ്ദേശങ്ങൾ പഠനവിഷയമാക്കണമെന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം ശ്രദ്ധേയമാണ്.

ആരാധനക്രമ പരിശീലനം രണ്ട് ദിശകളിൽ നടത്തപ്പെടണം. ക്രമാനുഗതമായ ബോധനമാണ് അവയിലൊന്ന്. ലിറ്റർജിയുടെ ശരിയായ ആഘോഷമാണ് മറ്റൊന്ന്. മതപഠനക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ തുടങ്ങിയവയിലൂടെ നടത്താവുന്നതാണ് ആദ്യത്തെ പരിശീലനം. കാർമ്മികന്റെയും മറ്റു ശുശ്രൂഷികളുടെയും ഗായകസംഘത്തിന്റെയും ശ്രദ്ധയും സഹകരണവും ഉണ്ടെങ്കിലേ ശരിയായ ആഘോഷം നടക്കൂ. നന്നായി നിർവ്വഹിക്കപ്പെടുന്ന ആരാധനക്രമാനുഷ്ഠാനങ്ങൾ നല്ലൊരു പരിശീലനവേദിയാണെന്ന വസ്തുത പൊതുവേ വിസ്മരിക്കപ്പെട്ടിരിക്കുകയാണ്.





## 6. സജീവഭാഗഭാഗിത്വം: തത്വവും പ്രയോഗവും

വി. കുർബാനയിലെ സജീവഭാഗഭാഗിത്വത്തിന്റെ താത്ത്വിക അടിസ്ഥാനങ്ങളും ചില പ്രായോഗിക സമീപനങ്ങളുമാണല്ലോ മുകളിൽ വിശദമാക്കിയത്. എന്നാൽ വാസ്തവം എന്താണ്? നമ്മുടെ ഇടവക ദേവാലയങ്ങളിലെ ബലിയർപ്പണം ലക്ഷ്യം നേടുന്നുണ്ടോ?

ആലുവ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ സഹായത്തോടെ കേരളത്തിലെ സീറോ-മലബാർ, സീറോ-മലങ്കര, ലത്തീൻ റീത്തുകളിൽപ്പെട്ട ആറു രൂപതകളിലെ തിരഞ്ഞെടുത്ത ഇടവകകളിൽ ഇതു സംബന്ധിച്ച് ഒരു സർവ്വേ നടത്തുകയുണ്ടായി. ഫലം അത്ര ആശാവഹമായിരുന്നില്ല. സജീവഭാഗഭാഗിത്വത്തിന്റ അടിസ്ഥാന പ്രമാണങ്ങളെപ്പറ്റി സാമാന്യജനം അജ്ഞരാണെന്നു സർവ്വേ വെളിപ്പെടുത്തുന്നു. ബഹുഭൂരിപക്ഷംപേരും ഞായറാഴ്ചകളിൽ വി. കുർബാനയിൽ സംബന്ധിക്കുന്നത് തിരുസ്സഭയുടെ 'കല്പന' ഉള്ളതുകൊണ്ടും ഞായറാഴ്ച 'കട'മുള്ള ദിവസമായതുകൊണ്ടുമത്രേ! ഗായകസംഘം ശ്രുതിമധുരമായി ഗീതങ്ങൾ ആലപിക്കുന്നതും വൈദികർ നല്ലൊരു പ്രസംഗം പറയുന്നതും വിശ്വാസികൾ ഉച്ചത്തിൽ പ്രാർത്ഥിക്കുന്നതുമാണ് നല്ലൊരു ശതമാനംപേരും 'സജീവഭാഗഭാഗിത്വ'ത്തിന്റെ അടയാളമായി കണക്കാക്കുന്നത്. ഞായറാഴ്ചകളിൽ സ്വന്തം ഇടവകദേവാലയത്തിൽ ഇടവകാംഗങ്ങളോടൊപ്പം ബലിയർപ്പിച്ച്, ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിച്ച്, ഒരേ പാത്രത്തിൽ നിന്ന് പാനം ചെയ്ത് ഒരു കൂട്ടായ്മയായി ജീവിക്കണമെന്ന ആശയം പലർക്കും പുതുമയുള്ള വാർത്തയാണ്. സൗകര്യമുള്ള ഏതെങ്കിലും ദൈവാലയത്തിൽപോയി കുർബാന 'കണ്ട്' 'കടംതീർക്കണ'മെന്നതിൽക്കവിഞ്ഞൊരു പ്രാധാന്യം ഞായറാഴ്ചാചരണത്തിനു നൽകുന്നവർ തുലോം വിരളമാണ്. വിശുദ്ധ കുർബാന ഒരു 'ബലി' മാത്രമല്ല ഒരു 'വിരുന്നും' കൂടിയാണെന്നും, അതുകൊണ്ട് ദിവ്യകാരുണ്യസ്വീകരണം ഭാഗഭാഗിത്വത്തിന്റെ അവശ്യഘടകമാണെന്നുമുള്ള അവബോധവും പൊതുവേ കാണുന്നില്ല. എല്ലാറ്റിലുമുപരി, ദിവ്യകാരുണ്യവർഷം പ്രഖ്യാപിച്ചുകൊണ്ട് ജോൺപോൾ രണ്ടാൻ മാർപാപ്പ അനുസ്മരിപ്പിച്ച പങ്കുവെയ്ക്കലിന്റെ ചൈതന്യം വിശുദ്ധ കുർബാനയുടെ അന്തഃസത്ത മനസ്സിലാക്കാൻ ആവശ്യമാണെന്ന ചിന്ത സാധാരണ വിശ്വാസികൾ ഉൾക്കൊണ്ടതിന്റെ ലക്ഷണമെന്നും സർവ്വേയിൽ ദൃശ്യമല്ല.

വിശുദ്ധ കുർബാന കൂട്ടായ്മയുടെയും ഐക്യത്തിന്റെയും പങ്കു

വയ്ക്കലിന്റെയും കൂദാശയാണെന്ന വസ്തുത വിശ്വാസികളെ സ്വാധീനിക്കേണ്ടിയിരിക്കുന്നു. വി. കുർബാനയിൽ നിന്ന് ശക്തി സ്വീകരിച്ച് ലോകത്തിൽ മുറിക്കപ്പെടാനുള്ള നിയോഗമാണ് ക്രൈസ്തവർ സ്വീകരിക്കുന്നതെന്ന അവബോധം ഇനിയും സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു.

**ഉപസംഹാരം**

ലിറ്റർജിയിൽ ബോധപൂർവ്വകമായും ക്രിയാത്മകമായും പങ്കെടുക്കണമെങ്കിൽ യേശുവിലുള്ള വിശ്വാസം അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ, സഭയിൽ അംഗത്വവും സഭാംഗങ്ങളുമായുള്ള കൂട്ടായ്മയും. സഭയിലെ അംഗത്വം യാന്ത്രികമായി (automatically) ലഭിക്കുന്നതല്ല. അതിന് അതിന്റേതായ ഒരു പ്രക്രിയ (process) ഉണ്ട്. വ്യക്തിയുടെ ഭാഗത്തുനിന്നുള്ള ശ്രമം അതിനാവശ്യമാണ്. ആദിമസഭയിൽ അംഗത്വം ലഭിച്ചിരുന്നത് വിശ്വാസപരിശീലന (catechumenate) ത്തിലൂടെ കടന്നുപോയിരുന്നവർക്കായിരുന്നു. അതുകൊണ്ട് തെർതുല്യൻ എഴുതി: 'ഒരുവൻ ക്രിസ്ത്യാനിയായി ജനിക്കുന്നില്ല; ആയിത്തീരുകയാണ് ചെയ്യുന്നത്'. അപ്രകാരം സഭാംഗങ്ങളായിത്തീർന്നവർക്ക് തങ്ങൾ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അവയവങ്ങളാണെന്ന അവബോധം ഉണ്ടായിരുന്നു. തന്മൂലം യേശുവിനും സഭയ്ക്കും വേണ്ടി ധീരതയോടെ രക്തം ചിന്തിയും സാക്ഷ്യം വഹിക്കാൻ അവർക്കു കഴിഞ്ഞു.

ഇന്നത്തെ സാഹചര്യം വ്യത്യസ്തമാണ്. ക്രിസ്ത്യാനിയായിരിക്കാൻ ഏറെ പ്രയത്നം വ്യക്തിയുടെ ഭാഗത്തു വേണമെന്നില്ല. മാമ്മോദീസായ്ക്ക് മുമ്പും പിമ്പും അതാവശ്യമില്ലാത്ത സ്ഥിതിവിശേഷമാണിന്ന്. മാനസാന്തരവും വിശ്വാസജീവിതത്തിലുള്ള ആഴപ്പെടലും അത്യാവശ്യമുള്ള കാര്യമായി പലരും കണക്കാക്കുന്നില്ല. അത് ലിറ്റർജിയിലെ ഭാഗഭാഗിത്വത്തെയും സ്വാഭാവികമായും ബാധിക്കും. അതുകൊണ്ട് യേശുവിലുള്ള വിശ്വാസവും സഭയോടുള്ള സ്നേഹവും സഭാംഗങ്ങളോടുള്ള ഐക്യവും സജീവഭാഗഭാഗിത്വത്തിന് ആവശ്യമായ ഘടകങ്ങളാണെന്നു വരുന്നു. ഇവയ്ക്ക് ശേഷമുള്ള സ്ഥാനമേ ആരാധനക്രമ പരിശീലനത്തിനും മറ്റുമുള്ളൂ. വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വത്തിന്റെ മാറ്റുരച്ചുനോക്കുന്നതിനുള്ള വേദിയാണിത്. ഇന്നത്തെ സഭാംഗങ്ങളിൽ മാമ്മോദീസാ സ്വീകരിച്ച മാമ്മോദീസാർത്ഥികളാ (baptized catechumens) ണോ, അതോ യഥാർത്ഥ വിശ്വാസികളാണോ കൂടുതലുള്ളതെന്ന കാര്യം പരിശോധനാർഹമാണ്.





ദിവ്യകാരുണ്യവർഷം അർത്ഥപൂർണ്ണമായി ആചരിക്കുന്നതിനു സഹായകമായി ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച 'നാഥാ, ഞങ്ങളോടുകൂടെ വസിക്കണമേ' എന്ന അപ്പസ്തോലിക ലേഖനത്തിൽ ബലിയർപ്പണത്തിന്റെ പ്രായോഗിക മാനദണ്ഡമായി അദ്ദേഹം അവതരിപ്പിക്കുന്ന ഭാഗം ശ്രദ്ധാർഹമാണ്. മാർപാപ്പ എഴുതി: "കുർബാനയിൽ നമ്മുടെ ദൈവം മിക്കപ്പോഴും മാനുഷിക ബന്ധങ്ങളെ ഭരിക്കുന്ന അധികാരത്തിന്റെ മാനദണ്ഡങ്ങളെ മാറ്റി മറിച്ചുകൊണ്ടും സേവനത്തിന്റെ മാനദണ്ഡങ്ങളെ മൗലികമായി ഉറപ്പിച്ചു പറഞ്ഞുകൊണ്ടും സ്നേഹത്തെ അതിന്റെ പാരമ്യത്തിൽ പ്രദർശിപ്പിച്ചു. യേശു തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാൻ കുനിഞ്ഞുകൊണ്ട്, കുർബാനയുടെ അർത്ഥം സംശയാതീതമായവിധം വിശദീകരിച്ചു. ദരിദ്രരുമായുള്ള പ്രായോഗികമായ പങ്കുവയ്ക്കലിൽ പ്രദർശിക്കപ്പെടുന്ന പരസ്നേഹത്തിന്റെ അഭാവത്തിൽ നടത്തപ്പെടുന്ന ബലിയർപ്പണത്തിന്റെ അനുചിതത്വത്തെപ്പറ്റി വിശുദ്ധ പൗലോസ് ശക്തിയുക്തം ആവർത്തിച്ച് ഉറപ്പിച്ച് പറയുന്നു (1 കോറി 11:17-22, 27-34). ലോകത്തിലുള്ള വിവിധതരം ദാരിദ്ര്യങ്ങളിൽ ഏതെങ്കിലും ഒന്നിനോടു സഹോദരപരമായ ഉത്സാഹത്തോടെ ഒരു പ്രത്യേകതരത്തിൽ പ്രത്യുത്തരിക്കാൻ രൂപതാ-ഇടവകാ സമൂഹങ്ങൾക്കു ലഭിക്കുന്ന ഒരു അവസരമായി ഈ ദിവ്യകാരുണ്യ ആഘോഷത്തെ മാറ്റുവാൻ നമുക്കു കഴിയുകയില്ലേ? ഉദാഹരണമായി, ദശലക്ഷക്കണക്കിന് ആളുകളെ ബാധിച്ചിരിക്കുന്ന വിശപ്പ് എന്ന ദുരന്തം, വികസ്വരരാഷ്ട്രങ്ങളെ ബാധിക്കുന്ന രോഗങ്ങൾ, വാർദ്ധ്യകൃത്തിലെത്തിയവരുടെ ഏകാന്തത, തൊഴിൽ ലഭിക്കാത്തവർക്കു നേരിടുന്ന കഷ്ടങ്ങൾ, കുടിയേറ്റക്കാരുടെ ക്ലേശങ്ങൾ എന്നിവയെ ഞാൻ ഓർമ്മിക്കുന്നു. അളവറ്റ സമ്പത്തുള്ള പ്രദേശങ്ങളിലും - വിവിധ തോതിലാണെങ്കിലും - നിലനിൽക്കുന്ന തിന്മകളാണിവ. നമുക്ക് നമ്മെതന്നെ വഞ്ചിക്കാൻ കഴിയുകയില്ല. നമ്മുടെ പരസ്നേഹം വഴിയും പ്രത്യേകിച്ച് ആവശ്യങ്ങളിൽപെട്ടവരോടു നമുക്കുള്ള പ്രത്യേക താത്പര്യം വഴിയും നാം ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരായി അംഗീകരിക്കപ്പെടും (യോഹ 13:35, മത്താ 25:31-46)" (നമ്പർ 28). ഇതാണ് വി. കുർബാനയിലെ സജീവ ഭാഗഭാഗിത്വം കൊണ്ട് ആത്യന്തികമായി അർത്ഥമാക്കേണ്ടത്.

**ഡോ. ആന്റണി നരികുളം**

# 10

## ബലി ഭാരതീയ ചിന്തയിൽ

### ആമുഖം

ഈശ്വരന്റെ ഇച്ഛാശക്തി പ്രപഞ്ചത്തിൽ സർവ്വദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ യഥാർത്ഥ ബലി അടങ്ങിയിരിക്കുന്നത് ഈ ദൈവപരിപാലനയെ അംഗീകരിക്കുന്നതിലും അതിനുപരിപൂർണ്ണമായി ആത്മസമർപ്പണം ചെയ്യുന്നതിലും തദ്വാരാ ദൈവത്തോടും സംസൃഷ്ടങ്ങളോടും പ്രപഞ്ചത്തോടു തന്നെയുമുള്ള ബന്ധം അവികലമായി കാത്തുസൂക്ഷിക്കുന്നതിലുമാണ്. ഭാരതീയ വേദങ്ങളിലും യഹൂദ - ക്രൈസ്തവ പാരമ്പര്യങ്ങളിലും ബലിയർപ്പണത്തിനു പ്രാധാന്യം നൽകിപ്പോന്നിട്ടുണ്ട്. പക്ഷേ, എല്ലാ പാരമ്പര്യങ്ങളിലും ബലിയുടെ സ്ഥാപകലക്ഷ്യത്തെയും അന്ത:സത്തയെയും നിരാകരിക്കുന്ന ബാഹ്യരീതികൾ വളർന്നുവന്നതായി കാണുന്നു. ബലിയർപ്പണത്തിന്റെ ലക്ഷ്യത്തെയും രീതികളെയും പറ്റി മതങ്ങൾ വ്യത്യസ്ത വീക്ഷണങ്ങൾ പുലർത്തുന്നുണ്ടെങ്കിലും ആന്തരികഭാവത്തിന്റെ കാര്യത്തിൽ - ആത്മാർപ്പണത്തിന്റെ ഒരു ബാഹ്യ അടയാളമെന്ന കാര്യത്തിൽ - ഏറെ സാദൃശ്യങ്ങൾ ഉണ്ടെന്ന വസ്തുത ശ്രദ്ധാർഹമത്രേ. വേദങ്ങളുടെയും





യഹൂദ - ക്രൈസ്തവ ചിന്തയുടെയും പശ്ചാത്തലത്തിൽ ബലിയുടെ അന്ത:സത്തയെയും പ്രത്യേകതകളെയും കുറിച്ചുള്ള ഒരു വിശകലനമാണ് ഈ ലേഖനത്തിൽ ഉദ്യമിച്ചിരിക്കുന്നത്. ഭാരതീയ സങ്കൽപ്പത്തിൽ 'യജ്ഞ'മെന്നും 'യാഗ'മെന്നും ക്രൈസ്തവ പാരമ്പര്യങ്ങളിൽ 'ബലി'യെന്നും ഉപയോഗിക്കുന്ന പദങ്ങൾ സമാനമെന്നു തോന്നാമെങ്കിലും, അവയുടെ ആന്തരികഘടനയിലും അർത്ഥ വ്യാപ്തിയിലും വ്യത്യാസങ്ങൾ ഉണ്ടെന്ന വസ്തുത ശ്രദ്ധിക്കേണ്ടതാണ്.

### യജ്ഞം വേദങ്ങളിൽ

നാലുവേദങ്ങളുടെയും സംഹിതാഭാഗങ്ങളെല്ലാംതന്നെ ഒരു യജ്ഞത്തിന് അല്ലെങ്കിൽ മറ്റൊരു യജ്ഞത്തിന് ഉപയോഗിക്കേണ്ടതായ മന്ത്രങ്ങളത്രെ. ഈ മന്ത്രങ്ങൾ ഏതേതു വിശേഷണത്തിനാണ് ഉപയോഗിക്കേണ്ടതെന്നും അവയുടെ ഉപയോഗം എപ്രകാരമെല്ലാമാണെന്നും ബ്രാഹ്മണങ്ങൾ വിവരിക്കുന്നു. എല്ലാ ബ്രാഹ്മണങ്ങളും യജ്ഞക്രിയാവിധികളുടെ വിവരണം എന്നു ചുരുക്കം. സംഹിതകളും ബ്രാഹ്മണങ്ങളും കൂടിച്ചേർന്നാൽ വേദത്തിന്റെ കർമ്മകാണ്ഡമായി. ആരണ്യകങ്ങളും ഉപനിഷത്തുകളും കൂടിച്ചേർന്നാൽ ജ്ഞാനകാണ്ഡവും. പ്രവൃത്തി മാർഗ്ഗ സഞ്ചാരികൾക്ക് കർമ്മകാണ്ഡവും നിവൃത്തിമാർഗ്ഗ സഞ്ചാരികൾക്ക് ജ്ഞാനകാണ്ഡവും ഉപകരിക്കുന്നു. വേദം എന്നും യജ്ഞത്തിലാണ് സുപ്രതിഷ്ഠ നേടുന്നത്.

അന്നാൽ ഭവന്തിഭൂതാനി പർജ്ജന്യാദന്ന സംഭവഃ
യജ്ഞാൽ ഭവതി പർജ്ജന്യോയജ്ഞ കർമ്മ സമുത്ഭവഃ
കർമ്മ ബ്രഹ്മോത്ഭവം വിദ്ധി ബ്രഹ്മാക്ഷര സമുത്ഭവഃ
തസ്മാൽ സർവ്വഗതം ബ്രഹ്മനിത്യം യജ്ഞ പ്രതിഷ്ഠിതം.

(അന്നത്തിൽനിന്ന് ജീവികളും മഴയിൽനിന്നു അന്നവും യജ്ഞത്തിൽനിന്നു മഴയും കർമ്മത്തിൽനിന്ന് യജ്ഞവും വേദത്തിൽനിന്നു കർമ്മവും പരബ്രഹ്മത്തിൽനിന്നു വേദവും ഉണ്ടാകുന്നുവെന്നറിഞ്ഞാലും. അതിനാൽ, എങ്ങും നിറഞ്ഞിരിക്കുന്ന പരബ്രഹ്മം നിത്യം യജ്ഞത്തിൽ സ്ഥിതിചെയ്യുന്നുവെന്ന് പറയപ്പെടുന്നു - യജ്ഞമാകുന്ന ഉപായംകൊണ്ട് ബ്രഹ്മത്തെ പ്രാപിക്കാമെന്നർത്ഥം).[1] ഗീത തുടരുന്നു.

ഏവം പ്രവർത്തിതം ചക്രം താനുവർത്തയതിഹയഃ
അഘായുരിന്ദ്രിയാരാമോ മോഘം പാർത്ഥസജീവതി.

(അല്ലയോ അർജ്ജുനാ, ഇപ്രകാരം ബ്രഹ്മത്തിൽ നിന്നുണ്ടായ കർമ്മം മുതലായവയുടെ സമൂഹമായ ചക്രത്തെ ഇഹലോകത്തിൽ ഏവൻ അനുസരിക്കുന്നില്ലയോ, (യജ്ഞാദികർമ്മത്തെ ഈശ്വര രൂപമായും ഈശ്വരാരാധന യുമായറിഞ്ഞ് ചെയ്യുന്നില്ലയോ) അവൻ പാപങ്കിലമായ ആയുസ്സോടു കൂടിയവനും ഇന്ദ്രിയദ്വാരേണ വിഷയങ്ങളെ എപ്പോഴുമനുഭവിക്കുന്നവനും ആയി വൃഥാ ജീവിക്കുന്നു).[2]

വേദങ്ങളുടെ ആദ്യഘട്ടങ്ങളിൽ യജ്ഞം വളരെ ലളിതമായി കാണപ്പെടുന്നു - അർപ്പണരീതിയെയും ലക്ഷ്യങ്ങളെയും സംബന്ധിച്ചിടത്തോളം പുരോഹിതന്മാരുടെ സഹായം കൂടാതെതന്നെ ഗൃഹനാഥൻ പാല്, നെയ്യ്, ധാന്യങ്ങൾ ഗാർഹപഥ്യാഗ്നിയിലേക്ക് നിവേദിക്കുകയായിരുന്നു പതിവ്. ഈശ്വരനെ പ്രീതിപ്പെടുത്തുന്നതിലും സന്താനങ്ങളെ ലഭിക്കുന്ന തിനും ആടുമാടുകൾ വർദ്ധിക്കുന്നതിനും ശത്രുക്കളെ നിർമ്മാർ ജ്ജനം ചെയ്യുന്നതിലും ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയു ന്നതിനും മറ്റുമായി യജ്ഞങ്ങൾ നടത്തിപ്പോന്നു.

**യജ്ഞം ബ്രാഹ്മണപശ്ചാത്തലത്തിൽ**

ബ്രാഹ്മണങ്ങളുടെ കാലമായപ്പോഴേക്ക് ഈ ലാളിത്യം നഷ്ടപ്പെട്ടു. ബലിസമർപ്പണത്തിൽ അനുഷ്ഠാന ക്രിയകൾ ഏറെ കടന്നുകൂടി. ഓരോ ക്രമത്തിനും പ്രത്യേകം പ്രത്യേകം പരിശീലനം ലഭിച്ച പുരോഹിതൻമാരുടെ സേവനം അനിവാര്യമായിത്തീർന്നു. ഈശ്വരാരാധന നടത്തുകയും കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുക യെന്നതിനെക്കാൾ ഉദ്ദിഷ്ടകാര്യങ്ങൾ നേടിയെടുക്കുക എന്നതായിത്തീർന്നു പ്രഥമവീക്ഷണത്തിൽ ബലിയുടെ ലക്ഷ്യം. ഒരുതരം മന്ത്രവാദത്തിന്റെ തലത്തിലേക്ക് യജ്ഞം തരംതാഴ്ത്ത പ്പെട്ടതുപോലെ. ഈ കാഴ്ചപ്പാട് ഭാഗികമായി ശരിയാണെങ്കിലും മുഴുവൻ സത്യത്തെയും അതു പ്രതിഫലിപ്പിക്കുന്നില്ല. ഇക്കാല ഘട്ടത്തിൽ തന്നെ ഒരു വിഭാഗം ചിന്തകർ - അവരുടെ എണ്ണം താരതമ്യേന കുറവായിരുന്നെങ്കിലും - ഉപനിഷത്തുകളിൽ കാണു ന്ന ചിന്തയുടെ തലങ്ങളിലേക്കു പറന്നുയരാൻ ശ്രമിച്ചിരുന്നുവെ ന്നുള്ളതും നിഷേധിക്കാനാവില്ല.

ഋഗ്വേദം ഒന്നാം പുസ്തകത്തിൽത്തന്നെ ഒരു യാഗവേദിയുടെ രംഗം വിവരിക്കുന്നുണ്ട്. യജ്ഞം നടന്നു കൊണ്ടിരിക്കേ സഭയിൽ ജിജ്ഞാസുവായൊരാൾ എഴുന്നേറ്റ് വിനയപൂർവ്വം യജ്ഞത്തിന്റെ അധിപനോടു ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഒന്നാമത്തെ ചോദ്യം.





പൃച്ഛാമി ത്വാ പരമന്തം പൃഥിവ്യാഃ ഭൂമിയുടെ അന്ത്യം എന്താണ് എന്ന് അങ്ങയോടു ഞാൻ ചോദിക്കുന്നു. രണ്ടാമത്തെ ചോദ്യം: പൃച്ഛാമി യത്രഭൂവനസ്യനാഭിഃ - എവിടെയാണ് ഈ ഭുവനത്തിന്റെ നാഭി എന്നു ഞാൻ അങ്ങയോടു ചോദിക്കുന്നു. മൂന്നാമതായി, പൃച്ഛാമി ത്വാ വൃഷ്ണോ അശ്വസ്യരേതഹ - രശ്മികൾ വർഷിക്കുന്ന, പ്രഭ വർഷിക്കുന്ന, ഐശ്വര്യം വർഷിക്കുന്ന ഈ ഭൂമിയുടെ ജീവനങ്ങളായിട്ടുള്ള എല്ലാറ്റിന്റെയും ഊർജ്ജസ്വലതയ്ക്കൊക്കെ ആധാരമായിട്ടുള്ള ശക്തിയെന്താണ്? ഒരു ചോദ്യം കൂടി... പൃച്ഛാമി വാചാപരമം വ്യോമ - വാക്കിന്റെ വ്യോമം എന്താണെന്നുകൂടി ഞാനങ്ങയോടു ചോദിക്കുന്നു.[3]

യജ്ഞത്തിന്റെ യഥാർത്ഥസ്വഭാവം ആവിഷ്ക്കരിക്കുന്നതിനു വേണ്ടി ഉന്നയിക്കപ്പെട്ടിട്ടുള്ളവയാണ് മേല്പറഞ്ഞ നാലുചോദ്യ ങ്ങളും. ഋഗ്വേദത്തിലെ പ്രധാനമന്ത്രങ്ങളെ പല അർത്ഥങ്ങളിൽ വ്യാഖ്യാനിക്കാം. യാന്ത്രികം, ഐതിഹാസികം, ആദ്ധ്യാത്മികം എന്നിങ്ങനെ. ഇവയിൽ ഐതിഹാസികമായിട്ടുള്ളതും ആദ്ധ്യാ ത്മികമായിട്ടുള്ളതുമായ അർത്ഥങ്ങൾ വിട്ട് യാന്ത്രികമായ അർത്ഥങ്ങളിൽ മാത്രം ബ്രാഹ്മണങ്ങളുടെ കാലങ്ങളിൽ പുരോഹി തർ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി യജ്ഞത്തെ സംബന്ധിച്ചു ശരിയല്ലാത്തൊരു സമീപനരീതി വളർന്നുവന്നു. വിചാരസ്വരൂപമായ മന്ത്രാർത്ഥത്തെ ക്രിയാരൂപത്തിൽ നയന വിഷയമാക്കി മാറ്റി. അതിനിടെ ആന്തരികാർത്ഥം ഏറെ ചോർന്നു പോവുകയും ചെയ്തു.

''സ്വർഗകാമോയ ജേത'' - സ്വർഗ്ഗം ആഗ്രഹിക്കുന്നെങ്കിൽ ബലി യർപ്പിക്കുക. ഈ മന്ത്രത്തിൽ ''ബലി'' എന്ന പദത്തിന് എന്തർത്ഥമാണു കല്പിക്കേണ്ടത്? വൃക്ഷങ്ങൾ മുറിച്ചും മൃഗങ്ങളെ കൊന്നു ചോര ഒഴുക്കിയും ദേവനെയോ ദേവിയെയോ പ്രീതിപ്പെടുത്തിയും സ്വർഗ്ഗം നേടുക എന്നാണോ? അങ്ങനെ യെങ്കിൽ പിന്നെ നരകം എങ്ങനെയാണു നേടേണ്ടത്? ബലിക്ക് അനുഷ്ഠാനങ്ങളെക്കാൾ ആഴമേറിയ അർത്ഥമുണ്ടെന്നു സ്ഥാപിക്കാൻ വേണ്ടി ഉന്നയിക്കപ്പെട്ട ചോദ്യങ്ങളാണ് മേലുദ്ധ രിച്ചത്. ആദ്യത്തെ ചോദ്യത്തിനു ഉത്തരം അടുത്ത പാദത്തിൽ തന്നെയുണ്ട്; ''ഇയം വേദിഃ പരോ അന്തഃ പൃഥിവ്യ'' - ഈ വേദി, ഈ യജ്ഞവേദിയാണ് പൃഥിയുടെ അന്തം. രണ്ടാമത്തെ ചോദ്യത്തിനു ഉത്തരം. അയം യജ്ഞോ ഭുവനസ്യനാഭിഃ - ഈ യജ്ഞമാണ് ഭുവനത്തിന്റെ നാഭി (കേന്ദ്രബിന്ദു). ഈ ഉത്തരങ്ങളിൽനിന്ന് ഇവിടെ ഉദ്ദേശിച്ചിട്ടുള്ള യജ്ഞം വൃക്ഷം

മുറിച്ചും മൃഗങ്ങളെ കൊന്നും രക്തമൊഴുക്കിയുമുള്ള യജ്ഞമല്ലെന്നു വ്യക്തം. സ്വാമി വിവേകാനന്ദൻ, അരവിന്ദഘോഷ് തുടങ്ങിയവർ യജ്ഞത്തിന്റെ ഈ ആദ്ധ്യാത്മിക അർത്ഥത്തിന് ഊന്നൽ കൊടുത്തു പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സാധാരണ വ്യാഖ്യാതാക്കൾ ഈ മാനങ്ങളിലേക്കൊന്നും കടക്കാറില്ല. പ്രപഞ്ചത്തിന് ആധാരമായി നില്ക്കുന്ന ആ ശക്തിവിശേഷം, പ്രപഞ്ചത്തിന്റെ ഗതിവിഗതികളെ – അകമേനിന്നു നിയന്ത്രിക്കുന്ന ആ ദിവ്യശക്തി – അതാണിവിടെ യജ്ഞത്തിനടിസ്ഥാനമായി നില്ക്കുന്നത്.

ഈശാവാസ്യോപനിഷത്തിന്റെ ആദ്യമന്ത്ര പശ്ചാത്തലത്തിൽ ഈ സത്യം ഗ്രഹിക്കുവാൻ എളുപ്പമാണ്.

ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജിഥഃ
മാഗൃധഃ കസ്യ സ്വിദ്ധനം

ലോകത്തിലുള്ള അനിത്യമായ വസ്തുക്കളെല്ലാം ഈശ്വരനാൽ മൂടപ്പെടേണ്ടതാകുന്നു. എന്നുവച്ചാൽ, സർവ്വവസ്തുക്കളുടെയും അന്തർയാമിയായിരിക്കുന്ന പരമാത്മാവു മാത്രമേ നിത്യവും സത്യവുമായിട്ടുള്ളൂ എന്നും പ്രപഞ്ചത്തിൽ കാണുന്ന മറ്റെല്ലാവസ്തുക്കളും അനിത്യവും മിഥ്യയുമാണെന്നും സാരം. ആകയാൽ, നിത്യാനിത്യ വസ്തു വിവേചനംകൊണ്ട് നശ്വരങ്ങളായ ലോകഭോഗങ്ങളുപേക്ഷിച്ച് അന്തരാത്മാവിനെ സാക്ഷാത്കരിക്കണം. അതിനുള്ള പരിശ്രമത്തിൽ ത്യാഗത്തിന്റെ ആവിഷ്കരണമായിരിക്കണം. യജ്ഞത്തിൽ സമർപ്പിക്കപ്പെടുന്ന നിവേദ്യങ്ങൾ – അവ മൃഗമാകട്ടെ, ധാന്യമാകട്ടെ എന്തുമാകട്ടെ. അർപ്പകന്റെ സ്വാർത്ഥത്തിനെ എത്രമാത്രം ഈശ്വരാർത്ഥമാക്കിത്തീർക്കുന്നു എന്നതിനെ ആശ്രയിച്ചാണ് യജ്ഞത്തിന്റെ മിഴിവു കണക്കാക്കുക. തന്നെത്തന്നെ ഒട്ടും നീക്കിവക്കാതെ നിവേദിക്കാൻ കഴിയുന്ന അവസരത്തിൽ യജ്ഞം പൂർണ്ണമായിത്തീരും.

ഈ അർപ്പണമാണ് പ്രപഞ്ചത്തെ നിലനിർത്തുന്നത്. ചിന്താവ്യാപാരങ്ങളൊന്നും കൂടാതെതന്നെ തിര്യക്കുകളും സസ്യങ്ങളുമെല്ലാം ഈ ത്യാഗം അവയ്ക്കു സ്വകീയമായ രീതിയിൽ നിർവ്വഹിക്കുന്നുണ്ട്. ഒരു വൃക്ഷം അതിന്റേതായിട്ടുള്ള എല്ലാ ഊർജ്ജവും ത്യജിച്ചുത്യജിച്ച് പുതിയ പുതിയ വിത്തുകൾക്കു ജന്മം





നല്കിക്കൊണ്ട് അതിന്റെ അനന്തരപരമ്പരകളെ സൃഷ്ടിക്കുന്നു. ഒരു പക്ഷി അതിന്റെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ വേണ്ടിവന്നാൽ ജീവത്യാഗം നടത്താൻ പോലും തയ്യാറാകുന്നു. ഇതു ബോധപൂർവ്വമോ യുക്തിപൂർവ്വമോ ആയിരിക്കുകയില്ല. വാസനയനുസരിച്ച് ചെയ്യുന്നുവെന്നേയുള്ളൂ. പുരോഗതി വേണമോ അത് ത്യാഗത്തിൽ നിന്നേ ഉരുത്തിരിയൂ. അയം യജ്ഞോഭുവനസ്യ നാഭിഃ ത്യാഗമേ നിന്റെ ഭോഗം – അതുകൊണ്ടാണ് ഭുവനത്തിന്റെ നിലനില്പുതന്നെ ത്യാഗത്തിലാണെന്നു പറയുന്നത്.

അടുത്ത ചോദ്യം: പൃച്ഛാമി ത്വാ വൃഷ്ണോ അശ്വസ്യരേതഹ – ശക്തി വർഷിക്കുന്നവനായ അദ്ദേഹത്തിന്റെ ഇരിപ്പിടം ഏതാണ്? ഉത്തരം അയംസോമോ വൃഷ്ണോ അശ്വസ്യതോ – പ്രപഞ്ചത്തിന്റെ ഉത്കർഷത്തിനു കാരണമായ വൃഷ്ടിയായി ഭവിക്കുന്നത് സോമയാണ്. സാധാരണ കല്പിച്ചു കാണാറുള്ള അർത്ഥത്തിൽ സോമ ഹിമാലയസാനുകളിൽ കാണുന്ന ഒരുതരം ലതയാണ്. സോമയാഗങ്ങളിലെ പ്രധാന നിവേദ്യം ലഹരിയുള്ള സോമരസമാണ്. ഇത് ഭൗതികതലത്തിലുള്ള അർത്ഥസങ്കല്പം. ആധ്യാത്മികതലത്തിൽ സോമം കൊണ്ടുദ്ദേശിക്കുന്നത് അർപ്പണം ചെയ്യുന്നതിന്റെ ഫലമായി ലഭിക്കുന്ന ആത്മീയമായ ആനന്ദം അല്ലെങ്കിൽ നിർവൃതി – അതാണ് പ്രപഞ്ചത്തിന്റെ ഉത്കർഷത്തിനു കാരണമായി ഭവിക്കുന്നത്. പ്രകൃതിയെ ആകെത്തന്നെ പ്രസാദിപ്പിക്കലാണ്, പുനരുജ്ജീവിപ്പിക്കലാണ് സോമയാഗാദി കർമ്മങ്ങളുടെ ലക്ഷ്യം.

അടുത്ത ചോദ്യം: പൃച്ഛാമി വാചാ: പരമം വ്യോമഃ – ചൊല്ലുന്ന വാക്കുകളുടെ വ്യോമം എന്താണ്? ബ്രഹ്മായം വാചാഃ പരമം വ്യോമ: – വാക്കുകളുടെ വ്യോമം ബ്രഹ്മം തന്നെയാണ്. ഈ അർത്ഥവ്യാപ്തിയിൽ പരിചിന്തിക്കുമ്പോൾ പ്രപഞ്ചത്തിൽ നിർവ്വഹിക്കപ്പെടുന്ന യജ്ഞങ്ങൾ പ്രപഞ്ചാതീതമായ ഒരു യാഥാർത്ഥ്യത്തിന്റെ സ്ഥലകാലപരിമിതികൾക്കുള്ളിലുള്ള ആവിഷ്കാരമാണ് – വെറും അനുഷ്ഠാനങ്ങൾ മാത്രമല്ല. ദൈവത്തിന്റെ ഇച്ഛാശക്തി, പരിപാലന, പ്രപഞ്ചത്തിന്റെ താളലയത്തിൽക്കൂടി സദാപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനോടു സർവാത്മനാ ഇണങ്ങിച്ചേരുന്നതിലാണ് സൃഷ്ടികളർപ്പിക്കുന്ന യജ്ഞത്തിന്റെ വിജയം നിലകൊള്ളുന്നത്. ആത്മീയമായ ഈ ഐക്യം കൈവരിക്കാത്തിടത്തോളംകാലം ബാഹ്യമായ അനുഷ്ഠാനങ്ങൾക്കർത്ഥമില്ല.

## സർവ്വാഹൂത യജ്ഞം

സൃഷ്ടിതന്നെ യജ്ഞത്തിന്റെ ഫലമായി സംഭവിക്കുന്നതായിട്ടാണ് പുരുഷസൂക്തത്തിൽ പറയുന്നത്. സകല ചരാചരങ്ങളുടെയും അതിനാഥനായ പുരുഷൻ സ്വയം ആഹൂതി ചെയ്യുന്നു. പൂർത്തിയായ ഒരു കർമ്മമായിട്ടല്ല ഋഗ്വേദം ഈ യജ്ഞത്തെ ചിത്രീകരിക്കുന്നത്. അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ഒരു ക്രിയയാണത്. സമയത്തിന്റെ പ്രതീകമായ വത്സരം അതിന്റെ ത്രിവിധ കാലങ്ങളോടുകൂടി (വസന്തം, ഗ്രീഷ്മം, ശരിത്ത്) പ്രസ്തുത യജ്ഞത്തിൽ പങ്കുചേരുന്നുണ്ട്.

യത്പരുഷേണ ഹവിഷാ ദേവ
യജ്ഞ മതന്വത
വസന്തോ അസ്യാ സീദാജ്യം ഗ്രീഷ്മഃ
ഇധ്മ ശരദ്ധവിഃ

ദേവൻമാർ പുരുഷനെത്തന്നെ ഹവിസ്സാക്കി (ഹോമദ്രവ്യമാക്കി) യജ്ഞമനുഷ്ഠിച്ചു. അതിനു വസന്തം നെയ്യും, ഗ്രീഷ്മം ചമതയും, ശരിത്ത് ഹവിസ്സുമായി.[4] ശതപഥബ്രാഹ്മണത്തിൽ പ്രജാപതിയുടെ യജ്ഞത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. യജ്ഞത്തിൽ സ്വയം ആഹൂതി ചെയ്യുന്നതുകൊണ്ട് പ്രജാപതി അംഗവിച്ഛേദം സംഭവിച്ചവനായിത്തീരുന്നു. അവിടുത്തെ വിച്ഛേദിക്കപ്പെട്ട അവയവങ്ങൾ പുൽക്കൊടിതൊട്ട് ഏറ്റവും ശ്രേഷ്ഠ സൃഷ്ടികളായ ദേവൻമാർ വരെയുള്ള എല്ലാ ചരാചരങ്ങൾക്കും രൂപം നല്കുന്നു. തന്റെ യജ്ഞം തുടർന്നു നിർവ്വഹിക്കുന്നതിനു കീറിമുറിക്കപ്പെട്ട പ്രജാപതി പ്രാപ്തനായിത്തീരേണ്ടതിന് നവ്യമായൊരു യജ്ഞം ആവശ്യമായിത്തീരുന്നു. ഈ യജ്ഞത്തിൽ സൃഷ്ടികൾ സ്വയം ആഹൂതി ചെയ്യണം. സ്വാർത്ഥം വെടിഞ്ഞ് തനിക്കായി ഒന്നും നീക്കിവയ്ക്കാതെ വിട്ടുകൊടുക്കണം. ഇതു ചെയ്യേണ്ടത് അഗ്നിയെ പ്രജാപതിയായി ധ്യാനിച്ച് നമ്മുടെ ആത്മാർപ്പണത്തിന്റെ അടയാളമായി നിവേദ്യങ്ങൾ അഗ്നിയിലേക്കു സമർപ്പിച്ചുകൊണ്ടാണ്. ഈ മനോഭാവമില്ലാതെ കത്തുന്ന തീയിലേക്ക് ബലിവസ്തുക്കൾ നിവേദിക്കുന്നത് നിരർത്ഥകമാണ്.

## ആരണ്യകങ്ങളിലെ യജ്ഞം

ബ്രാഹ്മണങ്ങളുടെ കാലത്തുതന്നെ യജ്ഞമന്ത്രങ്ങൾക്കു പല അർത്ഥങ്ങളുണ്ടായിരുന്നു. എന്നാൽ, അനുഷ്ഠാനങ്ങളുടെ പുകപടലത്തിൽ ആദ്ധ്യാത്മികവശം മറഞ്ഞുനിന്നു. ആരണ്യ





ങ്ങളുടെ കാലമായപ്പോഴേക്ക് യജ്ഞ ത്തെക്കുറിച്ചുള്ള ആധ്യാത്മിക കാഴ്ചപ്പാടിനു കൂടുതൽ കൂടുതൽ അംഗീകാരം ലഭിക്കാൻ തുടങ്ങി. ബ്രാഹ്മണത്തിന്റെ പുകമറയ്ക്കുള്ളിൽ നിന്നു സത്യപ്രകാശത്തിലേക്കുള്ള ഒരു ചെറിയ കടാക്ഷമാണ് ആരണ്യകങ്ങളെ വേർതിരിച്ചു നിർത്തുന്ന സ്വഭാവം എന്നാണ് പ്രൊഫ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടിരിക്കുന്നത്.[5] ആരണ്യകങ്ങളിൽ കാണുന്ന യജ്ഞം ഏറിയകൂറും പ്രതിരൂപാത്മകസ്വഭാവത്തോടു കൂടിയതായിരുന്നു. ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ യജ്ഞത്തിൽ ആന്തരികാർപ്പണത്തിനാണ് ഊന്നൽ കൊടുക്കേണ്ടത് എന്ന ബോധ്യം ഇക്കാലത്തു ശക്തിപ്രാപിക്കുന്നതായി കാണുന്നു.

## അക്ഷയുഗം

ക്രിസ്തുവിന് മുമ്പ് എണ്ണൂറുമുതൽ ഇരുന്നൂറുവരെയുള്ള കാലഘട്ടത്തെ ലോകചരിത്രത്തിന്റെ അച്ചുതണ്ട് എന്നാണ് കാൾ ജാസ്പേഴ്സ് വിശേഷിപ്പിക്കുന്നത്.[6] ഇക്കാലത്ത് അസാധാരണങ്ങളായ ഏറെ സംഭവങ്ങൾ നടന്നു. ചൈനയിൽ കൺഫ്യൂഷ്യസും ലാവോറ്റ്സെയും ജീവിച്ചിരുന്നത് ഇക്കാലത്താണ്. ഈ അവസരത്തിൽ തന്നെയാണ് ഇൻഡ്യയിൽ ഉപനിഷത്തുക്കളും ബുദ്ധിസവും ജൈനിസവും മറ്റും ആവിർഭവിച്ചത്. ഇറാനിൽ ഈ സന്ദർഭത്തിൽത്തന്നെ സരത്തൂസ്ത്ര നന്മതിന്മകൾ തമ്മിലുള്ള നിരന്തരയുദ്ധത്തിന്റെ വേദിയായി ലോകത്തെ ചിത്രീകരിച്ചു. പലസ്തീനായിൽ പ്രവാചകരായ ഏലിയ, ഏശയ്യ, ജെറെമിയ തുടങ്ങിയവർ നിലവിലിരുന്ന ചൂഷണത്തിനും അധാർമ്മികതയ്ക്കുമെതിരായി ഗർജ്ജിച്ചതും ഇക്കാലത്തുതന്നെ. ഇങ്ങനെ നോക്കുമ്പോൾ ആശയവിനിമയ മാധ്യമങ്ങളൊന്നും ഇല്ലാതിരുന്നിട്ടും അന്നു മേൽപ്പറഞ്ഞ രാജ്യങ്ങളിൽ ഒരേ സമയത്ത് ആന്തരിക ഉണർവ്വ് സംഭവിച്ചതായി കാണുന്നു. മാനവരാശിയുടെ പൂർണ്ണതയിലേക്കുള്ള വളർച്ചയിൽ ഒരു നിർണ്ണായഘട്ടമായി ഈ കാലയളവ് പരിഗണിക്കപ്പെടുന്നു.

## യജ്ഞം ഉപനിഷത്തുകളിൽ

ഉപനിഷത്ത് ചിന്തകൾ മൂന്നുതരത്തിൽ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. അത് ഒരേ സമയത്തു വേദചിന്തയുടെ സാരാംശത്തിന്റെ പുന:പ്രകാശനവും ബ്രാഹ്മണങ്ങളിൽ പ്രകടമായിട്ടുള്ള സംസ്കാരത്തോടുള്ള പ്രതിഷേധവും രണ്ടിലും ആവിഷ്കരിക്ക പ്പെട്ടിട്ടില്ലാത്ത ഒരു നവദർശനത്തിന്റെ പ്രഫുല്ലനവും ആണ്.[7] പുനരുദ്ധാരണത്തിന്റെയും പ്രതിഷേധത്തിന്റെയും ഒരപൂർവ്വ ദർശനത്തിന്റെയും

സമ്മേളനം – വേദമന്ത്രങ്ങളിൽ യജ്ഞത്തിനു കല്പിച്ചിരുന്ന ആദ്ധ്യാത്മികാർത്ഥത്തിന്റെ ഒരു പുനഃപ്രതിഷ്ഠ ഉപനിഷത്തുക്കളിൽ സംഭവിക്കുന്നു. പിൽക്കാലത്ത് ഈ ആദ്ധ്യാത്മികചിന്തയെ യജ്ഞാനുഷ്ഠാനങ്ങളുടെ ധൂമപടലം കൊണ്ടു പാടേ മൂടിക്കളഞ്ഞ ബ്രാഹ്മണസംസ്കാരത്തോടുള്ള പ്രതിഷേധമായിരുന്നു ഉപനിഷത്തുക്കൾ. ഇപ്പറഞ്ഞതിനർത്ഥം ഉപനിഷത്തുക്കളുടെ കാലത്ത് അനുഷ്ഠാനാത്മകമായ ബലി പാടേ നിലച്ചുപോയി എന്നല്ല; അനുഷ്ഠാനങ്ങൾക്ക് അർത്ഥം നല്കേണ്ട ആന്തരികഭാവത്തിന് ഊന്നൽ ലഭിച്ചുവത്രേ.

വെള്ളം കുടിക്കാനോ പുല്ലു തിന്നാനോ വയ്യാതായിത്തീർന്നവയും കറവ തീരെ വറ്റിയവയും ഇനി പ്രസവിക്കുവാൻ വയ്യാത്ത വണ്ണം ഇന്ദ്രിയശക്തി നശിച്ചവയുമായ പശുക്കളെ യാഗത്തിൽ അച്ഛൻ ദക്ഷിണയായി നല്കുന്നതുകണ്ടപ്പോൾ കുമാരൻ നചികേതസ്സ് അച്ഛന്റെയടുത്തു ചെന്നു ചോദിച്ചു. കസ്മൈ മാം ദാസ്യസീതി – എന്നെ ആർക്കാണു കൊടുക്കുന്നത്?[8] ഈ ചോദ്യം വീണ്ടും വീണ്ടും ആവർത്തിച്ചപ്പോൾ രോഷാകുലനായ അച്ഛൻ പറഞ്ഞു. മൃത്യുവേ ത്വാ ദാമിതി – നിന്നെ ഞാൻ യമനാണ് കൊടുക്കുന്നതെന്ന്. അനുഷ്ഠാനങ്ങളുടെ ബാഹുല്യത്തിൽ യജ്ഞത്തിന്റെ ആന്തരികഭാവം നഷ്ടപ്പെട്ട അവസ്ഥ ഈ കഥ വ്യക്തമാക്കുന്നു. ഉപയോഗശൂന്യമായ പശുക്കളെ യജ്ഞത്തിനു ദക്ഷിണയായിക്കൊടുക്കാൻ ഒരുങ്ങിയ പിതാവ് ആത്മാർപ്പണം ചെയ്യാൻ ഒരുക്കമല്ലായിരുന്നു.

ഉപനിഷത്തുക്കളിൽ ഊന്നിപ്പറയുന്ന ആത്മസാക്ഷാത്കാരം ഈ ആത്മാർപ്പണത്തിന്റെ തികവാണ്. ഈശ്വരനിൽനിന്ന് വ്യതിരിക്തമായ ഒരു അസ്തിത്വം തന്നെ സാക്ഷാത്കാരം പ്രാപിച്ച വ്യക്തി നിഷേധിക്കുകയാണ്. അഹം ബ്രഹ്മാസ്മി – ഞാൻ ബ്രഹ്മനാകുന്നു. തത്ത്വമസി – നീ അതാകുന്നു. അയം ആത്മബ്രഹ്മ – ആത്മാവ് ബ്രഹ്മമാകുന്നു എന്നെല്ലാമുള്ള മഹാവാക്യങ്ങൾ ഈ സത്യത്തെയാണ് പ്രഖ്യാപിക്കുന്നത്. ഇവിടെ യജ്ഞത്തിൽ നിവേദ്യമായി കൊടുക്കുന്നത് വെറും ഭൗതികവസ്തുക്കളല്ല. സ്വാർത്ഥതതന്നെയാണ്. സ്വാർത്ഥത്തിന്റെ എത്ര വലിയ പങ്ക് ഈശ്വരാർത്ഥമായി മാറ്റാൻ കഴിയും. അത്രകണ്ട് ബലി ശ്രേഷ്ഠതരമായിത്തീരുമെന്നർത്ഥം. സ്വാർത്ഥത്തെ എത്രമാത്രം നാം ഉയർത്തിപ്പിടിക്കുന്നുവോ, എന്തെല്ലാം അനുഷ്ഠാനങ്ങൾ നാം മുറുകെപ്പിടിച്ചാലും യജ്ഞം അത്രകണ്ട് – അപൂർണ്ണവുമായിരിക്കും. യജ്ഞത്തിന്റെ ആന്തരികമായ ഭാവങ്ങൾക്ക് സർവ്വപ്രാധാന്യം





കൽപിക്കുന്ന ഋഷി യജ്ഞവിശ്വാസത്തിന്റെ ബാഹ്യപരതയ്ക്കെതിരെ ഉയർത്തിയ പ്രതിഷേധാത്മകമായ സ്വരം ഛാന്ദോഗ്യ ഉപനിഷത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നുണ്ട്.

ജീവിതംതന്നെ യജ്ഞമാണെന്ന് ഛാന്ദോഗ്യ ഉപനിഷത്ത് അനുശാസിക്കുന്നു. ജീവിതത്തിന്റെ ആദ്യത്തെ ഇരുപത്തഞ്ചു കൊല്ലം ആ മഹായജ്ഞത്തിന്റെ പ്രഥമപാദമായ പ്രാതഃസവനം (രാവിലത്തെ ക്രിയ), പിന്നത്തെ നാൽപ്പത്തിനാലു കൊല്ലം മദ്ധ്യദിന സവനം (മദ്ധ്യാഹ്ന ഹോമം), അടുത്ത നാൽപ്പത്തെട്ടു കൊല്ലം തൃതിയ സവനവുമാണ്. ജീവിതത്തിന് നാലു ഘട്ടങ്ങളാണല്ലോ ഉള്ളത്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം. സന്ന്യാസത്തിൽ പരിപൂർണ്ണ സാക്ഷാത്കാരം പ്രാപിക്കുകയാണ് ലക്ഷ്യം. അതിനുമുമ്പുള്ള ഓരോ കാലഘട്ടവും ഈ ആത്മസാക്ഷാത്കാരത്തിലേക്കുള്ള മാർഗ്ഗമാണ്. ഓരോ ഘട്ടത്തിനും ചേർന്നവിധം ജീവിതത്തെ ക്രമീകരിച്ച് യജ്ഞം പൂർണ്ണമാക്കുക എന്നതാണ് ഓരോ വ്യക്തിയുടെയും ജീവിത ധർമ്മം.

ഇങ്ങനെ നോക്കുമ്പോൾ വേദങ്ങളിലെ യജ്ഞത്തിന്റെ സ്ഥായിയായ ഭാവം ആത്മത്യാഗം തന്നെയാണെന്നു കാണാം. ബ്രാഹ്മണങ്ങളുടെ കാലത്ത് അനുഷ്ഠാനങ്ങളുടെ പുകപടലത്തിൽ ഈ ത്യാഗത്തിന്റെ തിളക്കം തനിരൂപത്തിൽ പ്രത്യക്ഷപ്പെട്ടില്ല എന്നതു ശരിതന്നെ. എങ്കിലും ആ പുകയ്ക്കും ചാരത്തിനുമിടയിൽ ആത്മാർപ്പണത്തിന്റെ അഗ്നിയുണ്ടായിരുന്നു. ഉപനിഷത്തുക്കളുടെ കാലത്താണ് അതു വളരെ വ്യക്തമായി ദൃശ്യമായതെന്നുമാത്രം.

## പഴയനിയമത്തിലെ ബലി

ബലി ഒരു നീണ്ട ചരിത്രത്തിലൂടെ വിവിധങ്ങളായ അർത്ഥങ്ങളെ ധ്വനിപ്പിച്ചുകൊണ്ട് കടന്നുവന്നിട്ടുള്ള പദമാണ്. പഴയനിയമത്തിലും ക്രിസ്തീയ രക്ഷാകരദൈവശാസ്ത്രത്തിലും ബലിക്ക് താഴെക്കൊടുത്തിട്ടുള്ള അർത്ഥമാണ് വിവക്ഷിച്ചു കാണുന്നത്. ആരാധനാപൂർവ്വമായ ആത്മസമർപ്പണത്തിന്റെ അടയാളമായി, ലൗകിക ഉപയോഗങ്ങളിൽനിന്നു വേർപ്പെടുത്തപ്പെട്ട ഒരു വസ്തു, ആരാധകവൃന്ദത്തിന്റെ ഔദ്യോഗികമായ പ്രതിനിധി വഴി വിശുദ്ധമായ ഒരു തലത്തിലേക്കു പ്രതിഷ്ഠിക്കപ്പെടുന്നു. ദൈവം അതു സ്വീകരിച്ചു പവിത്രമാക്കിക്കഴിയുമ്പോൾ ദൈവത്തിനു മനുഷ്യനുമായി ബന്ധപ്പെടാൻ ഉതകത്തക്കവിധം വിശുദ്ധമായ ഒരു മാധ്യമമായി, ആരാധനാവൃന്ദത്തിന്റെ ഭക്ഷണമായി അതു

ഭവിക്കുന്നു. ബാഹ്യമായ അർപ്പണത്തിന് ആധാരമായി നില്ക്കുന്ന ആന്തരിക ഭാവത്തിന്റെ കലർപ്പില്ലായ്മയെ ആശ്രയിച്ചാണ് ബലിയുടെ മൂല്യം നിലകൊള്ളുന്നത് കായേൻ, ആബേൽ എന്നിവരുടെ ബലികൾ ഈ സത്യത്തെ വിളിച്ചറിയിക്കുന്നു. കായേൻ വയലിലെ ഫലങ്ങൾ അർപ്പിച്ചപ്പോൾ ആബേൽ അജഗണത്തിലെ ഏറ്റവും നല്ല ആടിനെ ബലിയായി സമർപ്പിച്ചു. ഇവ രണ്ടും ദൈവത്തിനു സ്വീകാര്യമാകേണ്ടതായിരുന്നു. എന്നാൽ ദൈവം ആബേലിന്റെ ബലി സ്വീകരിക്കുകയും കായന്റേതു തിരസ്കരിക്കുകയും ചെയ്തു. കാരണം, കായേന്റെ ബാഹ്യമായ ബലിയർപ്പണം ആന്തരികമായ ഭാവത്തോട് പൊരുത്തപ്പെട്ടിരുന്നില്ല. പൂർണ്ണമായ ആത്മസമർപ്പണത്തിന്റെ അടയാളമല്ലായിരുന്നു അയാൾ അർപ്പിച്ച ധാന്യങ്ങൾ.

## അനുഷ്ഠാനങ്ങളും ധാർമ്മികമൂല്യങ്ങളും

പഴയനിയമകാലത്ത് പലതരത്തിലുള്ള ബലികൾ അർപ്പിക്കപ്പെട്ടിരുന്നു. ദഹനബലി, സമാധാനബലി, പരിഹാരബലി, സസ്യബലി, കാഴ്ചയപ്പം, ധൂപക്കാഴ്ച എന്നിവ പ്രധാനം. ആത്മസമർപ്പണത്തിന്റെ ബാഹ്യ ചിഹ്നങ്ങളായിരുന്നു ഇവയെല്ലാം തന്നെ. ആദ്യകാലത്ത് ഇവയുടെ അർപ്പണരീതി വളരെ ലളിതമായിരുന്നെങ്കിലും പിൽക്കാലങ്ങളിൽ പല കാരണങ്ങളാലും ഇതു ക്ലിഷ്ഠമായിത്തീർന്നു. പുരോഹിതൻമാരുടെ സ്വാധീനം, മറ്റു ജനങ്ങളുമായുള്ള സമ്പർക്കം, ഇടയജീവിതശൈലിയിൽ നിന്ന് കാർഷിക ജീവിതശൈലിയിലേക്കുള്ള വ്യതിയാനം മുതലായ വയാണ് പ്രസ്തുത മാറ്റത്തിനുള്ള മുഖ്യകാരണങ്ങൾ.

പുതിയ സാഹചര്യങ്ങളിൽ ഉണ്ടായ അനുഷ്ഠാനക്രമങ്ങളുടെ വേലിയേറ്റത്തിൽ, സാധാരണ സംഭവിക്കാറുള്ളതുപോലെ, ബലിയുടെ ആന്തരികസത്ത അവഗണിക്കപ്പെട്ടു. ഈ മൂല്യച്യുതി ക്കെതിരായിട്ടാണ് പ്രവാചകർ സ്വരമുയർത്തിയത്. സങ്കീർത്ത നങ്ങളിലും ജ്ഞാനപ്പുസ്തകങ്ങളിലും ഈ പ്രതിഷേധത്തിന്റെ പ്രതിധ്വനികൾ മുഴങ്ങിക്കേൾക്കാം. എന്നാൽ പ്രവാചകൻമാരും ജ്ഞാനം പഠിപ്പിച്ചവരും സങ്കീർത്തകനും അനുഷ്ഠാനാത്മകമായ ബലിക്ക് എതിരായിരുന്നില്ല. എതിരായിരുന്നുവെന്ന് മാത്രമല്ല, പരസ്യബലിയെ അവർ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ബലിയുടെ ആന്തരികഭാവമായിരിക്കേണ്ട ആത്മത്യാഗത്തെ വിസ്മരിച്ചുകൊണ്ടുള്ള അനുഷ്ഠാനഭ്രമത്തെയാണ് അവർ എതിർത്തത്.





## പഴയനിയമത്തിൽ നിന്നു പുതിയനിയമത്തിലേക്ക്

വി. അഗസ്റ്റിൻ പറയുന്നതുപോലെ പഴയനിയമത്തിൽ പുതിയനിയമം അന്തർലീനവും പുതിയനിയമത്തിൽ പഴയനിയമം പ്രത്യക്ഷവുമായിരിക്കുന്നു. ബലിയുടെ പശ്ചാത്തലത്തിലും പുതിയനിയമത്തിന്റെ ചില പ്രതിഛായകൾ പഴയനിയമത്തിൽ കാണുവാൻ സാധിക്കും. ഉടമ്പടി (Covenant), പെസഹാ, യഹോവയുടെ ദാസൻ, ഇസഹാക്കിന്റെ ബന്ധനം തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. പുതിയനിയമത്തിന്റെ പശ്ചാത്തല ത്തിലേ അവയുടെ അർത്ഥവ്യാപ്തി പൂർണ്ണമായി ഗ്രഹിക്കാനാവൂ.

നരകുലപരിത്രാണാർത്ഥം സ്വന്തരക്തത്താൽ യേശുക്രിസ്തു ഒപ്പുവയ്ക്കാനിരുന്ന പുതിയ ഉടമ്പടിയുടെ പ്രതിഛായയാണ് ഉത്പത്തിപ്പുസ്തകത്തിൽ നാം കാണുന്നത്. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി സ്വയം ബലിവസ്തുവായിത്തീർന്ന ക്രിസ്തു വിന്റെ സാദൃശ്യമാണ് പെസഹാകുഞ്ഞാടിൽ കാണുവാൻ കഴിയുക. മരണത്തോളം ദൈവഹിതത്തിനു വിധേയനായ ക്രിസ്തുവിന്റെ പൂർണ്ണരൂപം ഇസഹാക്കിൽ കാണാം. മറ്റുള്ളവരുടെ പാപങ്ങൾക്കു ശിക്ഷ സ്വയം ഏറ്റുവാങ്ങുന്ന ക്രിസ്തുവിന്റെ പ്രതിരൂപം യഹോവയുടെ സഹിക്കുന്ന ദാസനിൽ നാം കാണുന്നു. ഇങ്ങനെ പഴയനിയമത്തിൽ നിന്നു പുതിയനിയമത്തിലേക്കുള്ള പാലമായി ഈ പ്രതിരൂപങ്ങളെ കണക്കാക്കാം. ഈ ബലികളിലെല്ലാം തന്നെ ആന്തരികസമർപ്പണത്തിന്റെ ഭാവം മുന്തിനിൽക്കുന്നുണ്ട്.

## ക്രിസ്തുവിന്റെ ബലി

അനുഷ്ഠാനങ്ങളുടെ അതിപ്രസരത്തിൽ ആത്മീയവും സദാചാരപരവും ധാർമ്മികവുമായ മാനങ്ങൾപോലും വിസ്മ രിക്കപ്പെട്ട സന്ദർഭങ്ങൾ പഴയനിയമത്തിൽ നാം കാണുന്നുണ്ട്. പുതിയനിയമത്തിന്റെ ലക്ഷ്യം പഴയനിയമത്തെ ഇല്ലാതാക്കുക ആയിരുന്നില്ല - അതിന് ആന്തരികചൈതന്യം നല്കി സമ്പന്ന മാക്കുക, അർത്ഥപുഷ്ടമാക്കുകയായിരുന്നു.

മനുഷ്യപാപങ്ങൾക്കുള്ള പരിഹാരബലിയായിട്ടാണ് പൗലോസ് അപ്പസ്തോലൻ യേശുവിന്റെ ബലിയെ അവതരിപ്പിക്കുന്നത്. ''എന്തെന്നാൽ, അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാ കേണ്ടതിന് പാപം അറിയാത്തവനെ ദൈവം നമുക്കു വേണ്ടി പാപമാക്കി'' (2 കോറി 5,21). റോമാക്കാർക്കുള്ള ലേഖനത്തിൽ പറയുന്നു. ''അവിടുന്ന് തന്റെ പുത്രനെ പാപപരിഹാരത്തിനുവേണ്ടി

പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിനു ശരീരത്തിൽ ശിക്ഷ വിധിച്ചു'' (റോമ 8,8). വി. യോഹന്നാൻ പറയുന്നു. ''പാപങ്ങൾ ഏറ്റെടുക്കാൻ വേണ്ടിയാണ് അവൻ പ്രത്യക്ഷനായത് എന്നു നാമറിയുന്നു; അവനിൽ പാപമില്ല'' (1 യോഹ 3,5). ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്യുക എന്ന ജീവിതലക്ഷ്യം ക്രിസ്തു മനുഷ്യ സ്വഭാവം സ്വീകരിച്ച്, ഈ ലോകത്തിലേക്ക് വന്ന്, പീഡാസഹനവും മരണവും ഉത്ഥാനവും വഴി സാക്ഷാത്കരിച്ചു (റോമ 4,25). അവിടുന്ന് കർത്താവിന്റെ ദാസനും (ഏശ 42,1) ദൈവത്തിന്റെ കുഞ്ഞാടും (യോഹ 1,29) ആയിരുന്നു. അവിടുന്ന് സ്വയം ബലിവസ്തുവായിത്തീർന്നു എന്നാണിതിന്റെയർത്ഥം. വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്. അവൻ (ക്രിസ്തു) നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയാണ് (1 യോഹ 2,2). വി. പൗലോസിന്റെ ലേഖനങ്ങളിൽ പലയിടത്തും മനുഷ്യവർഗ്ഗത്തിനു രക്ഷ കൈവന്നത് ക്രിസ്തു നാഥന്റെ രക്തം മൂലമാണെന്ന പരാമർശമുണ്ട്. രക്തം പ്രതിരൂപാത്മകമായി ബലിയെ സൂചിപ്പിക്കുന്നു. ക്രിസ്തു സ്വയം ഒരു ബലിവസ്തുവായിത്തീർന്ന്, നിവേദ്യമായിത്തീർന്ന് മനുഷ്യവംശത്തിന് രക്ഷ പ്രാപ്യമാക്കി. യജ്ഞത്തിന്റെ ഏറ്റവും ഉദാത്തഭാവം ഇവിടെ കാണാം. ആന്തരിക സമർപ്പണത്തിന്റെ പൂർണ്ണത ഇവിടെ തെളിഞ്ഞു നില്ക്കുന്നു. ദൈവമനുഷ്യനായ ക്രിസ്തു തന്നെയാണ് ബലിയർപ്പകനും ബലിവസ്തുവും എന്ന യാഥാർത്ഥ്യം ഈ ബലിയെ ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമാക്കിത്തീർക്കുന്നു. അനുനിമിഷം അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനയിൽ കൂടി ഈ ബലി തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ ചരിത്രത്തിലെ അവിസ്മരണീയമായ ആ സംഭവത്തിന് വി. കുർബ്ബാനയുടെ സ്ഥാപനത്തിലൂടെ ക്രിസ്തു നിത്യമായ ഒരു നൂതനത്വവും ദൈവികമായ ഒരു സൗരഭ്യവും പ്രദാനം ചെയ്യുന്നു.

## ക്രൈസ്തവന്റെ ബലി

ആന്തരികസമർപ്പണത്തിന്റെ ബാഹ്യമായ ആവിഷ്കാരമാണ് ബലി എന്നതുകൊണ്ട് ബാഹ്യമായ അനുഷ്ഠാനങ്ങൾക്ക് അനുരൂപമായ ആന്തിരികഭാവമില്ലെങ്കിൽ ബലി യഥാർത്ഥമായിരിക്കുകയില്ല. അതുകൊണ്ട് യേശുക്രിസ്തു ബലിയർപ്പിച്ചപ്പോൾ അവിടുത്തേക്കുണ്ടായിരുന്ന മാനസികഭാവങ്ങൾ ക്രൈസ്തവനും ബലിയർപ്പിക്കുമ്പോൾ ഉണ്ടായിരിക്കണം. അപ്പസ്തോലൻ പറയുന്നു: യേശുക്രിസ്തുവിനുണ്ടായിരുന്ന ഇതേ മനോഭാവം നിങ്ങൾക്കുമുണ്ടായിരിക്കട്ടെ (ഫിലി 2,5). ഈ മനോഭാവത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം തുടരുന്നു: അവിടുന്ന് തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു, മരണംവരെ, കുരിശുമരണംവരം, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (ഫിലി 2,9). കരുണാർദ്രമായ സ്നേഹത്തോടെ തന്നെ തിരസ്കരിക്കുന്നവരെപ്പോലും രക്ഷിക്കുന്നതിന് അങ്ങനെ പിതാവിനെ മഹത്വപ്പെടുത്തുന്നതിന് അവിടുന്നർപ്പിച്ച യാഗം വി. ബലിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. വി. കുർബ്ബാനയിൽ ക്രിസ്തുവിനോട് ചേർന്നുനിന്ന് ബലിയർപ്പിക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ ഈ മനോഭാവം തന്നിലേക്കു പകർത്തുവാൻ കടപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിൽ മനസ്സും ഹൃദയവും ക്രൈസ്തവൻ അടുത്തറിയുന്ന പുണ്യപൂർണ്ണതയുടെ ആദ്ധ്യാത്മികവിദ്യാലയമാണ് വി. കുർബ്ബാന.[9] ക്രൈസ്തവരെ ഉപദേശിച്ചുകൊണ്ട് വി. പത്രോസ് എഴുതുന്നു: നിങ്ങൾ സജീവശിലകൾ കൊണ്ടുള്ള ഒരു ആത്മീയ ഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധരായ പുരോഹിത ജനമാവുകയും ചെയ്യട്ടെ (1 പത്രോ 2,5). സ്വാർത്ഥത കൈവെടിഞ്ഞ് ദൈവഹിതത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിന്റെ ബാഹ്യാവിഷ്കരണമായിരിക്കണം ക്രൈസ്തവൻ അർപ്പിക്കുന്ന ബലി.

## ഉപസംഹാരം

വേദസംഹിതകളുടെയും ബ്രാഹ്മണങ്ങളുടെയും ആരണ്യകങ്ങളുടെയും ഉപനിഷത്തുക്കളുടെയും പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പശ്ചാത്തലത്തിൽ യജ്ഞത്തിന്റെ സ്വഭാവത്തെക്കുറിച്ചു പരിചിന്തിക്കുകയായിരുന്നു. വൈദിക സംസ്കാരത്തിലും ക്രൈസ്തവസംസ്കാരത്തിലും യജ്ഞത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള ധാരണയിൽ ഒരു സാമ്യം കാണുന്നുണ്ട്. ലളിതമായിത്തുടങ്ങിയ യജ്ഞം കാലഗതിയിൽ, അനുഷ്ഠാനങ്ങളുടെ വേലിയേറ്റത്തിൽ കൂടുതൽ കൂടുതൽ ക്ലിഷ്ഠമായിത്തീരുന്നു. അന്തഃസത്തയെ പരിഗണിച്ചുകൊണ്ട് അനുഷ്ഠാനങ്ങൾക്കു കൂടുതൽ പ്രാധാന്യം നല്കപ്പെട്ടപ്പോൾ ചിന്താശീലരായവർ പ്രതികരിച്ചു. ചാർവാകൻമാരുടെ പ്രതികരണം നിഷേധാത്മകമായിരുന്നു. യജ്ഞത്തെത്തന്നെ അവർ നിരാകരിച്ചു. ബുദ്ധിസവും ജൈനിസവും പ്രതികരിച്ചെങ്കിലും ചാർവാകൻമാരുടേതിൽനിന്നു വ്യത്യസ്തമായ രീതിയിൽ ആദ്ധ്യാത്മികതയ്ക്ക്

ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പ്രതികരണമായിരുന്നു അവരുടേത്. ഈ പ്രതിസന്ധികളിൽക്കൂടി സ്ഫുടം ചെയ്യപ്പെട്ട ഒരു യജ്ഞസംസ്കാരമാണ് ഉപനിഷത്തുക്കളിൽ കാണുന്നത് - പൂർണ്ണമായ ആത്മസമർപ്പണം.

ഏതാദൃശമായ ഒരു വളർച്ച യഹൂദക്രൈസ്തവ പാരമ്പര്യത്തിലും ബലിയെക്കുറിച്ചുള്ള ധാരണയിൽ നാം കാണുന്നു. ആദ്യകാലഘട്ടങ്ങളിൽ വളരെ ലളിതമായിരുന്ന ബലിയർപ്പണം മനസ്സിന്റെ ഒരുക്കത്തെയും ആത്മസമർപ്പണത്തെയും കാതലായി പരിഗണിച്ചിരുന്നു. ലേവായരുടെ ഘട്ടമായപ്പോഴേക്ക് കാര്യങ്ങൾ തിരിഞ്ഞുമറിഞ്ഞു. അനുഷ്ഠാനങ്ങൾ ഏറെ അരങ്ങേറി. അതോടൊപ്പം ആന്തരികചൈതന്യം ചോർന്നുപോയി. ഇതിനെതിരെ പ്രവാചകന്മാരുടെ ഗർജ്ജനം ഉയർന്നു. പിന്നെ നവീകരിക്കപ്പെട്ട ഒരു ബലി പുതിയ നിയമത്തിൽ ഉടലെടുത്തു. പൊതുവായ ഒരു ബലിസമർപ്പണത്തിന് നിയമാനുഷ്ഠാനങ്ങൾ ആവശ്യമാണ്. പക്ഷേ, അവയ്ക്ക് അർഹിക്കുന്ന സ്ഥാനമേ നല്കാവൂ.

## കുറിപ്പുകൾ

1. ഗീത III 14-15
2. ഗീത III 16
3. ഋഗ്വേദം 1.164.34
4. ഋഗ്വേദം 10.90.6
5. പ്രൊഫ. സുകുമാർ അഴീക്കോട്, തത്ത്വമസി. പുറം 62
6. Karl Jaspers, Origin and Goal of History, p. 2
7. പ്രൊഫ. സുകുമാർ അഴീക്കോട്, ഉദ്ധൃത ഗ്രന്ഥം, പുറം 85
8. കഠോപനിഷത്ത് 1.4
9. J. A. Jungmann, The Sacrifice of the Church, The Meaning of Mass, pp. 21-22.

**ഡോ. ജോസ് തച്ചിൽ**